# പഞ്ചായത്ത് വികസനറിപ്പോർട്ട്




ജനകീയാസൂത്രണ പ്രസ്ഥാനം

മുരിയാട് ഗ്രാമപഞ്ചായത്ത്

**1996**

92-3

# വികസനത്തിൻെറ ഒരേട്



രാഷ്ട്രപിതാവിൻെറ 126-ാം ജന്മദിനത്തിൽ കുറെയേറെ ചുമതലകൾ കൈമാറ്റം ചെയ്തുകൊണ്ടുള്ള പ്രഖ്യാപനം കേട്ടുകൊണ്ടാണ് മുരിയാട് ഗ്രാമപഞ്ചായത്ത് സമിതി 4-10-95 ന് ചുമതലയേറ്റത്.

സ്വതേ വരുമാനം കുറഞ്ഞ പഞ്ചായത്ത്; പരിഹരിക്കപ്പെടാത്ത പരാതികളുടേയും പരിഭവങ്ങളുടേയും നടുത്തളത്തിൽനിന്ന് പ്രതീക്ഷകളോടെയാണ് ഞങ്ങൾ പുതിയ വാഗ്ദാനം ഏറ്റുവാങ്ങിയത്. പിന്നീടാകട്ടെ വസ്തുതകളുമായി പൊരുത്തപ്പെടാത്ത വാഗ്ദാനം വലിച്ചിഴച്ച ഏതാനും മാസങ്ങൾ; ഇതിനിടെ സംസ്ഥാന സർക്കാരിൻെറ മുന്നിൽ ഗ്രാമത്തിൻെറ പിന്നോക്കാവസ്ഥ അനാവരണം ചെയ്യുന്ന എണ്ണമറ്റ നിവേദനങ്ങൾ.

സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള അരനൂറ്റാണ്ടുകാലം മേൽത്തട്ടുകളിൽ മാത്രം ഒതുങ്ങിനിന്ന അധികാരം ജനങ്ങളിലേക്ക് പകർന്നുകൊണ്ടുള്ള യഥാർത്ഥ വികേന്ദ്രീകരണ നടപടികൾ സാർത്ഥകമാക്കുന്ന ദിശയിലേയ്ക്ക് പുതിയ സംസ്ഥാന സർക്കാരിൻെറ ജനകീയാസൂത്രണ പരിപാടികളുടെ നിർദ്ദേശം കൂടിവന്നതോടെ കാര്യങ്ങൾക്ക് ആവേശപൂർവ്വമായ ഗതിവേഗമായി.

എല്ലാറ്റിനും സർക്കാർ സഹായമെന്ന സാമ്പ്രദായിക സങ്കല്പത്തിന് മാറ്റംവരുത്തിക്കൊണ്ട് പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാനും നികുതിചോർച്ച തടയാനും ഫലപ്രദമായ നടപടികൾക്ക് തുടക്കമിട്ടു.

ഇല്ലായ്മയുടെ വെല്ലുവിളി ഏറ്റെടുക്കാനും സ്വന്തം ചിലവിൽ സാമ്പത്തിക സമാഹരണം നടത്തിക്കൊണ്ട് മാതൃകാപരമായ പല ആസ്തികളും സൃഷ്ടിച്ചെടുക്കാനുമുള്ള എളിയ ശ്രമങ്ങളുടെ ഭാഗമായി മുരിയാട് വെറ്ററിനറി ഡിസ്പെൻസറിയെന്ന ആഗ്രഹം പൂർണ്ണമായും ജനപങ്കാളിത്തത്തോടെ സാക്ഷാൽക്കരിക്കുകയുണ്ടായി. ശോച്യാവസ്ഥയിലായിരുന്ന ആനന്ദപുരത്തെ പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ അറ്റകുറ്റപണികൾ ഏറ്റെടുത്തതും പല റോഡുകളും പരിസരവാസികൾ വിയർപ്പൊഴുക്കി പുതുക്കി പണിതതും വരാൻ പോകുന്ന 9-ാം പദ്ധതി മുരിയാട് പഞ്ചായത്ത് നിവാസികളിലേല്പിക്കുന്ന കടമകൾ ഏറ്റെടുക്കാനുള്ള സന്നദ്ധത വിളിച്ചോതുന്നു. കുടിവെള്ള ക്ഷാമം, പാർപ്പിട പ്രശ്നം, തൊഴിലില്ലായ്മ അങ്ങനെ നീണ്ടുപോകുന്ന പ്രാഥമികാവശ്യങ്ങളുടെ പട്ടിക.

വികേന്ദ്രീകൃതാസൂത്രണം എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഒറ്റമൂലിയാണെന്ന വ്യാമോഹമൊന്നും ഞങ്ങൾക്കില്ല. എന്നാൽ ഒരു പുതിയ തുടക്കമെന്ന നിലയിൽ ജനങ്ങളുടെ മുൻകയ്യിൽ അടുത്ത അഞ്ചു വർഷം കൊണ്ട് കൈയ്യും മെയ്യും മറന്ന് പരമാവധി പ്രവർത്തിക്കാനുള്ള ആവേശമാണ് ഞങ്ങളെ നയിക്കുന്നത്. പദ്ധതിവിഹിതം ജനങ്ങൾക്ക് കൈമാറാനുള്ള സംസ്ഥാന സർക്കാരിൻെറ സമർപ്പിത പ്രവർത്തനങ്ങളും ജനപങ്കാളിത്തവും നമ്മുടെ പരിദേവനങ്ങൾക്ക് പരമാവധി പരിഹാരമാകട്ടെ.

പദ്ധതിയെപ്പോലെ തന്നെ പ്രധാനമാണ് അത് രൂപപ്പെടുത്തുന്ന രീതിയും. പദ്ധതിരൂപീകരണം മുതൽ അതു നടപ്പാക്കുന്നതുവരെയും എല്ലാ ഘട്ടത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുക വഴി ഒരു പുതിയ കാഴ്ചപ്പാട് ജനങ്ങളിൽ ഉണ്ടാക്കാൻ കഴിയും.

ഈ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഗ്രൂപ്പ് ലീഡർമാർ, LRP, DRP മാർ, കീ റിസോഴ്സ് പേഴ്സൻ, പഞ്ചായത്ത് ജീവനക്കാർ, വിവിധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ നല്കിയ സഹകരണം വളരെ വിലപ്പെട്ടതായിരുന്നു. ഈ റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ച എല്ലാവരോടും ഞാൻ നന്ദി പറയുന്നു.

ഇത് പ്രഥമ റിപ്പോർട്ടാണ്. എല്ലാ വിവരങ്ങളും ശേഖരിച്ച് സമഗ്രമായൊരു വികസന റിപ്പോർട്ട് തയ്യാറാക്കുകയാണ് ലക്ഷ്യം. അതിന് സഹായകരമായ ചർച്ചകൾ വികസന സെമിനാറിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കാർഷിക സമൂഹത്തിൻെറ ആലസ്യത്തിലാണ്ടുകിടക്കുന്ന മുരിയാട് പഞ്ചായത്ത് ആ മേഖലയിലെ ഉണർച്ചക്കും വ്യവസായവൽക്കരണത്തിനും മാറ്റത്തിനും വെമ്പൽ കൊള്ളുകയാണ്. ആയതിനുള്ള മാർഗ്ഗരേഖയായി ഈ വികസന റിപ്പോർട്ട് സാഭിമാനം സമർപ്പിക്കുന്നു.

ആശംസകളോടെ,
**തങ്കമണി വാസു**
(പഞ്ചായത്ത് പ്രസിഡൻറ്)

*"എവിടെ മനസ്സ് ഭയരഹിതമായിരിക്കുകയും ഉത്തമാംഗം സങ്കോചമെന്യേ ഉയരുകയും ചെയ്യുന്നുവോ, ജ്ഞാനം എവിടെ സ്വതന്ത്രമായിരിക്കുന്നുവോ, സങ്കുചിത ഗൃഹഭിത്തികളാൽ ലോകം ചെറുതുണ്ടങ്ങളായി എവിടെ വിഭജിക്കപ്പെടാതിരിക്കുന്നുവോ, വാക്കുകൾ സത്യത്തിൻെറ അത്യഗാധതയിൽനിന്ന് എവിടെ പുറപ്പെടുന്നുവോ, അക്ഷീണമായ അദ്ധ്വാനം അതിൻെറ കരങ്ങളെ പരിപൂർണ്ണതക്കായി എവിടെ നീട്ടുന്നുവോ, യുക്തിയുടെ സുസ്പഷ്ടമായ സരസ്സ് എവിടെ മൃതപ്രായമായ ആചാരങ്ങളുടെ വരണ്ട മരുഭൂമിയിൽക്കൂടി പ്രവഹിച്ച് അതിൻെറ ഗതിയെ നഷ്ടീഭവിപ്പിക്കാതിരിക്കുന്നുവോ, എന്നെന്നും വികസിതമായ ചിന്തയിലേക്കും പ്രവൃത്തിയിലേക്കും ചിത്തത്തെ അവിടുന്ന് എങ്ങോട്ട് നയിച്ചുകൊണ്ടിരിക്കുന്നുവോ, ആ സ്വാതന്ത്ര്യ സ്വർഗ്ഗത്തിലേക്ക്, എൻെറ താതാ, എൻെറ രാജ്യമുണരട്ടെ!"*

ഗീതാഞ്ജലി
രവീന്ദ്രനാഥ ടാഗോർ



പറപ്പൂക്കര
I
പറപ്പൂക്കര
പൊറത്തിശ്ശേരി
പഞ്ചായത്ത്
II
III
IV
V
IX
VIII
ഇരിങ്ങാലക്കുട
മുനിസിപ്പാലിറ്റി
VII
VI
ആളൂര്
X
വേളൂക്കര

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 5 |
| 2. | പഞ്ചായത്ത് പൊതുവിവരണം | 7 |
| 3. | സാമൂഹിക-സാംസ്കാരിക ചരിത്രം | 8 |
| 4. | ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി | 10 |
| 5. | കൃഷിയും ജലസേചനവും | 12 |
| 6. | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 20 |
| 7. | വ്യവസായം | 27 |
| 8. | വിദ്യാഭ്യാസം | 30 |
| 9. | കുടിവെള്ളവും പൊതുജനാരോഗ്യവും | 35 |
| 10. | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 40 |
| 11. | ഭവന നിർമ്മാണം - പാർപ്പിടവും സാമൂഹ്യക്ഷേമവും | 48 |
| 12. | സംസ്കാരം | 55 |
| 13. | വനിതാക്ഷേമം | 59 |
| 14. | സഹകരണം | 63 |
| 15. | പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം | 66 |
| 16. | വിഭവസമാഹരണം | 69 |
| 17. | ഉപസംഹാരം | 71 |

# 1
# ആമുഖം

പ്രാചീനകാലത്തെ റഷ്യയിൽ നിലനിന്നിരുന്ന 'മീർ', ജർമ്മനിയിലെ 'മാർക്ക്', ഇംഗ്ലണ്ടിലെ 'മാനർ' എന്നിവയെപ്പോലെ ഭാരതത്തിലെ പഞ്ചായത്ത് ഭരണവും തദ്ദേശഭരണ സംവിധാനങ്ങളുടെ വൈവിധ്യമാർന്ന രൂപങ്ങളാണ്. മഹാഭാരതത്തിലെ ശാന്തിപർവ്വത്തിൽ, രാമായണത്തിൽ, കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ എല്ലാംതന്നെ ഗ്രാമസഭകളെ കുറിച്ചും ഗ്രാമഭരണം നടത്തുവാൻ അധികാരമുള്ള ഗ്രാമതല സമിതികളെ കുറിച്ചും പരാമർശമുണ്ട്. ഇംഗ്ലീഷുകാരുടെ ആധിപത്യം ഭാരതത്തിൽ സ്ഥാപിതമായതോടെ പ്രാചീന ഗ്രാമഭരണ സമ്പ്രദായം ക്ഷയോന്മുഖങ്ങളായി. കോളോണിയൽ ചൂഷണത്തിന് അധികാര വികേന്ദ്രീകരണമല്ല അധികാര കേന്ദ്രീകരണമാണ് ആവശ്യമെന്ന് അവർ കണ്ടു. എന്നാൽ പിന്നീട് ജനങ്ങളുടെ സഹകരണമില്ലാതെ ഭരണചക്രം തിരിക്കുക അസാധ്യമാണെന്ന് ബോധ്യമായതോടെ നിയമപരമായ പഞ്ചായത്ത് ഭരണ സംവിധാനത്തിന് തുടക്കം ഇടുകയാണുണ്ടായത്.

സ്വതന്ത്ര ഭാരതത്തിൽ അനുവർത്തിച്ചുവന്ന ആസൂത്രണത്തിന് പ്രധാനമായും രണ്ട് പോരായ്മകൾ ഉണ്ടായിരുന്നു. പ്രയോഗത്തിൽ വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്ക്കീമുകൾ തയ്യാറാക്കലായി അധഃപതിച്ചതും സ്ഥലജലവിഭവങ്ങളുടെ വിനിയോഗത്തെ സമഗ്രമായി കാണാതിരുന്നതുമാണത്. ഇതുമൂലം പദ്ധതികളുടെ ഗുണഫലങ്ങൾ വേണ്ടത്ര സാമാന്യ ജനങ്ങളിൽ എത്തിയില്ല. ഭരണഘടന വിഭാവനം ചെയ്തതുപോലെ ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരവും ഉണ്ടായില്ല. ആസൂത്രണം സമഗ്രവും ജനപങ്കാളിത്തപരവുമാണെങ്കിൽ വികേന്ദ്രീകരണം ഒരു മുന്നുപാധിയാണ്.

കേരളത്തിന്റെ വികസന പ്രശ്നങ്ങൾ വൈവിധ്യമാർന്നതും സങ്കീർണ്ണവുമാണ്. ആളോഹരി വരുമാനം വികസിത രാജ്യങ്ങളുടെ പത്തിലൊന്ന് പോലുമില്ലാത്ത സംസ്ഥാനം വികസനത്തിന്റെ ചാലകങ്ങളായ കുറഞ്ഞ ശിശുമരണനിരക്ക്, കൂടിയ ആയുർദൈർഘ്യം, സാക്ഷരത, പ്രതീക്ഷിത ആയുസ്സ് തുടങ്ങിയവയിലും വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിലും വികസിത രാഷ്ട്രങ്ങളുടെ ഒപ്പമെത്തി. എന്നാൽ വികസനത്തിലെ 'കേരള മോഡൽ' നിലനില്ക്കുമോ എന്ന ആശങ്ക ഇന്ന് വ്യാപകമാണ്. കാർഷിക വ്യാവസായിക രംഗങ്ങളിൽ ഉൽപാദനം കുറഞ്ഞുവരുന്നു. തൊഴിലില്ലായ്മ ദേശീയ ശരാശരിയുടെ മൂന്ന് ഇരട്ടിയായി വർദ്ധിച്ചിരിക്കുന്നു. നിലവിലുള്ള പ്രശ്നങ്ങൾക്ക് ജനകീയവും ജനാധിപത്യപരവുമായ ഉത്തരങ്ങൾ കണ്ടെത്തിക്കൊണ്ട് മാത്രമേ ഭൂതകാലത്തിന്റെ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് കേരളത്തിന്റെ വികസന പ്രക്രിയയെ മുന്നോട്ട് നയിക്കാനാകൂ. ഈ ദിശയിലുള്ള ആദ്യത്തെ കാൽവെപ്പാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കി ആസൂത്രണം താഴെതട്ടിൽ നിന്നും മുകളിലേക്ക് എന്ന മുദ്രാവാക്യം സാർത്ഥകമാക്കാൻ സംസ്ഥാന സർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും കൈക്കൊണ്ടിട്ടുള്ള തീരുമാനവും നടപടികളും. ഇതര കാര്യങ്ങളിലുള്ള ഭിന്നാഭിപ്രായം മാറ്റിവെച്ചുകൊണ്ട് വികസന കാര്യത്തിൽ ഇതുവരെ പ്രകടമായ വിപുലമായ ജനപങ്കാളിത്തവും വിദഗ്ധരുടേയും ഉദ്യോഗസ്ഥരുടേയും അണിചേരലും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയത്തിന്റെ നാന്ദിയാണ്. ആസൂത്രണത്തിനായി ചേർന്ന ഗ്രാമസഭകളിൽ വർദ്ധിച്ച സ്ത്രീപങ്കാളിത്തം നാളിതുവരെ പൊതുരംഗത്ത് അനുഭവപ്പെടാത്ത സഹകരണത്തിന്റെ വർദ്ധിച്ച സാധ്യതയാണ് വിളിച്ചോതുന്നത്.

1996 ആഗസ്റ്റ് 17ന് (ചിങ്ങം ഒന്ന്) ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതിയുടെ യോഗത്തിൽവെച്ച് ജനകീയാസൂത്രണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നടന്നു. മുരിയാട് പഞ്ചായത്തിലെ ജനകീയാസൂത്രണ പരിപാടിയുടെ പ്രാരംഭം കുറിച്ചുകൊണ്ട് 1996 സെപ്തംബർ 2ന് പഞ്ചായത്ത് തലത്തിൽ നടത്തിയ "ജനകീയാസൂത്രണം എന്ത്, എന്തിന്" എന്ന പഠന ക്ലാസ്സിൽ 82 പേർ പങ്കെടുത്തു. കൊടകര വച്ചു നടന്ന ജില്ലാതല പരിശീലന ക്യാമ്പിൽ മെമ്പർമാരടക്കം 14 പേർ പങ്കെടുത്തു. സെപ്തംബർ 14ന് പഞ്ചായത്ത് തലത്തിൽ ശില്പശാല നടത്തി. 86 പുരുഷന്മാരും 9 സ്ത്രീകളും ഇതിൽ പങ്കാളികളായി. തുടർന്ന് സെപ്തംബർ 21 മുതൽ ഒക്ടോബർ 2 വരെ വാർഡ് തല വികസന സമിതികൾ (ഗ്രാമസഭകൾ) വിളിച്ചുകൂട്ടി. മിക്ക വാർഡുകളിലും നാടൻ കലകളടക്കമുള്ള ആകർഷകങ്ങളായ വിളംബര ജാഥകളിലൂടെ ഗ്രാമസഭകളുടെ പ്രചാരണം നിർവ്വഹിക്കപ്പെട്ടു. ഗ്രാമസഭകളിലെ വാർഡ് തിരിച്ചുള്ള പങ്കാളിത്തം താഴെ കൊടുക്കുന്നു.

## ഗ്രാമസഭ പങ്കാളിത്തം

| വാർഡ് | വില്ലേജ് | എണ്ണം |
|---|---|---|
| I | ആനന്ദപുരം | 95 |
| II | ആനന്ദപുരം | 122 |
| III | മുരിയാട് | 162 |
| IV | മുരിയാട് | 264 |
| V | മുരിയാട് | 65 |
| VI | പുല്ലൂർ | 160 |
| VII | പുല്ലൂർ | 99 |
| VIII | പുല്ലൂർ | 134 |
| IX | പുല്ലൂർ | 162 |
| X | പുല്ലൂർ | 231 |

ഭാരത്ജ്ഞാൻ വിജ്ഞാൻ മഞ്ചിൻെറ പ്രതിനിധികളായി ഹരിയാനയിൽനിന്നു വന്ന 7 പേർ II, III വാർഡുകളിലെ ഗ്രാമസഭകളിൽ പങ്കെടുത്തു. ഗ്രാമസഭകൾക്കു ശേഷം വാർഡ് തലത്തിൽ ആരംഭിച്ച കുടുംബസർവ്വെ സമയബന്ധിതമായി പൂർത്തിയാക്കാനായിട്ടില്ല. ഒക്ടോബർ 7ന് "ജനകീയാസൂത്രണത്തിൽ യുവജനങ്ങളുടെ പങ്ക്" എന്ന വിഷയത്തെ കുറിച്ച് പ്രൊഫ: എം.എൻ. സുധാകരൻ നടത്തിയ ക്ലാസ്സിൽ 75 പേർ പങ്കെടുത്തു. ഒക്ടോബർ 25, 26, 27 തിയ്യതികളിൽ ഇരിങ്ങാലക്കുട വച്ച് നടന്ന രണ്ടാംഘട്ട പരിശീലന ക്യാമ്പിൽ 15 പേർ പങ്കെടുത്തു. 31-10-96ന് ആനന്ദപുരം ഗവ: യു.പി. സ്കൂളിൽ വച്ച് പഞ്ചായത്ത് തലത്തിൽ നടന്ന രണ്ടാംഘട്ട പരിശീലനത്തിൽ 24 സ്ത്രീകളും 7 ഉദ്യോഗസ്ഥന്മാരുമടക്കം 84 പേർ പങ്കെടുത്തു. 6-11-96ൽ മുരിയാട് പഞ്ചായത്താഫീസിൽ വിളിച്ചുചേർത്ത ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽ കൃഷി, സഹകരണം, ക്ഷീരവികസനം, വൈദ്യുതി, പൊതുജനാരോഗ്യം, ജലവിതരണം, വ്യവസായം എന്നീ മേഖലകളിലെ ഉദ്യോഗസ്ഥന്മാർ പങ്കെടുക്കുകയുണ്ടായി. നവംബർ 3, 4 തിയ്യതികളിൽ 9 പേരടങ്ങുന്ന പഠനസംഘം പഞ്ചായത്തിലെ ആനന്ദപുരം ഒന്നാം വാർഡു മുതൽ പത്താം വാർഡ് ഉൾക്കൊള്ളുന്ന പുല്ലൂർവരെ പഠനയാത്ര നടത്തി, വിവരങ്ങൾ ശേഖരിച്ചു. നവംബർ 1ന് പുനരർപ്പണ ദിനത്തോടനുബന്ധിച്ച് 4, 10 വാർഡുകളിൽ സന്നദ്ധ പ്രവർത്തനം വഴിയുള്ള റോഡുകളുടെ പുനർനിർമ്മാണ പ്രവർത്തനം ഉൽഘാടനം ചെയ്യുകയുണ്ടായി. പഞ്ചായത്തംഗങ്ങളും വികസന സമിതി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഗ്രാമസഭ റിപ്പോർട്ടുകൾ പരിശോധിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തതിന് ശേഷമാണ് വികസന റിപ്പോർട്ടിൻെറ കരട് രൂപപ്പെടുത്തിയിട്ടുള്ളത്.

പഞ്ചായത്തിലെ എല്ലാ വികസന പ്രശ്നങ്ങൾക്കും ഒറ്റയടിക്ക് പരിഹാരമുണ്ടാക്കാൻ ഈ പദ്ധതിക്ക് കഴിയുമെന്ന് വ്യാമോഹിക്കുന്നതിൽ അർത്ഥമില്ലെങ്കിലും നിലവിലിരിക്കുന്ന സാഹചര്യത്തിൽനിന്ന് ഈ രംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് ഈ റിപ്പോർട്ടും വികസന സെമിനാറും വഴിയൊരുക്കുമെന്നാണ് പ്രതീക്ഷ. പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്താൽ മുരിയാട് പഞ്ചായത്തിൻെറ സർവ്വതോന്മുഖമായ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല.

●

# 2

# പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിൻെറ പേര് : മുരിയാട് ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജുകൾ : പുല്ലൂർ, മുരിയാട്, ആനന്ദപുരം

ബ്ലോക്ക് പഞ്ചായത്ത് : ഇരിങ്ങാലക്കുട

താലൂക്ക് : മുകുന്ദപുരം

അസംബ്ലിമണ്ഡലം : ഇരിങ്ങാലക്കുട

വിസ്തീർണ്ണം : 2239.79 ഹെക്ടർ
58 ച. കി. മീറ്റർ

*അതിരുകൾ:*

പടിഞ്ഞാറ് : ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി പൊറത്തുശ്ശേരി പഞ്ചായത്ത്

കിഴക്ക് : പറപ്പൂക്കര, കൊടകര, ആളൂർ പഞ്ചായത്തുകൾ

വടക്ക് : പറപ്പൂക്കര പഞ്ചായത്ത്

തെക്ക് : ആളൂർ, വേളൂക്കര പഞ്ചായത്തുകൾ

വാർഡുകൾ : 10

ജനസംഖ്യ : 23039 (1991 സെൻസസ്)

പുരുഷന്മാർ : 10936

സ്ത്രീകൾ : 12103

ജനസാന്ദ്രത : 397.22

അക്ഷരാഭ്യാസമുള്ളവർ : 20934

***മുരിയാട് പഞ്ചായത്തിൻെറ മുൻപ്രസിഡൻറുമാർ***

ശ്രീ. തളിയൻ ലോനപ്പൻ
ശ്രീ. കെ. കൃഷ്ണൻ നായർ
ശ്രീ. സി.എം. മൂത്താർ
ശ്രീ. ടി.കെ. അന്തോണിക്കുട്ടി
ശ്രീ. പി.പി. ദേവസ്സി
ശ്രീ. പി.എൽ. ഔസേഫ് മാസ്റ്റർ

***മുരിയാട് പഞ്ചായത്തിലെ ഇപ്പോഴത്തെ ഭരണസമിതി***

| | |
|---|---|
| ശ്രീമതി തങ്കമണി വാസു | (പ്രസിഡൻറ്) |
| ശ്രീമതി ബീന രണദിവെ | (വൈസ് പ്രസിഡൻറ്) |
| ശ്രീമതി ബിന്ദു ഗോപി | (മെമ്പർ) |
| ശ്രീ. ഡേവീസ് തെക്കേക്കര | " |
| ശ്രീ. ടി.എം. മോഹനൻ | " |
| ശ്രീ. എൻ.എൽ. ജോൺസൺ | " |
| ശ്രീ. പി.കെ. കേശവൻ | " |
| ശ്രീ. ആർ. മുരളീദത്തൻ | " |
| ശ്രീമതി ശകുന്തള നാരായണൻകുട്ടി | " |
| ശ്രീ. പി.എൽ. ഔസേഫ് മാസ്റ്റർ | " |

***സ്റ്റാൻഡിംഗ് കമ്മറ്റി***

| | |
|---|---|
| ശ്രീ. പി.എൽ. ഔസേഫ് മാസ്റ്റർ | (ചെയർമാൻ) |
| ശ്രീ. ഡേവീസ് തെക്കേക്കര | (അംഗം) |
| ശ്രീ. പി.കെ. കേശവൻ | " |
| ശ്രീ. ആർ. മുരളീദത്തൻ | " |
| ശ്രീമതി ശകുന്തള നാരായണൻകുട്ടി | " |

✦

# 3

# സാമൂഹിക-സാംസ്കാരിക ചരിത്രം

പഴയ കൊച്ചി രാജ്യത്തെ തൃശ്ശിവപേരൂർ ജില്ല യിൽ മുകുന്ദപുരം താലൂക്കിൽ രൂപീകരിക്കപ്പെട്ട പഞ്ചാ യത്തുകളിൽ ഒന്നാണ് മുരിയാട് ഗ്രാമപഞ്ചായത്ത്. പഞ്ചാ യത്തിൻെറ ആകെ വിസ്തീർണ്ണം 58 സ്ക്വയർ കി.മീറ്റ റാണ്. മൊത്തം ജനസംഖ്യ 23039. ആകെ 10 വാർഡു കരം സംവരണ വാർഡുകരം. 1, 5, 6, 7, 9 രണ്ട് ഹരിജൻ. 4 വനിതാ വാർഡുകരം.

മുരിയാട്, ആനന്ദപുരം, പുല്ലൂർ എന്നീ മൂന്നു വില്ലേ ജുകരം ഉരംക്കൊള്ളുന്നതാണ് ഈ ഗ്രാമപഞ്ചായത്ത്. രൂപംകൊള്ളുമ്പോരം അഞ്ച് വാർഡ് മാത്രമായിരുന്നു. പഞ്ചായത്തിൻെറ പ്രഥമ പ്രസിഡൻറ് പരേതനായ ശ്രീ. തളിയൻ ലോനപ്പനായിരുന്നു. 1962ൽ കേരളത്തിൽ വില്ലേജ് പുനർനിർണ്ണയം നടന്നപ്പോരം 9 വാർഡുകളും, ഇപ്പോരം ജനസംഖ്യാടിസ്ഥാനത്തിൽ 10 വാർഡുകളു മായി നിലകൊള്ളുന്നു.

പടിഞ്ഞാറ് ഇരിഞ്ഞാലക്കുട മുനിസ്സിപ്പാലിറ്റിയും, പൊറുത്തുശ്ശേരി ഗ്രാമപഞ്ചായത്തും, തെക്ക് വേളൂക്കര, ആളൂർ കിഴക്ക്, ആളൂർ, കൊടകര, പറപ്പൂക്കര, വടക്ക് പറപ്പൂക്കര എന്നീ ഗ്രാമപഞ്ചായത്തുകളും അതിർത്തിയിൽ കിടക്കുന്നു. പഞ്ചായത്ത് രൂപീകരണശേഷം 6 ഭരണ സമിതികരം നിലവിൽ വന്നിട്ടുണ്ട്.

പഴയ കൊച്ചി രാജ്യത്തെ നെല്ലറകളിൽ ഒന്നായി ചരിത്ര രേഖകളിൽ കാണുന്ന മുരിയാട് കായൽ ഇവിടെ യാണ്. ചെറുകിട കർഷകരും കർഷക തൊഴിലാളികളും കൈവേലക്കാരുമാണ് ഇവിടുത്തെ ജനങ്ങളിൽ തൊണ്ണൂറു ശതമാനവും. കേരവൃക്ഷങ്ങളും മറ്റും സമൃദ്ധിയായി വളരുന്നതിന് പറ്റിയ ഫലഭൂയിഷ്ടമായ ഭൂപ്രകൃതി യാണ് പഞ്ചായത്തിനുള്ളത്. ഇതൊക്കെയാണെങ്കിലും മിക്ക പ്രദേശങ്ങളിലും ജലദൗർലഭ്യം അനുഭവപ്പെടുന്നു.

### *പഞ്ചായത്ത് അതിർത്തിയിലെ പ്രധാന ഓഫീസുകളും സ്ഥാപനങ്ങളും:-*

മുരിയാട് ആനന്ദപുരം ഗ്രൂപ്പ് വില്ലേജാഫീസ് ഈ പഞ്ചായത്തിനകത്താണ് സ്ഥിതിചെയ്യുന്നത്. പുല്ലൂർ വില്ലേജാഫീസ് പഞ്ചായത്തിന് പുറത്താണ് നിലകൊ ള്ളുന്നത്. ആയുർവേദ ഡിസ്പെൻസറി, ഒരു ഹെൽത്ത് സെൻറർ, ഒരു സബ്സെൻറർ, ഒരു യു.പി. സ്കൂരം, മൂന്നു വായനശാലകരം, ഒരു കശുവണ്ടി ഫാക്ടറി, ഒരു മൃഗാ ശുപത്രി, കൃഷിഭവൻ, എന്നിവ സർക്കാർ ഉടമസ്ഥത യിലും, രണ്ട് സർവ്വീസ് സഹകരണ ബാങ്ക്, മൂന്ന് ക്ഷീര ഉൽപാദക സഹകരണ സംഘങ്ങരം എന്നിവ സഹകരണ മേഖലയിലും കൂടാതെ ഒരു ദേശസാൽകൃത ബാങ്കും ഇവിടെയുണ്ട്. രണ്ട് ഹൈസ്കൂളുകളും രണ്ട് എൽ.പി. സ്കൂളും, ഒരു യു.പി. സ്കൂളും ഒരു I.T.C. യും, ഒരു കശു വണ്ടി ഫാക്ടറിയും പരീക്ഷണാടിസ്ഥാനത്തിൽ ആരം ഭിച്ചിട്ടുള്ള കാർ നിർമ്മാണ ഫാക്ടറിയും സ്വകാര്യ മേഖലയിലും സ്ഥിതിചെയ്യുന്നു.

### *ദേശീയ പ്രസ്ഥാനം ചെലുത്തിയ സ്വാധീനവും പ്രധാന പ്രാദേശിക സംഭവങ്ങളും*

ദേശീയ പ്രസ്ഥാനത്തിൽ ത്യാഗോജ്ജ്വലമായി പോരാടിയ സ്വാതന്ത്ര്യ സമര സേനാനികരം ഈ പഞ്ചായ ത്തിലുണ്ട്. 1942 മുതൽ വിവിധ ഘട്ടങ്ങളിലായി നടന്ന ജനകീയ സമരങ്ങരം ഏറെയാണ്. അയിത്തത്തിനും, അന്ധവിശ്വാസങ്ങരംക്കും, അനാചാരങ്ങരംക്കുമെതിരെ നടത്തിയ കുട്ടംകുളം സമരം, കൂലിവർദ്ധനവിന് വേണ്ടി നടന്ന ചാക്കോളാ കോരം വഞ്ചി സമരം, മുരിയാട് കായ ലിൽ നടന്ന ചക്രംചവിട്ടു സമരം, 100ൽ പരം ദിവസം നീണ്ടുനിന്ന പൂല്ലൂർ, മുരിയാട്, ആനുരുളി കശുവണ്ടി തൊഴിലാളി സമരം തളിയൻ, പുല്ലൻ എന്നീ ഭൂവുടമകളു ടെ മിച്ച ഭൂമിയിൽ നടന്ന കുടികിടപ്പുസമരം, വിളവെടുപ്പു സമരം, സമയസ്ഥിരതക്കും കൊയ്ത്ത് പതമ്പിനും കൂലി വർദ്ധനവിനും വേണ്ടി നടന്ന കർഷക തൊഴിലാളി സമരം, വിലവർദ്ധനവിനെതിരായ സമരം, മതമൈത്രിക്ക് വേണ്ടി യുള്ള സമരം, ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള കർഷക നിരാഹാര സമരം എന്നിവ എടുത്തു പറയേണ്ടവയാണ്. ഈ സമര ങ്ങളിൽ വളരെയേറെപ്പേർ ജയിൽശിക്ഷയും ലോക്കപ്പ് മർദ്ദനങ്ങളും അനുഭവിച്ചിട്ടുണ്ട്.

മേൽപറഞ്ഞ സമരങ്ങളുടെയൊക്കെ ഫലമായി പഞ്ചായത്തിൽ പല ട്രേഡ് യൂണിയനുകളും കർഷക തൊഴിലാളി സംഘടനകളും രൂപംകൊണ്ടിട്ടുണ്ട്.

കാർഷിക-ഭൂപരിഷ്കരണ നിയമം മൂലം കൂടൽ മാണിക്യം, അവിട്ടത്തൂർ, ആനന്ദപുരം എന്നീ ദേവസ്വം വക ഭൂസ്വത്തുക്കളും മതുക്കാരുമുക്കുമന, അരിത്തോ ട്ടത്തു മന, കടലൂർ മന, എരിഞ്ഞന വള്ളിമന, പടിയൂർ

മന, എന്നീ ജന്മിമാരുടെ ഭൂസ്വത്തുക്കളും കൈവശക്കാർക്ക് ലഭിച്ചതിന്റെ ഫലമായി പഞ്ചായത്തിൽ സാമൂഹ്യമായ പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്. കർഷക-കർഷക തൊഴിലാളിക്ക് മെച്ചപ്പെട്ട ജീവിതരീതി ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ജന്മി-കുടിയാൻ ബന്ധം അവസാനിപ്പിച്ചതിന്റെ ഫലമായി ചില ഒറ്റപ്പെട്ട ജന്മികുടുംബങ്ങാക്ക് ജീവിതം നിരാശാജനകമായും തീർന്നിട്ടുണ്ട്.

### *വിദ്യാഭ്യാസം*

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 100 വർഷം പഴക്കമുള്ള മുരിയാട്, 85 വർഷം പഴക്കമുള്ള ആനന്ദപുരം എന്നീ U.P. സ്കൂളുകൾ പഴക്കത്തിൽ മുന്നിട്ടുനിൽക്കുന്നു. പുല്ലൂർ, തുറവൻകാട് എൽ. പി. സ്കൂളുകളും സെൻറ് സേവിയേഴ്സ് സാങ്കേതിക വിദ്യാഭ്യാസസ്ഥാപനവും (ITC പുല്ലൂർ) ആനന്ദപുരം ശ്രീകൃഷ്ണ ഹൈസ്കൂളും 1 വർഷത്തോളമായി പ്രവർത്തിച്ചുവരുന്ന സെൻറ് ജോസഫ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളും ഈ പഞ്ചായത്തിലുണ്ട്. 1957ലെ വിദ്യാഭ്യാസ ബില്ലുകൊണ്ട് പഞ്ചായത്തിലെ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ ഒഴികെ മറ്റെല്ലാ സ്കൂളുകളിലും സാർവ്വത്രിക സൗജന്യവിദ്യാഭ്യാസം ലഭിക്കുന്നുണ്ട്. അതിന്റെ ഫലമായി എല്ലാ ജനവിഭാഗങ്ങളിൽപ്പെട്ടവർക്ക് സാമാന്യമായും ഉയർന്നതുമായ വിദ്യാഭ്യാസം ലഭിച്ചുവരുന്നു.

6ൽ പരം വർഷത്തെ പഴക്കമുള്ള മുരിയാട്, പുല്ലൂർ, ആനന്ദപുരം, പാറക്കാട്ടുകര ഗ്രാമീണ വായനശാലകൾ ഇവിടെയുണ്ട്. വായനയിലൂടെ അറിവു നേടുന്നതിൽ ഈ വായനശാലകൾ വളരെയേറെ സഹായിക്കുന്നു. അതുപോലെതന്നെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന കലാ-കായിക ക്ലബ്ബുകൾ പഞ്ചായത്തിലെ ജനങ്ങളുടെ സാംസ്കാരിക പുരോഗതിയിൽ കാര്യമായ സ്വാധീനം ചെലുത്തുന്നു.

### *നാടൻപാട്ടുകൾ*

പാക്കനാർ പാട്ട്, കളമെഴുത്തുപാട്ട്, പുള്ളുവൻ പാട്ട്, പടന്നകളി പാട്ട്, തട്ടുമ്മൽ കളിപാട്ട്, തേക്കുപാട്ട്, ഉഴമപാട്ട്, കോൽചക്രം ചവിട്ടുപാട്ട്, വടക്കൻ പാട്ട്, ധാരിക-കാളി പാട്ട്, ഉടുക്കുകൊട്ട് പാട്ട്, കുതിരകളി-കാളകളി പാട്ട്, കളം എഴുത്തുപാട്ട്, കൈക്കൊട്ടിക്കളി, തുകിലുണർത്തുപാട്ട്, ഞാറുനടമ്പം പാട്ട്, ഐവർ കളിപ്പാട്ട് തുടങ്ങിയ നാടൻ പാട്ടുകൾ ഈ ഗ്രാമപഞ്ചായത്തിലുണ്ടായിരുന്നു.

### *സമൂഹപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിയ മാതൃകപരമായ നിർമ്മാണപ്രവർത്തനം:-*

3.2 കി.മീറ്റർ ദൂരത്തിൽ വരുന്ന ചാത്തൻ മാസ്റ്റർ റോഡ്, പുല്ലൂർ മിഷനാസ്പത്രി - തുറവൻകാട് റോഡ് എന്നീ റോഡുകളുടെ 8 മീറ്റർ വീതിയിൽ നിർമ്മാണ പ്രവർത്തനം ജനപങ്കാളിത്തത്തോടുകൂടിനടത്തിയിട്ടുള്ളതാണ്. നമ്പിയം കാവ് റോഡ്, പുല്ലൂർ ഊരകം റോഡ്, മതുക്കാട്ടികുളം റോഡ് തുടങ്ങിയ റോഡുകളും സന്നദ്ധപ്രവർത്തനം വഴി ഗതാഗത യോഗ്യമായിട്ടുണ്ട്.

ഹിന്ദു, ക്രിസ്ത്യൻ ആരാധനാലയങ്ങളും അവയുമായി ബന്ധപ്പെട്ടുള്ള ഉത്സവങ്ങളും ധാരാളമുള്ള പ്രദേശമാണിത്. ഐതിഹ്യങ്ങൾക്കും കുറവില്ല. ആനന്ദം എന്ന ഭക്തയുടെ തപസ്സിനെ തുടർന്ന് ലഭിച്ച പ്രദേശമാണ് ആനന്ദപുരമെന്നും, ആന എഴുന്നേൽക്കാൻ വയ്യാതെ ഉരുണ്ട അമ്പലത്തിനും പരിസരത്തിനും ആനുരുളി എന്ന പേരുണ്ടായെന്നും ടിപ്പുവിന്റെ പടയോട്ടക്കാർ അത്ഭുതപരീക്ഷകൾ കണ്ട് തിരിച്ചുപോയെന്നും മറ്റും ഐതിഹ്യങ്ങൾ നീളുന്നു. പഞ്ചായത്തിലെ പ്രധാന കൃഷി നെല്ലും നാളികേരവുമാണ്. സാക്ഷരതാ പ്രവർത്തനവും ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പ്രവർത്തനവും പല ഘട്ടങ്ങളായി പഞ്ചായത്തിൽ നടന്നിട്ടുണ്ട്. 1990-91ലെ അക്ഷരകേരളം സമ്പൂർണ്ണസാക്ഷരതാ പദ്ധതിയുടെ ഫലമായി പഞ്ചായത്തിലെ സാക്ഷരതാശതമാനം 94.8 ആയി. പഞ്ചായത്ത് സമ്പൂർണ്ണസാക്ഷര പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടു.

ആനന്ദപുരം മുരിയാട് പ്രദേശം (1 മുതൽ 5 വരെ വാർഡുകൾ) പുല്ലൂർ ഊരകം (6 മുതൽ 10 വരെ വാർഡുകൾ) എന്നിങ്ങനെ ഭൂമിശാസ്ത്രപരമായി പരസ്പരം വേറിട്ടുനിൽക്കുന്ന രണ്ട് ഭൂവിഭാഗങ്ങൾ ചേർന്നതാണ് മുരിയാട് പഞ്ചായത്ത്. മുരിയാട് കായലിന്റെ വിസ്തൃതമായ കായലോരവും കാർഷികോപയുക്തമായ ചെരിവുപ്രദേശങ്ങളും ചേർന്നതാണ് ഭൂപ്രകൃതി. വിഭവസമൃദ്ധമായ പ്രകൃതി ഇവിടെയുണ്ട്. അവയുടെ സാദ്ധ്യതകൾ പൂർണ്ണമായും ഉപയുക്തമാക്കിയിട്ടില്ല എന്ന് കാണാവുന്നതാണ്. സാങ്കേതിക വിദഗ്ദ്ധർ, കൈവേലക്കാർ, പരമ്പരാഗത തൊഴിലെടുക്കുന്നവർ, കൃഷിക്കാർ, അദ്ധ്യാപകർ, സേവനമേഖലകളിൽ ജോലി ചെയ്യുന്നവർ എന്നിങ്ങനെ മനുഷ്യവിഭവശേഷിയുടെ സാദ്ധ്യതകൾ ഈ പഞ്ചായത്തിലുണ്ട്.

അതീതകാല ചരിത്രത്തിലെ ആവേശകരമായ അനുഭവങ്ങൾ നമ്മുടെ പ്രവർത്തനങ്ങൾക്ക് ചൂടു പകരുന്നവയാണ്.

✦

# 4

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

തൃശൂർ ജില്ലയുടെ ഏകദേശം മദ്ധ്യഭാഗത്തായി വരുന്ന മുരിയാട് പഞ്ചായത്തിന് 2239.79 ഹെക്ടർ (58 ച.കി.മീ.) വിസ്തൃതിയാണുള്ളത്. മുകുന്ദപുരം താലൂക്കിലെ ഇരിങ്ങാലക്കുട വികസന ബ്ലോക്കിൽ ഉൾപ്പെടുന്ന ഈ പഞ്ചായത്തിൽ ആനന്ദപുരം, മുരിയാട്, പുല്ലൂർ എന്നീ വില്ലേജുകളാണുള്ളത്. പത്ത് വാർഡുകളുള്ള ഈ പഞ്ചായത്തിൻെറ പ്രമുഖ ശുദ്ധജല സ്രോതസ്സ് മുരിയാട് കായലാണ്.

ഭൂപ്രകൃതിയനുസരിച്ച് മുരിയാട് പഞ്ചായത്തിനെ 8 മേഖലകളായി തരം തിരിക്കാം. വിസ്തൃതിയനുസരിച്ച് അവ താഴെ കൊടുക്കുന്നു.

ഇവയിൽ ഓരോന്നിൻെറയും വിസ്തൃതി പട്ടികയായി ചുവടെ ചേർത്തിരിക്കുന്നു. (ശതമാന കണക്കിൽ)

| | *ഭൂപ്രകൃതി മേഖലകൾ* | *വി. ഹെക്ടറിൽ* | *%* |
|---|---|---|---|
| 1. | ഉയർന്ന സമതലം | 296.996 | 13.26 |
| 2. | ചെറു ചരിവ് | 69.881 | 3.12 |
| 3. | ഇടത്തരം ചരിവ് | 32.477 | 1.45 |
| 4. | സമതലം | 785.110 | 35.09 |
| 5. | താഴ്വര | 27.290 | 1.25 |
| 6. | വെള്ളം കയറുന്ന മേഖല | 220.143 | 9.86 |
| 7. | കായൽ തീരം | 270.343 | 12.07 |
| 8. | കായൽ പ്രദേശം | 537.550 | 24.00 |
| | ആകെ | 2239.790 | |

നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ 10 മീ. താഴെ, 10 നും 30 നും ഇടയിൽ, 30 മീ, കൂടുതൽ എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. വെള്ളിലംകുന്ന്, ചേർപ്പുംകുന്ന്, മുരിയാട് SNDP പരിസരം, തുറവൻകാട്, ഊരകം പള്ളി പരിസരം, കൊടിയൻകുന്ന്, മണിയൻകുന്ന് എന്നിവയാണ് ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങൾ. ഇവയിൽ സമുദ്രനിരപ്പിൽനിന്നും 250 അടി ഉയരമുള്ള കൊടിയൻകുന്നാണ് ഏറ്റവും ഉയരം കൂടിയ പ്രദേശം. ഇടത്തരം കുന്നുകൾക്കും ചരിഞ്ഞ പ്രദേശങ്ങൾക്കും ശേഷം, നെൽവയലുകളും കായൽപ്രദേശവും 78 അടിയിൽ താഴെയായി സ്ഥിതി ചെയ്യുന്നു. നെൽകൃഷി ചെയ്യുന്ന സ്ഥലത്തിൻെറ മൊത്തം വിസ്തീർണ്ണം 853 ഹെക്ടർ ആണ്. പൊതുവിൽ പഞ്ചായത്തിന് വടക്ക് കിഴക്കും തെക്ക് പടിഞ്ഞാറും മദ്ധ്യവുമായി വരുന്ന ഭാഗങ്ങൾ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് ഉയർന്ന സമനിരപ്പിലാണ്.

നിമ്നോന്നത മേഖലയുടെ വിസ്തൃതി ചുവടെ ചേർക്കുന്നു. (ശതമാനകണക്കിൽ)

| | *നിമ്നോന്നത മേഖല* | *വി. ഹെക്ടറിൽ* | *%* |
|---|---|---|---|
| 1. | 10 മീ. താഴെ | 967.365 | 43.19 |
| 2. | 10നും 30 മീ. നും ഇടയിൽ | 1083.163 | 48.36 |
| 3. | 30 മീ. മുകളിൽ | 189.262 | 8.45 |
| | ആകെ | 2239.790 | |

മുരിയാട് പഞ്ചായത്തിൻെറ 60% സ്ഥലവും ചെമ്മണ്ണും വെട്ടുകല്ലും ചേർന്നതും, 40% കളിമണ്ണും പശിമരാശി മണ്ണും ചേർന്നതുമാണ്. ഉപരിതല മൺതരങ്ങളും ഇനവും വിസ്തൃതിയും താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു. (ശതമാന കണക്കിൽ)

| | *ഉപരിതല മൺതരങ്ങൾ* | *വി. ഹെക്ടറിൽ* | *%* |
|---|---|---|---|
| 1. | ചെമ്മണ്ണ് | 300.132 | 13.40 |
| 2. | വെട്ടുകല്ലുള്ളത് | 907.115 | 40.50 |
| 3. | കളിമണ്ണു കലർന്ന പശിമരാശി | 141.107 | 06.30 |
| 4. | മണൽ ചേർന്ന കളിമണ്ണ് | 148.050 | 06.61 |
| 5. | കാടക്കണ്ണനും പാറയുമുള്ളത് | 208.748 | 9.32 |
| 6. | ജലാശയങ്ങൾ | 534.638 | 23.87 |
| | ആകെ | 2239.790 | |

## ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം മുരിയാട് പഞ്ചായത്തിലെ ജനസംഖ്യ 23,039 ആണ്. ഇതിൽ 10936 പുരുഷന്മാരും 12,103 സ്ത്രീകളുമാണ്. 1996 ലെ കണക്കനുസരിച്ച് ആകെ വീടുകൾ 6114 ആണ്. അതായത് ശരാശരി വീടൊന്നിന് 3.94 ആളുകൾ വീതം. ജനസാന്ദ്രത ചതുരശ്ര കി.മീ. 397.22 ആണ്. ആറുവയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 1229 ആണ്. ഇതിൽ ആൺകുട്ടികൾ 604 ഉം പെൺകുട്ടികൾ 625 ഉം ആണ്. പട്ടികജാതി ജനസംഖ്യ 4694 ആണ്. 1990 ലെ സാക്ഷരതാനിരക്ക് 92.89%. ആകെ ജനങ്ങളിൽ ഇപ്പോൾ 94.8% സാക്ഷരരാണ്. എന്നാൽ 1990 ലെ സാക്ഷരതാ പ്രവർത്തനത്തിനുവേണ്ടി നടത്തിയ സർവ്വേ പ്രകാരം 1570 നിരക്ഷരരാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഇതിൽ 26.94% പേരെ സാക്ഷരരാക്കാൻ കഴിഞ്ഞു.

പഞ്ചായത്തിൻെറ സാക്ഷരതാനിരക്ക് ഉയർന്ന താണെങ്കിലും (94.8%) ഉന്നതവിദ്യാഭ്യാസം നേടിയവർ വളരെ ചെറിയ ശതമാനം മാത്രമാണ്. ബിരുദധാരികളെ അപേക്ഷിച്ച് സാങ്കേതിക വിദ്യാഭ്യാസമുള്ളവർ കുറ വാണ്. പക്ഷേ, ഈയടുത്ത കാലഘട്ടത്തിൽ സാങ്കേ തിക വിദ്യാഭ്യാസത്തിൽ ചേരുന്നവർ പൊതുവെ കൂടു തലാണ്. സ്ത്രീതൊഴിലാളികൾക്ക് പ്രാധാന്യമുള്ള 5 ഓളം തൊഴിൽശാലകളിലായി 2016 ഓളം സ്ത്രീകൾ ജോലി ചെയ്യുന്നു. അതായത് മൊത്തം സ്ത്രീകളുടെ 16.6% വും. കൂടാതെ പ്രത്യക്ഷമായ വരുമാനം നൽകുന്ന തൊഴിലുകളിൽ സ്ത്രീ പങ്കാളിത്തം കുറവാണെന്നതും ഗൗരവമേറിയ പ്രശ്നമാണ്.

## ജലപ്രകൃതി

വർഷത്തിൽ ശരാശരി 2910 മി.മീ. മഴ ലഭിക്കുന്ന പ്രദേശങ്ങളാണ് പഞ്ചായത്തിലുള്ളത്. കാലവർഷത്തിൽ ജൂൺ, ജൂലായ് മാസങ്ങളിലാണ് ശക്തമായ മഴ ലഭിക്കാറുള്ളത്. ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷം ശക്തി കുറഞ്ഞും ലഭിക്കുന്നു. ഡിസംബർ മാസത്തിൽ അപൂർവ്വമായേ മഴ ലഭിക്കാറുള്ളൂ.

പഞ്ചായത്തിൻെറ വടക്കു പടിഞ്ഞാറ് ഭാഗത്തുള്ള കായലിലേക്കാണ് മഴവെള്ളം മുഴുവൻ ഒഴുകിയെത്തുന്നത്. മുരിയാട് കായലിൽനിന്ന് കോന്തിപുലുതോട്, പുത്തൻതോട് എന്നിവയിലൂടെ വെള്ളം കരുവന്നൂർ പുഴയിലേക്കും കാനോലികനാലിലേക്കും ചേരുന്നു. പുഴ പടിഞ്ഞാറ് അറബിക്കടലിൽ ചെന്ന് ചേരുന്നു. കൂടാതെ 150 ഓളം കുളങ്ങളും കൂടി ചേർന്നതാണ് ഉപരിതല ജല സ്രോതസ്സുകൾ.

പഞ്ചായത്തിൻെറ നാലിൽ മൂന്നു ഭാഗം പ്രദേശങ്ങളും ജനുവരിമാസം മുതൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളാണ്. പെയ്തിറങ്ങുന്ന മഴവെള്ളത്തെ തടഞ്ഞുനിർത്തി ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്നതിനുള്ള ശ്രമം നടത്തുക എന്നുള്ളതായിരിക്കണം ജലവിഭവമാനേജ്മെൻറിൻെറ പ്രഥമ കർത്തവ്യമായിത്തീരേണ്ടത്.

ജലലഭ്യതയും അല്ലാത്തവയുമായ പ്രദേശങ്ങളെ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

| മേഖലകൾ | വി.ഹെ. | % |
|---|---|---|
| താഴ്ന്ന നിരക്കിൽ വെള്ളം ലഭിക്കുന്ന പ്രദേശം | 232.938 | 10.4 |
| വെള്ളം കെട്ടിനിൽക്കുന്ന സ്ഥലം (കായൽ, കുളം) | 573.386 | 25.6 |
| ജലം ലഭ്യമല്ലാത്ത പ്രദേശം | 1433.466 | 64.0 |
| | 2239.790 | |

നമ്മുടെ പഞ്ചായത്തിൻെറ വിസ്തൃതിയുടെ 25.6% വരുന്ന ശുദ്ധജലസ്രോതസ്സായ കായൽപ്രദേശങ്ങളെ ശരിയായ വിധത്തിൽ ചൂഷണം ചെയ്യുകയും മണ്ണിലേക്ക് പെയ്ത വെള്ളത്തെ ആഴ്ന്നിറക്കാനുള്ള ശ്രമങ്ങൾ ചെയ്യുകയും ചെയ്താൽ രൂക്ഷമായ കുടിവെള്ളപ്രശ്നം അഭിമുഖീകരിക്കുന്ന മുരിയാട് പഞ്ചായത്തിന് ആ ശാപത്തിൽനിന്നും മോചനം നേടാം; നേടണം.

പട്ടിക

പഞ്ചായത്തിലെ പ്രധാന കുളങ്ങൾ

| | കുളത്തിൻെറ പേര് | വാർഡ് | വില്ലേജ് |
|---|---|---|---|
| 1. | പൊതുമ്പുചിറ | VI | പുല്ലൂർ |
| 2. | വല്യത്താൻകുളം | XI | ” |
| 3. | കാരയിൽക്കുളം | VIII | ” |
| 4. | വാക്കാട്ടുകുളം | IV | മുരിയാട് |
| 5. | കാവിൽക്കുളം | III | ” |
| 6. | തലക്കാട്ടിക്കുളം | I | ആനന്ദപുരം |
| 7. | മുതുക്കാട്ടിക്കുളം | II | ” |
| 8. | അയ്യൻക്കുളം | III | മുരിയാട് |
| 9. | മുടിഞ്ഞിൽക്കുളം | IV | ” |
| 10. | കരിങ്ങാംപിള്ളിക്കുളം | V | ” |
| 11. | കാട്ടിക്കുളം | X | പുല്ലൂർ |
| 12. | കോടമുക്കിക്കുളം | V | മുരിയാട് |
| 13. | പൊട്ടച്ചിറക്കുളം | III | ” |
| 14. | കൈതകുളം | II | ആനന്ദപുരം |
| 15. | മുണ്ടപ്പിള്ളിക്കുളം | V | മുരിയാട് |
| 16. | ചാലിൽക്കുളം | III | ” |
| 17. | ആനക്കല്ലിൽക്കുളം | III | ” |
| 18. | നമ്പുകുളം | I | ആനന്ദപുരം |
| 19. | കോട്ടുചിറ | II | ” |
| 20. | അഴിയാനിക്കുളം | VII | ” |
| 21. | വില്ലേരിക്കുളം | I | ” |
| 22. | വേലത്തിക്കുളം | VII | പുല്ലൂർ |
| 23. | ഊതറമ്പിക്കുളം | X | ” |
| 24. | മുടിച്ചിറ | VIII | ” |
| 25. | എക്കുഴി | VIII | ” |
| 26. | കാരിയിൽക്കുളം | VIII | ” |
| 27. | ചെറിയത്തക്കുളം | VII | ” |
| 28. | വലിയാത്തക്കുളം | VI | ” |
| 29. | മാത്തക്കുളം | VII | ” |
| 30. | ആസ്പത്രിക്കുളം | II | ആനന്ദപുരം |
| 31. | കരിമ്പാടംകുളം | II | ” |
| 32. | പുത്തൻകുളം | IV | മുരിയാട് |
| 33. | കറുത്താട്ടിൽക്കുളം | IV | ” |
| 34. | കോട്ടുപാടംകുളം | V | ” |
| 35. | നെടുംകുളം | V | ” |
| 36. | വെള്ളിലംകുന്നുകുളം | V | ” |
| 37. | പാറക്കുളം | VII | പുല്ലൂർ |

# 5 - 1
# കൃഷിയും ജലസേചനവും

## കൃഷി

മുരിയാട് ഗ്രാമപഞ്ചായത്ത് തികച്ചും ഒരു കാർഷികമേഖലയാണ്. ഇവിടുത്തെ മുഖ്യകൃഷി നെല്ല്, തെങ്ങ് എന്നിവയാണ്. ഇടവിളകളായി വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, കവുങ്ങ് എന്നിവയും കൃഷി ചെയ്തുവരുന്നു. റബ്ബർ, കുരുമുളക് എന്നീ നാണ്യവിളകളും ഇവിടെ കൃഷി ചെയ്തുവരുന്നു. ജനങ്ങളുടെ ജീവനോപാധി മുഖ്യമായും കൃഷിയും അനുബന്ധ തൊഴിലുകളുമാണ്. കായൽ നിരപ്പിൽനിന്നും 10-20 മീറ്ററിന് മുകളിലായിട്ടാണ് ഈ പഞ്ചായത്തിലെ ഭൂരിഭാഗം ഭൂപ്രദേശവും സ്ഥിതിചെയ്യുന്നത്.

പഞ്ചായത്തിലെ 1250 ഹെക്ടർ പ്രദേശത്ത് പുഞ്ചകൃഷിയും (കോൾകൃഷി), 170 ഹെ. പ്രദേശത്ത് മുണ്ടകൻ കൃഷിയും, 135 ഹെക്ടർ പ്രദേശത്ത് വിരിപ്പു കൃഷിയും നടത്തിവരുന്നു. മുരിയാട് കായലിൻെറ മദ്ധ്യഭാഗത്തുകൂടെ തെക്കുവടക്കായി നീണ്ടുകിടക്കുന്ന കെ. എൽ. ഡി. സി. തോടും ഉപതോടുകളുമാണ് കോൾ നിലങ്ങളിലെ ജലസേചനത്തിന് ഉപയോഗിച്ചു വരുന്നത്. ചിമ്മിനി ഡാമിൽനിന്നാണ് ഇവിടേക്ക് ആവശ്യമായ വെള്ളം ലഭിക്കുന്നത്. ഇവിടേക്കുള്ള ജലസേചന സൗകര്യങ്ങൾ നിയന്ത്രിക്കുന്ന പറപ്പൂക്കര പഞ്ചായത്ത് പരിധിയിൽ വരുന്ന മാഞ്ഞാംകുഴി ഡാമും പൊറത്തിശ്ശേരി പഞ്ചായത്തിൻെറ പരിധിയിൽ വരുന്ന ഇല്ലിക്കൽചിറ ഷട്ടറും പ്രധാന പങ്കു വഹിക്കുന്നു. ഏകദേശം 6 കി.മീ. നീളം വരുന്ന KLDC തോടിൻെറ പൂർത്തീകരണവും, ഷട്ടർ നിർമ്മാണവും, എഞ്ചിൻ തറ നിർമ്മാണവും, സ്ലൂയിസ് നിർമ്മാണവും ഇവിടുത്തെ നെൽകൃഷിയെ സംരക്ഷിക്കുന്നതിൽ ആവശ്യമായ പ്രധാന ഘടകങ്ങളാണ്.

ചാലക്കുടി ഇറിഗേഷൻ പരിധിയിൽ വരുന്ന വലതുകര കനാലിൽനിന്നും മുരിയാട് ബ്രാഞ്ച് കനാലിൽ കൂടി ലഭിച്ചിരുന്ന വെള്ളമാണ് മുരിയാട് വില്ലേജ് പ്രദേശത്ത് കൃഷിക്കുപയോഗിച്ചുകൊണ്ടിരുന്നത്. എന്നാൽ വളരെക്കാലമായി ഈ കനാലിൽകൂടി കൃഷിക്ക് ആവശ്യമായ വെള്ളം വിട്ടുകിട്ടാറില്ല. മഴയെ ആശ്രയിച്ച് കൃഷി നടത്തിയിരുന്ന ഈ മേഖലയിൽ കൃഷി സംരക്ഷണത്തിനും വികസനത്തിനും ഏറ്റവും അത്യാവശ്യ ഘടകങ്ങൾ ജലസേചനസൗകര്യവും യന്ത്രവൽക്കരണവുമാണ്.

പട്ടിക 1

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ഭൂഉടമസ്ഥരുടേയും ഭൂപരിധി ഒരു ഏക്കറിൽ താഴെയാണ്.

| ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|
| ഒരു ഏക്കറിൽ താഴെ | 3,683 |
| ഒന്നു മുതൽ 2 ഏക്കർ വരെ | 1,998 |
| 2 ഏക്കറിന് മുകളിൽ | 433 |

ഈ പഞ്ചായത്തിൽ ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. മഴയെ മാത്രം ആശ്രയിച്ചിരുന്ന നെൽകൃഷിക്ക് തോടുകൾ, കുളങ്ങൾ, നീർച്ചാലുകൾ എന്നിവ ജലസേചനത്തിന് പ്രയോജനപ്പെടുത്തിയിരുന്നു. ആദ്യകാലങ്ങളിൽ കൃഷിഭൂമിയുടെ ഉടമസ്ഥർ വൻകിട ജന്മിമാരായിരുന്നു.

ആകെ ഭൂപ്രദേശത്തിൻെറ ഏകദേശം 35% നെൽവയലുകളാണ്. വിരിപ്പുകൃഷിക്ക് ജ്യോതി, കാഞ്ചന തുടങ്ങിയ വിത്തിനങ്ങളും മുണ്ടകന് പട്ടാമ്പി, അതിയൻ, ആതിര തുടങ്ങിയ വിത്തിനങ്ങളും പുഞ്ചക്കാണെങ്കിൽ കാഞ്ചന, ത്രിവേണി , ജ്യോതി, ആതിര, കൾച്ചർ-8, ചീര തുടങ്ങിയ വിത്തിനങ്ങളും ഉപയോഗിച്ചുവരുന്നു. ആദ്യകാലങ്ങളിൽ ജൈവവളങ്ങൾ മാത്രമാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇപ്പോൾ അനാരോഗ്യകരമായ രീതിയിൽ തന്നെ രാസവളങ്ങളും രാസകീടനാശിനികളും ഉപയോഗിക്കുന്നു. മുൻകാലങ്ങളിൽ കയറ്റുകൊട്ട, വേത്ത്, തുലാൻ, കാളത്തേക്ക്, ചക്രംചവിട്ടൽ തുടങ്ങിയ നാടൻ രീതികൾ ജലസേചനത്തിനായി ഉപയോഗിച്ചിരുന്നുവെങ്കിൽ ഇപ്പോൾ പമ്പുസെറ്റുകൾ സർവ്വ സാധാരണമായിരിക്കുകയാണ്. നെൽപാടങ്ങളിൽ ഇടവിളയായി എള്ള്, പയർ, പച്ചക്കറി എന്നിവയും പറമ്പുകളിൽ ചേമ്പ്, ചേന, മരച്ചീനി എന്നീ കിഴങ്ങുവർഗ്ഗങ്ങളും വാഴയും ഹ്രസ്വകാല ഇടവിളകളായും ജാതി, കവുങ്ങ് എന്നിവ ദീർഘകാല ഇടവിളകളായും കൃഷി ചെയ്തുവരുന്നു.

കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യത കുറഞ്ഞുവരുകയും ഉല്പാദനച്ചിലവ് ഏറുകയും ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാതെ വരികയും ചെയ്ത സാഹചര്യത്തിൽ പരമ്പരാഗത കൃഷിക്കാർ മറ്റു തൊഴിൽമേഖലകളിലേക്ക് തിരിയുവാൻ തുടങ്ങി. കൂടാതെ കാർഷികമേഖലയിലേക്ക് പുതിയ തലമുറയെ ആകർഷിക്കാൻ സാധിക്കാത്തതുകൊണ്ടും കർഷക

തൊഴിലാളികൾ കൂടുതൽ സാമ്പത്തിക നേട്ടങ്ങൾ ലഭിക്കുന്ന തൊഴിൽ മേഖലകൾ അന്വേഷിച്ചു തുടങ്ങിയതുകൊണ്ടും കൃഷിഭൂമി തരിശിടുവാനും കാർഷിക വൃത്തിയിലുള്ള താല്പര്യം കുറയുവാനും ഇടയാക്കി. ഈ പ്രതിഭാസത്തിൻെറ ഭാഗമായി പരമ്പരാഗത കൃഷികളായ വാഴ, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ എന്നീ ഇടവിളകളുടെ ഉല്പാദനത്തിൽ ഗണ്യമായ കുറവ് സംഭവിക്കുവാനും നമുക്ക് ഈ ഉല്പന്നങ്ങൾക്കുവേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടുന്ന ഒരവസ്ഥക്കും ഇടവരുത്തി. പുരയിടങ്ങളിൽ തെങ്ങൊഴികെയുള്ള മറ്റു കൃഷികളെല്ലാം നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ദയനീയമായ ഒരവസ്ഥയാണിപ്പോൾ കാണുന്നത്. തെങ്ങുകൃഷിക്കും ഇപ്പോൾ അതിമാരകമായ കാറ്റുവീഴ്ചരോഗം നാശത്തിൻെറ ഭീഷണിയുയർത്തിയിരിക്കുകയാണ്. നെൽപ്പാടങ്ങൾ നികത്തി പറമ്പുകളാക്കുന്നതും കെട്ടിടങ്ങൾ നിർമ്മിക്കുന്നതും ഈ പഞ്ചായത്തിലും സാധാരണമായിരിക്കുന്നു.

പഞ്ചായത്തിൻെറ കായലോരപ്രദേശങ്ങളിൽ മണലും ചളിയും കലർന്ന മണ്ണും കരപ്രദേശങ്ങളിൽ ചരൽ കലർന്ന ചുമന്ന മണ്ണുമാണ് പൊതുവിൽ കാണപ്പെടുന്നത്.

പട്ടിക - 2

| ഭൂപ്രകൃതി | വിസ്തൃതി (ഹെ.) |
|---|---|
| ഉയർന്ന പ്രദേശം | 269 ഹെ. |
| ചരിവ് | 194 " |
| മിതമായ ചരിവ് | 243 " |
| കുന്ന് | 61 " |
| കുത്തനെയുള്ള ചരിവ് | 52 " |
| നിരന്ന പ്രദേശം | 585 " |
| കായലും നെൽവയലും | 835 " |
| ആകെ | 2239 ഹെ. |

(അവലംബം - പഠനപര്യടനം)

പട്ടിക - 3

വിള വിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം |
|---|---|---|
| നെല്ല് (ഒന്നാംവിള) | 135 ഹെ. | 2100 Kg/H |
| നെല്ല് (രണ്ടാംവിള) | 170 ഹെ. | 1990 Kg/H |
| നെല്ല് (മൂന്നാംവിള) | 501 ഹെ. | 4200 Kg/H |
| പയർ | 15 ഹെ. | 550 Kg/H |
| പച്ചക്കറികൾ | 20 ഹെ. | 12 MT/H |
| തെങ്ങ് | 765 ഹെ. | 10500 Nos./H |
| വാഴ | 15 ഹെ. | 15 MT/H |
| കുരുമുളക് | 15 ഹെ. | 250 Kg/H |
| പ്ലാവ് / മാവ് | 10 ഹെ. | 850 Kg/H |
| റബ്ബർ | 3 ഹെ. | |

(അവലംബം - അടിസ്ഥാനവിവര രജിസ്റ്റർ കൃഷിഭവൻ)

പട്ടിക 4

(ഭൂമി സംബന്ധിച്ച വിവരങ്ങൾ)

| ഇനം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| നിലം | 854.62 |
| പുരയിടം | 1203.74 |
| പുറമ്പോക്ക് | 175.16 |
| കൃഷിയോഗ്യതരിശ് | 6.27 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | - |
| ആകെ | 2239.79 |

## വളപ്രയോഗങ്ങൾ

വർദ്ധിച്ചുവരുന്ന രാസവളപ്രയോഗം മൂലം മണ്ണിൻെറ അമ്ലസ്വഭാവം വർദ്ധിച്ചുവരുന്നതായാണ് കാണപ്പെടുന്നത്. ഹരിതവിപ്ലവത്തിൻെറ ആദ്യനാളുകളിൽ രാസവളപ്രയോഗത്തിനു വേണ്ടിയുള്ള സർക്കാരിൻെറ പ്രേരണയും, പ്രചാരണവും, പെട്ടെന്നുള്ള ഉല്പാദനവർദ്ധനവും, മണ്ണിൻെറ ഗുണമേന്മ നഷ്ടപ്പെടുന്നതറിയാതെ അമിതമായ രാസവള പ്രയോഗത്തിന് കർഷകരെ പ്രേരിപ്പിച്ചു. ജൈവ-പച്ചില വളങ്ങളുടെ ലഭ്യതക്കുറവും വിലവർദ്ധനവും ശരിയായ ജൈവവള പ്രയോഗത്തിൽനിന്ന് കൃഷിക്കാരെ പിൻതിരിപ്പിച്ചു. മണ്ണ്പരിശോധനയുടെ അടിസ്ഥാനത്തിലുള്ള രാസവള പ്രയോഗമല്ല നടന്നുവന്നിരുന്നതും, ഇപ്പോൾ നടക്കുന്നതും.

പട്ടിക - 4

വളത്തിൻെറ ഉപയോഗം

| നമ്പർ | നൈട്രജൻ ($N_2$) | ഫോസ്ഫറേറ്റ് (P) | പൊട്ടാഷ് (K) |
|---|---|---|---|
| 1987 | 7 ടൺ | $10\frac{1}{2}$ ടൺ | $9\frac{1}{2}$ ടൺ |
| 1988 | 9 ടൺ | $14\frac{1}{2}$ " | $12\frac{1}{2}$ " |
| 1989 | $11\frac{1}{2}$ ടൺ | 18 " | 14 " |
| 1990 | $12\frac{1}{2}$ " | $22\frac{1}{2}$ " | 17 " |
| 1991 | $14\frac{1}{2}$ " | 26 " | 21 " |
| 1992 | 19 " | 32 " | 26 " |
| 1993 | 24 " | 41 " | $30\frac{1}{2}$ " |
| 1994 | 28 " | 51 " | $33\frac{1}{2}$ " |
| 1995 | 31 " | 54 " | 36 " |

## കീടനാശിനി

നെല്ല്, പച്ചക്കറികൾ, വാഴ, കുരുമുളക് എന്നീ വിളകൾക്കാണ് സാധാരണയായി കീടനാശിനികൾ ഉപയോഗിച്ചുവരുന്നത്. കീടനാശിനികൾ തളിയ്ക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ, ശാസ്ത്രീയമായ രീതികളോ പരിഗണിച്ചു കാണാറില്ല. ഇതു സംബന്ധിച്ച് കൃഷിക്കാരുടെ അറിവില്ലായ്മയാണ് ഇതിനു കാരണം.

## കാർഷികോപകരണങ്ങൾ

പാടശേഖര കമ്മറ്റികൾക്കായി കൃഷിഭവൻ മുഖേന നൽകിയ മൂന്ന് ട്രാക്ടർ, അഞ്ച് ടില്ലർ, 20 റോക്ക്

സ്പ്രെയർ, 80 നാപ്പ് സ്റ്റാക്ക് സ്പ്രെയർ, രണ്ട് തെങ്ങു കയറ്റ യന്ത്രം, 10 മെതി യന്ത്രം എന്നിവയാണ് കാർഷിക യന്ത്ര ഉപകരണങ്ങളായി ഇപ്പോഴുള്ളത്. കൃഷിക്കാരുടെ കയ്യിൽ സ്വന്തമായുള്ള മൂന്ന് ട്രാക്ടറും 7 ടില്ലറും കൂടാതെ സമീപപ്രദേശങ്ങളിലെ യന്ത്രോപകരണങ്ങളും ഇവിടു ത്തെ കൃഷിക്കാർ ഉപയോഗിച്ചുവരുന്നു. ഒരു കാലത്ത് കൃഷിക്ക് പൂർണ്ണമായി ഉപയോഗിച്ചുകൊണ്ടിരുന്ന നാടൻ കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായി ക്കൊണ്ടിരിക്കുകയാണ്.

## പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് 16 പാടശേഖര സമിതികൾ നിലവി ലുണ്ട്. പാടശേഖര സമിതികളിൽ മിക്കവയും നല്ല രീതി യിൽ പ്രവർത്തിച്ചുവരുന്നു.

പട്ടിക - 5

പാടശേഖര സമിതിയും വിളക്രമങ്ങളും

| നമ്പർ | പാടശേഖരത്തിന്റെ പേര് | ഒന്നാം വിള | രണ്ടാം വിള | മൂന്നാം വിള |
|---|---|---|---|---|
| 1 | എടക്കാട്ടുപാടം പാടശേഖരസമിതി | നെല്ല് | നെല്ല് | |
| 2 | കോട്ടുപാടം പാടശേഖരസമിതി | " | " | |
| 3 | മുതേരിപാടം പാടശേഖരസമിതി | " | " | |
| 4 | ഊരകംപാടം പാടശേഖരസമിതി | " | " | |
| 5 | കുറ്റിപാടം പാടശേഖരസമിതി | " | " | |
| 6 | ആനകല്ലി-കാവിൽ-പാടം സമിതി | " | " | |
| 7 | മുരിയാട്ചിറപാടം പാടശേഖരസമിതി | - | നെല്ല് | - |
| 8 | മുടിച്ചിറപാടം പാടശേഖരസമിതി | - | " | - |
| 9 | എടച്ചിറപാടം പാടശേഖരസമിതി | - | - | നെല്ല് |
| 10 | മുരിയാട് ആനന്ദപുരം കോൾ പാടശേഖര സമിതി | - | - | നെല്ല് |
| 11 | പുല്ലൂർ കോൾപാടം പാടശേഖരസമിതി | - | - | നെല്ല് |
| 12 | തൊമ്മാന കോൾപാടം പാടശേഖരസമിതി | - | - | നെല്ല് |
| 13 | ആനരുളി ഹരിജൻ സംഘം | - | - | നെല്ല് |
| 14 | കണ്ണമ്പുള്ളി ചിറപാടം പാടശേഖരസമിതി | - | - | നെല്ല് |
| 15 | മുരിയാട് ചിറക്കപാടം പാടശേഖരസമിതി | - | - | നെല്ല് |
| 16 | വില്ലേരിചിറപാടം പാടശേഖരസമിതി | - | - | നെല്ല് |

## കൂലിനിരക്ക്

കാർഷികമേഖലയിൽ തൊഴിൽ ചെയ്യുന്നതിന് തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. കൃഷി പ്പണിയോടുള്ള ആഭിമുഖ്യക്കുറവും, മറ്റു തൊഴിൽമേഖ ലകളിൽ ലഭിക്കുന്ന കൂടിയ കൂലിയും, വിദ്യാഭ്യാസ നില വാരത്തിൽ വന്ന മാറ്റങ്ങളുമൊക്കെ ഇതിന്റെ കാരണ ങ്ങളിൽപ്പെടുന്നു. 6114 കുടുംബങ്ങൾ ഉള്ളതിൽ ഏക ദേശം 3600 കുടുംബങ്ങൾ മാത്രമേ കൃഷിയെ മുഖ്യ ഉപ ജീവനമാർഗ്ഗമായി ആശ്രയിക്കുന്നുള്ളൂ. ഏകദേശം 1600 പേരാണ് കർഷകത്തൊഴിലാളികളായി ഈ പഞ്ചായ ത്തിലുള്ളത്. ഇവരുടെ ശരാശരി കൂലിനിരക്ക് പുരുഷന് 100 രൂപയും സ്ത്രീകൾക്ക് 60 രൂപയുമാണ്. കോൾനില ങ്ങളിൽ ഒഴികെ ഒരു ഏകീകൃത കൂലിനിരക്ക് നിലവിലില്ല.

## കാർഷികവായ്പ

രണ്ട് സഹകരണ സ്ഥാപനങ്ങളും ഒരു ദേശസാൽ കൃത ബാങ്കുമടക്കം 3 ബാങ്കുകളാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. ഇവ കൂടാതെ ഇരിങ്ങാലക്കുട ഭൂവികസന ബാങ്ക്, മറ്റ് ദേശസാൽകൃത ബാങ്കുകളുടെ ശാഖകൾ എന്നിവയിൽനിന്നും വർഷംതോറും കാർഷിക വായ്പകൾ നൽകാറുണ്ട്.

## ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന ഈ പഞ്ചായത്തിൽ സാധാരണ രണ്ട് ഘട്ടങ്ങ ളായിട്ടാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്ത് വരെ ലഭിക്കുന്ന കാലവർഷവും (തെക്ക് കിഴക്കൻ മൺ സൂൺ) സപ്തംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവും (വടക്കു പടിഞ്ഞാറൻ മൺസൂൺ) ശരാ ശരി വർഷത്തിൽ 314.3 സെ.മീ. മഴ ലഭിക്കുന്നു. മുരിയാട് വില്ലേജ് പ്രദേശത്ത് ചാലക്കുടി ഇറിഗേഷൻ വലതു കര കനാൽ വഴി ലഭിച്ചിരുന്ന വെള്ളം വിരിപ്പ് മുണ്ടകൻ കൃഷിക്ക് പ്രയോജനപ്പെട്ടിരുന്നു. ഒരു ദശാബ്ദത്തോള മായി വെള്ളം കൃഷിക്ക് വിട്ടുകിട്ടാത്തതിനാൽ നിലം തരി ശിടുവാനും ഒരു പൂ മാത്രം കൃഷി നടത്തുവാനും കൃഷി ക്കാർ നിർബന്ധിതരായിരിക്കുന്നു.

## തോടുകൾ

പഞ്ചായത്തിൽ ആകെ 36 കി.മീറ്റർ നീളത്തിൽ തോടുണ്ട്. ഈ തോടുകളിൽ പലയിടത്തും ചീർപ്പുകളും തടയിണകളും ആവശ്യമുണ്ടെങ്കിലും സ്ഥാപിച്ചിട്ടില്ല. KLDC തോടുകളിലെ താൽക്കാലിക ഓവുകൾക്കു പകരം ഷട്ടറുകൾ നിർമ്മിക്കാത്ത കാരണം നിലങ്ങളിലേക്കു ആവശ്യാനുസരണം വെള്ളം തിരിച്ചുവിടാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. (പ്രധാനപ്പെട്ട തോടുകൾ പട്ടിക 7ൽ കൊടുത്തിരിക്കുന്നു)

## കുളങ്ങൾ

പഞ്ചായത്തിന്റെ അധീനതയിലുള്ള 32 പൊതു കുളങ്ങളും കൂടാതെ 100 സ്വകാര്യകുളങ്ങളും ഉണ്ട്. ഈ

കുളങ്ങളിൽ ഭൂരിഭാഗവും കൃഷിആവശ്യത്തിനായി ഉപയോഗിച്ചുവരുന്നു. പൊതുകുളങ്ങളിൽ മിക്കവയും പഞ്ചായത്ത് സൈഡ്കെട്ടി സംരക്ഷിച്ചിട്ടുണ്ടെങ്കിലും അറ്റകുറ്റ പണികളുടെ കുറവുമൂലം വെള്ളം വേണ്ടത്ര സംഭരിച്ചു നിർത്തുവാൻ സാധിക്കുന്നില്ല.

പഞ്ചായത്ത് വക കുളങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 6.
(അവലംബം-പഞ്ചായത്ത് രജിസ്റ്റർ)

| നമ്പർ | പഞ്ചായത്തിൻെറ അധീനതയിലുള്ള കുളങ്ങൾ | ഉൾപ്പെടുന്നവില്ലേജ് |
|---|---|---|
| 1. | കാവിൻ കുളം | മുരിയാട് |
| 2. | അയ്യൻക്കുളം | " |
| 3. | മുടിഞ്ഞിൽക്കുളം | " |
| 4. | കരിങ്ങാംപിള്ളിക്കുളം | " |
| 5. | കോടമുക്കിക്കുളം | " |
| 6. | പൊട്ടച്ചിറ | " |
| 7. | കൈതക്കുളം | " |
| 8. | മുണ്ടപ്പിള്ളിക്കുളം | " |
| 9. | മുരിയാട് ചിറ | " |
| 10. | ചാലിൽക്കുളം | " |
| 11. | ആനക്കല്ലിക്കുളം | " |
| 12. | മതുക്കാട്ടിക്കുളം | ആനന്ദപുരം |
| 13. | തമ്പുക്കുളം; 13(A) ആസ്പത്രിക്കുളം | " |
| 14. | തലക്കാട്ടിക്കുളം; 14(A) കരിമ്പാടം കുളം | " |
| 15. | കോട്ടുച്ചിറ | " |
| 16. | കരുമ്പാടിക്കുളം | " |
| 17. | കിഴിയാനിക്കുളം | " |
| 18. | വില്ലേരിക്കുളം | " |
| 19. | വേലത്തിക്കുളം | " |
| 20. | ആനാറ്റുകടവ് ബണ്ടുക്കുളം | " |
| 21. | പൊതുമ്പുച്ചിറ | പുല്ലൂർ |
| 22. | വലിയത്താകുളം | " |
| 23. | മാത്തക്കുളം | " |
| 24. | മുടിച്ചിറ | " |
| 25. | എടക്കുഴി | " |
| 26. | കാവിൽക്കുളം | " |
| 27. | എടച്ചിറ | " |
| 28. | പെരിയത്താക്കുളം | " |
| 29. | കാട്ടിക്കുളം | " |
| 29(A) | ഊതറമ്പിക്കുളം | " |

## മണ്ണ്, ജനസംരക്ഷണം.

ഭൂരിപക്ഷപ്രദേശങ്ങളും വിവിധ ദിശകളിലേക്ക് ചെരിഞ്ഞുകിടക്കുന്ന ഭൂപ്രകൃതിയാണ് കാണപ്പെടുന്നത്. മണ്ണ്, ജലസംരക്ഷണത്തെ സംബന്ധിച്ച് കൃഷിക്കാർ വേണ്ടത്ര ബോധവാന്മാരല്ല. മണ്ണൊലിപ്പ്മൂലം ഭൂമിയുടെ ഗുണമേന്മ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ബണ്ടുകൾകെട്ടിയും, തട്ടുകളായി തിരിച്ചും മരങ്ങൾ വച്ച്പിടിപ്പിച്ചും മറ്റു രീതികൾ ഉപയോഗിച്ചും മണ്ണൊലിപ്പ് തടയേണ്ടതാണ്.

## കൃഷിഭവൻ

1987 സെപ്തംബർ 1 നാണ് കൃഷിഭവൻ നിലവിൽ വന്നത് തികച്ചും കാർഷിക ഗ്രാമമായ പഞ്ചായത്തിലെ കൃഷിഭവൻെറ പ്രവർത്തനം കാർഷിക അഭിവൃദ്ധിയ്ക്ക് സഹായകമായിട്ടുണ്ട് ഒരു കൃഷിഓഫീസറും മൂന്ന് കൃഷിഅസിസ്റ്റൻറും ഇവിടെ പ്രവർത്തിച്ചുവരുന്നു.

## പ്രശ്നങ്ങൾ

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രധാന പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്തിലെ കാർഷികമേഖല നേരിടുന്ന ഗുരുതരമായ പ്രശ്നം ജലദൗർല്ലഭ്യമാണ്. 1970-ൽ കമ്മീഷൻ ചെയ്ത മുരിയാട് ബ്രാഞ്ച് കനാലിൽക്കൂടി ആദ്യനാളുകളിൽ കാർഷിക ആവശ്യത്തിന് വെള്ളം കിട്ടിയിരുന്നുവെങ്കിലും 10 വർഷത്തിലധികമായി നെൽകൃഷിയ്ക്കാവശ്യമായ വെള്ളം കിട്ടുന്നില്ല. കനാൽമെയിൻറനൻസ് കലാകാലങ്ങളിൽ നടത്താറുമില്ല.

ഉത്പാദന ചിലവിൽവന്ന വർദ്ധനവ് തൊഴിലാളികളുടെ എണ്ണക്കുറവ്, ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിയ്ക്കായ്ക. കാലാവസ്ഥയിലെ വ്യതിയാനങ്ങൾ, വിളകൾക്കുണ്ടാക്കുന്ന കീടരോഗങ്ങൾ എന്നിവയെല്ലാം കൃഷിക്ക് തടസ്സമായി നിൽക്കുന്ന ഘടകങ്ങളാണ്. തെങ്ങിന് ബാധിച്ചിട്ടുള്ള കാറ്റുവീഴ്ച്ചരോഗം, കവുങ്ങിനെ ബാധിച്ചിട്ടുള്ള ചുവ്വക്കേട്, കുരുമുളകിനുള്ള ദ്രുതവാട്ടം, വാഴയ്ക്കുള്ള കൂമ്പടപ്പും, ചെമ്പൻ ചെല്ലിയുടെ ആക്രമണവും നെല്ലിനെബാധിക്കുന്ന കുമ്പ്ചീയൽ, പോളരോഗം, കുമിൾരോഗങ്ങൾ, സങ്കരവിത്തുകളുടെ ലഭ്യതകുറവ് എന്നിവയും കാർഷിക വികസനത്തിന് വിഘാതമായി നിൽക്കുന്നു.

## നിർദ്ദേശങ്ങൾ

1. പാലക്കുഴി - ആറാടിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി: മാഞ്ഞാംക്കുഴി ഡാമിലുള്ള വെള്ളം പറാത്തോട്വഴി കല്ലിക്കടപാലത്തിനു താഴെയുള്ള KLDC തോടുവഴി തുപ്പൻത്തോട് ഒന്നാംഭാഗത്ത് എത്തിക്കുകയും അവിടെ ഒരു സ്ലൂയിസ് നിർമ്മിച്ച് വെള്ളം തടഞ്ഞുനിർത്തി അമേത്തും കുഴിപാലം തോട്ടിൽക്കൂടി പാലക്കുഴി - ആറാടിപ്പാടം തോട്ടിലെത്തിച്ച് അവിടെനിന്നും പമ്പ്ചെയ്യുകയാണെങ്കിൽ 350 ഹെക്ടർ പ്രദേശത്ത് ജനസേചനം നടത്താൻ കഴിയുന്നതാണ്.

2. രണ്ടാംവാർഡിലെ കീഴാണികുളത്തിലേയ്ക്കു കരിപാടം മൂടത്തോടുവഴി KLDC കനാലിലെ വെള്ളം തുറന്നുകൊണ്ടുവന്ന് അവിടെനിന്നും പമ്പ്ചെയ്ത് ആശുപത്രി പരിസരത്ത് എത്തിച്ചാൽ 200 ഹെക്ടർ പ്രദേശത്ത് ജനസേചനം നടത്തുവാൻ സാധിക്കുന്നതാണ്.

3. മൂന്നാം വാർഡിലെ കോട്ടുപാടം ഗ്രൂപ്പ്ഫാം പ്രദേശത്തേയ്ക്ക് പാലക്കുഴിയൽനിന്നും വെള്ളം പമ്പ് ചെയ്ത് നെൽകൃഷിയ്ക്കും, പറമ്പുകൃഷിയ്ക്കും ഉപയുക്തമാക്കണം.

4. KLDC തോട്ടിൽ സുലഭമായി ലഭിക്കുന്ന വെള്ളം കരിങ്ങാംപ്പിള്ളി കുളത്തിൽ എത്തിച്ച് അവിടെനിന്ന് പമ്പുചെയ്ത് കുന്നത്തറ പാറകാട്ടുകര എത്തിച്ചാൽ 3, 4, 5 വാർഡുകളിലെ 250 ഹെക്ടർ സ്ഥലത്ത് കൃ ഷിയ്ക്ക് സുലഭമായി ജലസേചനസൗകര്യം ലഭിക്കും. ഇതോടൊപ്പം കുടിവെള്ള പ്രശ്നവും പരിഹരിക്കപ്പെടും.

5. 5-ാം വാർഡിലെ മുണ്ടപ്പിള്ളിക്കുളത്തിൽ നിന്നും വെള്ളം പമ്പുചെയ്ത് കപ്പാറപ്രദേശത്തേക്ക് 200 ഹെക്ടർ സ്ഥലത്ത് കൃഷിയ്ക്കു പ്രയോജനപ്പെടുത്താവുന്നതാണ്. ഈ പദ്ധതിയ്ക്ക് 1979 മുതൽ ശ്രമം തുടരുന്നു.

6. തൊമ്മാന കായലിൽ 50 HPയുടെ പമ്പ് സെറ്റ് സ്ഥാപിച്ച് വെള്ളം പമ്പുചെയ്ത് പൊതുമ്പുചിറയിലും ഉരിയരിചിറയിലും എത്തിക്കുകയാണെങ്കിൽ 400 ഹെക്ടർ പ്രദേശത്ത് കൃഷിക്കും കുടിവെള്ളത്തിനും ഉതകുന്നതാണ്.

7. മുരിയാട് കായലിൽ പുഞ്ചകൃഷി നടത്തുവാനായി നവംബർ-ഡിസംബർ മാസങ്ങളിൽ വെള്ളം KLDC തോട്ടിലേക്കു പമ്പുചെയ്ത് കളയുകയാണ് ചെയ്തുവരുന്നത്. ഈ വെള്ളത്തെ ഉപയോഗശൂന്യമായി കിടക്കുന്ന മുരിയാട് ബ്രാഞ്ച് കനാലിലൂടെ കിഴക്കോട്ട് പമ്പ്ചെയ്ത് ഒഴുക്കിവിടുവാനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ മുരിയാട് വില്ലേജിലെ 300 ഹെക്ടർ പ്രദേശത്ത് ഒരുപ്പൂകൃഷി ഇരുപ്പൂവാക്കുന്നതിനും മുണ്ടകൻ വിളവെടുപ്പിനുശേഷം തരിശിടുന്ന നിലങ്ങളിൽ പയർ തുടങ്ങിയ പച്ചക്കറികൃഷി നടത്തുന്നതിന് സാധിക്കും. മാത്രമല്ല, 3, 4, 5 വാർഡുകളിൽ കുളങ്ങളിൽ വെള്ളം നിർത്തുന്നതിനും ഇതുമൂലം കഴിയുന്നതാണ്. കൂടാതെ പരിസരപ്രദേശങ്ങളിലെ കിണറുകളിൽ ഉറവവറ്റാതെ നിലനിർത്താനും കഴിയും.

8. ചേർപ്പുക്കുന്നിൽനിന്ന് അമ്പല നടയിലേക്കു പോകുന്ന കണ്ണാംകുളം പാടത്ത് നീളൻ ചിറയിൽ വെള്ളം കെട്ടിനിർത്തി ലിഫ്റ്റ് ചെയ്യുകയാണെങ്കിൽ ആ പ്രദേശത്തെ 50 ഹെക്ടർ ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കാവുന്നതാണ്. പച്ചക്കറികൃഷി വികസനത്തിനും സാധ്യതയുണ്ട്.

9. കല്ലേരിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിനടപ്പിലാക്കണം. ഇതുവഴി 8, 9, വാർഡുകളിൽ ജനസേചന സൗകര്യം ലഭിക്കും.

10. താഴെക്കാട് ഭാഗത്തുവന്നു നിൽക്കുന്ന കനാൽ വലുതാക്കി ഊരകംപ്പാടംവരെ കൊണ്ടുവരികയാണെങ്കിൽ ഊരകം പ്രദേശത്തെ കൃഷിമെച്ചപ്പെടുത്താൻ സഹായകമാക്കുന്നതാണ്. ഈ കനാലിന്‌വേണ്ടി 20 വർഷം മുമ്പ് കല്ലിടൽ കർമ്മം നിർവഹിച്ചിട്ടുള്ളതാണ്.

11. മുടിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി: പുല്ലൂർ വില്ലേജിലെ മുടിച്ചിറ ആഴംക്കൂട്ടി സൈഡ്കെട്ടി സംരക്ഷിച്ച് വെള്ളം പമ്പ് ചെയ്യുകയാണെങ്കിൽ 150 ഹെക്ടർ സ്ഥലത്തെ കൃഷിക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

12. കരിമ്പാടത്തുനിന്ന് വെള്ളം പമ്പ്ചെയ്ത് എടാട്ടുമുറി ശിവക്ഷേത്ര പരിസരത്ത് എത്തിച്ച് 1, 2 വാർഡുകളിലെ 100 ഹെക്ടർ പ്രദേശത്ത് ജലസേചനം ഏർപ്പെടുത്താവുന്നതാണ്.

13. കരിമ്പാടത്തുനിന്ന് വെള്ളം ലിഫ്റ്റ്ചെയ്ത്കൊണ്ടുവന്ന് സുരഭി മഹിളാസമാജം പരിസരത്ത് എത്തിച്ചാൽ പറമ്പുകൃഷിക്കുസഹായകമാകും.

14. ചാലിൽക്കുളം താഴ്ത്തി കാരക്കാട്ടുകടവ് ലിഫ്റ്റ് ഇറിഗേഷനിലെ വെള്ളം പമ്പ്ചെയ്ത് കൊണ്ടുവന്ന്, നിറച്ച് കൃഷിക്ക് ഉപയുക്തമാക്കുകയാണെങ്കിൽ ഒരുപ്പൂകൃഷി ചെയ്യുന്ന പാടശേഖരം ഇരുപ്പൂകൃഷിയാക്കാം.

15. ആറാടിപ്പാടം, കാരാട്ടുക്കടവ് ലിഫ്റ്റ് ഇറിഗേഷൻ എത്രയും വേഗം നടപ്പിലാക്കുക. ആനന്ദപുരം, തറയിലക്കാട് എന്നീപ്രദേശങ്ങളിൽ രൂക്ഷമായി അനുഭവപ്പെടുന്ന ജലക്ഷാമത്തിൽനിന്ന് മോചനം ലഭിക്കുന്നതിനുള്ള ഏകലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയാണിത്.

16. കിഴിയാനിക്കുളത്തിനു സമീപം പമ്പ് ഹൗസ് പണിത് ആശുപത്രി മൂലവരെ പറമ്പുകളുടെ ജനസേചനത്തിനും മേൽചിറയിൽ വെള്ളം സ്റ്റോർ ചെയ്ത് അവിടെനിന്ന് കിഴക്കോട്ടും പടിഞ്ഞാട്ടും തോടുവഴി വെള്ളം എത്തിച്ചാൽ 100 ഹെക്ടർ പ്രദേശത്തെ നെൽകൃഷിക്കും 75 ഹെക്ടർ പ്രദേശത്തെ തെങ്ങ്, വാഴ കൃഷിക്കും പ്രയോജനപ്പെടും.

17. മുരിയാട് കായലിൽ കുഞ്ഞിക്കോളിൻെറ ഭാഗം ബണ്ടു കെട്ടി ഷട്ടർ ഇട്ട് രണ്ട് മോട്ടോർവച്ച് വെള്ളം പമ്പ്ചെയ്താൽ 280 ഹെക്ടർ പ്രദേശത്തെ ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കാൻ കഴിയും.

(a) വേഴേക്കാട്ടുക്കര നെടുംക്കുളം ലിഫ്റ്റ് റിഗേഷൻ പദ്ധതി ഉപയുക്തമാക്കിയാൽ 300 ഏക്കർ ഭൂമിയിൽ കൃഷിക്ക് ഉപകരിക്കും.

18. മുരിയാട് കാവിൽക്കുളം വടക്കേബണ്ട് കോൺക്രീറ്റ് ചെയ്ത് സുരക്ഷിതമാക്കി വെള്ളം ലീക്കു ചെയ്യുന്നത് തടയുകയും ഷട്ടർഇട്ട് പുറത്തേക്കു ഒഴുകുന്ന വെള്ളത്തെ നിയന്ത്രിക്കുകയും ചെയ്താൽ വേനൽക്കാലത്ത് മുരിയാട് സ്ക്കൂരം പരിസരത്ത് അനുഭവപ്പെടുന്ന ജലക്ഷാമത്തിന് പരിഹാരം ആവുന്നതാണ്.

19. മുരിയാട് റെയിലിന് പടിഞ്ഞാറുവശത്തുള്ള കുറ്റിപ്പാടത്ത് കറത്താട്ടിക്കുളം എന്നുവിളിക്കുന്ന പുറംമ്പോക്കുകുളം താഴ്ത്തി 4 സൈഡും കെട്ടി സംരക്ഷിക്കുകയും വെള്ളം സംഭരിച്ചു നിർത്തുകയുമാണെങ്കിൽ 50 ഹെക്ടർ പ്രദേശത്ത് ഇരിപ്പൂകൃഷിക്ക് പ്രയോജനപ്പെടുന്നതാണ്.

20. വാക്കാട്ടുക്കുളത്തിൽനിന്നും മുടിഞ്ഞിക്കുളത്തിൽനിന്നും പമ്പ് ചെയ്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുക. കുന്നുത്തറയിലുള്ള വാക്കാട്ടുക്കുളത്തിൻെറ പണി പർത്തീകരിയ്ക്കണം. കല്ല്പൊളിച്ചു ആഴംക്കൂട്ടി സൈഡ്കെട്ടി സംരക്ഷിയ്ക്കണം. പട്ടിക ജാതിക്കാരും, ദുർബലവിഭാഗക്കാരുമായ നൂറോളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന ഏകകുളമാണിത്.

21. തോടുകളിൽക്കൂടി ഒഴുകിപ്പോകുന്ന ജലത്തെ നിയന്ത്രിച്ച് ആവശ്യാനുസരണം കൃഷിക്ക് ലഭ്യമാക്കുന്നതിനായി പാറക്കാട്ടുക്കരയിലെ കാരത്തോട്, മുതേരിതോട്, ക്ഷാരത്തെ കുളത്തിൽനിന്നുള്ള തോട്, കണ്ണാവുള്ള പാടത്തെതോട്, ചിറക്കയ്പാടംതോട്, വട്ടപറമ്പ് മുള്ളൻ കായൽ തോട്, പൊറ്റപുറം തോട്, മണപറമ്പൻ ചിറയ്ക്കൽ പാടം തോട് എന്നീ തോടുകൾ വൃത്തിയാക്കുകയും ആവശ്യമുള്ള ഇടങ്ങളിൽ തടയണകളോ, ചീർപ്പുകളോ നിർമ്മിയ്ക്കണം.

22. KLDC ബണ്ടിൻെറ പണിപൂർത്തീകരിച്ച് കോൾ നിലങ്ങൾ ഇരിപ്പൂകൃഷിക്ക് ഉപയോഗ്യമാക്കണം.

23. മുരിയാട് 5-ാം വാർഡിലെ ജലക്ഷാമം തീർക്കാൻ വേഴക്കാട്ടുകര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, കരിങ്ങാപ്പിള്ളിക്കുളം, മുണ്ടപ്പിള്ളിക്കുളം, കപ്പാറലിഫ്റ്റ് ഇറിഗേഷൻ എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ അടിയന്തിരമായി നടപ്പിലാക്കണം. മുരിയാട് കായലിലെ അധിക ജലം ഉപയോഗിക്കാവുന്നതാണ്. ഊതരമ്പിക്കുളം താഴ്ത്തി മോട്ടോർ വെച്ചാൽ അമ്പതേക്കർ പറമ്പുകൃഷിമെച്ചപ്പെടുത്താം.

25. ഗ്രൂപ്പ് ഫാമിങ്ങ്: മുഖ്യ വിളകളായ നെല്ലിനും, തെങ്ങിനും ഇതു വ്യാപകമാക്കണം. നിലവിലുള്ള കർഷക സമിതികളെ സജീവമാക്കണം.

26. **വിത്തിനങ്ങൾ:** ഉൽപാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. പ്രാദേശികമായി വിത്തുൽപാദിപ്പിക്കുന്നതിന് കൃഷിക്കാരേയും പാടശേഖര സമിതികളേയും ഉപയോഗപ്പെടുത്താവുന്നതാണ്.

27. **ഫലവൃക്ഷതൈകൾ:** മറ്റു വിളകൾക്കു തടസമാകാത്ത തരത്തിൽ ഫലവൃക്ഷത്തൈകളുടെ കൃഷി വ്യാപിപ്പിക്കുവാൻ കഴിയണം.

28. **ഔഷധസസ്യങ്ങൾ:** പുഷ്പലകൃഷിയും പഞ്ചായത്തിൽ വ്യാപകമായിക്കാണുന്ന പലയിനം ഔഷധസസ്യങ്ങൾ സംരക്ഷിക്കുന്നതിനും, വ്യാപിപ്പിക്കുന്നതിനും ശ്രമം നടത്തണം. ഇഞ്ചി, മഞ്ഞൾ, മുതലായവയുടെ ഉൽപാദനവർദ്ധനവിന് സഹായകരമാകുന്ന വിധത്തിലുള്ള പ്രോത്സാഹനങ്ങൾ നൽകണം.

29. പ്രധാനപെട്ട ജലസേചന സൗകര്യം ഏർപ്പെടുത്തേണ്ട തോടുകൾ:

പട്ടിക 7

| നമ്പർ | തോടിൻെറ പേര് | ദൂരം | വാർഡ് |
|---|---|---|---|
| 1. | പുല്ലാംപുള്ളി തോട് | 800m | 1 |
| 2. | വലിയ കോൾ തോട് | 600m | 2 |
| 3. | കരിമ്പാടം തോട് | 800m | 2 |
| 4. | കരിക്കുഴി തോട് | 600m | 2 |
| 5. | മൂടത്തോട് | 1,500m | 2 |
| 6. | ആരംക്കുഴി തോട് | 600m | 2 |
| 7. | കോരക്കേരി തോട് | 1,500m | 5 |
| 8. | കൂട്ടക്കല്ല് തോട് | 600m | 3 |
| 9. | മണപ്പറമ്പൻ തോട് | 600m | 5 |
| 10. | കുമ്പക്കേരി തോട് | 800m | 5 |
| 11. | കൂവ്വപ്പാടൻ തോട് | 800m | 5 |
| 12. | പൊറ്റപ്പുറം കടവ്തോട് | 600m | 5 |
| 13. | കരിങ്ങാപ്പിള്ളി തോട് | 800m | 5 |
| 14. | ചെറക്കപുഞ്ചപ്പാടം തോട് | 800m | 5 |
| 15. | നെടുംകുളം തോട് | 800m | 5 |
| 16. | കൊടമുക്കിൽ തോട് | 800m | 5 |
| 17. | മുടിച്ചിറ തോട് | 1,000m | 9 |
| 18. | കണ്ണംമ്പിള്ളിച്ചിറ തോട് | 800m | 7 |
| 19. | ആഴ്ചിറപ്പാടം തോട് | 900m | 8 |
| 20. | പൊതുമ്പുചിറത്താംക്കുളം തോട് | 2,000m | 10 |
| 21. | പൊതുമ്പുചിറക്കുണ്ടു ചിറതോട് | 900m | 6 |
| 22. | ഊരകത്ത് പാടം പൊയ്യച്ചിറതോട് | 1,000m | 10 |
| 23. | ഊത്രമ്പിക്കുളം പൊയ്യച്ചിറ തോട് | 1,000m | 10 |
| 24. | പൊതുമ്പുചിറ തൊമ്മാനതോട് | 1,000m | 6 |
| 25. | പൊതുമ്പുചിറ എടക്കാട്ടു പാടം തോട് | 800m | 6 |
| 26. | ആമ്പപ്പാടം പൊതുമ്പു ചിറതോട് | 1,000m | 10 |
| 27. | കുണ്ടുചിറതോട് | 600m | 8 |
| 28. | പനന്തുള്ളിപ്പാടം തോട് | 800m | 6 |
| 29. | വില്ലരിപ്പാടം തോട് | 2,000m | 1 |
| 30. | പെട്ടുവഴിച്ചാൽ തോട് | 800m | 6 |
| 31. | മുതേരിപ്പാടം തോട് | 900m | 4 |
| 32. | കോട്ടുപ്പാടം തോട് | 1,500m | 3 |
| 33. | മടത്തിക്കര വലൂപ്പാടം തോട് | 700m | 10 |

## പച്ചക്കറി ഉൽപ്പാദനം

ഗുണമേന്മയുള്ള വിത്തിനങ്ങൾ കൃഷിക്കാർക്ക് വിതരണം നടത്തുകയും, ജൈവവള പ്രയോഗത്തെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയും ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്താൽ പഞ്ചായത്തിൽ പച്ചക്കറി കൃഷിവ്യാപകമാക്കാൻ കഴിയും. പഞ്ചായത്തിലെ സ്ക്കൂളുകൾ കേന്ദ്രമാക്കി പച്ചക്കറിതോട്ടങ്ങൾ നടപ്പിൽ വരുത്താൻ കഴിയും. ഏതെങ്കിലും രണ്ടാ, മൂന്നോ വാർഡിലെങ്കിലും പച്ചക്കറികൃഷിമാതൃകാപരമായി എല്ലാവീട്ടിലും നടത്തക്കവിധം പരിശീലന ബോധവർക്കരണ ക്ലാസുകൾ നടത്തുക. വിത്തുകളും കീടനാശിനികളും വിതരണം ചെയ്യുക. വാർഡ്/പഞ്ചായത്തു തലത്തിൽ കമ്മിറ്റികളുണ്ടാക്കി ഇതിനുള്ള പ്രവർത്തനത്തിന് നേതൃത്വം നല്കുക.

## കീടനാശിനി

ശരിയായ സുരക്ഷാസംവിധാനങ്ങളിലോ അളവിലോ, അല്ല ഇന്ന് കീടനാശിനി ഉപയോഗിക്കുന്നത്. അത് മാറ്റിയെടുക്കുവാൻ കൃഷിക്കാർക്ക് ബോധവത്ക്കരണ ക്ലാസ് നൽകേണ്ടതുണ്ട്. ജൈവകീട നിയന്ത്രണത്തെപ്പറ്റി പഠിപ്പിക്കണം. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കൃഷിക്കു ദോഷകരമായികാണുന്ന ആഫ്രിക്കൻപായൽ നിയന്ത്രണത്തിന് ജൈവീക കീടങ്ങളെ ഉപയോഗപ്പെടുത്തികൊണ്ടുള്ള പരീക്ഷണങ്ങൾ നടത്തേണ്ടതാണ്.

## വളങ്ങൾ

രാസവളവിതരണകേന്ദ്രങ്ങൾ ആവശ്യമായത്ര ഇപ്പോൾ പഞ്ചായത്തിനകത്തുണ്ട്. പച്ചില വളത്തിൻെറ ക്ഷാമം പരിഹാരിക്കുന്നതിന് ശീമകൊന്ന, സെയ്ഞ്ച മുതലായവ കൂടിയതോതിൽ വളർത്താൻ കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ജൈവവളപ്രയോഗത്തിൻെറ പ്രാധാന്യം കൃഷിക്കാരെ ബോധ്യപ്പെടുത്തണം. ഒരു ജൈവവള നിർമ്മാണ യൂണിറ്റെങ്കിലും പഞ്ചായത്തിൽ ആരംഭിക്കേണ്ടതുണ്ട്.

## മണ്ണ് പരിശോധന

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിൻെറ സാംബിളുകളെടുത്ത് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെപ്പറ്റി കർഷകർക്ക് ധാരണ നൽകുവാൻ കഴിയണം.

## ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ച് കൃഷിനടത്തുന്ന ഈ പഞ്ചായത്തിൽ സാധാരണ രണ്ട് ഘട്ടങ്ങളിലായിട്ടാണ് മഴലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന തെക്ക്കിഴക്കൻ മൺസൂണാണ് പ്രധാനം. ശരാശരി വർഷത്തിൽ 314.3. സെ. മീ മഴ ലഭിക്കുന്നു. മുരിയാട് വില്ലേജ് പ്രദേശത്ത് ചാലക്കുടി ഇറിഗേഷൻ വലതുകര കനാൽവഴി ലഭിച്ചിരിക്കുന്ന വെള്ളം വിരിപ്പ്, മുണ്ടകൻ കൃഷിക്കു പ്രയോജനപ്പെട്ടിരുന്നു. ഒരു ദശാബ്ദത്തോളമായി വെള്ളം കൃഷിക്ക് വിട്ടുകിട്ടാത്തതിനാൽ നിലം തരിശിടുവാനും ഒരുപ്പൂമാത്രം കൃഷിനടത്തുവാനും കൃഷിക്കാർ നിർബന്ധിതരായിരിക്കുന്നു. മുമ്പ് സൂചിപ്പിച്ചിട്ടുള്ള മുരിയാട് ബ്രാഞ്ച് കനാലിൻെറ ശോച്യാവസ്ഥ പരിഹരിച്ച് വെള്ളം വിട്ടുകിട്ടാനുള്ള സംവിധാനം ഉണ്ടാക്കലാണ് മുരിയാട് വില്ലേജിലെ ജല ദൗർല്ലഭ്യം പരിഹരിക്കാനുള്ള ഏളുപ്പമാർഗ്ഗം. അതുപോലെ നിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കുകയും, അതോടൊപ്പം ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ ഇറിഗേഷൻ എന്നിവയുടെ സാധ്യതകളും പ്രയോജനപ്പെടുത്തണം. ഇതിനാവശ്യമായ ലോണുകളും സബ്സിഡികളും ഏറ്റവും എളുപ്പത്തിൽ ലഭ്യമാക്കുകയും വേണം.

## ഇൻഷുറൻസ് പദ്ധതി

ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുകയും, വ്യാപകമാക്കുകയും ചെയ്യുന്നതിലൂടെ കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും സഹായകമാകുന്നതുമാണ്. അതോടൊപ്പം കർഷകധനസഹായത്തിനുള്ള പരിധി കുറയ്ക്കൽ, വൈദ്യുതി സൗജന്യമാക്കൽ, ജലസേചനത്തിനുള്ള മണ്ണെണ്ണയുടെ അളവു വർദ്ധിപ്പിക്കൽ മുതലായ കാര്യങ്ങൾ കൃഷിയെ പരിപോഷിപ്പിക്കാൻ സഹായിക്കുന്ന ഘടകങ്ങളാണ്.

## പൊതുവിപണി

പ്രധാന ഉൽപന്നങ്ങളായ തേങ്ങ, നെല്ല്, പച്ചക്കറി എന്നിവക്ക് പഞ്ചായത്ത് തലത്തിൽ തന്നെ വിപണന കേന്ദ്രങ്ങൾ വേണം. സഹകരണാടിസ്ഥാനത്തിലും ഇതാവാം. പഞ്ചായത്തിൽ ഒരു കേര സംസ്കരണ യൂണിറ്റ് തുടങ്ങുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്. പച്ചക്കറികൾക്ക് പൊതുമാർക്കറ്റ് - ചന്ത സമ്പ്രദായം നടപ്പിലാക്കാം. സഹകരണ യൂണിറ്റുകൾ ഉൽപന്നങ്ങൾ ശേഖരിച്ചാൽ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാൻ സാധിക്കുന്നതാണ്. ഉൽപന്നങ്ങളുടെ സംഭരണകേന്ദ്രങ്ങൾക്കും സാധ്യതയുണ്ട്.

## നഴ്സറികൾ

ധാരാളം വിപണന സാധ്യതയുള്ള ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കണം. വളരെ ചെലവ് കുറഞ്ഞതും, വളരെ കുറഞ്ഞ സമയ പരിധിക്കുള്ളിൽ വിളവെടുക്കാവുന്നതുമായ കൂൺ കൃഷി നടപ്പാക്കുന്നതിനു അടിയന്തര ശ്രദ്ധ പതിപ്പിക്കണം. കശുമാവ്, കവുങ്ങ്, കപ്പകൃഷി, വെറ്റില തുടങ്ങിയ കൃഷി

കളും പ്രോത്സാഹിപ്പിക്കണം. തെങ്ങ്, കവുങ്ങ് എന്നി വയിൽ കുരുമുളക് വെച്ചുപിടിപ്പിക്കുന്നത് ശീലമാക്കി മാറ്റിയെടുക്കണം.

കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തണം. ഏകീകൃതമായ കൂലി സമ്പ്രദായം കാർഷികവൃത്തിയുമായി ബന്ധപ്പെട്ടവർക്ക് അത്യാവശ്യമാണ്. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഒരു മോണിറ്ററിംഗ് സമിതി ഉണ്ടാകുന്നത് നല്ലതാണ്. ഇതിനെല്ലാം പുറമെ കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ●

## കാർഷിക വിളകൾ നാമാവശേഷമാകുന്നു!

ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട കൃഷി കൂടുതൽ സ്ഥലത്ത് കാണാൻ കഴിഞ്ഞത് തെങ്ങാണ്. രണ്ടാം സ്ഥാനം നെൽകൃഷിക്കും.

പലഭാഗത്തും തെങ്ങിന് രോഗബാധയും കാണുന്നുണ്ട്. അതുകൊണ്ട് ഉല്പാദനം വളരെ കുറവ് എന്ന് പറയാം.

നെല്ല് പ്രധാനമായും, പുഞ്ച, വിരിപ്പ് മുണ്ടകൻ എന്നീ വിളകളിലാണ്. നെൽകർഷകർ വളരെ ഏറെ പ്രതിസന്ധികളെ നേരിടുന്നു. കാലവർഷക്കെടുതി , കാർഷികജോലിയിൽ തൊഴിലാളികളുടെ കൂലി കൂടുതൽ മൂന്നാമതായി നല്ലയിനം അത്യുൽപ്പാദനശേഷിയുള്ള വിത്ത് ആവശ്യത്തിന് കിട്ടാനുള്ള പ്രയാസം. രാസവളങ്ങളുടെയും കീടനാശിനികളുടെയും വിലവർദ്ധന. ഇതിന്റെ ഫലമായി ഭൂമി തരിശിടുകയോ കൃഷി നിറുത്തി വെക്കുകയോ ചെയ്യേണ്ടതായി വരുന്നു. മറ്റൊരു തടസ്സം മഴവെള്ളത്തെ മാത്രം ആശ്രയിച്ച് കൃഷി നടത്തേണ്ട സ്ഥിതി.

**കുരുമുളക്:** അപൂർവ്വമായി തീർന്നിരിക്കുന്നു. ഈ പഞ്ചായത്തിൽ ഈ കൃഷി നാശോന്മുഖാവസ്ഥയിൽ എത്തി എന്നുതന്നെ പറയാം.

**കപ്പകൃഷി:** പഞ്ചായത്തിന്റെ ഏതെങ്കിലും മുക്കിലും മൂലയിലും ഒതുങ്ങി നിൽക്കുന്നു. ഇതിന്റെ കാരണം വ്യക്തമല്ല.

**അടക്കാമരം/കവുങ്ങ്:** ഇതും വളരെ കുറച്ചാണ് കാണാൻ കഴിഞ്ഞത്. നേന്ത്രവാഴക്കൃഷിയും ഈ വർഷം കുറവാണ് പറമ്പുകളിൽ കാണാൻ കഴിയുന്നത്. ഇടവിളകൃഷികളിൽ കൃഷിക്കാർ താല്പര്യം എടുക്കുന്നില്ല. . ഇതിന് കൃഷിക്കാർക്ക് പ്രോത്സാഹനം ഇല്ലാത്തതുകൊണ്ടാകണം ഇതാണ് പൊതുവെ കാണാൻ കഴിഞ്ഞത്.

*(പഞ്ചായത്തിൽ പഠനപര്യടനം നടത്തിയ പഠനസംഘം സമർപ്പിച്ച റിപ്പോർട്ടിൽ നിന്ന്).*

# 5 - 2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## ആമുഖം

കഴിഞ്ഞ മൂന്നു ദശാബ്ദകാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചക്ക് മൃഗസംരക്ഷണമേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. കേരളത്തിലെ സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണരംഗം. 1993-'94ലെ സ്ഥിതി വിവരക്കണക്കുകൾ അനുസരിച്ച് സംസ്ഥാനത്തെ പ്രാഥമിക ഉൽപാദന മേഖലയുടെ 40%വും മൃഗസംരക്ഷണമേഖലയുടെ സംഭാവനയാണ്. അതേ സമയം, പദ്ധതി വിഹിതത്തിന്റെ കേവലം 9.1% മാത്രമേ മൃഗസംരക്ഷണ മേഖലയ്ക്ക് വേണ്ടി നീക്കിവച്ചിരുന്നുള്ളൂ. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധന മുടക്കിൽ കൂടുതൽ സമ്പദ്‌വർദ്ധനവിന് ഉതകുന്ന മേഖലയാണിത്. സംസ്ഥാനത്തെ കാലിസമ്പത്തിന്റെ 94 ശതമാനവും ഗ്രാമങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷക തൊഴിലാളികളുമാണ്. വികസനമെന്നത് ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിലുണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കും. കഴിഞ്ഞ രണ്ട് ദശാബ്ദക്കാലയളവിൽ മൃഗസംരക്ഷണ രംഗത്ത് കന്നുകാലികളുടെ വംശവർദ്ധനവും ജനിതക ഗുണമേന്മ വർദ്ധനയും ഉൽപാദനക്ഷമതാ വർദ്ധനവ് സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പാലിന്റെ ഉൽപാദനത്തിലും ഉപഭോഗത്തിലും അസൂയാവഹമായ വളർച്ച കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നാടൻ പശുക്കളുടെ ഉൽപാദനം 30 ശതമാനം മാത്രം വർദ്ധിച്ചപ്പോൾ ഉയർന്ന ജനിതകഗുണമുള്ള സങ്കരയിനം പശുക്കളുടെ ഉൽപാദനം 80 ശതമാനം വരെ ഉയർന്നു. സമഗ്രമായ ആസൂത്രണമുണ്ടെങ്കിൽ മുട്ട-മാംസ ഉൽപാദനമേഖലയിലും മുന്നേറാൻ നമുക്ക് കഴിയും.

## മൃഗസംരക്ഷണ മേഖലയുടെ സാധ്യതകൾ

a. പോഷകപ്രദാനമായ പാൽ, മുട്ട, മാംസം ഇവയുടെ ഉൽപാദനം.
b. വ്യാവസായികാവശ്യത്തിനുള്ള തുകൽ, എല്ല്, ജലാറ്റിൻ, ഓസീൻ, കൊഴുപ്പ്.
c. ഔഷധവ്യവസായം, ഹോർമോൺ, വാക്സിൻ, എൻസൈമുകൾ എന്നിവ.
d. പരീക്ഷണശാലയിലേക്കുള്ള മൃഗങ്ങൾ, Specific paltrogen, free eggs എന്നിവ.
e. കാർഷിക മേഖലക്ക് ആവശ്യമായ ജൈവവളം, നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തി.
f. Biogas.
g. പേവിഷബാധാ നിയന്ത്രണം, മാംസപരിശോധനയിലൂടെ ശുദ്ധമായ മാംസോൽപാദനം തുടങ്ങിയ പൊതുജനാരോഗ്യ സംബന്ധിയായ സേവനങ്ങൾ.
h. തൊഴിൽ സാധ്യതകൾ, വരുമാന വർദ്ധനവ്.
i. ഈ മേഖലയിൽ 60% അദ്ധ്വാനവും സ്ത്രീകൾക്ക് നിർവഹിക്കാവുന്നതാണ്.

## പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല

വളർത്തുമൃഗങ്ങളും പക്ഷികളും

| ഇനം | ആൺ | പെൺ | വളർച്ചയെത്തിയ പെൺ |
|---|---|---|---|
| സങ്കരയിനം പശു | 218 | 1073 | 637 |
| നാടൻ പശു | 351 | 1148 | 650 |
| എരുമ | 187 | 325 | 191 |
| ആട് | 161 | 672 | |
| പന്നി | | ആകെ 25 എണ്ണം | |
| പട്ടി | | ആകെ 646 എണ്ണം | |
| കോഴി, നാടൻ | ആകെ 14951 എണ്ണം | | |
| കോഴി, സങ്കരയിനം | ആകെ 1261 എണ്ണം | | |
| താറാവ് | ആകെ 358 എണ്ണം | | |

ഈ പഞ്ചായത്തിൽ 18 ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങളുണ്ട്.

## പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന ഒരു വെറ്ററിനറി സബ്സെന്റർ 1996 ഫെബ്രുവരി മാസം മുതൽ വെറ്ററിനറി ഡിസ്പെൻസറിയായി ഉയർത്തിയെങ്കിലും പ്രസ്തുത ആശുപത്രിയിൽ യാതൊരു സൗകര്യവുമില്ല. മെച്ചപ്പെട്ട സൗകര്യങ്ങൾ ആശുപത്രിയിൽ ഏർപ്പെടുത്തിയെങ്കിൽ മാത്രമേ കർഷകർക്ക് മെച്ചപ്പെട്ട സേവനം നൽകാനാവൂ. ഈ ആശുപത്രിയിൽ പ്രതിമാസം 200-ഓളം മൃഗങ്ങൾ ചികിത്സയ്ക്കായെത്തുന്നുണ്ട്. 100-ഓളം കൃത്രിമ ബീജസങ്കലനങ്ങൾ പ്രതിമാസം ഇവിടെ നടത്തുന്നുണ്ട്. കൂടാതെ, നായ്ക്കൾക്ക് പേവിഷബാധയ്ക്കെതിരായ കുത്തിവെയ്പ്, കുളമ്പുരോഗം, കോഴിവസന്ത ഇവയ്ക്കെതിരായ പ്രതിരോധകുത്തിവയ്പുകൾ ഇവയും നടത്തുന്നുണ്ട്.

## പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സരപദ്ധതി ക്കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ

1. **പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി:-** ഈ പരിപാടിയുടെ ആനുകൂല്യം ഒരു വിഭാഗം കർഷകർക്ക് മാത്രമേ ഇപ്പോൾ ലഭ്യമാകുന്നുള്ളൂ.
2. **പേവിഷ നിയന്ത്രണപദ്ധതി :-** പ്രതിരോധ കുത്തിവയ്പ് ഇപ്പോൾ നിർബന്ധമല്ല. അത് നിർബന്ധമാക്കണം.
3. **ഊർജിത പന്നിവളർത്തൽ പദ്ധതി:-** പന്നിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് പ്രധാന പ്രശ്നം.
4. **അടുക്കളമുറ്റത്തെ കോഴിവളർത്തൽ:-** നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ ലഭ്യമല്ല. ആവശ്യക്കാർക്ക് 2 മാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സഹായ നിരക്കിൽ ലഭ്യമാക്കണം.

## പാലുൽപാദന രംഗം

പഞ്ചായത്തിലെ മൊത്തം പാൽ ഉൽപാദനം 1890 ലിറ്റർ ആണ് (പ്രതിദിനം). ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിത വിലയുമാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ. ഉൽപാദകനു കിട്ടുന്ന പാൽവില ഉൽപാദനച്ചിലവിന് അനുസൃതമല്ല. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത, തീറ്റപ്പുല്ലിൻെറ അഭാവം എന്നിവയാണ് മറ്റു പ്രശ്നങ്ങൾ.

## മാംസോൽപാദനരംഗം

ഇവിടെ ഒരു അറവുശാലയില്ല. എന്നാൽ അറവ് നടത്തുന്ന സ്ഥലങ്ങൾ 15 എണ്ണമുണ്ട്. ഇവിടെ പ്രതിവർഷം 50,000 Kg. മാംസം ഉപയോഗിക്കുന്നു. ഇതിൽ 90%വും സംസ്ഥാനത്തിന് പുറത്തുനിന്ന് വരുന്നവയാണ്. ഇങ്ങനെ ധാരാളം പണം പാഴായി പോകുന്നു. ആടു വളർത്തൽ, പന്നിവളർത്തൽ, മുയൽ വളത്തൽ ഇവ പ്രോത്സാഹിപ്പിച്ചാൽ മാംസോൽപാദനത്തിൽ നമുക്ക് സ്വയം പര്യാപ്തമാവാൻ കഴിയും. അതോടൊപ്പം ഒരു മാംസോൽപാദന സഹകരണസംഘം രൂപീകരിക്കുകയും വേണം.

## ആടുവളർത്തൽ

ആടുവളർത്തൽ അടുത്ത കാലത്തായി മന്ദീഭവിച്ചിരിക്കയാണ്. സ്ഥല ദൗർലഭ്യവും അതുമൂലമുണ്ടാകുന്ന തീറ്റ ദൗർലഭ്യവുമാണ് പ്രധാന പ്രശ്നങ്ങൾ. വിര മരുന്ന് കൊടുക്കുന്ന പതിവ് സാധാരണയായി കാണുന്നില്ല. പ്ലാവ്, സുബാബുൾ തുടങ്ങിയ വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചാൽ തീറ്റ ദൗർലഭ്യം ഒഴിവാക്കാം.

## പന്നിവളർത്തൽ

പന്നിവളർത്തലിൽ താൽപര്യമുള്ള ഏതാനും പേരുണ്ട്. അറവുശാല വേസ്റ്റ് ഉപയോഗപ്പെടുത്തിയാൽ 4-ഓ 5-ഓ പന്നിവളർത്തൽ യൂണിറ്റ് നടത്താവുന്നതാണ്.

## ഇറച്ചിക്കോഴി വളർത്തൽ

ബ്രോയിലർ കോഴിവളർത്തൽ കേന്ദ്രങ്ങൾ പഞ്ചായത്തിൽ 18 എണ്ണമുണ്ട്. ബ്രോയിലർ കോഴി വളർത്തലിൽ താല്പര്യമുള്ള ധാരാളം പേരുണ്ട്. കുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് പ്രധാന പ്രശ്നം.

## മുട്ടയുൽപാദനം

പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്ന മുട്ടയുടെ 70%വും പുറത്തുനിന്ന് വരുന്നതാണ്. കോഴിവളർത്തലിൽ താൽപര്യമുള്ളവരാണ് പഞ്ചായത്തിലെ മുക്കാൽ ഭാഗവും. കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതയാണ് ഈ രംഗത്തെ പ്രശ്നം.

## കാലിത്തീറ്റ ഉൽപാദനം

തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുകയും ബ്ലോക്ക് തലത്തിൽ കാലിത്തീറ്റ നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുകയും വേണം. പ്രാദേശികമായി പുളിങ്കുരു, പിണ്ണാക്ക് എന്നിവ ലഭ്യമാണ്.

## മുയൽ വളർത്തൽ

താൽപര്യമുള്ളവരുണ്ട്. കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും കർഷകർക്ക് പരിശീലനം കൊടുക്കുകയും വേണം.

## ജൈവവളം

പഞ്ചായത്തിലെ മൊത്തം കന്നുകാലികളിൽ നിന്നും പ്രതിദിനം 1,28,810 കിലോ ജൈവവളം ലഭിക്കുന്നു. ഇതിൻെറ മൂല്യം ഏകദേശം $1^1/_4$ ലക്ഷം രൂപയോളം വരും.

## ഊർജ്ജം

പഞ്ചായത്തിൽ 25 ബയോഗ്യാസ് പ്ലാൻറുകളേ നിലവിലുള്ളൂ. പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ചാണകം ഉപയോഗിച്ച് ഏകദേശം 1400 കുടുംബങ്ങൾക്ക് വേണ്ട ബയോഗ്യാസ് ഉൽപാദിപ്പിക്കാവുന്നതാണ് (4 അംഗ കുടുംബം). കുറഞ്ഞപക്ഷം 50 ബയോഗ്യാസ് പ്ലാൻറുകൾ കൂടിയെങ്കിലും ഇവിടെ പ്രവർത്തിപ്പിക്കാവുന്നതാണ്. ഇത് മൂലം വിറകും മറ്റ് ഇന്ധനങ്ങളും ലാഭിക്കാൻ കഴിയുന്നതിനു പുറമെ, പ്ലാൻറിനുള്ളിലെ മട്ട് ഒന്നാന്തരം വളമായി ഉപയോഗിക്കാനും കഴിയും.

## കർഷകപരിശീലനം

പശു, ആട്, കോഴി, പന്നി, മുയൽ ഇവയെ വളർത്തുന്ന കർഷകർക്ക് പരിശീലനം നൽകുന്നത് നന്നായിരിക്കും. അജ്ഞത മൂലം ഈ രംഗത്ത് വേണ്ടത്ര ഉൽപാദനക്ഷമത കൈവരിക്കാൻ കഴിയുന്നില്ല.

## കന്നുകാലികളുടെ ആകസ്മികമരണം മൂലം സംഭവിക്കുന്ന നഷ്ടങ്ങൾ

കന്നുകാലികളുടെ ആകസ്മികമരണം മൂലം കർഷകന് വളരെയധികം നഷ്ടമുണ്ടാകുന്നു. നിലവിലുള്ള സാഹചര്യത്തിൽ ഇൻഷുറൻസ് പ്രീമിയം വളരെ വലുതാകയാൽ കർഷകർക്ക് താങ്ങാൻ ബുദ്ധിമുട്ടാണ്. മാസ്റ്റർ പോളിസി ഏർപ്പെടുത്തുന്നത് ഇതിനൊരു പരിഹാരമായിരിക്കും.

## വന്ധ്യത നിവാരണം

വന്ധ്യത കറവപ്പശുക്കളിൽ അത്ര വലിയ പ്രശ്നമായി അനുഭവപ്പെടുന്നില്ല. എങ്കിലും വന്ധ്യതാനിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

## പേവിഷബാധ നിർമ്മാർജ്ജനം

നായകടിയേറ്റ കേസുകൾ ഇടയ്ക്കിടെ ഉണ്ടാകാറുണ്ട്. ഇപ്പോൾ നായ്ക്കൾക്ക് വാക്സിനേഷൻ നിർബന്ധമല്ല. അത് നിർബന്ധമാക്കണം. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും സമഗ്ര പേവിഷ നിർമ്മാർജ്ജനപദ്ധതി ആവിഷ്ക്കരിക്കുകയും വേണം.

## മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് അംഗീകാരം

ഇപ്പോൾ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് സംസ്ഥാനതല അവാർഡുകൾ മാത്രമേയുള്ളു. പഞ്ചായത്ത്, ജില്ലാ തലങ്ങളിൽകൂടി അത് ഏർപ്പെടുത്തിയാൽ നന്നായിരിക്കും.

## പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയുടെ വികസനത്തിന് പൊതുവായ നിർദ്ദേശങ്ങൾ

1. മൃഗാശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

   സ്ഥലസൗകര്യമുള്ള കെട്ടിടം, വെള്ളം, വൈദ്യുതി, ഓപ്പറേഷൻ ടേബിൾ, മൈക്രോസ്കോപ്പ്, റഫ്രിജറേറ്റർ, അണുനശീകരണത്തിനുള്ള സ്റ്റെറിലൈസർ, മൃഗങ്ങളെ നിർത്തി പരിശോധിക്കാനുള്ള ഷെഡ്, ട്രെവിഡ് ഇവയെല്ലാം ആവശ്യമാണ്. ആശുപത്രിക്ക് ചുറ്റുമതിലും വേണം. ടെലഫോൺ സൗകര്യം, ലാബറട്ടറി ഇവ ഉണ്ടെങ്കിൽ പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായിരിക്കും. മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുകയും മൃസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിൻെറ കീഴിൽ ശാസ്ത്രീയമായി നടപ്പിലാക്കുകയും വേണം.

മൃഗസംരക്ഷണ രംഗവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അനുബന്ധസ്ഥാപനങ്ങളുടെ (മിൽമ, ക്ഷീര വികസന വകുപ്പ്, കെ.എൽ.ഡി. ബോർഡ്, വെറ്റിനറി കോളേജ് എന്നിവ) പ്രവർത്തനങ്ങളെ സുസംഘടിതവും പരസ്പരപൂരകവുമാക്കണം.

7-ാം വാർഡിൽ ഒരു I.C.D.P. സബ് സെൻറർ ആരംഭിക്കണം. ചികിത്സാരംഗം രജിസ്ട്രേഷനുള്ളവർക്ക് മാത്രമായി നിജപ്പെടുത്തുക.

2. നടപ്പുപദ്ധതികളുടെ പോരായ്മകൾ പരിഹരിക്കുക. കന്നുകുട്ടി പരിപാലനപദ്ധതിയിൽ കൂടുതൽ പശുക്കുട്ടികളെയും എരുമക്കുട്ടികളെയും ഉൾപ്പെടുത്തണം. കാലിത്തീറ്റ വിലവർദ്ധന അനുസരിച്ച് സബ്സിഡി വർദ്ധിപ്പിക്കണം.

## 2. പാലുൽപാദനരംഗം

1. മിനി ഡയറി യൂണിറ്റുകൾ അനുവദിക്കുക. 3 പശുക്കൾ അടങ്ങുന്ന ഒരു യൂണിറ്റിൻെറ പകുതി ബാങ്ക് വായ്പ, നാലിലൊന്ന് ധനസഹായം, ബാക്കി ഗുണഭോക്താവിൻെറ വിഹിതം എന്നിങ്ങനെ അനുവദിക്കാവുന്നതാണ്.
2. വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ

പഞ്ചായത്തിലെ 15 വനിതകളുടെ സംഘമാണ് ഗുണഭോക്താക്കൾ. ഒരാൾ കൺവീനർ; കൺവീനർ സംഘത്തിനുവേണ്ടി ദൈനംദിന പ്രവർത്തനങ്ങൾ നടത്തണം. ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടണം. ചാരിറ്റബിൾ സൊസൈറ്റി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതും ഗ്രാമവികസനവകുപ്പുമായി ബന്ധപ്പെട്ട് D.W.C.R.A. ധനസഹായം ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

## 3. ആടുവളർത്തൽ

ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതികൾക്കനുയോജ്യമാണ് ആട്. ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിലൂടെ വീട്ടമ്മമാരുടേയും കുട്ടികളുടെയും അദ്ധ്വാനശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്താം. പ്ലാവ്, സുബാബുൾ, മുരിക്ക്, പ്ലാശ്, ശീമക്കൊന്ന തുടങ്ങിയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിലൂടെ ആടുകളുടെ തീറ്റ ദൗർലഭ്യത്തിന് ഒരു പരിഹാരമുണ്ടാക്കാൻ കഴിയും.

## 4. പന്നിവളർത്തൽ

2 പന്നിക്കുഞ്ഞുങ്ങളടങ്ങിയ മൂന്നോ നാലോ യൂണിറ്റുകൾ സ്ഥാപിക്കാം. ഹോട്ടൽ വേസ്റ്റ്, പച്ചക്കറി മാർക്കറ്റ്, അറവുശാല എന്നിവിടങ്ങളിലെ വേസ്റ്റ്, ഇവ പന്നിത്തീറ്റയായി ഉപയോഗിക്കാം.

## 5. മുയൽ വളർത്തൽ

8-ാം ക്ലാസ്സിൽ പഠിക്കുന്ന 10 കുട്ടികളെ വീതം ഓരോ വർഷവും തെരഞ്ഞെടുത്ത് അവർക്ക് ഒരു ആൺമുയലും 2 പെൺമുയലുമടങ്ങുന്ന ഒരു യൂണിറ്റ് വീതം നൽകാം. 9-ാം ക്ലാസിലും 10-ാം ക്ലാസിലുമെത്തുമ്പോൾ അവർ ഒരു ജോഡി കുഞ്ഞുങ്ങളെ വീതം പഞ്ചായത്തിന് തിരികെ കൊടുക്കണം. അവയെ വീണ്ടും വിതരണം ചെയ്യാം.

## 6. കാലിത്തീറ്റ ഉൽപാദനരംഗം

ബ്ലോക്ക് തലത്തിൽ കാലിത്തീറ്റ നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുക. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പി

ക്കുക, പുൽകൃഷി ചെയ്യുന്നവർക്ക് സബ്സിഡി നൽകുക. വരൾച്ചാസമയത്ത് നനയ്ക്കുവാനുള്ള സൗകര്യവും ചെയ്തുകൊടുക്കണം.

## 7. ബ്രോയിലർകോഴി വളർത്തൽ

ഇതിന് സ്ത്രീകളുടേയും കുട്ടികളുടേയും ഒഴിവു സമയം ഉപയോഗപ്പെടുത്താം. സർക്കാർ ഫാമുകളിൽ നിന്നോ, സ്വകാര്യ ഹാച്ചറികളിൽ നിന്നോ കുഞ്ഞുങ്ങളെ ലഭ്യമാക്കാം. 20 വനിതകളുടെ ഒരു സംഘം രൂപീകരിക്കാവുന്നതാണ്. പ്രാദേശിക ബാങ്കുകളിൽ പ്രസ്തുത ഗുണഭോക്താക്കളുടെ പേരിൽ തുടങ്ങുന്ന അക്കൗണ്ടുകൾ വഴി ഈ പദ്ധതിയുടെ ധനവിനിയോഗം നടത്താം. സാമൂഹ്യക്ഷേമ വകുപ്പിന്റെ ഗ്രാമീണ വനിതാശിശു വികസനപദ്ധതിയിൽ ലഭിക്കുന്ന ധനസഹായം ഇതിനു വേണ്ടി ഉപയോഗപ്പെടുത്താം. കോഴികൾ 2 മാസം പ്രായമെത്തുമ്പോൾ പ്രസ്തുത സംഘം വിപണി കണ്ടെത്തി കൊടുക്കണം. കൂടാതെ, കോഴിക്കുഞ്ഞുങ്ങളെയും തീറ്റയും കുറഞ്ഞ വിലക്ക് ലഭ്യമാക്കണം.

## 8. മുട്ടക്കോഴി വളർത്തൽ

a. *വീട്ടുമുറ്റത്തെ കോഴിവളർത്തൽ* - ഇതുമൂലം വീട്ടാവശ്യത്തിനുള്ള മുട്ടയുടെ ലഭ്യത ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ, ഭക്ഷണത്തിൽ മാംസ്യത്തിന്റെ തോത് ഉയരുകയും വീട്ടമ്മമാർക്ക് വരുമാനമാർഗ്ഗം ലഭിക്കുകയും ചെയ്യും.

   45 ദിവസം പ്രായമുള്ള 5 മുട്ടുക്കോഴി കുഞ്ഞുങ്ങളെ വീതം നൽകാം. അടുക്കളയിലെ ആഹാരാവശിഷ്ടങ്ങൾ നൽകി വളർത്താം. സർക്കാർ ഫാമുകളിൽ നിന്നോ, എഗ്ഗർ നഴ്സറികളിൽ നിന്നോ, മൃഗാശുപത്രി മുഖേനയോ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാം.

b. *എഗ്ഗർ നഴ്സറി:-* ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഒരു ദിവസം പ്രായമുള്ള മുട്ടുക്കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിപണനത്തിന് തയ്യാറാക്കുകയാണ് പദ്ധതിപ്രവർത്തനം. വീട്ടുമുറ്റത്തെ കോഴി വളർത്തലുകാർക്കും സ്കൂൾ പൗൾട്രി ക്ലബിനും ഈ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാം. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഈ തൊഴിൽ സ്വീകരിക്കാം. ഗുണഭോക്താക്കൾ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ നിന്നും പരിശീലനം നേടിയിരിക്കണം. 500 കുഞ്ഞുങ്ങളുടെ ഒരു യൂണിറ്റ് പഞ്ചായത്തിൽ തുടങ്ങാം. ഒരു വർഷം 5 തവണയെങ്കിലും കുഞ്ഞുങ്ങളെ വളർത്തി വിൽക്കാം.

c. *സ്കൂൾ പൗൾട്രി ക്ലബ്:-* കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താൽപര്യവും ഉണ്ടാക്കുകയാണ് ലക്ഷ്യം. 5 രൂപ അംഗത്വഫീസ് നൽകി സ്കൂൾ പൗൾട്രി ക്ലബിൽ അംഗമാകുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്താം. താൽപര്യമുള്ള ഒരു അദ്ധ്യാപകനായിരിക്കണം ക്ലബിന്റെ ചുമതല. 60 ദിവസം പ്രായമായ 3 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി ഗുണഭോക്താക്കളായ കുട്ടികൾക്ക് നൽകാം.

## 9. സമ്മിശ്ര മൃഗ പരിപാലനം

നിലവിലുള്ള കാർഷിക വിളകൾക്കൊപ്പം 3 പശുക്കൾ, 3 ആട്ടിൻകുട്ടികൾ, 5+1 പന്നികൾ, 25 കോഴി എന്നിവയെ വളർത്തുകയും പുല്ലുകൃഷി ചെയ്യുകയും ആണ് രീതി. കോഴിക്കാഷ്ഠം പന്നിക്ക് തീറ്റയായും പന്നിക്കാഷ്ഠം കുളത്തിലെ മത്സ്യം വളർത്തലിനും ഉപയോഗിക്കാം. 3 ക്യു.മീ. വലിപ്പമുള്ള ഗോബർഗ്യാസ് പ്ലാൻറും പ്രവർത്തിപ്പിക്കാം. അതിന്റെ മട്ട് കാർഷികവിളകൾക്കും പുൽകൃഷിക്കും ജൈവവളമായി ഉപയോഗിക്കാം. ഇതുമൂലം ലാഭം വർദ്ധിപ്പിക്കാം.

## 10. പേവിഷ നിയന്ത്രണം

2000-ാമാണ്ടിൽ പേവിഷ നിയന്ത്രിതമായ ഒരു ജനത എന്ന ലക്ഷ്യത്തോടെ സമയബന്ധിതമായ തീവ്രയത്ന പരിപാടിയിലൂടെ പേവിഷ നിയന്ത്രണപദ്ധതി നടപ്പിലാക്കണം. വളർത്തുനായകളുടെ കണക്കെടുപ്പ് മുതൽ ജനനമരണം വരെയുള്ള റിപ്പോർട്ടുണ്ടാക്കി നിർബന്ധമായും വളർത്തുനായകളെ പ്രതിരോധകുത്തിവയ്പിന് വിധേയമാക്കണം. അലഞ്ഞുനടക്കുന്ന തെരുവുനായകളെ നശിപ്പിക്കണം. വളർത്തുനായകൾക്ക് ലൈസൻസ് കർശനമാക്കണം. വർഷംതോറും നായകളെ പ്രതിരോധകുത്തിവയ്പിന് വിധേയമാക്കണം. പേവിഷ ബോധവൽക്കരണം വ്യാപകമാക്കുകയും വേണം.

## 10. മാംസോൽപാദനരംഗം

ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുക. മുൻ-പിൻ മാംസപരിശോധന നിർബന്ധമാക്കുക.

## 11. വനിതാപങ്കാളിത്തം

a. *വനിതാസംരഭകർക്കുള്ള പശുവളർത്തൽ* - മഹിളാ സംഘങ്ങൾ വഴി പശു വളർത്തുന്ന പദ്ധതി.

b. *ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ്* - ചെറുകിട ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ മഹിളാ സംഘങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതി. രണ്ടാഴ്ചയിലൊരിക്കൽ വിപണനപ്രായമെത്തിയ 250 ഇറച്ചിക്കോഴികളെ വിൽപനക്ക് സജ്ജമാക്കുന്നു.

c. *വിപണന കേന്ദ്രങ്ങൾ* - സംസ്കരിച്ച കോഴിയിറച്ചി, മുട്ട, കോഴിയിറച്ചിയും മുട്ടയും ഉപയോഗിച്ചുണ്ടാക്കുന്ന വിവിധ വിഭവങ്ങൾ ഇവയുടെ വിപണനം വനിതകളുടെ ആഭിമുഖ്യത്തിലുള്ള വിപണനകേന്ദ്രങ്ങളിൽ നടത്താവുന്നതാണ്.

d. നിലവിലുള്ള മൃഗാശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

12. ഊർജ്ജം

പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ചാണകം ഉപയോഗിച്ച് 50 ഗോബർ ഗ്യാസ് പ്ലാൻറുകൾ കൂടി പ്രവർത്തിപ്പിക്കാം.

13. കർഷകപരിശീലനം

പശു, ആട്, കോഴി, പന്നി, മുയൽ ഇവയെ വളർത്തുന്നവർക്ക് മൃഗസംരക്ഷണ വകുപ്പിൻെറ കീഴിലുള്ള പരിശീലനകേന്ദ്രങ്ങളിൽ പരിശീലനം നൽകുക.

14. സമഗ്രകന്നുകാലി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക.

15. മൃഗസംരക്ഷണരംഗത്തെ കർഷകരെ അംഗീകരിക്കുന്നതിനുവേണ്ടി ജില്ലാ-പഞ്ചായത്ത് തലങ്ങളിൽ അവാർഡ് ഏർപ്പെടുത്തുക.

മൃഗസംരക്ഷണ മേഖലയിൽ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഗ്രാമീണ സ്ത്രീകളെ ഈ രംഗത്തേക്ക് കൊണ്ടുവരിക, കുറഞ്ഞവിലക്ക് കാലിത്തീറ്റ ഉൽപാദിപ്പിക്കുക, മൃഗചികിത്സാ കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുക, പേവിഷ നിയന്ത്രണം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയായിരിക്കണം ഈ മേഖലയിലെ ഊന്നൽ നൽകേണ്ട പദ്ധതികൾ.

# മത്സ്യബന്ധനം

മുരിയാട് പഞ്ചായത്തിൻെറ 1,2,5,6,7,8,9 എന്നീ വാർഡുകളുടെ അടിവാരത്തായി 525.8 ഹെ. ഭാഗം ശുദ്ധജല സമൃദ്ധമായ മുരിയാട് കായലാണ്. ഈ കായലിനോടനുബന്ധിച്ച് K.L.D.C. പണിതീർത്ത ബണ്ടിൻെറ തുപ്പം തോടു നിന്നും ഒന്നാം ഭാഗം ആരംഭിച്ച് കോന്തിപുലം പാലത്തിനും സമീപം മുകൾഭാഗത്ത് നിന്നും തെക്ക് ദിശയിലേക്ക് മുരിയാട് കായലിലൂടെ ഏകദേശം 6KM നീളത്തിലും 75 അടി വീതിയിലുമായി സ്ഥായിയായ K.L.D.C. കനാൽ നിലനിൽക്കുന്നു. കനാലിനോടും കായലിനോടും ബന്ധപ്പെട്ട് നാനാഭാഗത്തേക്കുമായി ഏകദേശം 12 KM-ോളം നീളത്തിൽ പ്രധാനപ്പെട്ട ചാലുകളും (തോടുകൾ) ഉണ്ട്. കൂടാതെ പഞ്ചായത്തിൻെറ പ്രധാനപ്പെട്ട കുളങ്ങളും കൂടിയതാണ് പ്രധാന ജലാശയങ്ങൾ.

ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിലെ പുല്ലൂർ പടന്ന കോളനിയിൽ നിന്നും ഏകദേശം 150 പേരും ആനന്ദപുരം പടന്ന കോളനിയിൽ നിന്നും ഏകദേശം 100 പേരും ഇതരഭാഗത്തു നിന്നും 20 പേരു മടക്കം ആകെ 270ൽ പരം ആളുകൾ തൊഴിൽ ചെയ്തു വരുന്നു. ഇവരുടെ കുടുംബാഗങ്ങളായ 200ഓളം സ്ത്രീ തൊഴിലാളികൾ മത്സ്യവിപണന തൊഴിലുമായി കഴിയുന്നു. ഈ പഞ്ചായത്തതിർത്തിക്ക് പുറത്തും കാൽനടയായി വിപണനം നടത്തുന്ന രീതിയാണ് ഇവർ സ്വീകരിച്ചിരിക്കുന്നത്.

മത്സ്യബന്ധനം ഒരു വർഷത്തിൽ രണ്ട് അവസ്ഥയിലാണ് നിലനിൽക്കുന്നത്. മൊത്തം കായൽ ദേശമായ 525.8 ഹെ. സ്ഥലത്ത് നിന്ന് 5 മാസവും, ബാക്കി ജൂൺ മുതൽ ഡിസംബർ മാസം വരെ ഏഴ് മാസം KLDC കനാലിൽ നിന്നും പ്രധാന ചാലുകൾ (തോടുകൾ) എന്നിവയിൽ നിന്നുമായി നടക്കുന്നു.

ഈ ഉൾനാടൻ മത്സ്യബന്ധനത്തിൽ പ്രധാനമായും ചെറുമത്സ്യങ്ങളായ പരൽ, നാടൻ ചെമ്മീൻ, കരിമീൻ, പള്ളത്തി, കൂരി, വയമ്പ് എന്നീ തരങ്ങളും ആദ്യകാലത്ത് സമൃദ്ധമായി കിട്ടിയിരുന്നു. ബ്രാൽ, വാള, മുഷി, മുണ്ടോത്തി, തൂളി, ചുവന്ന ഏട്ട, കടു, ചേറാൻ എന്നിവ വളരെ കുറഞ്ഞ അളവിൽ കിട്ടുന്നു. 1991ലെ ശുദ്ധജല മത്സ്യരോഗങ്ങൾക്കുശേഷം ഇവയിൽ പലതരം മത്സ്യങ്ങളും നാമാവശേഷമായിരുന്നെങ്കിലും ഇപ്പോൾ ഭാഗികമായി രോഗലക്ഷണങ്ങൾ കുറഞ്ഞ് മെച്ചപ്പെട്ട രീതിയിൽ ആയിക്കൊണ്ടിരിക്കുന്നു.

ഈ മേഖലയിലെ സഹകരണപ്രസ്ഥാനം, മത്സ്യബന്ധനവുമായി ബന്ധപ്പെട്ടവരുടെ പ്രതീക്ഷയ്ക്ക് ഒത്തവിധം ഉയരാൻ കഴിഞ്ഞിട്ടില്ല. പുല്ലൂർ പടന്ന കോളനിയിലുള്ള FR-278-ാം നമ്പർ പട്ടികജാതി മത്സ്യ ഉൽപാദക സഹകരണസംഘവും ആനന്ദപുരത്ത് പ്രവർത്തിക്കുന്ന R65-ാം മ്പർ സഹകരണ സംഘവുമാണ് ഈ മേഖലയിൽ പഞ്ചായത്തിൽ ഉള്ളത്. പഞ്ചായത്ത് കുളങ്ങളിലെയും തോടുകളിലെയും മത്സ്യബന്ധനം ലേലത്തിൽ പിടിച്ച് മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനു സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്ന പ്രവർത്തനങ്ങളിൽ മാത്രം ഈ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഒതുങ്ങിനിൽക്കുകയാണ്.

ഇവിടെ തൊഴിലാളികളുടെ സ്വന്തമായതും വാടകയിലുള്ളതുമായ 55-ഓളം വഞ്ചികളും കുറഞ്ഞ അളവിൽ വലയും മറ്റും ഉപയോഗിക്കുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ ലളിതമായ വ്യവസ്ഥയിൽ ലഭ്യമല്ലാത്തത് തൊഴിലാളികൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

വളരെയേറെ സാദ്ധ്യതകളുള്ള ഉൾനാടൻ മത്സ്യകൃഷി, ചെമ്മീൻ കൃഷി എന്നിവയെക്കുറിച്ച് വേണ്ടത്ര

അറിവില്ലാത്തവരാണ് ഇവിടുത്തെ തൊഴിലാളികൾ. ഈ സാദ്ധ്യത ഉപയോഗപ്പെടുത്തി ശാസ്ത്രീയമായ മത്സ്യ കൃഷിക്കുള്ള സംരംഭങ്ങൾ ആരംഭിക്കണം.

കായലിലെ 98% മത്സ്യതൊഴിലാളികളും രണ്ട് അംഗീകൃത പട്ടികജാതി കോളനികളിലെ നിവാസികൾ ആണ്. രണ്ട് ശതമാനം (2%) തൊഴിലാളികൾ മാത്രമാണ് ഇതര ഭാഗത്തു നിന്നുള്ളത്. ഈ കോളനികളായ പുല്ലൂർ പടന്ന കോളനിയും ആനന്ദപുരം പടന്ന കോളനിയും കൊണ്ട് ഈ വിഭാഗം ജനങ്ങളുടെ രൂക്ഷമായ പാർപ്പിട പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അതു പോലെ വൈദ്യുതി, കക്കൂസ് എന്നീ കാര്യങ്ങളിലും വളരെ പിന്നോക്ക സ്ഥിതിയിലാണ്. മത്സ്യതൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസനിലവാരം മെച്ചമല്ല. ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് ഈ വിഭാഗത്തിൽനിന്നും കുട്ടികൾ ഉയർന്നു വരുന്നില്ല. ശാസ്ത്രീയ മത്സ്യബന്ധനം കടന്നുവരാത്ത സ്ഥിതിയും 1991ലെ മത്സ്യരോഗവും മൂലം സ്വകാര്യ സാങ്കേതിക സ്ഥാപനങ്ങളിലേക്ക് തൊഴിൽ തേടി പോയ മത്സ്യതൊഴിലാളികളുടെ എണ്ണവും കുറവല്ല.

## പ്രധാന പ്രശ്നങ്ങൾ

1. മത്സ്യബന്ധന തൊഴിലാളികളിൽ 98%വും അതിലുപരി അംഗീകൃത പട്ടികജാതി കോളനികളുമായ പുല്ലൂർ പടന്ന കോളനിയുടെയും ആനന്ദപുരം പടന്ന കോളനിയുടെയും കായൽ കരയിൽ യഥാക്രമം 750 മീറ്ററും രണ്ട് ഭാഗത്തായി 250 മീറ്ററും ഭിത്തി കെട്ടിയോ പുറംപോക്ക് സ്ഥലത്ത് ബണ്ട് ഉയർത്തിയോ കായലോളങ്ങളിൽ നിന്നും മണ്ണൊലിപ്പിൽ നിന്നും സംരക്ഷിച്ചിട്ടില്ല.
2. മത്സ്യബന്ധന ഉപകരണങ്ങൾ എളുപ്പത്തിൽ ലഭിക്കാൻ സംവിധാനം ഇല്ല.
3. ഉൾനാടൻ പ്രദേശങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങളുണ്ടെങ്കിലും ചെമ്മീൻ കൃഷിക്കും മത്സ്യകൃഷിക്കും യാതൊരുവിധ പ്രോത്സാഹനവുമില്ല.
4. മത്സ്യ വിപണനത്തിന് ആധുനികമോ പൊതു സംവിധാനങ്ങളോ ഇല്ല.
5. മത്സ്യതൊഴിലാളികൾ തിങ്ങി താമസിക്കുന്ന പ്രദേശങ്ങളിൽ പരിസര ശുചിത്വത്തിന്റെ ഗൗരവമേറിയ ചില പ്രശ്നങ്ങളുണ്ട്.
6. മത്സ്യ തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരം വളരെ കുറവാണ്. ഇത് മെച്ചപ്പെടുത്തുന്നതിൽ നടപടികൾ വേണം.
7. കായലിലും മറ്റ് ഉൾനാടൻ ജലാശയങ്ങളിലും വർഷകാലത്തും ചില പ്രത്യേക സമയങ്ങളിലും കണ്ടുവരുന്ന മത്സ്യരോഗം തടയാൻ നടപടി വേണം.

## സാദ്ധ്യതകൾ

1. ഭൂരിഭാഗം മത്സ്യബന്ധന തൊഴിലാളികൾ വസിക്കുന്ന പട്ടികജാതി കോളനികളായ പുല്ലൂർ പടന്ന കോളനിയുടെയും, ആനന്ദപുരം പടന്ന കോളനിയുടെയും കായൽകര ഭിത്തികെട്ടി സംരക്ഷിക്കുക.
2. കായൽ തീരത്ത് വഞ്ചിയും മറ്റ് മത്സ്യബന്ധനോപകരണങ്ങളും സൂക്ഷിച്ച് സംരക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുക.
3. നിലവിലുള്ള പുല്ലൂർ പടന്ന കോളനിയിലും ആനന്ദപുരത്തും നിലനിൽക്കുന്ന മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി, മത്സ്യബന്ധന ഉപകരണങ്ങൾ ആവശ്യാനുസരണം ലഭിക്കുന്നതിന് സംഘം മുഖേന സംവിധാനം ഉണ്ടാക്കുക.
4. KLDC കനാലിലും കായലിലും ഉൾനാടൻ ജലാശയങ്ങളിലും പുഞ്ചകൃഷിക്കുശേഷം ചെമ്മീൻ കൃഷിയും, മത്സ്യകൃഷിയും നടപ്പിലാക്കുക.
5. പഞ്ചായത്ത് കേന്ദ്രങ്ങളിൽ പുല്ലൂർ, ആനന്ദപുരം എന്നീ സ്ഥലങ്ങളിൽ സ്ഥിര മത്സ്യവിപണനത്തിന് സ്ഥലം കണ്ടെത്തുകയും കോൾഡ് സ്റ്റോറേജും പൊതു മാർക്കറ്റും സ്ഥാപിക്കുക.
6. മത്സ്യരോഗങ്ങൾ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തുക. രോഗം തടയുന്നതിന് നടപടികൾ സ്വീകരിക്കുക.
7. മത്സ്യതൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് വനിതാ സഹകരണസംഘങ്ങൾ സ്ഥാപിച്ച് ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
8. ദേശീയ മത്സ്യതൊഴിലാളി ക്ഷേമനിധി പദ്ധതിയിൽപ്പെടുത്തി മത്സ്യ തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് 35,000 ക. ഗ്രാൻറ് നൽകുന്നുണ്ട്. ഈ പദ്ധതി മുരിയാട് പഞ്ചായത്തിലെ മത്സ്യതൊഴിലാളികൾക്കിടയിലും നടപ്പിലാക്കേണ്ടതുണ്ട്.
9. മത്സ്യതൊഴിലാളികളുടെ ഓലമേഞ്ഞ വീടുകൾ ഓടിടുന്നതിനും, കൂടുതൽ വീടുകൾ നിർമ്മിക്കുന്നതിനും പ്രത്യേക ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുക.
10. മത്സ്യതൊഴിലാളികൾ തിങ്ങി താമസിക്കുന്ന മുരിയാട് പഞ്ചായത്തിലെ പുല്ലൂർ പടന്ന കോളനിയിലും ആനന്ദപുരം പടന്ന കോളനിയിലും കക്കൂസ് നിർമ്മാണത്തിന് പ്രത്യേക പദ്ധതി അടിയന്തിരപ്രാധാന്യത്തോടെ നടപ്പിലാക്കുക.
11. മുരിയാട് കായലിൽ സ്ഥിതിചെയ്യുന്ന KLDC ബണ്ടിൽ കുറഞ്ഞപക്ഷം നാല് വശങ്ങളിലേക്കുമായി നാല് ഷട്ടറുകൾ നിർമ്മിച്ച് മത്സ്യകൃഷിക്കും, കൃഷിക്കും സംരക്ഷണപദ്ധതി ഉണ്ടാക്കുക.
12. ചില പ്രത്യേക കാലങ്ങളിൽ കിട്ടുന്ന ഉപയോഗ്യമല്ലാത്ത മത്സ്യം സംസ്കരിച്ച് പരിസര മലിനീകരണം കൂടാതെ കോഴിത്തീറ്റ ഉണ്ടാക്കുന്നതിന് ചെറുയൂണിറ്റുണ്ടാക്കുക.
13. ഉൾനാടൻ മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനു പദ്ധതി ഉണ്ടാക്കുക.

14. പഞ്ചായത്തിൽ ലഭ്യമായ സ്വകാര്യ കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനുവേണ്ടി മത്സ്യകുഞ്ഞുങ്ങളും, മറ്റ് സഹായങ്ങളും, പരിശീലനവും ലഭ്യമാക്കുക.

15. പഞ്ചായത്തിലെ പ്രമുഖ ശുദ്ധജല സ്രോതസ്സായ കായലിൽ ഹ്രസ്വകാല മത്സ്യകൃഷി നടത്തുവാൻ വളരെയധികം സാധ്യതകളാണുള്ളത്. അത് ഉപയോഗപ്പെടുത്തിയാൽ വളരെ പേർക്ക് തൊഴിലും നല്ല ആദായവും ലഭിക്കും.

# 5 - 3

# വ്യവസായം

മുരിയാട് പഞ്ചായത്തിൽ വൻ തൊഴിൽ സാദ്ധ്യതയും ഉല്പാദനവുമുള്ള വ്യവസായശാലകൾ ഇല്ല. കാഷ്യൂ ഡെവലപ്പ്മെൻറ് കോർപ്പറേഷൻെറ കീഴിൽ പ്രവർത്തിക്കുന്ന പുല്ലൂരിലെയും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന മുരിയാട്ടെയും കശുവണ്ടി ഫാക്ടറികളാണ് എടുത്തുപറയാവുന്നവ. കൊപ്ര ഓയിൽ മില്ലുകൾ, ബീഡി വ്യവസായം, പരമ്പരാഗത കുടിൽ വ്യവസായങ്ങളായ പനമ്പ്, കുട്ട നെയ്ത്ത് ആണ് പഞ്ചായത്തിലുള്ള മറ്റു വ്യവസായങ്ങൾ. പഞ്ചായത്തിലെ വ്യവസായമേഖലയിലെ തൊഴിലാളികളുടെ വിവരങ്ങൾ പട്ടിക 1ൽ ചേർത്തിരിക്കുന്നു. നൂൽനൂൽപ്പ് - നെയ്ത്ത് എന്നിവ നടത്തിയിരുന്ന ഒരു ഖാദിഗ്രാമ വ്യവസായ സഹകരണസംഘം മുരിയാട് കേന്ദ്രമായി പ്രവർത്തിച്ചിരുന്നു. 70കളിൽ അതിൻെറ പ്രവർത്തനം നിലച്ചുപോയി. വെള്ളിലംകുന്ന് കോളനിയിൽ വലിയ കെട്ടിടവും മറ്റു സൗകര്യങ്ങളും ഉണ്ടാക്കി ആരംഭിച്ച നൂൽനൂൽപ്പ് പരിശീലനകേന്ദ്രം വെറും ആറേഴു കുട്ടികളെ പരിശീലിപ്പിക്കുന്ന രീതിയിലാണ് ഇപ്പോഴുള്ളത്. കശുവണ്ടി വ്യവസായമേഖലയിൽ തൊഴിൽ ദിനങ്ങൾ പേരിനു മാത്രമേയുള്ളൂ. കഴിഞ്ഞവർഷം 50ൽ താഴെയായിരുന്നു. വാർഡുകളിൽനിന്ന് ആവശ്യപ്പെട്ടിട്ടുള്ള പുതിയ വ്യവസായ മേഖലകളുടെ വിശദാംശങ്ങൾ പട്ടിക 2ൽ കൊടുത്തിരിക്കുന്നു. വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. അടുത്ത പഞ്ചായത്തുകളിലെ ഓട്, ഇഷ്ടിക വ്യവസായ മേഖലകളിലാണ് തൊഴിൽ സാദ്ധ്യത ഏറെയും. കെട്ടിടനിർമ്മാണം, പമ്പരാഗത തൊഴിലുകൾ എന്നീ മേഖലകളിൽ പണിയെടുക്കുന്നവരാണ് നല്ലൊരു ശതമാനം തൊഴിലാളികൾ. കേരളത്തിലെ മാലനിർമ്മാണ വ്യവസായം ഏറ്റവും അധികം നടന്നുവരുന്നത് മുരിയാട് പഞ്ചായത്തിലെ 8,9 വാർഡ് പ്രദേശങ്ങളിലാണ്. ഇത് കുടിൽ വ്യവസായമായാണ് നടക്കുന്നത്.

### പ്രശ്നങ്ങൾ

1. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കുറവുമൂലം പുതിയ വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി കണക്ഷൻ നല്കാൻ കഴിയുന്നില്ല. മറ്റൊരു പ്രശ്നം വോൾട്ടേജ് കുറവിൻേറതാണ്.
2. തോട്ടണ്ടിയുടെ ലഭ്യതാകുറവുമൂലം കശുവണ്ടിഫാക്ടറികളിൽ തൊഴിൽ ദിനങ്ങൾ നാമമാത്രമായിരിക്കുന്നു. വ്യവസായമേഖലയിൽ മൂലധനം മുടക്കുന്ന സ്വകാര്യവ്യക്തികളുടെ എണ്ണം കുറവാണ്. ഭൂമിക്ക് വില താരതമ്യേന കുറവാണെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ കുറവുമൂലം വ്യവസായങ്ങൾ ആരംഭിക്കുന്നില്ല.

### സാധ്യതകൾ

സാങ്കേതികവും സാങ്കേതികേതരവുമായ രംഗങ്ങളിൽ വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതിന് സാദ്ധ്യമാകുമാറ് ചെറിയ വ്യവസായ ശാലകൾ സ്വകാര്യമേഖലയിലും സഹകരണാടിസ്ഥാനത്തിലും ആരംഭിക്കാവുന്നതാണ്. കശുവണ്ടി കുത്തകസംഭരണം ഊർജ്ജിതപ്പെടുത്തിയാൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കും.

ഗ്രാമസഭകളിൽ നിന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. ടൈലറിംഗ്, എംബ്രോയ്ഡറി എന്നിവയെ അടിസ്ഥാനമാക്കി വാർഡുകളിൽ വ്യവസായയൂണിറ്റുകൾ ആരംഭിക്കുക.
2. മാലകെട്ട് വ്യവസായം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.
3. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുക.
4. നാളികേരവും ഉപോൽപന്നങ്ങളും അസംസ്കൃത വസ്തുവായിട്ടുള്ള വിവിധ വ്യവസായങ്ങൾ ആരംഭിക്കുക.
5. വനിതകൾക്ക് ബുക്ക് ബൈൻറിംഗ് പരിശീലന നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
6. കെട്ടിട നിർമ്മാണത്തിനാവശ്യമായ കട്ടിള, ജനൽ, ഇഷ്ടിക, ഹോളോബ്രിക്സ്, ഡെക്കറേറ്റിവ് ടൈൽസ് എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.
7. കുടുംബ യൂണിറ്റുകളായി സോപ്പുനിർമ്മാണം ആരംഭിക്കുക.
8. ഖാദി ബോർഡിൻെറ ആഭിമുഖ്യത്തിൽ വ്യവസായ സംരംഭം തുടങ്ങുക.
9. വെള്ളിലംകുന്ന് ഖാദി നെയ്ത്ത് കേന്ദ്രം ഒരു വ്യവസായ യൂണിറ്റായി പുനസംഘടിപ്പിക്കുക.

### നിർദ്ദേശങ്ങൾ

1. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശക്തി വർദ്ധിപ്പിച്ച് കൂടിയ വോൾട്ടേജിൽ വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്തുക.
2. വ്യവസായസംരംഭകർക്ക് ആവശ്യാനുസരണം വൈദ്യുതി ലഭ്യമാക്കുക.
3. നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പറ്റിയും റെഡിമെയ്ഡ്, സോപ്പ് നിർമ്മാണം, മാല നിർമ്മാണം തുടങ്ങിയവയെപ്പറ്റിയും പഞ്ചായത്തു തലത്തിൽ പരിശീലനം നല്കുക.

4. പ്രധാന കാർഷികോല്പന്നമായ നാളികേരം, നെല്ല് എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

5. വ്യവസായ സംരംഭകർക്ക് ലൈസൻസ് കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടികളെടുക്കുക.

6. ഗവ: ആഭിമുഖ്യത്തിൽ വ്യവസായസംരംഭകർക്ക് പരിശീലനം നൽകി സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ പ്രോത്സാഹനം നൽകുക.

7. പഞ്ചായത്തിലെ 9-ാം വാർഡിൽ പെട്ട തുറവൻകാട് പരിസരത്ത് നിലവിലുള്ളതും, സ്വകാര്യമേഖലയിൽ ഉല്പാദനം നടന്നുകൊണ്ടിരിക്കുന്നതുമായ 'Wood tech' വ്യവസായത്തിന് കൂടുതൽ പ്രോത്സാഹനം നല്കി ഉല്പന്നങ്ങളുടെ നേരിട്ടുള്ള കയറ്റുമതിക്ക് പര്യാപ്തമാക്കുക.

8. ഇപ്പോൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഫർണീച്ചർ നിർമ്മാണത്തിന് കൂടുതൽ സാദ്ധ്യതകൾ കാണുകയും ഉല്പന്നങ്ങളുടെ വിപണനം സഹകരണാടിസ്ഥാനത്തിൽ നടത്തുകയും ചെയ്യുക. മാത്രമല്ല ഈ രംഗത്ത് ഉല്പാദനവർദ്ധനവിനും ഉല്പാദനച്ചെലവ് കുറക്കുന്നതിലേക്കുമായി 'മെഷീൻ ടൂൾസ്' സബ്സിഡി നിരക്കിൽ ലഭ്യമാക്കിയും വൈദ്യുത ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള സഹായങ്ങൾ അടിയന്തിരമായി നടത്തുക.

9. കേരളത്തിൽ വളരെയധികം വികസനസാദ്ധ്യതയുള്ളതും തൊഴിൽ സാദ്ധ്യതകൾ വളരെയധികം ഉള്ളതുമായ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ യൂണിറ്റുകൾ പഞ്ചായത്തിൽ ആരംഭിക്കുക. പഞ്ചായത്തിൽ തന്നെ നിലവിലുള്ള ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻററുകളിൽ നിന്നും പരിശീലനം ലഭിച്ച് തൊഴിലില്ലാതെയിരിക്കുന്ന, നൂറുകണക്കിന് യുവതിയുവാക്കളുടെ സാങ്കേതിക പരിജ്ഞാനം പരിപൂർണ്ണമായും ഉപയോഗപ്പെടുത്താൻ മേൽ പറഞ്ഞ ഇലക്ട്രോണിക്സ് വ്യവസായ യൂണിറ്റുകൾക്ക് സാധിക്കും.

10. പഞ്ചായത്തിലെ ചെറുകിട വ്യവസായങ്ങൾക്ക് മുതൽമുടക്കാൻ കഴിവുള്ള വ്യവസായ സംരംഭകരെ കണ്ടെത്താൻ ആവശ്യമായ പ്രചരണപരിപാടികൾ ആരംഭിക്കുകയും അവർക്ക് ആവശ്യമായ പരിശീലന പരിപാടികൾ ജില്ലാ വ്യവസായ വികസന ഏജൻസികളുടെ സഹകരണത്തോടെ നടത്തുകയും, വ്യവസായ സംരംഭകരുടെ ആശങ്ക അകറ്റിയെടുക്കുകയും ചെയ്യുക. ലാഭകരമായി വ്യവസായങ്ങൾ നടത്തുന്ന മറ്റ് വ്യവസായ സംരംഭകരുമായി കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്യുക.

9. ഒരു നെല്ല് സംഭരണ സഹകരണസംഘം രൂപീകരിച്ച് ഇതിന്റെ കീഴിൽ ഒരു റൈസ് പ്രൊസസിംഗ് യൂണിറ്റും നാളികേരം ഉല്പന്നങ്ങൾ അത്യന്താധുനിക രീതിയിൽ സംസ്ക്കരിക്കാവുന്ന യൂണിറ്റും സ്ഥാപിക്കുക.

പട്ടിക 2

## വ്യവസായ മേഖലയിലെ സാദ്ധ്യതകൾ

| യൂണിറ്റിന്റെ പേര് | തൊഴിൽ സാധ്യത | സ്ത്രീ | പുരു | വാർഡ് | സ്വകാര്യമേഖല പൊതുമേഖല സഹകരണം | ഉല്പന്നം | അസംസ്കൃത വസ്തു |
|---|---|---|---|---|---|---|---|
| ടൈലറിംഗ് യൂണിറ്റ്/ എംബ്രോയ്ഡറി | 7 | " | " | 2,8,5,6 | സ്വകാര്യ | റെഡിമെയ്ഡ് ഡ്രസ്സ് | പരുത്തി സിൽക്ക് |
| മാല കെട്ടൽ | 100 | " | " | 1,8,9,10, 2,3,4,5,6,7 | സഹകരണ | മാലകൾ | രുദ്രാക്ഷം |
| തീപ്പെട്ടി | 25 | " | " | 2,8,10 | സ്വകാര്യ | തീപ്പെട്ടി | മരം |
| ചെരുപ്പ് | 7 | " | | 8,2 | " | ചെരിപ്പ് | റബ്ബർ ക്യാൻവാസ് |
| റോൾഡ് ഗോൾഡ് | 10 | " | " | 5,2 | " | ആഭരണങ്ങൾ | ചെമ്പ് |
| ബീഡി കമ്പനി | 100 | " | " | 2,8 | സഹകരണ | ബീഡി | ബീഡിയില |
| പ്ലാസ്റ്റിക് നെയ്ത്ത് | 5 | " | | 5,2 | സ്വകാര്യ | കസേര, ടീപ്പോയ് etc. | പ്ലാസ്റ്റിക് വയർ, കമ്പി |
| അച്ചാർ | 5 | " | | 5,3 | സ്വകാര്യ | അച്ചാറുകൾ | മാങ്ങ, നെല്ലിക്ക etc. |
| Eng. work shop | 10 | " | | 5,6,2 | സ്വകാര്യ | | M.S. sheet, C.R. sheet |
| ഖാദി/കൈത്തറി നൂൽനൂൽപ്പ് | 10 | " | " | 2,8,10 | സഹകരണ | വസ്ത്രങ്ങൾ | പരുത്തി നൂൽ പഞ്ഞി |

| യൂണിറ്റിൻെറ പേര് | തൊഴിൽ സാധ്യത | സ്ത്രീ | പുരു | വാർഡ് | സ്വകാര്യമേഖല പാതുമേഖല സഹകരണം | ഉല്പന്നം | അസംസ്കൃത വസ്തു |
|---|---|---|---|---|---|---|---|
| കരകൗശലം | 5 | ” | | 2,1 | സഹകരണ | അലങ്കാര വസ്തുക്കൾ | ചകിരി, ചിരട്ട etc. |
| പൾപ്പ് | 5 | ” | | 2,3 | സഹകരണ | വേസ്റ്റ് വസ്തുക്കൾ | |
| കയർ | 50 | ” | ” | 2,10,4 | സഹകരണ | കയർ | ചകിരി |
| റൈസ് മിൽ | 2 | ” | | 9,5,3 | സഹകരണ | അരി | നെല്ല് |
| ഹോളോബ്രിക്സ് | 10 | ” | ” | 8 | സ്വകാര്യ | ഹോളോ ബ്രിക്സ് etc. | സിമൻറ്, മെറ്റൽ etc. |
| അലുമിനിയപാത്രം | 25 | ” | | 9 | സ്വകാര്യ | പാത്രങ്ങൾ | അലുമിനിയം |
| ഫർണീച്ചർ | 5 | ” | | 9 | സ്വകാര്യ | ഫർണീച്ചർ | മരം |
| ബുക്ക് ബൈൻഡിംഗ് | 5 | ” | | 9 | ” | ബുക്ക് | പേപ്പർ etc. |
| കോഴിവളർത്തൽ കേന്ദ്രം | 20 | ” | ” | 10,3 | സഹകരണ | കോഴിയിറച്ചി, മുട്ട | കോഴിക്കുഞ്ഞുങ്ങൾ |
| മെഴുകുതിരി | 10 | ” | ” | 3 | ” | മെഴുകുതിരി | മെഴുക്, നൂൽ etc. |
| കൊപ്ര സംഭരണം | 5 | | ” | 3 | ” | കൊപ്ര | നാളികേരം |
| കശുമാങ്ങ ഉപയോഗിച്ച് ശീതളപാനീയങ്ങളുണ്ടാക്കുക | 10-20 | ” | ” | എല്ലാ വാർഡുകളും | സഹകരണ | ശീതള പാനീയങ്ങൾ | കശുമാങ്ങ |

വാർഡുകളിൽ നിന്നും ആവശ്യപ്പെടുന്ന പുതിയ വ്യവസായ മേഖലകളാണ് മുകളിലത്തെ പട്ടികയിൽ കൊടുത്തിട്ടുള്ളത്.

# 5-4

# വിദ്യാഭ്യാസം

കേരളത്തിൻെറ സാംസ്കാരിക തലസ്ഥാനമായ തൃശൂർ ജില്ലയിൽ കർഷകരും കർഷകതൊഴിലാളികളും ഏറെയുള്ളതും തികച്ചും ഗ്രാമാന്തരീക്ഷത്തിലുള്ളതുമായ മുരിയാട് പഞ്ചായത്ത്, വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ ഇന്നും വളരെ പിന്നിലാണ്. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന സൗജന്യവും സാർവത്രികവുമായ പ്രാഥമിക വിദ്യാഭ്യാസസൗകര്യം നേടിയെടുക്കുവാനുള്ള ശ്രമത്തിന് ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു നൂറ്റാണ്ടിൻെറ ചരിത്രമുണ്ട്. ഔപചാരിക വിദ്യാഭ്യാസത്തിനുതകുന്ന രണ്ടു സ്കൂളുകൾ ഈ നൂറ്റാണ്ടിൻെറ തുടക്കത്തിൽ തന്നെ ഈ പഞ്ചായത്തതിർത്തിയിൽ തുടങ്ങിയിരുന്നു. നൂറു കൊല്ലം പിന്നിട്ട രണ്ടു പ്രാഥമിക വിദ്യാലയങ്ങൾ പഞ്ചായത്തതിർത്തിയിൽ ഉണ്ടെങ്കിലും സെക്കണ്ടറിതലം മുതലുള്ള വിദ്യാഭ്യാസത്തിന് പരിമിതമായ സൗകര്യങ്ങളെ മുരിയാട് പഞ്ചായത്തിലുള്ളൂ. എങ്കിലും സാക്ഷരതയിലും വിദ്യാസമ്പന്നരുടെ കാര്യത്തിലും മോശമല്ലാത്ത സ്ഥാനം മുരിയാട് പഞ്ചായത്തിനുണ്ട്.

## നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

നിലവിൽ ഈ പഞ്ചായത്തതിർത്തിയിൽ രണ്ടു ഹൈസ്കൂളുകൾ, രണ്ടു അപ്പർ പ്രൈമറി സ്കൂളുകൾ, രണ്ടു ലോവർ പ്രൈമറി സ്കൂളുകൾ എന്നിവ കൂടാതെ പ്രീ പൈമറി തലത്തിൽ രണ്ടു് അൺ എയിഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നു. പുല്ലൂർ കേന്ദ്രമായി ഒരു സ്വകാര്യ ഐ. ടി. സി. ഈ പഞ്ചായത്തിലുണ്ടു്. ആനന്ദപുരം ഗവ: യു. പി. സ്കൂൾ മാത്രമാണ് പഞ്ചായത്തതിർത്തിയിലുള്ള സർക്കാർ വിദ്യാഭ്യാസ സ്ഥാപനം. മറ്റെല്ലാ സ്കൂളുകളും സ്വകാര്യമേഖലയിലാണ്. സ്കൂളുകളുടെ വിശദവിവരം പട്ടിക 1-A യിൽ കാണാം.

പട്ടിക 1-A

| സ്കൂളിൻെറ പേർ | സ്ഥിതിചെയ്യുന്ന സ്ഥലം | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം | മേഖല |
|---|---|---|---|---|
| (1) ശ്രീകൃഷ്ണ ഹൈസ്കൂൾ ആനന്ദപുരം | ആനന്ദപുരം | 1890 | 62 | സ്വകാര്യ |
| (2) ഗവ. യു. പി. സ്കൂൾ | ആനന്ദപുരം | 174 | 10 | സർക്കാർ |
| (3) എ.യു.പി.സ് | മുരിയാടു് | 333 | 16 | സ്വകാര്യ |
| (4) എ.എൽ.പി.എസ് | പുല്ലൂർ | 240 | 8 | ” |
| (5) എ.എൽ.പി.എസ് | തൊറവൻകാട് | 117 | 4 | ” |
| (6) സെൻറ് ജോസഫ് ഇംഗ്ലീഷ് മീഡിയം | ആനന്ദപുരം | 520 | 13 | അൺ എയിഡഡ്. |

സാമൂഹ്യമായും സമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള ഈ പഞ്ചായത്തിലെ വിദ്യാർത്ഥികളിൽ 21-42% പേർ പട്ടികജാതിയിൽ പെട്ടവരാണ്. ഈ വിദ്യാർത്ഥികളിൽ ചെറിയൊരു ശതമാനം പേർ ഇടയ്ക്കുവച്ച് വിദ്യാഭ്യാസം നിർത്തുന്നുണ്ട്. ഇത്തരക്കാരുടെ കൊഴിഞ്ഞുപോക്ക് തടയാൻ ഫലപ്രദമായ സംവിധാനമൊന്നും ഇന്നില്ല. ഈ പഞ്ചായത്തിലെ ഓരോ സ്കൂളുകളിലേയും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്കുകൾ സൂചിപ്പിക്കുന്ന പട്ടിക 1-B താഴെ കൊടുക്കുന്നു.

പട്ടിക 1-B

| സ്കൂളിൻെറ പേർ | മൊത്തം വിദ്യാർത്ഥികൾ | പട്ടികജാതി/വർഗ്ഗം | ശതമാനം. |
|---|---|---|---|
| (1) SKHS | 1890 | 348 | 18.41 |
| (2) ഗവ: യു.പി. ആനന്ദപുരം | 174 | 95 | 54.6 |
| (3) എ.യു.പി.എസ് മുരിയാട് | 333 | 63 | 18.9 |
| (4) എ.എൽ.പി.എസ്. പുല്ലൂർ | 240 | 82 | 34.16 |
| (5) എ.എൽ.പി.എസ് തുറവൻകാട് | 117 | 2 | 1.7 |
| (6) സെൻറ്ജോസഫ്സ് ഇംഗ്ലീഷ് മീഡിയം | 520 | 8 | 1.5 |

മൊത്തം വിദ്യാർത്ഥികളിൽ പകുതിയിലധികം പേരും പെൺകുട്ടികളാണ്. ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യക്കുറവു മൂലം ഇവരിൽ ഹയർ സെക്കണ്ടറി തലം കഴിയുന്ന വലിയൊരു വിഭാഗം പഠിത്തം നിർത്തുന്നു.

## നിലവിലുള്ള സ്കൂളുകളുടെ നിലവാരം

നിലവിലുള്ള രണ്ടു ഹൈസ്കൂളുകളിലൊന്ന് പൂർണ്ണമായും സ്വകാര്യമേഖലയിലുള്ളതും ഇംഗ്ലീഷ് മാധ്യമത്തിൽ അദ്ധ്യയനം നടത്തുന്നതുമാണ്. പ്രസ്തുത സ്കൂളിൽ ഉയർന്ന ഫീസ് ചുമത്തുന്നതുകൊണ്ട് സമ്പന്നരുടെ കുട്ടികൾക്കേ പ്രവേശനം ലഭിക്കാറുള്ളു. (പട്ടിക ജാതിയിൽപ്പെടുന്നകുട്ടികൾ 1.5% ആണ്) സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്നതും മലയാള മാധ്യത്തിൽ അദ്ധ്യയനം നടത്തുന്നതുമായ രണ്ടാമത്തെ സ്കൂളാണ് ഈ പഞ്ചായത്തിലെ ഒന്നുമുതൽ അഞ്ചു വരെ വാർഡുകളിലെ സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് ഉപകരിക്കുന്നത്. രക്ഷകർതൃ സംഘടന കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഈ സ്കൂൾ നല്ല വിജയ ശതമാനം കാഴ്ചവയ്ക്കുന്നുണ്ട്. ഇവിടെ ആകെയുള്ള 64 അദ്ധ്യാപകരിൽ ഒമ്പതു പേർ പുരുഷന്മാരും 55 പേർ വനിതാ അദ്ധ്യാപകരുമാണ്. ആനന്ദപുരം ശ്രീകൃഷ്ണാ ഹൈസ്ക്കൂൾ എന്ന പേരിലുള്ള ഈ സ്കൂളിലെ കഴിഞ്ഞ പത്തു വർഷത്തെ വിജയ ശതമാനക്കണക്ക് പട്ടിക 1 C യിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1C

| 1987 | 88 | 89 | 90 | 91 | 92 | 93 | 94 | 95 | 96 | വർഷം |
|---|---|---|---|---|---|---|---|---|---|---|
| 85.6 | 96% | 90.06; | 91.67 | 96.71 | 98.77 | 98.87 | 96.19 | 97% | 97.74 | ശതമാനം |

രണ്ട് അപ്പർ പ്രൈമറി സ്കൂളുകൾ ഉള്ളതിൽ ഒന്ന് സർക്കാർ മേഖലയിലും മറ്റൊന്ന് സ്വകാര്യ എയിഡഡ് സ്കൂളുമാണ്. സർക്കാർ മേഖലയിലുള്ള യു.പി.സ്കൂൾ സർക്കാർ ഏറ്റെടുത്തിട്ട് 86 കൊല്ലം കഴിഞ്ഞു. ഈ സ്കൂൾ നിലനിർത്തി പോരുന്നതിൽ അങ്ങേയറ്റം താല്പര്യം കാണിക്കുന്ന നാട്ടുകാരുടേയും, പി.ടി.ഏ, മാതൃസംഗമം തുടങ്ങിയ സംഘടനകളുടേയും ശ്രമഫലമായി അത്യാവശ്യം വേണ്ട ഭൗതിക സാഹചര്യം ഒരുക്കിയിട്ടുള്ളതാണെങ്കിലും വിദ്യാർത്ഥികളുടെ എണ്ണം വളരെ കുവറാണ്. പ്രീ പ്രൈമി സംവിധാനം ഇവിടെ നിലവിലുണ്ടെങ്കിലും അവിടെയും കുട്ടികളുടെ എണ്ണക്കുറവ് അനുഭവപ്പെടുന്നുണ്ട്. ഈ സ്കൂൾ സ്ഥിതിചെയ്യുന്നത് ആനന്ദപുരത്താണ്.

അദ്ധ്യാപകർ തന്നെ ഭരണ സാരഥ്യം വഹിക്കുന്നതും മുരിയാട് സ്ഥിതിചെയ്യുന്നതുമായ സ്വകാര്യമേഖലയിലുള്ള യു.പി. സ്കൂൾ വളരെ പിന്നോക്കാവസ്ഥയിലാണ്. കുട്ടികളുടെ എണ്ണക്കുറവ്, പി.ടി.ഏ യുടെ കാര്യക്ഷമമായ പ്രവർത്തനില്ലായ്മ, ഗുണനിലവാരക്കുറവ് എന്നിവ സ്കൂൾ പ്രവർത്തനത്തിൽ നിഴലിച്ചുകാണാം.

പഞ്ചായത്തിൻെറ ഭൂപ്രകൃതിയുടെ പ്രത്യേകത കൊണ്ട് ആദ്യത്തെ അഞ്ചുവാർഡുകളിൽ നിന്നും ഒഴിഞ്ഞുകിടക്കുന്ന പുല്ലൂർ മേഖലയിലാണ് രണ്ടു എൽ. പി. സ്കൂളുകളും സ്ഥിതിചെയ്യുന്നത്. ഇരിങ്ങാലക്കുട മുൻസിപ്പൽ പ്രദേശത്തേക്ക് അധികം ദൂരമില്ലാത്തതുകൊണ്ടും നിലവാരമുള്ള സ്കൂളുകൾ മുൻസിപ്പൽ പ്രദേശത്ത് ആവശ്യാനുസരണം ഉള്ളതുകൊണ്ടും ഈ മേഖലയിലെ ഇടത്തരക്കാരടക്കമുള്ള വിദ്യാർത്ഥികൾ ആ സ്കൂളുകളെയാണാശ്രയിക്കുന്നത്. അതുകൊണ്ട് പുല്ലൂർ മേഖലയിലുള്ള രണ്ട് എൽ.പി. സ്കൂളുകളിലും കുട്ടികൾ വളരെ കുറവും ഉള്ളവർ വളരെ പിന്നോക്കാവസ്ഥയിൽ നിന്നു വരുന്നവരുമാണ്.

മുരിയാടു് പഞ്ചായത്തിലെ ഒരേ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമാണ് പുല്ലൂരിൽ പ്രവർത്തിക്കുന്ന സെൻറ് സേവിയേഴ്സ് ഐ.റ്റി.സി. തികച്ചും സ്വകാര്യ മേഖലയിൽ ഉള്ള ഈ സ്ഥാപനത്തിൽ പുറമേ നിന്നുള്ളവരാണ് അധികവും ചേരുന്നത്. ഈ പഞ്ചായത്തതിർത്തിയിലുള്ള വളരെ കുറച്ചുപേർക്കേ അവിടെ അഡ്മിഷൻ കിട്ടാറുള്ളൂ.

പഞ്ചായത്തിലെ 10 വാർഡുകളിലും രണ്ടുവീതം അംഗൻവാടികളുണ്ടെങ്കിലും മിക്കവയ്ക്കും സ്വന്തമായി കെട്ടിടം, കളിക്കോപ്പുകൾ, പ്രാഥമികാവശ്യത്തിനുള്ള സൗകര്യങ്ങൾ എന്നിവ ഇല്ല എന്നത് വലിയ പോരായ്മയായി തുടരുന്നു. മൊത്തത്തിൽ പഞ്ചായത്തിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ വളരെ പരിമിതമാണെന്നും ഉന്നത വിദ്യാഭ്യാസത്തിന് തീരെ സൗകര്യമില്ല എന്നും പട്ടികകളും പഠനങ്ങളും വ്യക്തമാക്കുന്നു.

## മുരിയാടു് പഞ്ചായത്തിലെ സ്കൂളുകളിലെ പട്ടികജാതി വിദ്യാർത്ഥികളുടെ ഇനം തിരിച്ചുള്ള കണക്ക്.

| സ്കൂളിൻെറ പേര് | ആകെ കുട്ടികൾ | പട്ടിക ജാതി ആൺ | പെൺ | ആകെ |
|---|---|---|---|---|
| ശ്രീകൃഷ്ണാ ഹൈസ്കൂൾ ആനന്ദപുരം | 1890 | 177 | 171 | 348 |
| ഗവ: യു.പി. സ്കൂൾ ആനന്ദപുരം. | 174 | 50 | 45 | 95 |
| എ.യു.പി. സ്കൂൾ മുരിയാടു് | 333 | 38 | 25 | 63 |

| സ്കൂളിൻെറ പേര് | ആകെ കുട്ടികാം | പട്ടിക ജാതി ആൺ | പെൺ | ആകെ |
|---|---|---|---|---|
| എ.എൽ.പി. സ്കൂാം പുലൂർ | 240 | 44 | 38 | 82 |
| എ.എൽ.പി. സ്കൂാം തൊറ വങ്കാട്ട് | 117 | 1 | 1 | 2 |
| സെൻറ് ജോസ ഫ്സ് ഇംഗ്ലീഷ് മീഡിയം | 520 | - | - | 8 |
| ആകെ | 3274 | 310 | 280 | 598 |

NB. ഇതിൽ പുല്ലൂർ, ഐ.റ്റി.സി ഉാംപ്പെട്ടിട്ടില്ല.

## മുരിയാട്ട് പഞ്ചായത്തിലെ അദ്ധ്യാപകരുടെ സ്കൂാം തിരിച്ചുള്ള കണക്ക്

| സ്കൂളിൻെറ പേര് | പുരുഷന്മാർ | സ്ത്രീകാം | ആകെ |
|---|---|---|---|
| ശ്രീകൃഷ്ണാ ഹൈ സ്കൂാം ആനന്ദപുരം | 9 | 53 | 62 |
| ഗവ: യു.പി. സ്കൂാം ആനന്ദപുരം | 2 | 8 | 10 |
| എ.യു.പി.എസ് മുരിയാട്ട് | 4 | 12 | 16 |
| എ.എൽ.പി. സ്കൂാം പുല്ലൂർ | 1 | 7 | 8 |
| എ.എൽ.പി. സ്കൂാം തൊറവങ്കാട്ട് | 0 | 4 | 4 |
| സെൻറ് ജോസഫ് ഇംഗ്ലീഷ് മീഡിയം | - | - | 13 |
| ആകെ | 16 | 84 | 113 |

## പരിഹാര നിർദേശങ്ങാം

മുരിയാട്ട് പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് വാർഡു തലത്തിൽ നടന്ന ചർച്ചകളിൽ ക്രിയാത്മകമായ ധാരാളം നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നു. മുൻഗണനാക്രമമനുസരിച്ച് അവ ഇങ്ങനെ ക്രോഡീകരിക്കാം.

1. ഈ പഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ഒരു വിദ്യാഭ്യാസ കോംപ്ലക്സ് പ്രവർത്തനം തുടങ്ങണം.
2. നിലവിലുള്ള സ്കൂളുകളോടനുബന്ധിച്ച് തൊഴില ധിഷ്ടിത ഹയർസെക്കണ്ടറി കോഴ്സുകാം ആരംഭിക്കണം. കൃഷി, വ്യവസായം, കമ്പ്യൂട്ടർ പഠനം എന്നിവയ്ക്കു മുൻഗണന നല്കിവേണം കോഴ്സുകാം വിഭാവനം ചെയ്യാൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ധാരാളം ആളുകാം ഈ പഞ്ചായത്തിൽ ഉള്ളതുകൊണ്ടും കായൽപരപ്പുകളും മറ്റനുയോജ്യഘടകങ്ങളും ലഭ്യമായതുകൊണ്ടും ശാസ്ത്രീയ മത്സ്യകൃഷിയെക്കുറിച്ചുള്ള വിദ്യാഭ്യാസം അനിവാര്യമാണ്.
3. നിലവിലുള്ള സ്കൂളുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനും ലൈബ്രറി, ലാബോറട്ടറി മറ്റടിസ്ഥാന സൗകര്യങ്ങാം എന്നിവ ഉണ്ടാക്കുന്നതിനും നടപടിയുണ്ടാകണം.
4. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പി.ടി.ഏ. ഇല്ലാത്ത സ്കൂളുകളിൽ അവ രൂപീകരിക്കുന്നതിനും, അദ്ധ്യാപകർക്ക് കാലാനുസൃതമായ പരിശീലനം നല്കുന്നതിനും വളരെ നിലവാരം കുറഞ്ഞ കുട്ടികാംക്ക് പ്രത്യേക പഠന സൗകര്യമൊരുക്കുന്നതിനും വേണ്ട സംവിധാനമുണ്ടാകണം.
5. തൊഴിൽ സാധ്യത കൂടുതലുള്ള വിദ്യാഭ്യാസ അവസരങ്ങളേക്കുറിച്ചോ തൊഴിലവസരങ്ങളേക്കുറിച്ചോ ഇവിടുത്തെ പാവപ്പെട്ട രക്ഷിതാക്കളും വിദ്യാർത്ഥികളും വേണ്ടത്ര അവബോധമുള്ളവരല്ല. തക്കസമയത്ത് അവർക്കുവേണ്ട അറിവുകൊടുക്കാൻ ഒരു ഇൻഫർമേഷൻ സെൻറർ സ്ഥിരമായി പഞ്ചായത്തു കേന്ദ്രീകരിച്ചോ ഹൈസ്കൂളിനോടനുബന്ധിച്ചോ ആരംഭിക്കണം.
6. മിടുക്കരായ വിദ്യാർത്ഥികാംക്ക് വേണ്ടത്ര പ്രോത്സാഹനം നല്കാനുതകുന്ന എൻഡോവുമെൻറുകളോ സ്കോളർഷിപ്പുകളോ ഏർപ്പെടുത്തുന്നതിൽ ശുഷ്ക്കാന്തി കാണിക്കണം.
7. കാലപ്പഴക്കം ചെന്നതും അശാസ്ത്രീയവും വിരസവുമായ അദ്ധ്യയന സമ്പ്രദായത്തിന് മാറ്റം വരുത്തി ആധുനിക സംവിധാനങ്ങളോടുകൂടിയ ലൈബ്രറി, ലബോറട്ടറി, ദൃശ്യശ്രവ്യമാദ്ധ്യമങ്ങാം എന്നിവ സജ്ജീകരിക്കണം.
8. ഇടയ്ക്കുവച്ചു മന്ദീഭവിച്ചുപോയ സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമായി പുനരാരംഭിക്കുകയും തുടർ വിദ്യാഭ്യാസ സൗകര്യം ഉണ്ടാക്കുകയും വേണം.
9. പുല്ലൂർ വില്ലേജിൽ ഒരു യു.പി. സ്കൂളും, മുരിയാട്ട് വില്ലേജിൽ ഒരു ഹൈസ്കൂളും ആരംഭിക്കണം. കുട്ടികളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനുള്ള ശ്രമങ്ങാംക്കു പുറമേ അവരുടെ കായികവും ബൗദ്ധികവുമായ കഴിവുകളെ വികസിപ്പിച്ചെടുക്കുവാൻ വേണ്ട ശ്രമങ്ങളും അനിവാര്യമാണ്.
10. ആനന്ദപുരം U.P. സ്കൂൾ ഹൈസ്കൂളായി ഉയർത്തണം.

## സാധ്യതകളും നിർദ്ദേശങ്ങളും.

1. പഞ്ചായത്തും രക്ഷാകർത്താക്കളും അദ്ധ്യാപകരും ഉത്സാഹിച്ചാൽ ആനന്ദപുരം ശ്രീകൃഷ്ണ ഹൈസ്കൂളിൽ എസ്.എസ്.എൽ.സി. ക്ക് നൂറുശതമാനം

വിജയം കൈവരിക്കാവുന്നതാണ്. ഹൈസ്കൂൾ ക്ലാസ്സുകളിലെ, പ്രത്യേകിച്ച് പത്താം ക്ലാസ്സുകളിലെ കുട്ടികളുടെ വീടുകളിലേക്ക് അധ്യാപകരും രക്ഷാകർത്തൃസംഘടന പ്രതിനിധികളുമടങ്ങിയ സ്ക്വാഡ് പോവുകയും ഭൗതിക സാഹചര്യം, കുടുംബാന്തരീക്ഷം എന്നിവ മനസ്സിലാക്കി പോരായ്മകൾ നികത്തുക. വർഷാരംഭത്തിൽ തന്നെ വാർഡ് സമിതികൾ തങ്ങളുടെ വാർഡിൽനിന്ന് പത്താം ക്ലാസ്സിൽ, ഹൈസ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെയും രക്ഷിതാക്കളുടേയും യോഗം വിളിച്ചുക്കൂട്ടി പഠനകാര്യങ്ങളിൽ കൈക്കൊള്ളേണ്ടകാര്യങ്ങൾ തീരുമാനിക്കുക. തുടർപ്രവർത്തനങ്ങൾ നടത്തുക.

2. അൺ എയിഡഡ് വിദ്യാലയത്തിൻെറ വരവോടുകൂടി ഇംഗ്ലീഷ് മീഡിയം സംസ്ക്കാരത്തോടുള്ള പ്രതിപത്തി വർദ്ധിച്ചുവരുന്നു. കൂടുതൽ പണം ചെലവു ചെയ്തും ഇത്തരം സ്കൂളുകളിൽ കുട്ടികളെ പറഞ്ഞയക്കുക ഒരു ഫാഷനായി മാറിയിരിക്കയാണ്. നിലവിലുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണവും ഡിവിഷനുകളും തന്മൂലം കുറയുന്നു. കാലക്രമേണ സർക്കാർ എയ്ഡഡ് സ്കൂളുകൾതന്നെ നാമാവശേഷമാകുന്ന സ്ഥിതിയിലേക്ക് ഇതെത്തിക്കും. സർക്കാർ, എയ്ഡഡ് സ്കൂളുകൾ ഇല്ലാതായാൽ സമൂഹത്തിലെ പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടേയും മക്കൾക്ക് പ്രാഥമികവിദ്യാഭ്യാസ സൗകര്യം നഷ്ടപ്പെടും. (പഞ്ചായത്തിലെ ഏകസർക്കാർ സ്കൂളിലെ കുട്ടികളിൽ 54.6 ശതമാനം ഹരിജൻ കുട്ടികളാണെന്നത് ശ്രദ്ധിക്കുക). ഒരു പഞ്ചായത്തിലെ ലോവർ പ്രൈമറിയിൽനിന്ന് പാസ്സാകുന്ന കുട്ടികൾ അതേ പഞ്ചായത്തിലെതന്നെ ഹൈസ്കൂളിലേക്കും പ്രവേശനം നേടിയാൽ ഈ അപകടം ഉണ്ടാവില്ല. നമ്മുടെ വിദ്യാലയങ്ങളെ സംരക്ഷിക്കാൻ, അയൽപക്ക സ്കൂളുകൾ എന്ന ആശയം എത്രയും അവശ്യമാണെന്ന യാഥാർത്ഥ്യം നിരന്തരമായ ബോധവല്ക്കരണത്തിലൂടെ രക്ഷിതാക്കളെ മനസ്സിലാക്കിക്കണം. അതോടൊപ്പം സർക്കാർ - എയ്ഡഡ് സ്കൂളുകളുടെ ബോധന നിലവാരം ഉയർത്തുന്നതിന് കൂട്ടായ ശ്രമം നടത്തുകയും വേണം. ഓരോ സ്കൂളും കേന്ദ്രമായി അദ്ധ്യാപകർ, രക്ഷകർത്താക്കൾ, സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തകർ, മറ്റ് സ്ഥലവാസികൾ എന്നിവരടങ്ങുന്ന ഒരു പൊതുവിദ്യാഭ്യാസ സമിതി ഉണ്ടാക്കണം. സമിതിയിൽനിന്ന് 5ഓ 7ഓ പേരടങ്ങുന്ന ഒരു കമ്മിറ്റിയും ഉണ്ടാക്കണം. കമ്മിറ്റിയോഗം മാസത്തിലൊരിക്കലും വിദ്യാഭ്യാസ സമിതിയോഗം മൂന്നു മാസത്തിലൊരിക്കലെങ്കിലും കൂടണം. ഓരോ സ്കൂളിലേയും വിദ്യാഭ്യാസ സമിതി കമ്മിറ്റി അംഗങ്ങളുൾപ്പെട്ട സമിതി പഞ്ചായത്തുതലത്തിലും ഉണ്ടാക്കണം. ഇതിന് കൺവീനറും മറ്റുഭാരവാഹികളും ഉണ്ടാകണം.

3. പഞ്ചായത്തുതലത്തിൽ അദ്ധ്യാപകരെ വിളിച്ചു ചേർത്ത് പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ ചർച്ചചെയ്യണം. അദ്ധ്യാപകർക്ക് അക്കാദമിക് പരിശീലനം പഞ്ചായത്തുതലത്തിലാണ് വേണ്ടത്.

4. പഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പഠനോപകരണങ്ങൾ (ചാർട്ടുകൾ, മോഡലുകൾ, മാപ്പുകൾ etc.) പഞ്ചായത്തു തലത്തിൽ ഉണ്ടാക്കി വിതരണം ചെയ്യാൻ സംവിധാനമുണ്ടാക്കണം. പ്രധാനപ്പെട്ട പഠനോപകരണങ്ങൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് (സഹകരണാടിസ്ഥാനത്തിൽ) പഞ്ചായത്തിലുണ്ടാക്കാൻ ശ്രമിക്കണം.

5. പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ അംഗങ്ങൾ മാസത്തിലൊരിക്കലെങ്കിലും സ്കൂൾ സന്ദർശനം നടത്തി പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കി പരിഹാരങ്ങൾ കണ്ടെത്തുക.

6. പി.ടി.എ. കൾക്ക് പ്രവർത്തന രേഖനിർദ്ദേശിക്കണം P.T.A. പ്രവർത്തനങ്ങളെ പഞ്ചായത്തുതലത്തിൽ നിരീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

7. കല-സാഹിത്യ-കായിക രംഗങ്ങളിൽ വിദ്യാർത്ഥികൾക്കാവശ്യമായ എല്ലാ പ്രോൽസാഹനങ്ങളും നല്കണം. നീന്തൽകുള സൗകര്യവും കളിസ്ഥലങ്ങളും ഉറപ്പുവരുത്തണം. കലാകായികപ്രതിഭകളെ വാർഡു് തലത്തിൽതന്നെ യോഗം വിളിച്ചുക്കൂട്ടി സമ്മാനങ്ങൾ നല്കി പ്രോത്സാഹിപ്പിക്കണം. ഈ രംഗങ്ങളിൽ കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്നതിന് പ്രഭാഷണങ്ങൾ, കലാകായികതാരങ്ങളെ പരിചയപ്പെടുത്തൽ തുടങ്ങിയ പരിപാടികൾ നടത്തണം.

8. ക്ലാസ്സുമുറികളും വിദ്യാലയപരിസരവും എത്രയും ആകർഷകമാക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കണം. പൂന്തോട്ടമുണ്ടാക്കൽ, പച്ചക്കറിത്തോട്ടമുണ്ടാക്കൽ, വളർത്തുമൃഗങ്ങളെ വളർത്തൽ, പണിയായുധങ്ങളുടെ നിർമ്മാണം തുടങ്ങിയവ വിദ്യാർത്ഥികളെ ഗ്രൂപ്പുകളാക്കി ചെയ്യിപ്പിക്കണം. സന്നദ്ധ പ്രവർത്തനങ്ങളിലും നിർമ്മാണപ്രവർത്തനങ്ങളിലുമുള്ള അഭിരുചിവളർത്തണം.

9. ഒന്നാംക്ലാസ്സു മുതൽ ആൾപ്രൊമോഷൻ മൂലം പല വിദ്യാർത്ഥികൾക്കും ഉയർന്നക്ലാസ്സുകളിലെത്തിയാലും അക്ഷരങ്ങൾ അറിയാത്ത സ്ഥിതിയുണ്ട്. ഉടനെതന്നെ എല്ലാ വിദ്യാലയങ്ങളിലും ഇത്തരം വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക അദ്ധ്യയനം നല്കി അക്ഷരമുറപ്പിക്കണം.

10. ഒന്നാംക്ലാസ്സിൽ ചേർക്കപ്പെടുന്ന കുട്ടി പത്താംക്ലാസ്സിലെത്തുകയും എല്ലാകുട്ടികളും പത്താം ക്ലാസ്സിൽ പാസ്സാക്കുകയും ചെയ്യുക എന്ന ലക്ഷ്യമിട്ടുകൊണ്ടു് കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കാൻ സംവിധാനം ഉണ്ടാക്കണം. ഓരോ വിദ്യാഭ്യാസ സമിതയിലേയും 2 പേരെവീതം ഇതു പരിശോധിക്കാൻ പ്രത്യേകം ചുമതലപ്പെടുത്തണം.

11. പഞ്ചായത്തിലെ അംഗൻവാടി അദ്ധ്യാപകന്മാരുടെയും ഹെൽപർമാരുടേയും ഒരു യോഗം വിളിച്ചുക്കൂട്ടി പ്രശ്നങ്ങൾ മനസ്സിലാക്കുക. ജനകീയ വിദ്യാഭ്യാസമാതൃകകൾ പരിചയപ്പെടുത്തുക. കളിക്കോപ്പുകളുണ്ടാക്കൽ, കളികളും പാട്ടുകളും പഠിക്കൽ എന്നിവ സംബന്ധിച്ച് ഒരു ദ്വിദിന വർക്ക്ഷോപ്പു നടത്തുക.

12. വിദ്യാലയങ്ങളിൽ നാലൊ അഞ്ചോ ക്ലാസ്സുകൾ തിരിച്ച് മാതൃസംഗമങ്ങൾ നടത്തുക. അംഗൻവാടികളിൽ രക്ഷാകർതൃസംഗമം പതിവാക്കുക (മാസത്തിലൊരെണ്ണം)

13. വിദ്യാർത്ഥികളെ ചെറുഗ്രൂപ്പുകളാക്കി തിരിച്ച് അയൽവക്ക ഗ്രാമങ്ങളിലേക്കും സ്ഥാപനങ്ങളിലേക്കും മറ്റും പഠനയാത്രനടത്തുക.

14. ഓരോ ക്ലാസ്സുകളിലും ഉയർന്ന വിജയം നേടുന്ന വിദ്യാർത്ഥികളെ പഞ്ചായത്തുതലത്തിൽ സമ്മാനങ്ങൾ നല്കി പ്രോത്സാഹിപ്പിക്കുക. അനുമോദിക്കുക.

15. യുവജനോത്സവങ്ങൾ മത്സരരംഗങ്ങളെന്നതുമാറ്റി പഞ്ചായത്തു തല ഉത്സവങ്ങളാക്കുക. അവയെ കേരളോത്സവങ്ങളുമായി ബന്ധപ്പെടുത്തുക.

16. വർഷത്തിൽ നിശ്ചിത പഠന ദിനങ്ങൾ ഉറപ്പുവരുത്തുക. ഓരോ സ്കൂളിനും കലണ്ടറുണ്ടാക്കുക. അതനുസരിച്ചുള്ള പരിപാടികൾ കർശനമാക്കുക.

പരിഷ്കൃതവും സംസ്ക്കാര സമ്പന്നവുമായ ഒരു സമൂഹത്തിന്റെ പുനഃസൃഷ്ടിയെ ലാക്കാക്കി വേണം മനുഷ്യവിഭവശേഷി വികസനത്തിന് പദ്ധതികളാവിഷ്ക്കരിക്കാൻ. കുട്ടികളുടെ സർഗ്ഗചൈതന്യം മുരിടിച്ചുപോകാത്തതും സമ്പന്നമായ ഒരു സമൂഹത്തെ കരുപ്പിടിപ്പിക്കാനുതകുന്നതുമായ വിദ്യാഭ്യാസ പദ്ധതികളാണ് നമുക്കാവശ്യം.

# 5 - 5

# കുടിവെള്ളവും പൊതുജനാരോഗ്യവും

ശുദ്ധവായുവിനെപ്പോലെ ഒരു പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തിന് അവശ്യം ആവശ്യമായതാണ് ശുദ്ധജലം. മഴക്കാലത്ത് ജലസമൃദ്ധിയും വേനൽക്കാലത്ത് അതിരൂക്ഷമായ കുടിവെള്ളക്ഷാമവും എന്ന വിരുദ്ധാനുഭവമാണ് കേരളീയ ഗ്രാമങ്ങളിൽ ഇന്നനുഭവപ്പെടുന്നത്. ശാസ്ത്രീയമായ സ്ഥലജല മാനേജ്മെൻറിലൂടെ ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്. പ്രാദേശികമായ വിവരശേഖരണവും ജനപങ്കാളിത്തത്തോടെയുള്ള ലഘുപദ്ധതികളും പഞ്ചായത്തു തലത്തിൽ നടത്തേണ്ടവയാണെങ്കിൽ കുടിവെള്ളക്ഷാമത്തെ അതിൻെറ ശരിയായ കാഴ്ചപ്പാടിൽ വീക്ഷിച്ച് പുഴകളെ അടിസ്ഥാനമാക്കി വലിയ പദ്ധതികൾ ജില്ലാ-ബ്ലോക്ക് തലങ്ങളിൽ നടപ്പാക്കേണ്ടതുണ്ട്. കുടിവെള്ളം ലഭിക്കാനുള്ള പദ്ധതികൾക്ക് പ്രഥമ പരിഗണന അർഹിക്കുന്ന പഞ്ചായത്താണിത്.

കുടിവെള്ളത്തിൻെറ മുഖ്യസ്രോതസ്സ് കിണറുകളാണ്. പഞ്ചായത്തിൽ നിലവിലുള്ള കിണറുകളുടെ കണക്ക് താഴെക്കൊടുക്കുന്നു.

| | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | ആകെ |
|---|---|---|---|
| പൊതു കിണറുകൾ | 53 | - | 53 |
| സ്വകാര്യ കിണറുകൾ | 5312 | 20 | 5332 |
| ആകെ | | | 5385 |

പഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം 6114 ആണ്.

പഞ്ചായത്തിൽ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

(1) ആനന്ദപുരം മണിയൻകുന്ന് - കൊടിയൻ കുന്ന് - സാമ്പവകോളനി എന്നീ ഹരിജൻ സങ്കേതങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി.
(2) ആനന്ദപുരം ഹരിജൻ കോളനി - വെള്ളിലം കുന്ന്.
(3) കുന്നത്തറ ഹരിജൻ സങ്കേതം - കുഴൽ കിണർ പദ്ധതി.
(4) ചേർപ്പുംകുന്ന് -ആനുർളി ഹരിജൻ കോളനിയിലേക്ക് വാട്ടർ അതോറിറ്റിയുടെ കരുവന്നൂർ പുഴയിൽ നിന്നുള്ള പദ്ധതി.
(5) ഊരകം - കുഴൽക്കിണർ പദ്ധതി ഹരിജനങ്ങൾക്ക്.

എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമായ പ്രശ്നമായി ഉയർന്നു വന്നിട്ടുണ്ട്. വിഭവഭൂപട നിർമ്മാണത്തിന് മുമ്പുതന്നെ പഞ്ചായത്തിലെ കുടിവെള്ളലഭ്യതയും ആവശ്യവും വ്യക്തമാക്കുന്ന ഒരു സർവെയും മാപ്പും ഉണ്ടാക്കണം. വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്ന് വന്നതായ പ്രധാന പ്രശ്നമേഖലകളും ചർച്ചകളിലൂടെ രൂപപ്പെട്ടു വന്നിട്ടുള്ള നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പട്ടിക 1

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1 | മണിയൻ കുന്ന് കൊടിയൻ കുന്ന് സാംബവകോളനി നാലുസെൻറ് | മണിയൻ കുന്ന് - ഹരിജൻ ശുദ്ധ ജലവിതരണ പദ്ധതി വിപുലീകരിക്കുക. |
| 2 | ആശുപത്രി പരിസരം | വെള്ളിലംകുന്ന് വാട്ടർ ടാപ്പ് ഉയർത്തി കുടി വെള്ളം എത്തിക്കുക. |
| 3 | കൊടിയൻകുന്ന് തറയിലക്കാട് ചാലിൽ തെക്കു ഭാഗം ഏഴുസെൻറ് | പുതിയ കിണർ കുത്തി മോട്ടോർ സ്ഥാപിക്കുക. നിലവിലുള്ള പദ്ധതി വിപുലീകരിക്കുക. |
| 4 | പാറക്കാട്ടുകര കുന്നത്തറ പൂവ്വശ്ശേരിക്കാവ് ക്ഷേത്ര പരിസരത്തുള്ള കുന്നിൻ പ്രദേശം | ലിഫ്റ്റ് ഇറിഗേഷൻ കുന്നത്തറയിൽ KLDC കനാലിൽ നിന്ന് വെള്ളമെത്തിക്കുക. പഞ്ചായത്ത് കുളങ്ങൾ വൃത്തിയാക്കി കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക. കിണർ കുഴിക്കുന്നതിന് അടിയന്തിര സഹായം നല്കുക. കല്ലുവെട്ടു മടകളിലേക്ക് വർഷകാലത്ത് പെയ്ത്തു വെള്ളം ചാടിക്കാനുള്ള സംവിധാനം ഉണ്ടാക്കുക. |
| 5 | നാലുസെൻറ് കോളനി ലക്ഷംവീട് കോളനി ആരംഭ നഗർ കച്ചാറ ലക്ഷം വീട് കോളനി വേഴക്കാട്ടുകര തങ്കരാജ് കോളനി പുല്ലൻ മിച്ചഭൂമി | അതത് സ്ഥലങ്ങളിൽ ലഭ്യമായ കുളങ്ങാം നന്നാക്കി പമ്പ് ചെയ്ത് എത്തിക്കുക. കച്ചാറ, കരിങ്ങാമ്പിള്ളി, വേഴക്കാട്ടുകര,കോടമുക്ക് കുളം എന്നിവിടങ്ങളിൽ കുളങ്ങളുണ്ട്. വെള്ളിലംകുന്ന് |

| | | |
|---|---|---|
| | കോളനി<br>ആരംഭ നഗർ -<br>മേടശ്ശേരി കോളനി | പദ്ധതി വിപുലീകരിക്കുക. |
| 6 | ചേർപ്പുംകുന്ന്<br>കോളനി | ആനുർളിപ്രദേശത്ത്<br>വാട്ടർ ടാങ്ക് സ്ഥാപിക്കുക. |
| 7 | പുളിഞ്ചോട്<br>പുല്ലൂർ സ്കൂളിന്<br>സമീപം | ടാപ്പ് ഇല്ലാത്ത സ്ഥലങ്ങ<br>ളിൽ ടാപ്പ് സ്ഥാപിക്കുക. |
| 8 | മുല്ല - റേഷൻ കട<br>പരിസരം<br>അമ്പലനട പരിസരം<br>അമ്പനട പടി<br>ഞ്ഞാറേ ഭാഗം | കല്ലേരിക്കടവിൽ നിന്ന്<br>വെള്ളം പമ്പ് ചെയ്ത്<br>ടാങ്കിൽ സ്റ്റോർ ചെയ്തു<br>വിതരണം നടത്തുക.<br>മുടിച്ചിറ വൃത്തിയാക്കി<br>ഉപയോഗയോഗ്യമാക്കുക.<br>ഉരിയരിച്ചിറ മുമ്പത്തെ<br>പ്പോലെ കെട്ടിയാൽ സമീ<br>പപ്രദേശത്തെ കിണറുക<br>ളിൽ വെള്ളം ലഭിക്കും.<br>കുഴൽ കിണറുകൾ കുഴി<br>ക്കുക. |
| 9 | തുറവൻ കാട്<br>അമ്പലനട പ്രദേശം | 8-ാം വാർഡിൽ<br>സൂചിപ്പിച്ച പരിഹാരമാർ<br>ഗ്ഗങ്ങൾ തന്നെ. |
| 10 | തൊമ്മാന മില്ലിന്<br>തെക്കുവശം<br>ഊരകം കിഴക്കുമുറി<br>സ്റ്റാർനഗർ<br>കർളിപ്പാടം<br>ഊരകം വടക്ക്<br>ലക്ഷംവീട്<br>മാടത്തിക്കറ ലൈൻ | ഇരിങ്ങാലക്കുട<br>മുനിസിപ്പാലിറ്റിയിൽ<br>നിന്നുള്ള പൈപ്പ്ലൈൻ<br>വഴി വിതരണം വിപുല<br>മാക്കുക. ജില്ലാ/ബ്ലോക്ക്<br>തല നിർദ്ദേശങ്ങളിൽ<br>ഇത് വിവരിച്ചിട്ടുണ്ട്. |

### സംസ്ഥാന - ജില്ലാ തലത്തിൽ പരിഗണിക്കേണ്ട പദ്ധതികൾ

(1) കരുവന്നൂർ പുഴയിൽ നിന്ന് ഇരിങ്ങാലക്കുട മുനിസിപ്പാലിററിയിലേക്കുള്ള ആഗ്മെൻറേഷൻ പണി പൂർത്തിയാക്കുന്നതോടുകൂടി ഈ പഞ്ചായത്തിൻെറ മൂന്ന് വില്ലേജുകളിലേക്കും (പുല്ലൂർ, മുരിയാട്, ആനന്ദപുരം) സ്കീം വ്യാപിപ്പിക്കുക.

### സാധ്യതകൾ

(1) വാർഡ് തലത്തിൽ വൃത്തിയാക്കിടുക്കാവുന്ന കുളങ്ങളെ മാർക്ക് ചെയ്ത് വൃത്തിയാക്കുക. ജനകീയ വിഭവസമാഹരണത്തിലൂടെ ലഘു പദ്ധതികൾക്കു രൂപം നല്കുക.

(2) വർഷക്കാലത്ത് ഒഴുകിപ്പോകുന്ന വെള്ളം പരമാവുധി തൊടികളിൽ നില്ക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

(3) കിണറുകൾ കുഴിക്കാൻ സാധ്യതയുള്ളയിടങ്ങളിൽ കുഴിക്കുക.

(4) പട്ടിക 1ൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ മുൻഗണനാക്രമത്തിൽ നടപ്പാക്കുക.

(5) ഒന്നു മുതൽ അഞ്ചു വരെ വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മുരിയാട് കേന്ദ്രീകരിച്ചും ആറു മുതൽ ഒമ്പതു വരെ വാർഡുകളിലെ പ്രശ്നപരിഹാരത്തിന് പുല്ലൂർ ആനുർളി കേന്ദ്രീകരിച്ചും കായലിൽ നിന്നും വലിയ കുളം കുഴിപ്പിച്ച് വെള്ളം പമ്പു ചെയ്യുന്ന പദ്ധതികൾക്ക് രൂപം കൊടുക്കുക. ●

# ആരോഗ്യം

'ശുചിത്വമുള്ള പരിസരം' 'ശുചിയായ ആഹാരം' 'ശുദ്ധമായ വായു' ഇവയെല്ലാം നല്ല ആരോഗ്യത്തിനെയും, അതുവഴി നല്ല സംസ്കാരത്തിനെയും പരിപോഷിപ്പിക്കുന്നു. ആരോഗ്യരംഗത്ത് ഇന്ന് ഭീഷണിയായിക്കൊണ്ടിരിക്കുന്ന രോഗങ്ങൾക്കെതിരെ ജനങ്ങളെ പ്രവർത്തനസജ്ജരാക്കാനും, രോഗങ്ങളെ ചെറുക്കുന്നതിനും ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ അത്യാവശ്യമാണ്. ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കുക. അതിനുവേണ്ടി പൊതു, സ്വകാര്യ കിണറുകളിൽ അണുനശീകരണം ഉറപ്പുവരുത്തുക, വീടും വീടിൻെറ പരിസരവും എല്ലായ്പോഴും ശുചിയായി സൂക്ഷിക്കേണ്ടതിൻെറ ആവശ്യകത ജനങ്ങളിലേക്കെത്തിക്കുക, കക്കൂസ് തുടങ്ങിയവ എല്ലാ വീടുകളിലുമുണ്ടെന്ന് ഉറപ്പു വരുത്തുക എന്നിവ ശ്രദ്ധ പതിയേണ്ട വിഭാഗങ്ങളാണ്.

ഈ പഞ്ചായത്തിൽ ആകെക്കൂടി ഒരു പ്രൈമറി ഹെൽത്ത് സെൻറർ മാത്രമാണുള്ളത്. ഇതിൻെറ ഒരു സബ്സെൻറർ പുല്ലൂർ 7-ാം വാർഡിൽ ഉണ്ടെങ്കിലും ഇത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ജനങ്ങൾക്ക് പരിസര ശുചിത്വത്തിനെക്കുറിച്ചും, പകർച്ചവ്യാധികൾക്കെതിരെയെടുക്കേണ്ട മുൻകരുതലിനെക്കുറിച്ചും, കുട്ടികളിൽ നടത്തേണ്ട കുത്തിവെപ്പുകളെക്കുറിച്ചും, ബോധവൽകരണം നടത്താനുള്ള ജീവനക്കാരുടെ എണ്ണം വളരെ പരിമിതമാണ്. സൗജന്യ രോഗനിർണ്ണയ ക്യാമ്പുകൾ അധികമൊന്നും സംഘടിപ്പിക്കാറില്ല. സംഘടിപ്പിച്ചവ വൻ വിജയമായിരുന്നുതാനും. ഏകദേശം ഇരുപത്തിമൂന്ന് കുഷ്ഠരോഗികളെ കണ്ടെത്തുകയുണ്ടായി. അവർക്ക് തുടർ ചികിത്സക്കുവേണ്ട നിർദ്ദേശങ്ങൾ നല്കുകയുണ്ടായി. ആതുരസേവനരംഗത്ത് സ്വകാര്യമേഖലയിൽ ഒരു വലിയ ആശുപത്രി ഉണ്ട്. പുല്ലൂർ സേക്രട്ട് ഹാർട്ട് ഹോസ്പിറ്റൽ. ആതുരസേവനരംഗത്ത് ഒരു ആയുർവേദ ഡിസ്പെൻസറിയും നിലവിലുണ്ട്. നിലവിലുള്ള ഈ കേന്ദ്രം ആയുർവേദ ആസ്പത്രിയാക്കി ഉയർത്തുക, ഒരു ഹോമിയോ

ഡിസ്പെൻസറി ആരംഭിക്കുക തുടങ്ങിയവയാണ് ഗ്രാമ സഭകളിൽ ഉന്നയിക്കപ്പെട്ട പ്രധാന ആവശ്യങ്ങൾ.

## ആരോഗ്യരംഗത്ത് നിലവിലുള്ള പ്രശ്നങ്ങൾ - അവക്കുള്ള പരിഹാരമാർഗ്ഗങ്ങൾ

(1) പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ മാത്രമാണ് നിലവിലുള്ളത്. ഈ ഹെൽത്ത് സെൻററിൽ ഒരു ലേഡി ഡോക്ടറുടെ അഭാവം ഗ്രാമസഭകളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഈ അഭാവം നികത്തുകയും കൂടുതൽ ജീവനക്കാരെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ ക്യാമ്പുകൾ ഏറ്റവും കൂടുതൽ നടത്തുകയും വേണം.

(2) ജനങ്ങളിൽ പ്രത്യേകിച്ചും വളർന്നുവരുന്ന തലമുറകളിൽ വർദ്ധിച്ചുവരുന്ന പുകവലി ശീലവും, മദ്യപാന ശീലവും, പാക് തുടങ്ങിയ ലഹരിവസ്തുക്കളുടെ ഉപയോഗവും ആരോഗ്യരംഗത്ത് ഉണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള ബോധവൽകരണം നടത്തുക. പാക് തുടങ്ങിയ വസ്തുക്കൾക്ക് Local tax പരമാവധി ചെലുത്തി അവയുടെ വില വർദ്ധിപ്പിച്ച് അവയുടെ ഉപയോഗം കുറയ്ക്കുക.

(3) ക്യാൻസർ, എയ്ഡ്സ് തുടങ്ങിയ മാരകരോഗങ്ങൾക്കെതിരെ സ്വീകരിക്കേണ്ട പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ചും മറ്റും സ്ലൈഡ്ഷോ അടക്കമുള്ള പ്രദർശന ക്യാമ്പുകൾ നടത്തുക, സൗജന്യ ലഘുലേഖകൾ അച്ചടിച്ച് വിതരണം നടത്തുക.

(4) ഈ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ഒരെണ്ണം സ്ഥാപിക്കേണ്ടതാണ്.

(5) ഈ പ്രദേശത്തുകാരിൽ കണ്ടുവരുന്ന, പോഷകാഹാരക്കുറവ് മൂലം ഉണ്ടാകുന്ന രോഗങ്ങൾക്കെതിരെ പ്രതിരോധമെന്ന നിലയിൽ പോഷകാഹാരം കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ വേണ്ടി കോഴിമുട്ട, പാലുൽപാദനം ഇറച്ചി ഉൽപാദനം മുതലായവ വർദ്ധിപ്പിക്കുക. ഇത് വർദ്ധിപ്പിക്കാൻ വേണ്ടി കോഴി വളർത്തലിനും, പാലുൽപാദനത്തിനും, ഇറച്ചി വളർത്തലിനും വേണ്ടി വായ്പാ പദ്ധതികൾ നടപ്പിലാക്കുക.

(6) ആരോഗ്യരംഗത്ത് വ്യായാമത്തിൻെറ ആവശ്യകത ജനങ്ങളിലേക്കെത്തിക്കുകയും പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പബ്ലിക് ജിംനേഷ്യം സെൻററുകൾ അത്യാവശ്യമായി സ്ഥാപിക്കുകയും ചെയ്യുക. മിക്ക ഗ്രാമസഭകളിലും ഇതിൻെറ പ്രാധാന്യം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

(7) അറവുശാലകളിൽ കൊണ്ടുവരുന്ന മൃഗങ്ങളിൽ വിരശല്യവും, മാരകരോഗങ്ങളും പിടിപെട്ടവയെ ഒരു ഡോക്ടറുടെ സാന്നിദ്ധ്യത്തിൽ ഒഴിവാക്കുകയും, നല്ല ഇറച്ചിയുള്ള മൃഗങ്ങളെ സീൽവച്ച് ഡോക്ടറുടെ പരിശോധനയ്ക്കുശേഷം മാത്രം അറുക്കുക. രോഗം പിടിച്ച മൃഗങ്ങളുടെ ഇറച്ചി പൊതുജനാരോഗ്യരംഗത്ത് വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

(8) നിലവിലുള്ള ഹോട്ടലുകളിൽ നിന്നും തട്ടുകടകളിൽനിന്നും വിതരണം ചെയ്യുന്ന ഭക്ഷണം ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.

(9) പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ മലിനജലം കെട്ടികിടക്കുന്നത് തടയാൻ നടപടികൾ എടുക്കുകയും, പ്രസ്തുത പ്രദേശങ്ങൾ നികത്താനും, അഴുക്കു ചാലുകൾ പ്രവർത്തന സജ്ജമാക്കുന്നതിനും വേണ്ടി വിവിധ ഗ്രാമസഭകളിൽ നിന്ന് ആവേശപൂർവ്വം വാഗ്ദാനം ചെയ്തിട്ടുള്ള തൊഴിൽ ശക്തി പരമാവധി പ്രയോജനപ്പെടുത്തുക.

(10) കൊതുകുജന്യ രോഗങ്ങളിൽ നിന്നും പരിപൂർണ്ണ മുക്തിക്കുവേണ്ടി കാലാകാലങ്ങളിലുള്ള മരുന്നുതളി നടത്തുക.

(11) കിണറുകളിലെ ജലം ശുദ്ധീകരിക്കാനുള്ള നടപടികൾ പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടത്തുക.

(12) കുട്ടികളിൽ പോളിയോ, അഞ്ചാംപനി തുടങ്ങിയ രോഗങ്ങൾക്കെതിരെ അംഗൻവാടികളിലൂടെയും കുടുംബക്ഷേമ കേന്ദ്രങ്ങളിലൂടെയും കുത്തിവെപ്പ് നടത്തുക.

(13) പഞ്ചായത്തിലെ സ്കൂളുകളിൽ സൗജന്യ മെഡിക്കൽ ടെസ്റ്റുകൾ നടത്തി, രോഗമുള്ളവരെ കണ്ടെത്തി, വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും മറ്റും ചെയ്യുക.

## ആരോഗ്യം

## ചില സ്ഥിതിവിവരക്കണക്കുകൾ

(1) പഞ്ചായത്തിലെ അമ്മമാരുടെ എണ്ണം 3292

| | |
|---|---|
| 1 കുട്ടി മാത്രമുള്ളവർ | 758 |
| 2 കുട്ടികൾ | 1478 |
| 2ൽ കൂടുതൽ കുട്ടികൾ | 768 |
| കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച മാതാക്കൾ | 1921 |

കുടുംബാസൂത്രണം സ്വീകരിച്ചവരിൽ

| 1 കുട്ടിയുള്ളവർ | 2 കുട്ടികൾ | 2ൽ കൂടുതൽ കുട്ടികൾ |
|---|---|---|
| 22 | 1229 | 670 |

(2) കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | |
|---|---|
| 1 വയസ്സിന് താഴെ പ്രായമുള്ളവർ | 323 |
| പ്രതിരോധ കുത്തിവയ്പ് നടത്തിയവർ | 323 |

(3) ഗർഭിണികൾ

(1996 ഏപ്രിൽ മാസത്തിൽ) - 165

(4) ജനന മരണ നിരക്കുകൾ

| | 1993-94 | 94-95 | 95-96 |
|---|---|---|---|
| ജനനം | 1175 | 1124 | 938 |
| മരണം | 171 | 182 | 135 |
| ചാപിള്ള | - | - | 2 |

## പ്രൈമറി ഹെൽത്ത് സെൻറർ, ആനന്ദപുരം

| | | |
|---|---|---|
| ലഭ്യമായ കിടക്ക സൗകര്യം (ഉണ്ടായിരുന്നത്) | - | 22 |
| ഡോക്ടർമാരുടെ എണ്ണം | - | 2 |
| ലേഡി ഡോക്ടർമാരുടെ എണ്ണം | - | ഇല്ല |

| | ഇൻ പേഷ്യൻറ് | ഔട്ട് പേഷ്യൻറ് | ത്വക്ക്രോഗം | പകർച്ച വ്യാധികൾ | വാതരോഗം | വിഷചികിത്സ | മറ്റ് രോഗങ്ങൾ | നടന്നിട്ടുള്ള പ്രസവങ്ങൾ |
|---|---|---|---|---|---|---|---|---|
| 1992-93 | 409 | 29796 | 2 | 730 | - | - | - | - |
| 93-94 | 355 | 24536 | 17 | 130 | - | - | - | - |
| 94-95 | 212 | 27957 | 3 | 437 | - | - | - | - |
| 95-96 | 116 | 30817 | 1 | 1417 | - | - | - | - |

= ഇൻപേഷ്യൻറ് ചികിത്സക്ക് വിധേയരായ രോഗികളുടെ എണ്ണം ഓരോ വർഷവും ഗണ്യമായി കുറഞ്ഞു വന്നതായി കാണാം. ഇത് ആശുപത്രിയിലെ ഇൻപേഷ്യൻറ് സൗകര്യത്തിൻെറ കുറവുകൊണ്ടും സ്ഥിരമായി ഡോക്ടർ ഇല്ലാതിരുന്നതുകൊണ്ടുമാണെന്ന് ഗ്രാമസഭ റിപ്പോർട്ടുകളിൽ കാണുന്നു. ഈ വർഷം നാട്ടുകാരുടെ നേതൃത്വത്തിൽ 124 മനുഷ്യാധ്വാനവും, ഏകദേശം 3500 രൂപ ചെലവും വഹിച്ചുകൊണ്ട് വാർഡുകളും കിടക്കകളും വൃത്തിയാക്കിയിട്ടുണ്ട്.

= പൊതപറമ്പിൽ ലോനപ്പൻ സംഭാവനയായി നൽകിയ സ്ഥലത്ത് കെട്ടിട നിർമ്മാണ ചെലവിൻെറ അറുപത് ശതമാനത്തോളം നാട്ടുകാരിൽ നിന്ന് സമാഹരിച്ചാണ് ഹെൽത്ത് സെൻറർ നിർമ്മിച്ചിട്ടുള്ളത്. ഹെൽത്ത് സെൻററിന് ഡെവലപ്പ്മെൻറിനായി നാട്ടുകാർ അടങ്ങുന്ന ഒരു കമ്മിറ്റിയുണ്ട്. ഇത് ഫലപ്രദമായി പ്രവർത്തിച്ചിരുന്നില്ല. ഈ വർഷം കമ്മിറ്റി പ്രവർത്തനം ഊർജ്ജസ്വലമായിട്ടുണ്ട്.

= 1992ന് ശേഷം ഒറ്റ പ്രസവംപോലും ഹെത്ത് സെൻററിൽ നടന്നിട്ടില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ലേഡിഡോക്ടർ/ഗൈനക്കോളജിസ്റ്റിൻെറ അഭാവമായിരിക്കാം പ്രസവത്തിനായി സ്ത്രീകൾ ഹെൽത്ത് സെൻററിനെ ആശ്രയിക്കാതിരിക്കാൻ കാരണം. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തിൻെറ ശ്രദ്ധ ഉണ്ടാകണം.

### പകർച്ചവ്യാധികളുടെ വളർച്ച

പകർച്ചവ്യാധികളുടെ വളർച്ച താഴെപ്പറയുന്ന ഗ്രാഫിൽ നിന്ന് വ്യക്തമാകുന്നു.




അവലംബം: ഹെൽത്ത് സെൻറർ രജിസ്റ്റർ

## സാദ്ധ്യതകൾ

1. ആരോഗ്യശീലങ്ങളുടേയും പരിസര ശുചിത്വത്തിന്റെയും കുറവാണ് ഇതു കാണിക്കുന്നത്. ഹെൽത്ത് സെൻററിന്റെ നേതൃത്വത്തിൽ വ്യാപകമായ ആരോഗ്യ ക്ലാസ്സുകൾ നടത്തുവാൻ പഞ്ചായത്ത് തലത്തിൽ പരിപാടി ഉണ്ടാകണം. ഡോക്ടർ, ആശുപത്രി, മരുന്ന് എന്ന ആരോഗ്യ സമവാക്യത്തിൽ നിന്ന് പരിസര ശുചീകരണം, പോഷകാഹാരം, വ്യായാമം എന്ന യഥാർത്ഥ ആരോഗ്യ രീതിയിലേക്ക് ജനങ്ങളെ കൊണ്ടുവരേണ്ടതുണ്ട്. പഞ്ചായത്തു തലത്തിൽ ഓരോ വാർഡിൽ നിന്ന് ഒരാളെങ്കിലും ഉൾക്കൊള്ളുന്ന ഒരു ജനകീയാരോഗ്യ സമിതി രൂപീകരിക്കുവാൻ നിർദ്ദേശമുയർന്നിട്ടുണ്ട്.

2. പഞ്ചായത്തിൽ 4 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുണ്ട്. ഇവയിലും PHC യിലുമായി മൊത്തം 28 ജീവനക്കാരാണുള്ളത്. ആനന്ദപുരത്തുള്ള ആയുർവേദ ഡിസ്പെൻസറിയിൽ ഒരു ഡോക്ടറും 3 ജീവനക്കാരുമുണ്ട്. സ്വകാര്യമേഖലയിൽ പുല്ലൂർ സേക്രഡ് ഹാർട്ട് ഹോസ്പിറ്റലും ആനന്ദപുരത്തുള്ള മദ്യ മയക്കുമരുന്ന് ചികിത്സാ കേന്ദ്രവും ഉൾപ്പെടുന്നു. അലോപ്പതി - ആയുർവേദ രംഗത്തെ ഡോക്ടർമാരുടേയും ആരോഗ്യപ്രവർത്തകരുടേയും സംയുക്തയോഗം വിളിച്ചുകൂട്ടുന്നതിനും ആരോഗ്യപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാക്കുക.

3. സർക്കാർ - സ്വകാര്യ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരുടേയും ആരോഗ്യപ്രവർത്തകരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ആരോഗ്യസെമിനാറുകളും പരസ്പര സമ്പർക്ക ക്യാമ്പുകളും സംഘടിപ്പിക്കുക.

4. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടേയും മഹിളാ സമാജങ്ങളുടേയും ആഭിമുഖ്യത്തിൽ സ്ത്രീകൾക്കു മാത്രമായുള്ള ആരോഗ്യക്ലാസ്സുകൾ സംഘടിപ്പിക്കുക. പോഷകാഹാരശീലങ്ങളെ സംബന്ധിച്ച് ബോധവല്കരിക്കുക.

5. കൊതുക്, ഈച്ച എന്നിവക്കെതിരെ വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും ഓരോ ആഴ്ച നീണ്ടുനില്ക്കുന്ന നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുക. ഈ കാലഘട്ടത്തിൽ ഇവയുടെ നിർമ്മാർജ്ജനം സംബന്ധിച്ച ബോധവൽകരണം എല്ലാ വീടുകളിലും എത്തിക്കണം. (കക്കൂസുകൾ, വെള്ളം കെട്ടികിടക്കുന്ന സ്ഥലങ്ങൾ, ഓടകൾ എന്നിവകളിൽ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെ സംബന്ധിച്ച് ബോധവല്ക്കരണം. നിർദ്ദേശിക്കുന്ന മാസങ്ങൾ ജൂൺ, ഡിസംബർ.)

# 5 - 6

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

ജനശക്തിയാണ് ഒരു നാടിൻെറ ഭാവി നിർണ്ണയിക്കുന്നത്. നാടിൻെറ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്ക് സുപ്രധാനമാണ്. ജനപങ്കാളിത്തത്തോടെ വികസനരംഗത്ത് വൻ കാൽവെപ്പുകൾ നടന്നിട്ടുള്ള പഞ്ചായത്താണ് മുരിയാട് പഞ്ചായത്ത്. 1960-കളിൽ ആനന്ദപുരവും മാടായിക്കോണവും ബന്ധിപ്പിക്കുന്ന ആനന്ദപുരം-മാടായിക്കോണം ബണ്ട് മുരിയാട് കായലിൽ ഒരു കിലോമീറ്റർ ദൂരം മണ്ണും ചെളിയുമിട്ട് നികത്തി നിർമ്മിക്കുകയുണ്ടായി. കടുംകൃഷി പദ്ധതി പ്രകാരമുള്ള സർക്കാർ പദ്ധതിയോടൊപ്പമുള്ള റോഡ് നിർമ്മാണം പൂർണ്ണമായും ജനപങ്കാളിത്തത്തോടെയാണ് നടപ്പാക്കിയത്. 1991ൽ പ്രസ്തുത റോഡ് മുൻ മന്ത്രി ചാത്തൻ മാസ്റ്ററുടെ പേരിൽ നാമകരണം ചെയ്യപ്പെട്ടു. ഇന്ന് ഇരിങ്ങാലക്കുടയും കനകമലയും ബന്ധിപ്പിക്കുന്ന ഏറ്റവും നല്ല റോഡാണ് ചാത്തൻ മാസ്റ്റർ റോഡ്. 1970-കളിൽ നിർമ്മിച്ച കപ്പാറ-ഗോവിന്ദപുരം റോഡ് (മുരിയാട്) 1980-കളിൽ നിർമ്മിച്ച മിഷൻ ആശുപത്രി-തുറവൻകാട് റോഡ് എന്നീ റോഡുകളും സന്നദ്ധപ്രവർത്തനത്തിലൂടെ നിർമ്മിക്കപ്പെട്ടവയാണ്.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകളുടെ വിശദവിവരങ്ങൾ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു. നിലവിലുള്ള റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം A ആയി കൊടുത്തിരിക്കുന്നു.

പഞ്ചായത്തിൽ നിർമ്മിക്കേണ്ട പുതിയ റോഡുകളെ സംബന്ധിച്ച് ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

## പുതിയ റോഡുകൾ

വാർഡ്

I (1) മൂർത്തിപ്പറമ്പ് - ലക്ഷംവീട് കോളനി - 100 മീ.

(2) ആനന്ദപുരം വടക്കേ കപ്പേള - ചേപ്പാടം റോഡ് - 100 മീ.

(3) ആഗസ്തിപീടിക പരിസരത്ത് നിന്ന് ഹരിജൻ കോളനി വഴി വില്ലേലിപാടത്തേക്ക് - 200 മീ.

II (4) ആനന്ദപുരം പടന്നകുഴി ആരംകുഴി റോഡ് പൊറത്തുശ്ശേരി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ബണ്ട് റോഡും പാലവും - 250 മീ.

II സാമ്പവകോളനി ഹരിജൻ റോഡ് (200 മീ.) പനമ്പിള്ളി നഗർ ആശുപത്രി റോഡ് എന്നിവ ടാറിങ്ങ് ചെയ്യുക.

IV (5) പാറക്കാട്ടുകര പള്ളിയുടെ സമീപത്തുകൂടെ കിഴക്കു വശത്തേക്ക് ചിപ്പൊടം റോഡ് പുത്തേരിപ്പാടം വഴി കൊടകര പഞ്ചായത്തിലെ കാരൂർ ദേശത്തേക്ക് എത്തിക്കുക. - 400 മീ.
(തുടർന്നുള്ള ഭാഗം കൊടകര പഞ്ചായത്തിൽ) പണി പൂർത്തീകരിച്ചാൽ പാറക്കാട്ടുകര കൊടകര ദൂരം 5 കി.മീറ്ററിൽ നിന്ന് $2^1/_2$ കി.മീറ്ററായി ചുരുക്കാം.
കൊടകര പഞ്ചായത്തിൽ - 600 മീ.

(6) ചിറപ്പാട റോഡിൽ നിന്നും വടക്കോട്ട് ചാത്തൻ മാസ്റ്റർ PWD റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് - 400 മീ.

(7) പഞ്ഞപ്പിള്ളിയിൽ നിന്നു കാഡത്തോടിൻെറ പരിസരത്തുകൂടി കനാൽ - കുറ്റിപ്പാടം വരെയുള്ള റോഡ് - 400 മീ.

(8) വേഴക്കാട്ടുകര ചെറുപുഷ്പം മനക്കലപ്പടി റോഡ് - 500 മീ.

(9) പൂവശ്ശേരിക്കാവ് അമ്പലം മുതൽ തളിയൻ കുന്നിലേക്കുള്ള ഹരിജൻ റോഡ് - 300 മീ.

(10) വായനശാല മുതൽ മുണ്ടകൻപ്പാടം വരെയുള്ള റോഡ് - 400 മീ.

(11) പാറക്കാട്ടുകര പള്ളി റോഡു മുതൽ ആലത്തൂർ PWD റോഡ് വരെ പുതിയ റോഡ് - 600 മീ.

V & VII

VIII (12) മുരിയാട് അണ്ടിക്കമ്പനി മുതൽ കടവ് വരെ എത്തിനില്ക്കുന്ന ടാറിങ്ങ് റോഡ് ആനുർളി പ്രദേശത്തേക്ക് കൂട്ടിമുട്ടിക്കുക. കോൾപാടത്തിൽ 1.800 കി.മീ. ബണ്ട് നിർമ്മിക്കണം. പുല്ലൂർ അമ്പലനട കോളനിയും തുറവൻകാട് കോളനിയുമായി ബന്ധിപ്പിക്കുക.
(പുല്ലൂർ - മുരിയാട് യാത്രയിൽ 5 കി.മീ. ലാഭമുണ്ടാകും)

V (13) വേഴക്കാട്ടുകര-പടിഞ്ഞാട്ടുമുറി റോഡ് പാടം വരെ നീട്ടുക 8 മീ. 100 മീ.

VI (14) ബണ്ട്

VII (15) പുല്ലൂർ ചേർപ്പുംകുന്നിൽ നിന്നും പടിഞ്ഞാറു ഭാഗത്തേക്കുള്ള റോഡ് പാടശേഖരം വഴി വാർഡ് എട്ടുമായി ബന്ധിപ്പിക്കുക. 8 മീ. 1 കി.മീ.

VII (16) പുല്ലൂർ ശ്രീനാരായണ കരയോഗത്തിൻെറ വടക്കുഭാഗത്ത് ശങ്കരംകുളം ഭാഗത്തേക്ക് 4 മീ. 700 മീ.

| | | | |
|---|---|---|---|
| IX | (18) തുറവൻകുന്ന് കിഴക്കോട്ട് തളിയൻെറ വീടുമുതൽ പടന്ന കോളനിയുമായി ബന്ധിപ്പിക്കുന്ന റോഡ് | 6 മീ. | $^1/_2$ കി.മീ. |
| | (19) കല്ലേരിക്കടവിൽ നിന്നും വടക്കോട്ട് കുഴിക്കാട്ടു കോണവു (പൊറത്തുശ്ശേരി പഞ്ചായത്ത്) മായി ബന്ധിപ്പിക്കുന്ന റോഡ് | 6 മീ. | 1 കി.മീ. |
| | (20) ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ വേലത്തിക്കുളം മുതൽ പുല്ലൂർ ആൽച്ചിറ കൂനൻ വഴി ബന്ധിപ്പിക്കുന്ന റോഡ് | 6 മീ. | 1 കി.മീ. |
| X | (21) ഊരകം-ആംബൊപാടം പൊതുമ്പുചിറ ബണ്ട് റോഡ് | 5 മീ. | 800 മീ. |
| | (22) മടത്തിക്കര - ചാർത്താംകുളം ബണ്ട് റോഡ് | 5 മീ. | 350 മീ. |
| | (23) ഊരകം ലക്ഷംവീട് - അവിട്ടത്തൂർ റോഡ് | 5 മീ. | 400 മീ. |
| | (24) കർലിപാടം - വെറ്റിലമൂല റോഡ് | 5 മീ. | 350 മീ. |
| VIII | (25) പുല്ലൂർ കുഞ്ഞിമാണിക്യൻ മൂലമുതൽ താഴോട്ടിറങ്ങുന്ന റോഡിൽ നിന്ന് 8-ാം വാർഡുമായി ബന്ധിപ്പിക്കുന്ന ബണ്ട് റോഡ് | 5 മീ. | 1000 മീ. |

പട്ടിക - 2

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| വാർഡ് | റോഡിൻെറ പേര് ടാർ ചെയ്യേണ്ട ദൂരം | വീതി | നീളം |
|---|---|---|---|
| I | (1) ആനന്ദപുരം വടക്കേ കപ്പേള റോഡിൽനിന്ന് ആനാറ്റിക്കടവിലേക്കുള്ള റോഡ് | 6മീ. | 2കി.മീ. |
| II | (2) ആരാംകുഴി | 6മീ. (റീടാറിംഗ്) | 3$^1/_2$ കി.മീ. |
| | (3) മതുക്കാട്ടിക്കുളം റോഡ് ആശുപത്രി വരെ | 8 മീ. | 2 കി.മീ. |
| III | (4) കൊടിയൻകുന്ന് - പനമ്പിള്ളി നഗർ റോഡ് (ബാക്കിയുള്ളത്) | 6മീ. | 500 മീ. |
| | (5) വേഴക്കാട്ടുകര - കുന്നത്തറ മനപ്പടി റോഡ് | 4 മീ. | 1 കി. മീ. |
| IV | (6) പൂവശ്ശേരിക്കാവ് അമ്പലനട കാരൂർ റോഡ് | 8 മീ. | 1$^1/_2$ കി.മീ. |
| | (7) പാറക്കാട്ടുകര റേഷൻകട പള്ളി റോഡ് | 6 മീ. | 1$^1/_2$ കി.മീ. |
| (8) | പാറക്കാട്ടുകര ഗോവിന്ദപുരം പള്ളി റോഡ് | 6 മീ. | 600 മീ. |
| V | (9) പാനപ്പന്തൽ - ലക്ഷംവീട് റോഡ് | 8 മീ. | 1$^1/_2$ കി.മീ. |
| | (10) വേഴക്കാട്ടുകര - പടിഞ്ഞാട്ടുമുറി റോഡ് | 8 മീ. | $^1/_2$ കി.മീ. |
| VII | (11) പുല്ലൂർ - ആനുർളി റോഡ് റീടാറിംഗ് | 8 മീ. | 3 കി.മീ. |
| | (12) പുല്ലൂർ പുളിഞ്ചോടു മുതൽ സ്തൂപം വരെയുള്ള റോഡ് | 8 മീ. | 1$^1/_2$ കി.മീ. |
| VIII, IX | (13) പുല്ലൂർ മിഷൻ ആശുപത്രി മുതൽ തുറവൻകാട് പള്ളി വരെയുള്ള റോഡ് റീടാറിംഗ് | 8 മീ. | 2 കി.മീ. |
| | (14) മുല്ലക്കാടു മുതൽ പുല്ലൂർ അമ്പലനട വരെ റോഡ് റീടാറിംഗ് | 8 മീ. | 1 കി.മീ. |
| X | (15) അവിട്ടത്തൂർ ഊരകം - കോമ്പാറ റോഡ് (റീടാറിംഗ്) | 8 മീ. | 2$^1/_2$ കി.മീ. |
| | (16) പുല്ലൂർ - മടത്തിക്കര ഊരകം റോഡ് 200 മീറ്റർ ടാറിംഗും 1 കി.മീറ്റർ റിടാറിംഗും നടത്തണം | 8 മീ. | 1$^1/_2$ കി.മീ. |
| | (17) ആനന്ദപുരം ഹെൽത്ത് സെൻറർ റോഡ് | 8 മീ. | 200 മീ. |
| V | (18) മുരിയാട് പള്ളി മുതൽ ആരംഭനഗർ വഴി പൊറ്റ പൊരത്തെകടവ് വരെ | | 1$^1/_2$ കി.മീ. |
| | (19) പൂവ്വശ്ശേരിക്കാവ് റോഡ് മുതൽ പടിഞ്ഞാട്ടുമുറി കപ്പേള വരെ | | 700 മീ. |
| | (20) തങ്കരാജ് കോളനിയുടെ വടക്കോട്ടുള്ള റോഡ് ടാറിംഗ് ചെയ്യണം | | 700 മീ. |
| | (21) പഞ്ചായത്താഫീസിൻെറ പടിഞ്ഞാറുവശത്തുള്ള കപ്പാറ റോഡ് റീ ടാറിങ്ങ് നടത്തണം | | 1 കി.മീ. |
| | (22) പുല്ലൂർ മിച്ചഭൂമി കോളനി റോഡ് ടാറിങ്ങ് ചെയ്യണം | | 800മീ. |
| | (23) അണ്ടികമ്പനി - കടവ് റോഡ് റീ ടാറിങ്ങ് നടത്തണം | | 1400 മീ. |

പട്ടിക - 3

| വാർഡ് | മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ | വീതി | നീളം |
|---|---|---|---|
| I | (1) ആനന്ദപുരം തറക്കപറമ്പ്-വില്ലേലിപ്പാടം റോഡ് | 6 മീ. | 300 മീ. |
| | (2) ആനന്ദപുരം മഠത്തിനു സമീപം വടക്കോട്ടു പോകുന്ന പുരുത്ത് റോഡ് | 6 മീ. | 200 മീ. |
| | (3) ആനന്ദപുരം പള്ളി - വില്ലേലിപ്പാടം റോഡ് | 6 മീ. | 170 മീ. |
| | (4) വേലൻപാറ - വടക്കോട്ടു പോകുന്ന റോഡ് | 6 മീ. | 200 മീ. |
| | (5) കൊടിയൻകുന്ന് കപ്പേള മുതൽ വടക്കോട്ട് പോകുന്ന റോഡ് | 6 മീ. | 250 മീ. |

| | | | |
|---|---|---|---|
| | (6) പാലക്കുഴി - ആറാടിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ റോഡ് | 6 മീ. | 150 മീ. |
| II | (7) പണ്ടാരംമൂല മുതൽ പടിഞ്ഞാട്ടുമുറി പള്ളിവരെയുള്ള റോഡ് | 6 മീ. | 150 മീ. |
| | (8) ആനന്ദപുരം LP സ്കൂളിന് പടിഞ്ഞാറുനിന്ന് - കീഴാനിക്കുളത്തിലേക്ക് പോകുന്ന റോഡ് | 6 മീ. | 200 മീ. |
| | (9) ആനന്ദപുരം പോസ്റ്റോഫീസ് പരിസരത്തുനിന്ന് കിഴക്കോട്ടുള്ള റോഡ് | 5 മീ. | 125 മീ. |
| | (10) ആനന്ദപുരം ചാത്തൻ മാസ്റ്റർ റോഡിൽ നിന്ന് തെക്കോട്ട് സാമ്പവ കോളനിയിൽ നിന്ന് PWD line | 4 മീ. | 200 മീ. |
| | (11) ആനന്ദപുരം ആശുപത്രി പനമ്പിള്ളി നഗർ റോഡ് | 6 മീ. | 250 മീ. |
| | (12) നെടുംകുന്ന് റോഡ് | 4 മീ. | 2 കി.മീ. |
| | (13) ആലത്തൂർ പാറക്കാട്ടുകര റോഡ്. തീതായിമൂലയിൽ നിന്ന് പടിഞ്ഞാട്ട് പോകുന്ന റോഡ് | 4 മീ. | 600 മീ. |
| | (14) തറയിലക്കാട് ആനന്ദപുരം റോഡ് | 4 മീ. | 1 കി.മീ. |
| | (15) നെടുംകുന്ന് - വെള്ളിലംകുന്ന് റോഡ് | 4 മീ. | 1 കി.മീ. |
| IV | (16) വേഴക്കാട്ടുകര മനക്കലപ്പടി റോഡ് | 6 മീ. | 400 മീ. |
| | (17) പള്ളിമൂല - കുട്ടാടംപാടം റോഡ് | 6 മീ. | 300 മീ. |
| | (18) കപ്പേള - പള്ളിനട റോഡ് | 8 മീ. | 600 മീ. |
| | (19) കപ്പേള - നമ്പഴപ്പാടം റോഡ് | 6 മീ. | 500 മീ. |
| | (20) പാറക്കാട്ടുകര കോഴി വളർത്തൽ കേന്ദ്രം - റേഷൻ ഷോപ്പ് റോഡ് | 6 മീ. | 300 മീ. |
| | (21) SNDP - എസ്റ്റേറ്റ് റോഡ് | 6 മീ. | 300 മീ. |
| | (22) കുന്നത്തറ - അമ്പലം റോഡ് | 6 മീ. | 1000 മീ. |
| | (23) കുന്നത്തറ വാക്കാട്ടുകുളം റോഡ് | 6 മീ. | 400 മീ. |
| | (24) മുരിയാട് പള്ളിമുതൽ കിഴക്കോട്ട് കുന്നത്തറ റോഡ് | 4 മീ. | 500 മീ. |
| V | (25) മുരിയാട് പള്ളിമുതൽ ആരംഭനഗർ വരെയുള്ള റോഡ് | 4 മീ. | 1 കി.മീ. |
| | (26) മുരിയാട് തങ്കരാജ് കോളനി റോഡ് കപ്പാറ റോഡുമായി ബന്ധിപ്പിക്കുക | 4 മീ. | 1/2 കി.മീ. |
| VI | (27) ആറാം വാർഡിലെ മെയിൻ റോഡിൽ നിന്നുള്ള ചെറുറോഡുകൾ | 4 മീ. | ” |
| VII | (28) പുല്ലൂർ തൊടുൽ അമ്പലം - ചാത്തനാംപാടം റോഡ് | 6 മീ. | 500 മീ. |
| | (29) ചേർപ്പുംകുന്ന് കണ്ണംപിള്ളിപാടം മുതൽ അമ്പലനടയിലേക്കു പോകുന്ന വഴി | 6 മീ. | 3/4 കി.മീ. |
| VIII | (30) പുല്ലൂർ കുഞ്ഞുമാണിക്യം മൂലയിൽ നിന്നും പാടത്തേക്കുള്ള മൺറോഡ് | 4 മീ. | 500 മീ. |
| | (31) പുല്ലൂർ അമ്പലനട മുതൽ ചേർപ്പുംകുന്ന് കോളനി വരെയുള്ള റോഡ് | 5 മീ. | 1 കി.മീ. |
| | (32) പുല്ലൂർ അമ്പലനട മുതൽ കോളനി വരെയുള്ള റോഡ് | 5 മീ. | 1 കി.മീ. |
| X | (33) ഊരകം - മണമാടത്തി ലൈൻ റോഡ് (വീതികൂട്ടി ടാറിംഗ്) | 5 മീ. | 425 മീ. |
| | (34) ഊരകം - ആംബൊ പാടം - അവിട്ടത്തൂർ റോഡ് (സൈഡ് കെട്ടി) | 5 മീ. | 400 മീ. |
| | (35) ഊരകം ലക്ഷംവീട് കോളനി റോഡ് (റോഡിൻെറ ഇരുവശവും കെട്ടണം) | 5 മീ. | 350 മീ. |
| | (36) താര മഹിള സമാജം റോഡ് | 5 മീ. | 600 മീ. |
| | (37) വെറ്റില മൂല - എടക്കാട്ടുപാടം റോഡ് (പാട ഭാഗം നികത്തുക, സൈഡ് കെട്ടുക) | 5 മീ. | 1 കി.മീ. |
| | (38) കർലിപാടം - എടക്കാട്ടുപാടം റോഡ് (സൈഡ് കെട്ടി നികത്തുക) | 4 മീ. | 400 മീ. |
| | (39) പുല്ലൂർ - ഊരകം റോഡിൽ നിന്ന് കർലിപാടം എടക്കാട്ടുപാടം റോഡിലേക്ക് മുട്ടുന്ന ലിങ്ക് റോഡ് (വീതി കൂട്ടുക) | 3 മീ. | 350 മീ. |
| | (40) സ്റ്റാർ നഗറിൽ നിന്ന് വടക്കോട്ട് ആംബൊ പാടത്തേക്കുള്ള വഴി (വീതി കൂട്ടുക) | 3 മീ. | 250 മീ. |

| വാർഡ് | റോഡ് | വീതി | നീളം |
|---|---|---|---|
| | (41) സ്റ്റാർ നഗറിൽ നിന്ന് തെക്കോട്ടുള്ള വഴി (വീതി കൂട്ടി സൈഡ് കെട്ടി) | 4 മീ. | 400 മീ. |
| | (42) ഊരകം കതിർപ്പിള്ളി കുളം - മൂശാരി റോഡ് (സൈഡ് കെട്ടുക) | 4 മീ. | 600 മീ. |
| | (43) കർലിപാടം - ചീർപ്പ് കമ്പനി റോഡ് (വീതി കൂട്ടി സൈഡ് കെട്ടുക) | 3 മീ. | 350 മീ. |
| | (44) മണമാടത്തി - നടവരമ്പ് ചിറ റോഡ് (വീതി കൂട്ടി) | $3^1/_2$ മീ. | 3000 മീ. |
| | (45) ബോർവെൽ തെക്കു ഭാഗം റോഡ് (വീതി കൂട്ടി) | $3^1/_2$ മീ. | 275 മീ. |
| VIII | (46) കുണ്ടായി മുതൽ അമ്പലനടയിലേക്ക് പോകുന്ന റോഡ് | 6 മീ. | 500 മീ. |
| | (47) ഐ.ടി.സി. മുതൽ വടക്കോട്ടു പോകുന്ന റോഡ് | 4 മീ. | 500 മീ. |
| | (48) പുല്ലൂർ സ്കൂൾ തെക്കോട്ടു പോകുന്ന റോഡ് | 4.5 മീ. | 250 മീ. |
| | (49) മരകമ്പനി മുതൽ പനം തുള്ളി അമ്പലം റോഡ് | 5 മീ. | 250 മീ. |
| | (50) മരകമ്പനി മുതൽ പുഞ്ചപ്പാടം വരെയുള്ള റോഡ് | 4 മീ. | 200 മീ. |
| | (51) പനപന്തൽ റോഡിൽ നിന്നും പുഞ്ചപ്പാടത്തേക്കുള്ള റോഡ് | 4 മീ. | 1000 മീ. |
| | (52) ചകിരി കമ്പനിയുടെ വടക്ക് കടവ് റോഡ് വരെ | 3.5 മീ. | 2500 മീ. |
| | (53) കടവ് റോഡിൽ നിന്നും പുഞ്ചപ്പാടം റോഡ് | 3 മീ. | 700 മീ. |
| V | (54) കപ്പേള മുതൽ വടക്കോട്ടുള്ള വഴി | 4 മീ. | 1000 മീ. |
| | (55) കുമ്പക്കേരി മുക്ക് പുഞ്ചപ്പാടം റോഡ് | 3 മീ. | 300 മീ. |
| | (56) നെടുംകുളം വെഴക്കാട്ടുകര റോഡ് | 3 മീ. | 800 മീ. |
| | (57) തങ്കരാജ് കോളനിയിൽ നിന്നും വടക്കോട്ട് കപ്പാറ റോഡിലേക്കുള്ള റോഡ് | 3.5 മീ. | 800 മീ. |
| | (58) മുരിയാട് 5-ാം വാർഡിലെ പുല്ലൂർ മിച്ചഭൂമി കോളനി റോഡ് | | 800 മീ. |
| IV | (59) പാറക്കാട്ടുകര പള്ളി മുതൽ ആല ആർകിണർ റോഡ് (പാടം നികത്തി സൈഡ് കെട്ടി) | 6 മീ. | 800 മീ. |

## പാരിസ്ഥിതിക പ്രശ്നങ്ങളും സാദ്ധ്യതകളും

മരനശീകരണത്തിനും അതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പരിഹാരമായി മൺറോഡുകളിൽ പഞ്ചായത്ത് ഫണ്ട് ചെലവഴിക്കപ്പെടുമ്പോൾ പുതുതായി നിർമ്മിക്കപ്പെട്ട റോഡിൻെറ പാർശ്വങ്ങളിൽ മരങ്ങൾ നട്ടതായി ബോദ്ധ്യപ്പെടണമെന്ന് പഞ്ചായത്തിന് നിഷ്കർഷിക്കാവുന്നതാണ്. മിക്കവാറും മൺറോഡുകളുടെ നിർമ്മാണത്തിനു പിന്നിൽ ജനകീയ സമിതികൾ ഉണ്ട് എന്നതിനാൽ ഇത്തരമൊരു നിഷ്കർഷ ഗുണകരമാണ്.

മണ്ണൊലിപ്പിനും നീർക്കെട്ടിനും പരിഹാരമായി ആവശ്യമായ സ്ഥലങ്ങളിൽ ഓടകളും കലുങ്കുകളും പാർശ്വ സംരക്ഷണ ഭിത്തികളും നിർമ്മിക്കേണ്ടതാണ്. ഇവ സദാ പ്രവർത്തന സജ്ജമായി നിലനിറുത്തുന്നതിന് അയൽക്കൂട്ടങ്ങളെ ഉപയോഗപ്പെടുത്തേണ്ടതാണ്.

## ജനകീയപദ്ധതിയും ജനശക്തിയും

റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമുതലായുള്ളത് ജനശക്തിയാണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം. പഞ്ചായത്തിൻെറ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിൻെറ ആവശ്യകതയും സുലഭമായ ആൾബലവും ഒരുമിച്ച് പരിഗണിക്കുമ്പോൾ നമ്മുടെ മാർഗം വ്യക്തമാണ്. റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചെലവിൻെറ $^1/_3$ ഭാഗമെങ്കിലും ശ്രമദാന ദിനങ്ങളുടെ വിലയും പൊതുസംഭാവനയും ചേർന്നതാവണം. മിക്കവാറും എല്ലാ ഗ്രാമസഭകളും ഇക്കാര്യത്തിൽ ശ്രമദാനം സംഘടിപ്പിക്കാൻ സന്നദ്ധരാണെന്ന് അറിയിച്ചിരിക്കുന്നത് ശുഭകരമാണ്.

## റോഡ് ഗതാഗതം

നെല്ലായി, വല്ലക്കുന്ന് വഴിക്കുള്ള ഇരിങ്ങാലക്കുട തൃശൂർ റൂട്ട്, ഇരിങ്ങാലക്കുട ചാലക്കുടി റൂട്ട് എന്നിവയാണ് ബസ്സ് സൗകര്യത്തിൻെറ പ്രധാന ഉപാധി. പുല്ലൂർ ആനുർളി ഭാഗം, ചേർപ്പുംകുന്ന് ഭാഗം മുരിയാട് പാറക്കാട്ടുകര, ആനന്ദപുരം എടയാറ്റ് എന്നീ ഉൾപ്രദേശങ്ങളിലേക്ക് പൊതുഗതാഗതസൗകര്യമില്ല.

ഗ്രാമസഭകൾ താഴെപ്പറയുന്ന പുതിയ റൂട്ടുകൾ നിർദ്ദേശിച്ചിരിക്കുന്നു.

(1) ചാത്തൻ മാസ്റ്റർ റോഡിലൂടെ ഇരിങ്ങാലക്കുട ആമ്പല്ലൂർ, ഇരിങ്ങാലക്കുട കൊടകര, ഇരിങ്ങാലക്കുട ചാലക്കുടി.

(2) തൃശൂർ, കരുവന്നൂർ, മാപ്രാണം, ചാത്തൻ മാസ്റ്റർ റോഡ് വഴി മുരിയാട് പൂവ്വശ്ശേരിക്കാവ്, പഞ്ഞപ്പിള്ളി കല്ലേറ്റുംകര വഴി ചാലക്കുടി.

(3) ആനുർളി, പുല്ലൂർ, തൊറവൻകാട്, ഇരിങ്ങാലക്കുട വഴി തൃശൂർ.

(4) കൊടുങ്ങല്ലൂർ വെള്ളാംകല്ലൂർ, നടവരമ്പ്, കല്ലംകുന്ന് ഊരകം പുല്ലൂർ വല്ലക്കുന്ന് മുരിയാട് ആനന്ദപുരം നെല്ലായി വഴി തൃശൂർ.

(5) കൊടുങ്ങല്ലൂർ, വെള്ളാംകല്ലൂർ, നടവരമ്പ്, കല്ലംകുന്ന് ഊരകം പുല്ലൂർ വല്ലക്കുന്ന്, മുരിയാട് ആനന്ദപൂരം

ചാത്തൻ മാസ്റ്റർ വഴി കൊടകര വെള്ളിക്കുളങ്ങര.

(6) തൃശൂർ, ഇരിങ്ങാലക്കുട, ഗാന്ധിഗ്രാം തൊറവൻ കാട് പുല്ലൂർ ഊരകം കല്ലംകുന്ന് പുത്തൻചിറ, മാള.

(7) പുല്ലൂർ പടന്ന കോളനി ചേർപ്പുംകുന്ന് അമ്പലനട പുല്ലൂർ, ഗാന്ധിഗ്രാം ഇരിങ്ങാലക്കുട വഴി കൊടു ങ്ങല്ലൂർ.

(8) ചാലക്കുടി - കൊമ്പിടി - തുമ്പൂർ - അവിട്ടത്തൂർ -ഊരകം കോമ്പാറ ഇരിങ്ങാലക്കുട വഴി തൃശൂർ.

## പഞ്ചായത്തിലെ നിലവിലുള്ള PWD - റോഡുകൾ

| | | | നീളം | വീതി |
|---|---|---|---|---|
| (1) | വാർഡ് 6 | ഇരിങ്ങാലക്കുട - ചാലക്കുടി റോഡ് | 2 കി.മീ. | 8 മീ. |
| (2) | വാർഡ് 6 | പുല്ലൂർ - അവിട്ടത്തൂർ റോഡ് | 400 മീ. | 8 മീ. |
| (3) | വാർഡ് 1 -5 വരെ | വല്ലക്കുന്ന് - ആനന്ദപുരം - നെല്ലായി | 5 കി.മീ. | 8 മീ. |
| (4) | വാർഡ് 1 -3 വരെ | ചാത്തൻ മാസ്റ്റർ റോഡ് | $3^1/_2$ കി.മീ. | 8 മീ. |

## M.L.A. -റോഡ്

| | | | നീളം | വീതി |
|---|---|---|---|---|
| (1) | വാർഡ് 6,10 | പുല്ലൂർ - ഊരകം കല്ലംകുന്ന് റോഡ് | 3 കി.മീ. | 8 മീ. |

| | പ്രധാനപ്പെട്ട റോഡുകൾ | നീളം | വീതി |
|---|---|---|---|
| വാർഡ് 1 | ആനന്ദപുരം കപ്പേള പാലക്കുഴി റോഡ് | 1,700 മീ. | 8 മീ. |
| വാർഡ് 2 | ആനന്ദപുരം പടന്ന കോളനി നമ്പ്യാങ്കാവ് ഫെറി റോഡ് | $2^1/_4$കി.മീ. | 8 മീ. |
| വാർഡ് 3 | മതുക്കാട്ടിക്കുളം കൊടിയൻകുന്ന് റോഡ് | $1^3/_4$കി.മീ. | 8 മീ. |
| വാർഡ് 3,4 | പൂവ്വശ്ശേരിക്കാവ് - കാരൂർ റോഡ് | 2.2കി.മീ. | 8 മീ. |
| വാർഡ് 5 | മുരിയാട് അണ്ടിക്കമ്പനി - കടവ് റോഡ് | $1^1/_2$കി.മീ. | 8 മീ. |
| വാർഡ് 4 | പാറെക്കാട്ടുകര കപ്പേള പള്ളി റോഡ് | 1.1കി.മീ. | 8 മീ. |
| വാർഡ് 5 | വേഴേക്കാട്ടുകര പടിഞ്ഞാട്ടുംമുറി റോഡ് | 800 മീ. | 8 മീ. |
| വാർഡ് 6 | പുല്ലൂർ പുളിഞ്ചുവട് - ആനുർളി റോഡ് | 1 കി.മീ. | 6 മീ. |
| വാർഡ് 6,7 | പുല്ലൂർ-ചേർപ്പുംകുന്ന് ആനുർളി റോഡ് | $2^1/_4$കി.മീ. | 6 മീ. |
| വാർഡ് 7,8 | ചേർപ്പുംകുന്ന് - അമ്പലനട റോഡ് | 700 മീ. | 6 മീ. |
| വാർഡ് 7,8,9 | മിഷ്യൻ ആശുപത്രി തൊറവൻകാട് റോഡ് | $1^1/_2$കി.മീ. | 8 മീ. |
| വാർഡ് 8,9 | ഇരിങ്ങാലക്കുട-മുല്ല-അമ്പലനട റോഡ് | 2.2 കി.മീ. | 6 മീ. |
| വാർഡ് 9 | ഗാന്ധിഗ്രാം തൊറവൻ കാട് മഹിളാ സമാജം റോഡ് | 1 കി.മീ. | 8 മീ. |
| വാർഡ് 10 | അവിട്ടത്തൂർ ഊരകം കോമ്പാറ റോഡ് | $2^1/_2$കി.മീ. | 8 മീ. |
| വാർഡ് 10 | പുല്ലൂർ-മടത്തിക്കര-ഊരകം റോഡ് | $1^1/_4$കി.മീ. | 6 മീ. |
| വാർഡ് 10 | മണമാടത്തി ലെയിൻ | 425 മീ. | 6 മീ. |

## നിർദ്ദേശിക്കപ്പെട്ട പാലങ്ങൾ

വാർഡ് III (1) റെയിൽ ക്രോസിന് സമീപമുള്ള ചെറിയ പാലം ഗതാഗത യോഗ്യമാക്കുക.

(2) സ്കൂൾ കുട്ടികളുടെ യാത്രാസൗകര്യത്തിന് വേണ്ടി കോട്ടുപാടം തോടിനു കുറുകെ പാലം പണിയുക.

വാർഡ് IV (3) പാറക്കാട്ടുകര ഗോവിന്ദപുരം റോഡിലുള്ള പാലം വീതി കൂട്ടണം.

(4) പാറക്കാട്ടുകര കുറ്റിപ്പാടത്ത് 6 മീ. വീതിയിൽ 3 മീറ്റർ നീളമുള്ള പാലം നിർമ്മിക്കണം.

വാർഡ് V (5) മുരിയാട് അണ്ടികമ്പനി പരിസരത്ത് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് കിടങ്ങ് നികത്തുക.

VI (6) ലക്ഷംവീട് കോളനിയിൽ നിന്നും പനയന്തുള്ളി ക്ഷേത്രത്തിലേക്കും കുളത്തിലേക്കും പോകുന്നതിന് ഒരു പാലം നിർമ്മിക്കുക.

VII (7) പുല്ലൂർ ചേർപ്പുംകുന്ന് കണ്ണംപിള്ളി പാടം റോഡിലെ പാലം നന്നാക്കുക.

X (8) പുല്ലൂർ-ഊരകം റോഡിൽ നിന്ന് കർലി പാടം എടക്കാട്ടുപാടം റോഡിൽ മുട്ടുന്ന ലിങ്ക് റോഡിലുള്ള് ഓവ് മാറ്റി പാലം പണിയണം.

വാർഡ് 3,4 എന്നീ പ്രദേശത്തുകൂടി റെയിൽവേ ലൈൻ പോകുന്നുണ്ട്.

3-ാം വാർഡിൽ വെള്ളിലംകുന്ന്, തറയിലക്കാട് ഭാഗത്ത് റെയിൽ ക്രോസ് ചെയ്ത് കടക്കുന്നതിന് ഇപ്പോൾ സംവിധാനമില്ല. ഗേറ്റ് പണിയുകയും ക്രോസ്സിൽ ആളെ നിർത്തുന്നതിന് ബോർഡിൽ സമ്മർദ്ദം ചെലുത്തുകയും വേണം.

ബസ്സ് സ്റ്റോപ്പുകൾ (പുതുതായി നിർമ്മിക്കേണ്ടവ)

IV 1 പാറക്കാട്ടുകരയിൽ കപ്പേള പരിസരത്ത്
2 പാറക്കാട്ടുകര തീതായിമൂല
3 ആനന്ദപുരം ആസ്പത്രി പരിസരം. വാർഡ് 2
4 പുളിഞ്ചോട് വാർഡ് 6

5 മിഷൻ ആസ്പത്രി പുല്ലൂർ വാർഡ് 6
6 വേഴേക്കാട്ടുകര സെൻറർ വാർഡ് 5
7 വാര്യർ പീടിക വാർഡ് 1

### സാദ്ധ്യതകളും നിർദ്ദേശങ്ങളും

| | |
|---|---|
| നിർദ്ദേശിക്കപ്പെട്ട പുതിയ റോഡുകൾ | 25 |
| പാലങ്ങൾ | 8 |
| ബസ്സ് സ്റ്റോപ്പുകൾ | 7 |
| ടാർ ചെയ്യേണ്ടവ | 23 |
| മെറ്റൽ ചെയ്യേണ്ടവ | 59 |

നിലവിലുള്ള റോഡുകളുടെ എണ്ണവും മെറ്റൽ ചെയ്ത് ടാറിടേണ്ട റോഡുകളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ പുതിയ റോഡ് നിർദ്ദേശങ്ങൾ പരിമിതമാണ്. പഞ്ചായത്തിലെ റോഡ് സാദ്ധ്യതകൾ ഒരുവിധം പരിഹരിക്കപ്പെട്ടിരിക്കുന്നു എന്നാണിതു നല്കുന്ന സൂചന. എല്ലാ വാർഡുകളിൽ നിന്നും റോഡ് നിർദ്ദേശങ്ങളോടൊപ്പം തന്നെ സന്നദ്ധപ്രവർത്തനത്തിനുള്ള സന്നദ്ധതയും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ആവേശകരമായ പാരമ്പര്യമാണ് ഇക്കാര്യത്തിൽ പഞ്ചായത്തിനുള്ളത്.

●

# ഊർജ്ജം

വൈദ്യുതി, വിറക്, മണ്ണെണ്ണ, പാചകഗ്യാസ്, ബയോഗ്യാസ് എന്നിവയാണ് പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്ന പ്രധാന ഊർജ്ജമാർഗ്ഗങ്ങൾ. സൗരോർജ്ജ സാദ്ധ്യതകളും ഡീസൽ, പെട്രോൾ എന്നിവകൊണ്ടുള്ള ഊർജ്ജോപയോഗവും നടത്തുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഗാർഹിക ഉപയോഗങ്ങൾ മുതൽ വ്യാവസായിക വളർച്ച വരെ എത്തിനില്ക്കുന്ന ഊർജ്ജാവശ്യം നിറവേറ്റപ്പെടുന്നതെങ്ങനെ എന്നത് വികസനത്തിൻെറ പ്രധാന ചാലകമാണ്. പുതിയ ഊർജ്ജസ്രോതസ്സുകൾ (വൈദ്യുതിനിർമ്മാണത്തിന് ചെക്ക് ഡാം അല്ലെങ്കിൽ മറ്റ് പദ്ധതികൾ, കല്ക്കരി, മണ്ണെണ്ണ തുടങ്ങിയവ) ഒന്നുമില്ലാത്ത പഞ്ചായത്താണിത്. ഊർജ്ജത്തിൻെറ മിതമായ വ്യയത്തിലും മുൻഗണനാക്രമത്തിലുള്ള വിതരണത്തിലും ഊന്നൽ കൊടുക്കുകയാണ് വേണ്ടത്.

### വിറകും ദക്ഷത കൂടിയ അടുപ്പുകളും

പഞ്ചായത്തിലെ ഗാർഹികാവശ്യത്തിനായി ഉപയോഗിക്കുന്ന വിവിധ ഇന്ധനങ്ങളുടെ ഉപയോഗത്തെ സൂചിപ്പിക്കുന്ന പൈ ഡയഗ്രം താഴെ കൊടുക്കുന്നു.

| | |
|---|---|
| വിറക് | 75% |
| മണ്ണെണ്ണ | 15% |
| വൈദ്യുതി | 5% |
| ഗ്യാസ് | 3% |
| ഗോബർ ഗ്യാസ് | 2% |

എന്നിങ്ങനെയാണ്.

ആകെ വീടുകളുടെ എണ്ണം 6114. ഇതു സൂചിപ്പിക്കുന്നത് ഊർജ്ജാവശ്യത്തിന് 4585 വീടുകളും ആശ്രയിക്കുന്നത് വിറകിനെ ആണെന്നാണ്. ഒരു ഗൃഹത്തിൽ ഒരു ദിവസം 5 കി.ഗ്രാം. വിറകെന്ന വളരെ ചെറിയ അളവ് സൂചികയെടുത്താൽ പോലും ദിവസേന 22925 കി.ഗ്രാം വിറക് ഉപയോഗിക്കപ്പെടുന്നുണ്ട്. വർഷത്തിൽ ഏകദേശം 830 ടൺ വിറക് ഈ പഞ്ചായത്തിൽ മാത്രം ഉപയോഗിക്കപ്പെടുന്നു. പഞ്ചായത്തിൽ വിറകു കടകൾ 4-5 മാത്രമേയുള്ളൂ. അവയിൽ നിന്നുതന്നെ നിത്യോപയോഗത്തിനുള്ള വില്പന കുറവാണ്. പഞ്ചായത്തിലെ ജനങ്ങളുടെ വിറകിൻെറ ആവശ്യം ഏതാണ്ട് പൂർണ്ണമായും മരങ്ങൾ മുറിച്ച് ഉപയോഗിക്കപ്പെടുന്നതിലൂടെയാണ് നിർവഹിക്കപ്പെടുന്നത് എന്നത് തർക്കമറ്റ വിഷയമാണ്. ഇത് നമ്മുടെ പ്രകൃതിയിലും പരിസ്ഥിതിയിലും ഏല്പിക്കുന്ന ആഘാതം എത്രമാത്രം വലുതാണെന്ന് ഊഹിക്കാമല്ലോ. കാലം ചെല്ലുംതോറും വീടുകളുടെ എണ്ണവും പരിസ്ഥിതിനാശത്തിൻെറ വേഗതയും വർദ്ധിക്കുന്നു. പ്രകൃതിസമ്പത്തുക്കളെ യാതൊരു നിയന്ത്രണവുമില്ലാതെ ഉപയോഗിക്കുന്നതിൻെറ ഉത്തമ ദൃഷ്ടാന്തമാണ് വിറകിൻെറ കഥ. പഞ്ചായത്തിൽ കേവലം 186 വീടുകളിൽ മാത്രമാണ് ഇതുവരെയായി ദക്ഷത കൂടിയ പരിഷത്തടുപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. 60 ശതമാനം (3660ൽ പരം) വീടുകളിലെങ്കിലും ദക്ഷത കൂടിയ പുകശല്യമില്ലാത്ത അടുപ്പുകൾ ഉപയോഗിച്ചാൽ വിറകുപഭോഗം മൂന്നിലൊന്നായി ചുരുക്കാം. ഈ ദിശയിൽ ബോധപൂർവ്വമായ പ്രവർത്തനം വേണം. വർഷത്തിൽ 720 അടുപ്പുകൾ എന്ന ലക്ഷ്യം. (ഒരു വാർഡിൽ 72) നേടത്തക്കവിധം ANERT മായി സഹകരിച്ചുകൊണ്ട് പുകശല്യമില്ലാത്ത ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കണം.

### മണ്ണെണ്ണ, ഗ്യാസ്, ഗോബർ ഗ്യാസ്

സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗിക്കപ്പെട്ടതായി കാണുന്നില്ല. മണ്ണെണ്ണ ഉപയോഗത്തേക്കാൾ ഗ്യാസിനോടാണ് ഇപ്പോൾ താല്പര്യം കണ്ടുവരുന്നത്. ബയോഗ്യാസ് പ്ലാൻറുകളുടെ എണ്ണം ഏകദേശം 25ൽ താഴെ മാത്രമാണ്. കാലി വളർത്തൽ കൂടുതലുള്ള പ്രദേശങ്ങളെന്ന നിലക്ക് കൂടുതൽ ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കാനുള്ള പദ്ധതി ആവശ്യമാണ്. ഒരു പഠന സംഘം ബയോഗ്യാസ് പ്ലാൻറിന് സാദ്ധ്യതയുള്ള വീടുകൾ/കോളനികൾ മാർക്ക് ചെയ്യുകയും അതനുസരിച്ചു

ള്ള പദ്ധതിക്ക് രൂപം നല്കുകയുമാണ് ചെയ്യേണ്ടത്. സൗരോർജ്ജം ഉപയോഗിക്കുന്നതിനുള്ള ചെലവു കുറഞ്ഞ സംവിധാനങ്ങൾ പരിചയപ്പെടുത്തുക.

## വൈദ്യുതി

പഞ്ചായത്തിലുള്ള ട്രാൻസ്ഫോർമറുകളുടെ പട്ടിക (ഇരിങ്ങാലക്കുട KSEB No. IIൻെറ കീഴിലുള്ളവ മാത്രം) താഴെ കൊടുക്കുന്നു.

| Sl. No. | ട്രാൻസ്ഫോർമറിൻെറ സ്ഥാനം | കപ്പാസിറ്റി |
|---|---|---|
| 1 | പുല്ലൂർ ചിറ | 160 KVA |
| 2 | സോമിൽ | " |
| 3 | മിഷൻ ഹോസ്പിറ്റൽ | " |
| 4 | എടക്കാട്ടു പാടം | 100 KVA |
| 5 | ആനുർളി I | 160 KVA |
| 6 | ആനുർളി II | 160 KVA |
| 7 | മുരിയാട് തെക്ക് | 100 KVA |
| 8 | അശോക ഓയിൽ മിൽ | 100 KVA |
| 9 | കുന്നത്തറ | 63 KVA |
| 10 | പ്രഭു | 63 KVA |
| 11 | കശുവണ്ടി ഫാക്ടറി | 160 KVA |
| 12 | കാവിൽ കുളം I | 100 KVA |
| 13 | കാവിൽ കുളം II | 100 KVA |
| 14 | വട്ടപ്പറമ്പ് | 63 KVA |
| 15 | കോൾ I | 160 KVA |
| 16 | കോൾ II | 160 KVA |
| 17 | കരിമ്പാടം | 100 KVA |
| 18 | കൊമ്പൻകേരി മുക്ക് | 100 KVA |
| 19 | ആനന്ദപുരം ബണ്ട് | 250 KVA |
| 20 | കപ്പാറ | 100 KVA |
| 21 | തൊറവൻകാട് | 160KVA |
| 22 | " II | 100 KVA |
| 23 | " III | 100 KVA |
| 24 | " IV | 50 KVA |
| 25 | ഊരകം I | 100 KVA |
| 26 | ഊരകം II | " |
| 27 | ഊരകം III | " |

| സ്ട്രീറ്റ് ലൈറ്റുകൾ | KSEB ഇരിങ്ങാലക്കുട | KSEB പറപ്പൂക്കര | ആകെ |
|---|---|---|---|
| ബൾബ് | 295 | 120 | 415 |
| ട്യൂബ് | 27 | 10 | 37 |

വൈദ്യുതീകരിച്ച കോളനികൾ 7

വൈദ്യുതി ഉപഭോക്താക്കൾ

| | നിലവിലുള്ളത് |
|---|---|
| ഗാർഹികം | - 3165 |
| വ്യാപാരം | - 76 |
| വ്യാവസായികം | - 48 |
| കാർഷികം | - 1235 |

6114 വീടുകളിൽ 3165 വീടുകൾ മാത്രം വൈദ്യുതീകരിച്ചതായാണ് കാണുന്നത്. പറപ്പൂക്കര സബ്ഡിവിഷൻെറ കീഴിലുള്ള കണക്ഷനുകളും 7 കോളനികളിലെ വീടുകളും കുറച്ചാലും വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടില്ലെന്ന് കാണാവുന്നതാണ്. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണവും പര്യാപ്തമല്ല.

### ഗ്രാമസഭാ നിർദ്ദേശങ്ങളിൽനിന്നും വിവരശേഖരണത്തിൽ നിന്നും വ്യക്തമായ പ്രശ്നങ്ങൾ

(1) പഞ്ചായത്തിൽ വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ഇനിയുമുണ്ട് (കോളനികളടക്കം). എന്നാൽ വൈദ്യുതവകുപ്പിൻെറ രേഖകളനുസരിച്ച് എല്ലാ കോളനികളും വൈദ്യുതീകരിക്കപ്പെട്ടു കഴിഞ്ഞവയാണെന്ന് കാണുന്നു. താഴെപ്പറയുന്നവയാണ് അടിയന്തിരമായി വൈദ്യുതീകരിക്കേണ്ട പ്രദേശങ്ങളായി ഗ്രാമസഭകൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

| വാർഡ് | സ്ഥലം |
|---|---|
| I | മൂർത്തിപറമ്പ് പരിസരം |
| I | കോടിയൻകുന്ന് ലക്ഷംവീട് കോളനി |
| III | തറയിലക്കാട്ട് |
| III | ചാലിയിൽപാടം (പടിഞ്ഞാറുവശം) |
| V | കപ്പാറലക്ഷം വീട്ട് കോളനി |
| V | ആരംഭനഗർ കോളനി |
| VI | നാലുസെൻറ് കോളനി |
| VII | പുല്ലൂർദേവി തിയ്യറ്ററിന് പടിഞ്ഞാറുവശം |
| VIII | മണക്കാടൻ വേലുവിൻെറ വീടിൻെറ പരിസരത്തുനിന്നും തൃക്കാശ്ശേരി കൃഷ്ണൻെറ വീടിൻെറ പരിസരംവരെ. |

2. പഞ്ചായത്തിലെ ഇരിങ്ങാലക്കുട, കൊടകര, പറപ്പൂക്കര സെക്ഷനുകളുടെ കീഴിലുള്ള സ്ഥലങ്ങളെ യോജിപ്പിച്ച് ഒരു സെക്ഷൻ ഓഫീസ് സ്ഥാപിക്കുക.

3. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ (ഇരിങ്ങാലക്കുട ലൈനിൽ പ്രത്യേകിച്ചും) ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

4. സ്ട്രീറ്റ്ലൈറ്റുകൾ കൂടുതൽ സ്ഥാപിക്കുക ഉള്ളവ സ്ഥിരമായി കത്തിക്കുക.

5. പഞ്ചായത്തിൽ ഒരു ഗവ: ഗ്യാസ് ഏജൻസി ഏർപ്പെടുത്തുക.

6. ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക. ഉള്ളവയുടെ പവർ വർദ്ധിപ്പിക്കുക.

7. വീടുകളിൽ സ്റ്റെപ്പ്അപ്പ് ഉപയോഗിക്കുന്നതിനാൽ മറ്റുവീടുകളിൽ ഉള്ളവോൾട്ടേജ്തന്നെ ലഭിക്കുന്നില്ല. സ്റ്റെപ്പ്അപ്പ് ഉപയോഗം തടയുക.

8. വൃക്ഷത്തലപ്പുകളിൽ ലൈൻ മുട്ടുന്നതു കൊണ്ടു് പ്രേസരണ നഷ്ടം വർദ്ധിക്കുന്നു. ഇതൊഴിവാക്കാൻ ലൈനുകൾ വാർഡു് തലത്തിൽ പരിശോധിക്കുക. വാർഡിന്റെ ഒരു ഊർജ്ജ മാപ്പ് ഉണ്ടാക്കുക.

### സാധ്യതകൾ

(1) ANERT-ഉം മറ്റു് സാങ്കേതിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സൗരോർജ്ജ വിളക്കുകൾ കഴിയുന്നത്ര വിതരണം ചെയ്യുക.

(2) മുരിയാടു് കായലിന്റെ തീരത്ത് വിൻറ്മില്ലുകൾ സ്ഥാപിച്ച് കാറ്റിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുക.

(3) ANERT-ന്റെ ഇലക്ട്രോണിക് ചോക്കുകളും (വില 125 രൂപ) വൈദ്യുതികോപാംക്ട് ഫ്ളൂറസെൻറ് ലാമ്പുകളും (CFL) പ്രചരിപ്പിക്കുക.

(4) ബയോഗ്യാസ് പ്ലാൻറുകൾ. പ്രധാനകോളനികളിൽ സ്ഥാപിക്കുക.

(5) പുകയില്ലാത്ത ദക്ഷത കൂടിയ അടുപ്പുകളുടെ വ്യാപനം. - വാർഡുകൾ തോറും അടുപ്പ് നിർമ്മാണത്തിൽ സ്ത്രീകൾക്ക് പരിശീലനം നല്കുക. അടുപ്പ്‌വെക്കുന്നതിനും പരിരക്ഷിക്കുന്നതിനും സ്ത്രീകളുടെ കമ്മിറ്റികൾ അയൽക്കൂട്ടാടിസ്ഥാനത്തിൽ ഉണ്ടാക്കുക.

(6) ഇലക്ട്രിസിറ്റിബോർഡിന്റെ സെക്ഷൻ ഓഫീസ് തുടങ്ങാൻ സമ്മർദ്ദം ചെലുത്തുക.

(7) കൃഷി ആവശ്യത്തിന് വൈദ്യുതി കുറഞ്ഞ നിരക്കിൽ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് ഏർപ്പാടുണ്ടാക്കുക. പ്രശ്നങ്ങൾ വാർഡുതല കമ്മിറ്റികളും ബോർഡുദ്യോഗസ്ഥന്മാരുമായി ചർച്ചചെയ്തു പരിഹാരങ്ങൾ കണ്ടെത്തുക.

(8) ആഡംബരാവശ്യത്തിനുള്ളതും വൈദ്യുതിചെലവ് കൂടുതലുള്ളതുമായ ഉപകരണങ്ങളുടെ ഉപയോഗം നിയന്ത്രിക്കുക. (വാഷിംഗ്മെഷീൻ, ഓവൻ തുടങ്ങിയവ)

(9) വൈദ്യുതി ഉപഭോഗം സംബന്ധിച്ച് വാർഡുതലത്തിൽ ബോധവല്ക്കരണ ക്ലാസ്സുകൾ നടത്തുക. ഓരോവാർഡിലും മോട്ടോർ, മിക്സി, തുടങ്ങിയവ ഉപയോഗിക്കുന്നതിന് വ്യത്യസ്ത സമയങ്ങൾ ചിട്ടപ്പെടുത്തുക. വോംട്ടേജ് ലഭ്യത പരമാവുധി ഉപയോഗപ്പെടുത്താൻ ഇത് സഹായിക്കും.

(10) സംസ്ഥാനത്ത് വൈദ്യുതിയുടെ കമ്മി നികത്തപ്പെടുന്നതുവരെ പഞ്ചായത്തിൽ ഉത്സവങ്ങൾക്കും കലാണങ്ങൾക്കും ദീപാലംകാരങ്ങളും മറ്റും ലൈൻ വൈദ്യുതി ഉപയോഗിച്ചു നടത്തുന്നത് നിർത്തുക. വൈദ്യുതി പ്രതിസന്ധിയുടെ ഗൗരവത്തെക്കുറിച്ച് പഞ്ചായത്തിൽ നടക്കുന്ന ഏതുയോഗങ്ങളിലും 5 മിനിട്ടെങ്കിലും നീക്കിവെച്ച് പരാമർശിക്കണമെന്ന് തീരുമാനമുണ്ടാക്കുക.

## മാർക്കറ്റ്

പഞ്ചായത്തിൽ പൊതുമാർക്കറ്റ് ഇല്ല. കാർഷിക വിളകളുടെ വില്പന പ്രധാനമായും ഇരിങ്ങാലക്കുട ചന്തയിലും. മത്സ്യവില്പന അതത് പ്രദേശങ്ങളിൽ വ്യക്തികൾ പരസ്പരവുമാണ് നടത്തുന്നത് മാംസ വില്പന താല്ക്കാലിക കേന്ദ്രങ്ങളിൽ നടക്കുന്നു.

### പ്രശ്നങ്ങൾ

(1) ചെറുകിട കർഷകർക്ക് കാർഷികവിളകൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. ഇടനിലകച്ചവടക്കാർക്ക് മുൻക്കൂർആയി വിളകൾ നല്കുന്ന ഏർപ്പാടുമുണ്ട്. ഇതുമൂലം കർഷകൻ നിസ്സഹായനാകുന്നു. ഇടനിലകരാറുകാരൻ വൻലാഭം കൊയ്യുന്നു.

(2) നെല്ല്, നാളികേരം ഇവയുടെ സംഭരണം അതത് സീസണുകളിൽ ഇടനിലകച്ചവടക്കാർ വഴ ിനടക്കുന്നു. നിരക്ക്ക്കുറവ്, അളവിൽ കൃത്രിമം തുടങ്ങിയപ്രശ്നങ്ങൾ അനുഭവപ്പെടുന്നു.

(3) മത്സ്യതൊഴിലാളികൾക്ക് മത്സ്യത്തിന് ന്യായമായ വില ലഭിക്കുന്നില്ല.

(4) താല്ക്കാലിക അറവു/വില്പന കേന്ദ്രങ്ങളിലൂടെ ലഭിക്കുന്ന മാംസം ദോഷമറ്റതാണെന്ന ഉറപ്പില്ല.

### സാധ്യതകൾ:

(1) മുരിയാടു്/ആനന്ദപുരം കേന്ദ്രമായി ഒരു പൊതു മാർക്കറ്റ് ആരംഭിക്കുക.

(2) കൊയ്ത്തുകാലത്ത് നെല്ലു സംഭരണത്തിന് സഹകരണ സംഘങ്ങൾ വഴി സംവിധാനമുണ്ടാക്കുക.

(3) നാളികേര സംഭരണത്തിന് ഏർപ്പാടുണ്ടാക്കുക. ഇവിടെ വാങ്ങുന്ന കൊപ്രയുടെ വിലതന്നെ സ്വകാര്യ കച്ചവടക്കാരിൽനിന്നും ലഭിക്കുമെന്നുറപ്പുണ്ടാക്കുക.

(4) പച്ചക്കറി വില്പന/വിപണനത്തിന് വാർഡുതലത്തിൽ സഞ്ചരിക്കുന്ന മാർക്കറ്റുണ്ടാക്കുക. ആഴ്ചയിൽ രണ്ടു ദിവസം വാർഡിന്റെ പ്രധാനകേന്ദ്രങ്ങളിൽ വാഹനത്തിൽ പച്ചക്കറി എത്തിക്കുക. വാർഡിൽ കൃഷിചെയ്തുണ്ടാക്കുന്ന പച്ചക്കറികൾ ഈ മാർക്കറ്റിലൂടെ തന്നെ ന്യായവിലക്ക് സംഭരിച്ച് വിപണനം നടത്തുക. വാർഡുതലത്തിൽ സ്ത്രീകളുടേതായ ഒരു സഹകരണ സംഘമുണ്ടാക്കിയാൽ ഇത് ഫലപ്രദമായി നടത്താം.

(5) കായലോരത്ത് മത്സ്യവിപണനത്തിന് ഒരു താല്ക്കാലിക മാർക്കറ്റുണ്ടാക്കുക. ഇതിനാവശ്യമായ സ്ഥലവും സൗകര്യങ്ങളും പഞ്ചായത്തടിസ്ഥാനത്തിൽ നല്കുക.

# 5-7

# ഭവന നിർമ്മാണം
# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

വിദ്യാഭ്യാസപരമായും, സാംസ്കാരികമായും ഏറെ മുൻപന്തിയിൽ നില്ക്കുന്ന ഈ ഗ്രാമപഞ്ചായത്ത് മുരിയാട്, ആനന്ദപുരം, പുല്ലൂർ എന്നീ വില്ലേജുകൾ ഉൾപ്പെട്ടതാണ്.

ഈ പഞ്ചായത്തിൻെറ സാമ്പത്തികമേഖലയിൽ ഒരു പ്രധാന ഘടകമാണ് ഗൾഫ് പണത്തിൻെറ സ്വാധീനം. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഈ പണം കൂടുതലും ഉപയോഗിക്കുന്നത് കോൺക്രീറ്റ് കൊട്ടാരങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടിയാണ്.

വിവിധ മേഖലകളിൽ കൂലിപ്പണി ചെയ്ത് ഉപജീവനമാർഗ്ഗം നടത്തുന്നവരാണ് ഈ പഞ്ചായത്തിൽ കൂടുതൽ പേരും. അതുകൊണ്ട്തന്നെ കുടിലുകളും, ഇടത്തരം വീടുകളുമാണ് ഭൂരിപക്ഷവും. ഇതിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളും, നിർമ്മാണത്തൊഴിലാളികളും കൈവേലക്കാരും തിങ്ങി താമസിക്കുന്നതുമാണ്.

പഞ്ചായത്തിലെ 6114 വീടുകളിൽ 756 വീടുകൾ കുടിലുകളും ഓലമേഞ്ഞതും ആണ്. ഭൂരിഭാഗവും സിമൻറ് തറയുള്ളവയാണ്. മൊസേക്കിട്ട വീടുകളുടെ എണ്ണവും കുറവല്ല.

പട്ടിക 1
വാർഡുതലത്തിൽ വീടുകളുടെ തരംതിരിവ്

| വാർഡ് | ഓട് | ടെറസ്സ് | ഓല | ടെറസ്സും ഓടുമുള്ളത് | ഇരുനില | കുടിൽ | ആകെ |
|---|---|---|---|---|---|---|---|
| 1 | 490 | 124 | 17 | 7 | 12 | 4 | 654 |
| 2 | 425 | 164 | 14 | 6 | 20 | 8 | 638 |
| 3 | 439 | 91 | 99 | 5 | 6 | 43 | 683 |
| 4 | 343 | 121 | 58 | 5 | 7 | 16 | 550 |
| 5 | 570 | 193 | 54 | 6 | 11 | 78 | 912 |
| 6 | 252 | 205 | 53 | 4 | 21 | 21 | 556 |
| 7 | 234 | 167 | 61 | 7 | 13 | 15 | 499 |
| 8 | 280 | 123 | 60 | 5 | 9 | 9 | 486 |
| 9 | 301 | 163 | 59 | 2 | 9 | 14 | 548 |
| 10 | 331 | 162 | 65 | 5 | 17 | 8 | 588 |
| ആകെ | 3,665 | 1,513 | 540 | 52 | 125 | 216 | 6,114 |

91,92 വർഷം മുതൽ പഞ്ചായത്തിലെ പത്ത് വാർഡുകളിലായി നിർമ്മിച്ച വീടുകളിൽ ഏറെക്കുറെ വിവിധ തരം വീടുകളിൽ തുല്യത പുലർത്തുന്നുണ്ടെങ്കിലും കോൺക്രീറ്റ് ഭവനങ്ങളുടെ നിർമ്മാണച്ചിലവ് വളരെ അധികം വർദ്ധിച്ചതായി കാണുന്നു. ഇത് ആർഭാടമായ വലിയ വീടുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിൻെറ വിവിധ വാർഡുകളിലും, പ്രദേശങ്ങളിലുമായി ലക്ഷങ്ങൾ മുടക്കി വലിയ വീടുകൾ നിർമ്മിച്ചിരിക്കുന്നു. വയൽ നികത്തി കെട്ടിടം പണിയുന്ന അവസ്ഥയും ഇല്ലാതില്ല.

കാർഷികമേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവണതയെ ബോധവൽക്കരണത്തിലൂടെയും നിയമത്തിലൂടെയും ചെറുക്കേണ്ടതാണ്. ഭവനനിർമ്മാണ രംഗത്ത് മുരിയാട് സഹകരണ ബാങ്ക്, വിവിധ ദേശസാൽകൃത ബാങ്കുകൾ, ഹൗസിംഗ് ബോർഡ്, സഹകരണ ഭൂവികസന ബാങ്ക്, ഹൗസിംഗ് സഹകരണ സംഘം H.D.T.C. എന്നീ ബാങ്കുകളെ ഈ പഞ്ചായത്തിലെ ജനങ്ങൾ വായ്പ ലഭിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും കാരണം ബുദ്ധിമുട്ടും സമയത്തിന് വായ്പ ലഭിക്കാത്ത സ്ഥിതിയുമുണ്ട്. ഇത് വായ്പ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയുണ്ടാക്കുന്നു. ഈ ഭവനവായ്പകൾ സാധാരണക്കാരനും ലഭിക്കത്തക്ക രീതിയിൽ വായ്പാവ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന ഭവനം ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
2. പലിശനിരക്ക് 12 ശതമാനമാക്കി നിജപ്പെടുത്തുക.
3. പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടു കൂടി വീട് നിർമ്മിച്ച് നല്കുക.

ഈ പഞ്ചായത്തിൽ ഏകദേശം 500 കുടുംബങ്ങളും സ്വന്തമായ വീടില്ലാതെന്നിരിക്കെ സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമാക്കുന്ന വീടിൻെറ എണ്ണം വളരെ കുറവാണെന്നാണ് കണക്കുകൾ കാണിക്കുന്നത്.

സർക്കാർ ഭവനനിർമ്മാണ ബോർഡ് വഴി ദുർബല, ഇടത്തര വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവനവായ്പ ദുർബ്ബലവിഭാഗക്കാരിൽ വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ലഭിക്കുന്നത്. ദുർബ്ബലവിഭാഗക്കാർക്ക് വീട് വയ്ക്കാനും, ഇടത്തരക്കാർക്ക് നിർമ്മാണത്തിനും, പുതുക്കി പണിയാനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാക്കണം. ജനകീയാവശ്യങ്ങളിൽ പ്രധാനപ്പെട്ട പാർപ്പിടപ്രശ്നം യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതുണ്ട്.

പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 2
ഭവനലഭ്യതപ്പട്ടിക, മുരിയാട് ഗ്രാമപഞ്ചായത്ത്

| വർഷം | RLEGP | NREP | IAY | MWS | JRY | Untied | ആകെ |
|---|---|---|---|---|---|---|---|
| 84-89 | 42 | 33 | | | | | 75 |
| 89-90 | | | 7 | 6 | 19 | | 32 |
| 90-91 | | | 8 | 7 | 15 | | 30 |
| 91-92 | | | 12 | 4 | 7 | | 23 |
| 92-93 | | | 6 | 8 | 12 | | 26 |
| 93-94 | | | 7 | 4 | 2 | | 13 |
| 94-95 | | | 8 | 6 | 13 | | 27 |
| 95-96 | | | 16 | 12 | 2 | 10 | 40 |
| ആകെ | 42 | 33 | 64 | 47 | 70 | 10 | 266 |

വിവിധ പദ്ധതി അനുസരിച്ച് ഈ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ള വീടുകൾ 1984-'85 കാലയളവു മുതൽ 1995-'96 കാലയളവ് വരെ മൂന്ന് വില്ലേജുകളിലായി പത്ത് വാർഡുകളിൽ 266 വീടുകളാണ് എന്ന് കണക്കുകൾ കാണിക്കുന്നു. ഭവനനിർമ്മാണ ബോർഡ് വഴി ദുർബ്ബല വിഭാഗങ്ങൾക്ക് നല്കുന്ന സഹായങ്ങളും വായ്പയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും കൂലിനിരക്കിലെ ക്രമാതീതമായ വർദ്ധനവ് നിമിത്തവും സാധാരണക്കാരന് സ്വന്തമായ ഒരു വീട് എന്ന സ്വപ്നം വെറും ആഗ്രഹമായിത്തന്നെ അവശേഷിക്കുകയാണ്.

1972-'73 വർഷങ്ങളിൽ വിദഗ്ദ്ധതൊഴിലാളികൾക്ക് 15 രൂപ കൂലി ഉണ്ടാകുമ്പോൾ അവിദഗ്ദ്ധ തൊഴിലാളികൾക്ക് 10,11 രൂപയായിരുന്നു കൂലി നിരക്ക്. 1975-'76 കാലയളവിൽ വിദഗ്ദ്ധതൊഴിലാളിക്ക് 18 രൂപയാവുകയും, അവിദഗ്ദ്ധ തൊഴിലാളികൾക്ക് 15 രൂപയായും 1992-'93 വർഷങ്ങളിൽ യഥാക്രമം 80,90 രൂപയും 65,75 രൂപയും 1994 കാലയളവിൽ 100,110 വിദഗ്ദ്ധ തൊഴിലാളികൾക്കും 70,80 രൂപ അവിദഗ്ദ്ധ തൊഴിലാളിക്കും ഉണ്ടായിരുന്ന കൂലിനിരക്ക് 1995-'96 കാലയളവിൽ 90 ക. മുതൽ 130 രൂപ വരെയുംഅവിദഗ്ദ്ധ തൊഴിലാളികൾക്ക് 90 രൂപ മുതൽ 100 രൂപ വരെയും എത്തിനില്ക്കുന്നതായും കണക്കാക്കപ്പെടുമ്പോൾ സ്ത്രീതൊഴിലാളികൾ പഞ്ചായത്തിൽ വിദഗ്ദ്ധതൊഴിലാളികളായി അറിയപ്പെടുന്നില്ല. അവിദഗ്ദ്ധ തൊഴിലാളികളായി പഞ്ചായത്തിൽ സ്ത്രീകൾ കൂടുതൽ ഉള്ളതായി കണക്കാക്കപ്പെടുന്നു. പുരുഷ തൊഴിലാളികളേക്കാൾ കുറവാണ് സ്ത്രീ തൊഴിലാളികൾക്ക് കൂലിനിരക്കെന്ന് പറയപ്പെടുന്നു. ഇപ്പോൾ 1995-'96 കാലയളവിൽ 80,90 രൂപയാണ് സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കുന്നത്.

കെട്ടിടനിർമ്മാണ സാമഗ്രികളായ സിമൻറ് 1987-'88 വർഷങ്ങളിൽ 65-70 രൂപയും 1989ൽ 100 രൂപയും 1992-'94 വർഷങ്ങളിൽ 150 രൂപയും 1995-'96 വർഷങ്ങളിൽ 190 രൂപയായും എത്തിനില്ക്കുന്നു. 1987-'88ൽ 100 കല്ലിന് 480 രൂപ ഉണ്ടായിരുന്നത് 1994-ൽ 570 രൂപയായും 1995ൽ 620 രൂപയായും 1996ൽ 670 രൂപയായും എത്തിനില്ക്കുന്നു. കല്ലിൻെറ ഗുണത്തിൽ വ്യത്യാസമുണ്ടായിട്ടില്ല എന്ന് കണക്കാക്കപ്പെടുന്നു. 1987-'88ൽ ഒരു കിലോ കമ്പിക്ക് 12ക. 70 പൈസ ആയിരുന്നത് 1996ൽ 16.50ൽ എത്തിനില്ക്കുന്നതായി കാണുന്നു. കോൺക്രീറ്റ് യൂണിറ്റിന് 1987-'88ൽ 4,500 രൂപ ഉണ്ടായിരുന്നത് (1000 സ്ക്വയർ അടിക്ക്) ഇപ്പോൾ 7,500ക. യായി എത്തിനില്ക്കുന്നു. 1995ൽ Ist Class ഓടിന് ആയിരത്തിന് 4500 ക. ഉണ്ടായിരുന്നത് '96ൽ 5000 ക.യിൽ എത്തിനില്ക്കുന്നു.

കൂലിനിരക്കിലും അതിനേക്കാൾ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നല്കുന്ന സഹായങ്ങളും വായ്പകളും അപര്യാപ്തമാകുന്നു.

റവന്യൂ വകുപ്പ് വഴി പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യവും പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും വളരെ മോശപ്പെട്ട കണക്കുകളാണ് ഈ പഞ്ചായത്തിൽ കാണുന്നത്.

പ്രകൃതിക്ഷോഭം മൂലം നഷ്ടപ്പെടുന്ന വീടുകൾ പുനർനിർമ്മിക്കാനോ നന്നാക്കാനോ ഈ വായ്പയും സഹായവും കൊണ്ടു കഴിയാത്ത സ്ഥിതിയാണ് ഇത്.

പഞ്ചായത്തിലാകെ 7 ഹരിജൻ കോളനികളിലായി 616 കുടുംബങ്ങളും 590 വീടുകളിലായി 3,875 അംഗങ്ങളും താമസിക്കുന്നതായി കണക്കുകൾ കാണിക്കുന്നു. പഞ്ചായത്തിലെ കുടിലുകൾ മാറ്റി എടുക്കലും ഭവനരഹിതർക്ക്

വീട് നിർമ്മിച്ച് നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാകുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾകൊണ്ടും കാര്യമായി കഴിയില്ലെന്ന് അനുഭവം നമ്മെ അറിയിക്കുന്നു. വാർഡു തലത്തിൽ ഒരു ബൃഹത്തായ പദ്ധതിക്കേ ഇത് മാറ്റി എടുക്കാൻ കഴിയൂ എന്ന് നാം തിരിച്ചറിയുന്നു. ഇതിനായി വാർഡുതലത്തിൽ ഗുണഭോക്താക്കളുടെയും സന്നദ്ധസംഘടനകളേയും സംയുക്തമായി വിളിച്ച്ചേർത്ത് ഗുണഭോക്താക്കൾ എത്ര രൂപ സമാഹരിക്കാൻ കഴിയും എന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിന് പുറമെ സാധനങ്ങളും അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

പാർപ്പിടരംഗത്ത് സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. എൻജിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലേക്കെത്തിയിരിക്കുന്ന ഏജൻസിയായി (സന്നദ്ധസംഘടന) ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.
2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് (സിമൻറ്, കമ്പി മുതലായവ) ഇടപെടുക.
3. നിർമ്മാണച്ചെലവ് ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.
4. സർക്കാരിൽ നിന്ന് ലഭ്യമാകുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.

   അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക. റജിസ്റ്റർ ഫീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.

   സ്റ്റേജ് സർട്ടിഫിക്കറ്റ് നല്കാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.
5. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.
6. ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
7. സർക്കാരിൽ നിന്ന് ലഭ്യമാകുന്ന ഭവന നിർമ്മാണ വായ്പസംഖ്യ വർദ്ധിപ്പിക്കുക.

   IAY, MWS, JRY, RLEGP എന്നിവ 15,800 രൂപയിൽ നിന്ന് 30,000 രൂപയായി ഉയർത്തുക.
8. "രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി" 26,400 രൂപയിൽ നിന്ന് 35,000 രൂപയായി ഉയർത്തുക.
9. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15,000 രൂപയിൽ നിന്ന് 20,000 രൂപയായി ഉയർത്തുക.
10. 1971-ൽ അനുവദിച്ച പണിതീർത്ത 2 വീടുകൾ ഒരുമിച്ച് ചേർത്ത് പണിതിട്ടുള്ള ലക്ഷംവീടുകൾ ഒറ്റവീടുകളാക്കി പുതുക്കി പണിയാൻ ധനസഹായം നൽകണം. അറ്റകുറ്റപ്പണികൾ ചെയ്തുകൊടുക്കണം.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. ഗവൺമെൻറ് വഴി സൗജന്യമായി ഭൂമി വിതരണം ചെയ്യുകയും അവിടങ്ങളിൽ L.I.C. തുടങ്ങിയ കേന്ദ്രപൊതുസ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശക്കുള്ള വായ്പകൾ ലഭ്യമാക്കുകയും വീടിൻെറ നിർമ്മാണം നിർമ്മിതികേന്ദ്രം തുടങ്ങിയ ഏജൻസികളെക്കൊണ്ട് നടത്തിക്കുകയും ചെയ്യുക. ഇതിനായി ഗുണഭോക്താക്കളുടേയും സന്നദ്ധ യുവജനസംഘടനകളുടെയും പരമാവധി മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തുന്നതിനും കഴിയേണ്ടതുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകുകയും വേണം.

കോളനികളുടെ പാർപ്പിടപ്രശ്നം സങ്കീർണ്ണമായ മറ്റു പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. കൊച്ചുകൂരകളിലെ ജനബാഹുല്യമാണ് ഇതിനു കാരണം. വീടുകൾ തൊട്ട് തൊട്ടു കിടക്കുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഡാനിഡ, ഇന്ദിര ആവാസ്സ് യോജന, രാജീവ് മെമ്മോറിയൽ ട്രസ്റ്റ് തുടങ്ങിയ വിദേശ കേന്ദ്ര ഏജൻസികളെ ഇതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം. ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാവികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയ തോതിലല്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നത്. നാമമാത്രമായി മറ്റ് പദ്ധതികളും പഞ്ചായത്തിൽ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്മ, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽകരണക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തുപറയേണ്ടത് തന്നെയാണ്.

തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കർഷകത്തൊഴിലാളികൾ, കെട്ടിടനിർമ്മാണ തൊഴിലാളികൾ, കൈവേലക്കാർ, മത്സ്യത്തൊഴിലാളികൾ എന്നിവ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഓഫീസ് തൃശൂരിലായതിനാൽ ലഭിക്കുന്നതിന് ഏറെ പ്രയാസം അനുഭവിക്കുന്നുണ്ട്.

വനിതാവികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. പൊതുപ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും ഇതേക്കുറിച്ചറിയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ എന്നാണ് പഞ്ചായത്തിനെ വിലയിരുത്തുമ്പോൾ അറിയാൻ കഴിയുക. സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിന് താഴെയുള്ള മുരിയാട്, ആനന്ദപുരം, പുല്ലൂർ എന്നീ മൂന്ന് വില്ലേജ് സർക്കിളുകൾ വഴിയാണ്. മൂന്ന് സർക്കിളുകളിലൂടെ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് ശരിയായി വിലയിരുത്തപ്പെടണമെങ്കിൽ ഗുണഭോക്താക്കളിൽ നിന്ന് ശരിയായ വിവരങ്ങൾ ശേഖരിക്കപ്പെടേണ്ടിയിരിക്കുന്നു.

രണ്ട് V.E.O. സർക്കിളുകൾ വഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദമായി തന്നെ താഴെ വിവരിക്കുന്നു. പ്രസ്തുത പദ്ധതികൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്താനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടെ. പട്ടിക നമ്പർ ഒന്ന്, I.R.D.P. സർവ്വേ സഹായ ലഭ്യതാ കണക്ക്, മുരിയാട് ഗ്രാമപഞ്ചായത്ത്.

പട്ടിക 1

പഞ്ചായത്ത് - I.R.D.P. സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ | ഇതിൽ SC/ST | 1980-1996 നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 267 | 43 | 1980-86 155 | 42 | 40 | 195 |
| 2 | 153 | 34 | | | | 150 |
| 3 | 264 | 79 | 1986-96 165 | 80 | 70 | 200 |
| 4 | 202 | 31 | 77 | 42 | 16 | 263 |
| 5 | 394 | 121 | 140 | 82 | 24 | 310 |
| 6 | 115 | 49 | 60 | 30 | 15 | 160 |
| 7 | 123 | 49 | | | | |
| 8 | 113 | 13 | 382 | 212 | 75 | 875 |
| 9 | 119 | 11 | | | | |
| 10 | 110 | 34 | | | | |
| | | | | | ആകെ | 2153 കുടുംബങ്ങൾ |

അവലംബം - പഞ്ചായത്ത് രജിസ്റ്റർ

പട്ടികപ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ള 2153 കുടുംബങ്ങളുണ്ട്. 1995-'96 കാലയളവിൽ സഹായം ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണത്തിൽ വലിയ കുറവ് ഈ സർക്കിളിന്റെ I.R.D.P. വായ്പാ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന വിവിധ ബാങ്കുകളുടെ കാര്യക്ഷമത കുറവ് കാരണമായി ചൂണ്ടിക്കാണിക്കുന്നു.

ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ നിർവചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ട

താണ്. ദാരിദ്ര്യരേഖയുടെ പരിധി ഇരുപതിനായിരം (20,000 രു.) രൂപയെങ്കിലും ആക്കി ഉയർത്തണം.

ദേശവൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ചു വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണമേഖലക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് സഹകരണ ബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കുവാൻ ജില്ല-സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം. അതോടൊപ്പം ദേശവൽകൃത ബാങ്കുകളെക്കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം. ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷംതോറും സർവ്വേ നടത്തണം.

രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത വിമുക്തഭടന്മാരുടെ വിധവകൾക്ക് സാമൂഹ്യക്ഷേമ പദ്ധതിയിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണം. അതിന് I.R.D.P. സർവ്വേയിൽ ഇവരെ ഉൾപ്പെടുത്തണം.

D.W.C.R.A. സഹായലഭ്യത. സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A. ഈ സംരംഭം പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

## ട്രൈസം

18 മുതൽ 35 വയസ്സു വരെയുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. ട്രൈസം പരിശീലനപട്ടിക (മുരിയാട് ഗ്രാമ പഞ്ചായത്ത്) പ്രകാരം 39 പേർക്ക് തൊഴിൽ പരിശീലനം ടൂവീലർ റിപ്പയറിംഗ്, ഹാൻറ്ലൂം ഖാദി നെയ്ത്ത് എന്നീ തൊഴിലുകളിൽ പരിശീലനം കിട്ടിയതിൽ 26 പേർ സ്വയം തൊഴിൽ കണ്ടെത്തിയപ്പോൾ 12 പേർ ഇതര തൊഴിലിൽ ഏർപ്പെടുകയും ഒരാൾ മറ്റൊരു തൊഴിലിലും ഏർപ്പെടാതിരിക്കുകയും ചെയ്തു.

92-93 വർഷം മുതൽ 95-96 വർഷം വരെ മുരിയാട് ആനന്ദപുരം പുല്ലൂർ എന്നീ വില്ലേജുകളിൽ V.E.O. Circle ൽ 39 പേർക്കും പരിശീലനം നല്കിയതായി കണക്കുകൾ വ്യക്തമാക്കുന്നു. (ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിലിൽ പരിശീലനം നൽകാനും പരിശീലനം ലഭിച്ചാൽ അവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽസംരംഭം തുടങ്ങാനും ശ്രദ്ധിക്കേണ്ടതാണ്. ഇതുവഴി പരിശീലനം ലഭിക്കുന്നവർക്ക് തുടർന്ന് യോഗ്യത അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല എന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. വളരെ ചുരുക്കം ചിലർക്കു മാത്രമേ ഈ പദ്ധതിയുടെ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുള്ളൂ. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന stipent തുക കൂട്ടുകയും വേണം. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ല എന്ന പരാതി ഉദ്യോഗസ്ഥരിൽ നിന്നുണ്ട്. അത് പരിഹരിക്കാൻ ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാന്മാരാക്കാനും യുവജന സംഘടനകൾക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഈ പദ്ധതിയിലൂടെ മേൽപ്പറഞ്ഞ 3 സർക്കിളിൽ 92-93 വർഷം മുതൽ 95-96 വർഷം വരെ പഞ്ചായത്തിൽ ആകെ 39 പേർക്കുമാത്രമേ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്.

ആവശ്യക്കാർക്ക് കിട്ടുന്നില്ല എന്ന പരാതി നിലനിൽക്കെ 95-96 വർഷത്തെ ഗുണഭോക്താക്കൾക്ക് സാധനങ്ങൾ വിതരണം ചെയ്തിട്ടുമില്ല. സാധനങ്ങൾ യഥാസമയം വിതരണം ചെയ്യപ്പെടേണ്ടതുണ്ട്. ഓരോ V.E.O. സർക്കിളുകളിലെയും കണക്കുകൾ താഴെ കൊടുത്ത പട്ടിക പ്രകാരമാണ്. ഈ പദ്ധതിയെക്കുറിച്ച് ഈ മേഖലയിലെ തൊഴിലാളികൾ അജ്ഞരാണ്. ടൂൾകിറ്റ് പദ്ധതിയെക്കുറിച്ച് വിപുലമായ ബോധവൽക്കരണം നടത്തണം. പദ്ധതിയുടെ ഉപഭോക്താക്കളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിച്ച് കൈത്തൊഴിലുകാരുടെ കഴിവുകളെ പരമാവധി ഉപയോഗപ്പെടുത്തണം.

## വില്ലേജ് ഓഫീസ് വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് കാര്യമായി പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്.

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നതും അനർഹമായ കുറെ പേർ ആനുകൂല്യം കൈപറ്റുന്നതായും ഈ ക്ഷേമപദ്ധതികളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ബോദ്ധ്യപ്പെടുന്നു.

നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നുള്ളത് വലിയ വിഷയം തന്നെയായി അവശേഷിക്കുന്നു.

മുകുന്ദപുരം താലൂക്ക് ഓഫീസിൽ അപേക്ഷ കൊടുത്തിട്ടുള്ളതും ഇന്നേവരെ പാസാക്കാത്തതുമായ വളരെ കാലപ്പഴക്കമുള്ള നിരവധി അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി എല്ലാ ഗ്രമസഭകളിലും ഉയർന്നുവന്ന പരാതിയും വിമർശനങ്ങളും ഈ റിപ്പോർട്ടിൽ എടുത്തു പറയേണ്ടിയിരിക്കുന്നു. ഈ പദ്ധതിയുടെ ചുമതല ഗ്രാമ പഞ്ചായത്തിന് കൈമാറേണ്ടതും എത്രയും പെട്ടെന്ന് പരാതികൾ പരിഹരിക്കേണ്ടതുമാണ്.

## വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തിൽ 43 പേർക്ക് പെൻഷൻ ലഭിക്കുന്നു.

## വികലാംഗ പെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിന് ബുദ്ധിമുട്ടുകയാണ്. ജില്ലാ ആസ്പത്രിയിൽ നിന്ന് സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസം വളരെ അധികം പ്രയാസമുണ്ടാക്കുന്നുണ്ട്. വികലാംഗർ എന്നുള്ളതു കൊണ്ട് തന്നെ ദൂരയാത്രയും ഒഴിവാക്കിക്കൊടുക്കണം. ഇതിന് വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കൽ ഓഫീസർക്ക് നൽകണം.

## കർഷകത്തൊഴിലാളി പെൻഷൻ

അനർഹരായ ധാരാളം പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട് എന്ന് പരാതിയുണ്ട്. അർഹരായ മുഴുവൻ പേർക്ക് പെൻഷൻ ലഭിക്കുന്നുമില്ല. അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം. അർഹരായവരെ തെരഞ്ഞെടുത്ത ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും ചെയ്യണം.

## തൊഴിലില്ലായ്മ വേതനം

അനർഹരായ പലർക്കും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നുണ്ടെന്ന് പരാതിയുണ്ട്. തൊഴിലില്ലായ്മവേതനം അർഹരായവർക്കു ലഭിക്കുന്നുവെന്നുറപ്പു വരുത്തുവാൻ പഞ്ചായത്തിലെയും വില്ലേജ് ഓഫീസിലെയും കൂട്ടായ ശ്രമമുണ്ടെങ്കിലേ സാധിക്കൂ.

## വാർദ്ധക്യകാല പെൻഷൻ

വാർദ്ധക്യകാല പെൻഷൻ പഞ്ചായത്തിലെ അർഹരായവരുടെ 25%-നു പോലും ലഭ്യമല്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ജീവിതകാലം മുഴുവൻ ഉറ്റവരുടേയും ഉടയവരുടേയും ക്ഷേമത്തിനായി ജീവിക്കുക വഴി സമൂഹത്തിന്റെ സമ്പത്തായിരുന്നവർ വാർദ്ധക്യസഹജമായ പരാധീനതകളിൽ പെട്ടുഴലുമ്പോൾ സഹായിക്കാനായി ഏർപ്പെടുത്തിയ പ്രസ്തുത പെൻഷൻ അർഹരായ മുഴുവൻ പേർക്കും എത്തിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ 24 പേർക്കാണിപ്പോൾ ഈ പെൻഷന്റെ ആനുകൂല്യം ലഭ്യമുള്ളൂ.

## അംഗൺവാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അങ്കൺവാടികൾ നമ്മുടെ പഞ്ചായത്തിൽ 10 വാർഡുകളിലായി 22 എണ്ണം പ്രവർത്തിക്കുന്നു. 1000 ജനങ്ങൾക്ക് ഒരു അംഗൺവാടിയെന്നതാണ് I.C.D.S. ന്റെ ലക്ഷ്യമെങ്കിലും ഇത് പഞ്ചായത്തിൽ ഏറെക്കുറെ നിറവേറ്റപ്പെട്ടിട്ടുണ്ട്. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം പഞ്ചായത്തിലും പ്രകടമാണ്. നിലവിലുള്ള അംഗൺവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയുമുണ്ടാക്കുന്നു.

അംഗൺവാടികളുടെ വിവരം - പട്ടിക X

പട്ടിക X

അംഗനവാടികൾ

| വാർഡ് | നമ്പർ | സ്ഥലം | കുട്ടികൾ | കളിപ്പാട്ടങ്ങൾ | കെട്ടിടം ഉള്ളവ | കക്കൂസ് |
|---|---|---|---|---|---|---|
| I | 80 | ആനന്ദപുരം | 15 | ഇല്ല | ഉണ്ട് | ഇല്ല |
| I | 81 | " | 16 | ഇല്ല | വാടകക്ക് | ഇല്ല |
| II | 82 | " | 15 | ഇല്ല | ഉണ്ട് | ഇല്ല |
| II | 83 | " | 15 | ഇല്ല | ഉണ്ട് | ഇല്ല |
| III | 84 | ആനന്ദപുരം | 17 | ഇല്ല | പൂർത്തീകരിച്ചിട്ടില്ല | ഇല്ല |
| IV | 87 | പാറക്കാട്ടുകര | 18 | ഇല്ല | ഇല്ല | ഇല്ല |
| V | 89 | മുരിയാട് | 13 | ഇല്ല | വാടകക്ക് | ഇല്ല |
| V | 124 | വേഴക്കാട്ടുകര | 12 | ഇല്ല | വാടകക്ക് ഇല്ല | ഇല്ല |
| VI | 90 | പുല്ലൂർ | 16 | ഇല്ല | ഇല്ല | ഇല്ല |
| VI | 91 | പുല്ലൂർ | 14 | ഇല്ല | ഇല്ല | ഇല്ല |
| VII | 92 | ആനുർളി | 15 | ഇല്ല | ഇല്ല | ഇല്ല |
| VII | 93 | ആനുർളി | 14 | ഇല്ല | ഇല്ല | ഇല്ല |
| VIII | 94 | | 16 | ഇല്ല | ഇല്ല | ഇല്ല |
| " | 95 | | 17 | " | " | " |
| IX | 96 | | 14 | " | " | " |
| IX | 97 | | 22 | ഉണ്ട് | " | " |
| X | 98 | | 16 | ഇല്ല | " | " |
| X | 99 | | 22 | ഉണ്ട് | " | ഇല്ല |
| X | 125 | | 13 | ഇല്ല | " | " |
| V | 88 | മുരിയാട് | 15 | ഉണ്ട് | ഇല്ല | " |
| III | 85 | തറയിലക്കാട് | 17 | ഉണ്ട് | ഇല്ല | ഇല്ല |
| IV | 86 | | 22 | ഇല്ല | ഇല്ല | ഇല്ല |

## നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സമ്പത്തിക ഏജൻസികളെക്കൊണ്ടോ /JRY ഫണ്ടോ ഉപയോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുകയും ഉള്ളവയെ അറ്റ കുറ്റപ്പണി നടത്തിക്കുകയും ചെയ്യുക.
2. പഞ്ചായത്ത് ലീസ് ഭൂമിയോ മിച്ചഭൂമിയോ അംഗൻ വാടികൾക്ക് കെട്ടിടം പണിയാൻ നൽകുക.
3. D.W.C.R.A. യൂണിറ്റുകൾക്കു നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.
4. അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിനു നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.
5. ശുചിത്വ പരിപാലനത്തിന്റെ ഭാഗമായി മുഴുവൻ അംഗൻവാടികളിലും പരിസരപ്രദേശങ്ങളിലും പാഴ് വസ്തുക്കളും മലിന വസ്തുക്കളും നീക്കം ചെയ്യാൻ ബോധവൽകരണ ക്ലാസ്സുകൾ നടത്തുക.
6. അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവനവേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.
7. പൊതുപ്രവർത്തനത്തിൽ വർക്കർമാരേയും ഹെൽപ്പർമാരേയും സജീവമാക്കാൻ ബോധവൽകരണം നടത്തുക.

## ക്ഷേമനിധികളെ സംബന്ധിച്ച്

### കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ നിരവധി പേർ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവൻ ആളുകളേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഉടമാവിഹിതം പിരിക്കുന്നില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ടുതന്നെ തൊഴിൽ മേഖലയിൽ നിന്ന് 55 വയസ്സാകുമ്പോഴേക്കും വിട്ടു നിൽക്കാൻ നിർബന്ധിക്കപ്പെടുകയാണ്. ആയതിനാൽ ഇവരുടെ പെൻഷൻ പ്രായം 55 വയസ്സാക്കി ചുരുക്കണം. ഭവനനിർമ്മാണ പദ്ധതി കാര്യക്ഷമമായി നടത്തുന്നില്ല.

### ആഭരണത്തൊഴിലാളി ക്ഷേമനിധി

വളരെ ചുരുക്കം പേരെ ഈ പഞ്ചായത്തിൽ ആഭരണ മേഖലയിൽ തൊഴിൽ ചെയ്യുന്നുള്ളൂ. ഇവരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതാണ്.

### കൈത്തൊഴിലാളി-വിദഗ്ദ്ധത്തൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരംകയറ്റക്കാർ, ബീഡിത്തൊഴിലാളികൾ, വാച്ച് സൈക്കിൾ റിപ്പയർമാർ, തേങ്ങവെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും ഈ പഞ്ചായത്തിൽ ഈ മേഖലയിലുള്ള തൊഴിലാളികളെ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല. എല്ലാ തൊഴിൽ മേഖലയിലും പെൻഷൻ പദ്ധതി ഏർപ്പെടുത്തണം.

തൊഴിൽ മേഖലയിലും മറ്റും പണിയെടുക്കുന്ന അമ്മമാരുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന് വാർഡ ടിസ്ഥാനത്തിൽ ക്രഷ് രൂപീകരിക്കണം.

പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണം. നിരക്ഷരത നിർമാർജനം ചെയ്യണം.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലെത്തിക്കാനും അർഹരായവർക്ക് ലഭിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കണം. അതാതു ഗ്രാമസഭകൾ അതിനകീഴെ 50 വീടുകൾ ഉൾക്കൊള്ളുന്ന അയൽക്കൂട്ട കമ്മറ്റികൾ എന്നിവ സജീവമാക്കി പദ്ധതികളെ സംബന്ധിച്ച ബോധവൽകരണവും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

### പൊതു വിതരണം

പഞ്ചായത്തിലാകെ 12 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. ഇതിൽ ........ കാർഡുകളുണ്ട്. പൊതുവിതരണ രംഗത്ത് 3 വില്ലേജുകളിൽ പുല്ലൂർ വില്ലേജിൽ മാത്രമാണ് ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നത്. ശേഷിച്ച 2 വില്ലേജുകളിൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നില്ല. അതിനാൽ ആനന്ദപുരം മുരിയാട് കേന്ദ്രമാക്കി ഒരു മാവേലി സ്റ്റോർ അനുവദിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ പൊതുവിതരണം പുല്ലൂർ വില്ലേജിൽ പ്രവർത്തനം മോശമായിരുന്നു. മാവേലി സ്റ്റോർ പൊതുവിതരണത്തിൽ ശ്രദ്ധേയമായ പ്രവർത്തനം ഇപ്പോൾ കാഴ്ചവെക്കുന്നു. സഹകരണ ബാങ്കുകളിലൂടെ ഓണം, വിഷു, റംസാൻ തുടങ്ങിയ സമയങ്ങളിൽ നടത്തുന്ന ചന്തകളും എടുത്തു പറയത്തക്കതാണ്.

### റേഷൻഷാപ്പ് (പൊതുവിതരണ കേന്ദ്രം)

റേഷൻഷാപ്പ് പൊതുവിതരണ കേന്ദ്രമായതോടുകൂടി പ്രവർത്തനം അവതാളത്തിലാണ്. അനുദിനം സാധാരണക്കാരന് പരാതിയുള്ള മേഖലയായ പൊതുവിതരണകേന്ദ്രത്തെ 1966ലെ റേഷനിങ്ങ് ആക്ട് പ്രകാരം ഉള്ള റേഷൻഷാപ്പ് എന്നാക്കത്തന്നെ മാറ്റണം.

റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാനും ഏർപ്പാടുണ്ടാക്കണം.

ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും, പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണസമിതികൾ രൂപീകരിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.

---

# 5-8

# സംസ്കാരം

കേരവൃക്ഷങ്ങളാൽ അലംകൃതമായ കേരളമെന്ന സുന്ദര സംസ്ഥാനത്തിൻെറ സാംസ്കാരിക തലസ്ഥാന മെന്നറിയപ്പെടുന്ന തൃശൂർ ജില്ലയുടെ മുകുന്ദപുരം താലൂക്കിൽപ്പെടുന്ന മുരിയാടു് ഗ്രാമ പഞ്ചായത്ത് പ്രകൃതി കനിഞ്ഞരുകിയ സുന്ദര ദൃശ്യങ്ങളാൽ സമ്പന്നയാണ്. തൃശൂരിൻെറ സാംസ്കാരിക പൈതൃകത്തിന് മകുടം ചാർത്തുന്ന വിധത്തിലുള്ള സാംസ്കാരിക അടിത്തറയുള്ള പഞ്ചായത്താണിത്. മതസൗഹാർദ്ദത്തിലും ഈ പഞ്ചായത്ത് തികച്ചും മാതൃകാപരമായ അവസ്ഥയിലാണ്. പ്രധാനമായും ഹിന്ദു, കൃസ്ത്യൻ മതവിഭാഗങ്ങളിൽ പെടുന്നവരാണ് ഇവിടുത്തെ ജനങ്ങൾ. എന്നുണ്ടെങ്കിലും വളരെ കുറച്ച് കുടുംബങ്ങൾ മുസ്ലീം സമുദായക്കാരുണ്ട്.

കേരളചരിത്രത്തിലെ നാഴികകല്ലായിരുന്ന ക്ഷേത്ര പ്രവേശന വിളംബരത്തിനു നാന്ദികുറിച്ച, അയിത്തത്തിനെതിരായ സമരപോരാട്ടങ്ങളിലും സ്വാതന്ത്ര്യസമര പോരാട്ടങ്ങളിലും പങ്കെടുത്ത ധീരദേശാഭിമാനികളായ വളരെയധികം സമരസേനാനികൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു. അവരിൽ അപൂർവ്വം പേരെ ഇപ്പോൾ നമ്മോടൊപ്പമുള്ളൂവെങ്കിലും അവർ ചെയ്ത സേവനങ്ങളെ രോമാഞ്ചത്തോടെയും ഉൾപുളകത്തോടെയും മാത്രമേ ഇവിടെയുള്ളവർക്ക് ഓർക്കുവാൻ കഴിയൂ. 1991ലെ സെൻസസ് പ്രകാരം 23039 ജനങ്ങളുള്ള പഞ്ചായത്തിൽ 94.81%വും സാക്ഷരരാണ്. 1990 സാക്ഷരതാ പ്രവർത്തനത്തിൽ വളരെ സജീവമായ പങ്കാളിത്തമാണ് പഞ്ചായത്തിൽനിന്നും ഉണ്ടായത്.

പുരാതനവും അതോടൊപ്പം ഗ്രാമത്തിൻെറ ഉൾത്തുടിപ്പുകൾ അടങ്ങിയതുമായ നിഷ്കളങ്കകലയുടെ ഭാവങ്ങൾ മുറ്റിനിൽക്കുന്ന പൂതക്കളി, കാളക്കളി കോൽക്കളി എന്നിവകൾക്ക് പുറമെ പുള്ളുവൻ പാട്ട്, കളമെഴുത്തുപാട്ട്, നാടൻപാട്ട്, തുടങ്ങിയവയും ഈ ഗ്രാമത്തിൽ ഇന്നും അപൂർവ്വമായിട്ടാണെങ്കിലും നിലനിൽക്കുന്നുണ്ട്. പ്രസിദ്ധകഥാകൃത്തുകളായ രാജൻ ചിന്നഞ്ഞത്, ബാലകൃഷ്ണൻ എന്നിവരും ആധുനിക ശില്പകലയിൽ ലോകപ്രസിദ്ധനായ വി.കെ. രാജൻ, ചലചിത്രകലയിൽ അന്താരാഷ്ട്ര അവാർഡുകൾവരെ കരസ്ഥമാക്കിയ മുരളിനായർ, ഓട്ടംതുള്ളൽ പ്രസ്ഥാനത്തിൻെറ വാഗ്ദാനമായ മുരിയാട് മുരളീധരൻ എന്നിവർ ഈ പഞ്ചായത്തിൻെറ സംഭാവനകളാണെന്നത് അഭിമാനമുളവാക്കുന്ന വസ്തുതയാണ്. കായികരംഗത്ത് വെന്നിക്കൊടി പാറിച്ചു പ്രസിദ്ധരായ ഐ.സി. രാജു, ഐ.സി. പ്രദീപ്, ടി.യു. ഷാജു, സുബ്രഹ്മണ്യൻ എന്നിവർ ഈ പഞ്ചായത്തിൽ ജനിച്ചു വളർന്നവരാണ്. ഇവരിൽ ഐ.സി. രാജു സാഫ് ഗെയിംസിൽ അക്വാറ്റിക് ഇനത്തിൽ മത്സരിച്ച വ്യക്തിയാണ്. ഐ.സി. പ്രദീപും, ടി.വി. ഷാജുവും സംസ്ഥാന അക്വാറ്റിക് മത്സരങ്ങളിൽ മെഡലുകൾ വാങ്ങിയപ്പോൾ സുബ്രഹ്മണ്യൻ സംസ്ഥാനതല അത്ലറ്റിക്സിലാണ് മകവ് കാട്ടിയത്. സുബ്രഹ്മണ്യൻ ഇപ്പോൾ അത്ലറ്റിക്സിലെ അറിയപ്പെടുന്ന കോച്ചാണ്.

സംസ്കാരം ഊട്ടിവളർത്തുന്നതിൽ മുഖ്യപങ്കാണ് അനൗപചാരിക വിദ്യാഭ്യാസത്തിൽ ഇവിടുത്തെ വായനശാലകളും കായികവിനോദ കേന്ദ്രങ്ങളും വഹിച്ചിട്ടുള്ളത്. ഔപചാരിക വിദ്യാഭ്യാസത്തെക്കുറിച്ചാണെങ്കിൽ പഞ്ചായത്തിലുള്ള രണ്ട് ഹൈസ്ക്കൂളുകളും രണ്ട് യു.പി. സ്കൂളുകളും രണ്ട് L.P. സ്കൂളുകളും ഒരു I.T.C യും പ്രമുഖ പങ്കാണ് വഹിക്കുന്നത്. ഇതിൽ ആനന്ദപുരത്തുള്ള ശ്രീകൃഷ്ണ ഹൈസ്കൂളിലെ S.S.L.C വിജയശതമാനവും പഠനനിലവാരവും എടുത്തുപറയത്തക്കതാണ്.

ഒട്ടേറെ കലാകായിക സംഘടനകൾ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും, ഇന്നത്തെ പ്രവർത്തനം വളരെ ദയനീയസ്ഥിതിയിലാണ്. ഇവയിൽത്തന്നെ രജിസ്റ്റേഷനും ഗ്രാൻറുമുള്ളവ കലാസമിതികളിൽ (ആർട്ട് & സ്പോർട്സ് ക്ലബുകൾ) ഇല്ലെന്നത് വളരെ പരിതാപകരമായ വസ്തുതയാണ്. വായനശാലകളുടെ കാര്യമാണെങ്കിൽ പഞ്ചായത്തിൻെറ വകയായുള്ള ഒന്നും ഗ്രാമീണവായനശാലകളായി 7 എണ്ണവുമുള്ളതിൽ എല്ലാം സ്വന്തം കെട്ടിടങ്ങളിലാണെങ്കിലും ആശാവഹമായ പ്രവർത്തനം കാഴ്ചവക്കുന്നവയല്ല. മിക്കവയിലും പൊതുജനപങ്കാളിത്തം വളരെ കുറവാണെന്നുമാത്രമല്ല അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുകയുമാണ്. ഇതിൽ നാലാം വാർഡിൽ പ്രവർത്തിക്കുന്ന ഒരു ഗ്രാമീണവായനയുടെ പുനരുദ്ധാരണം എടുത്തു പറയേണ്ടതാണ്. സമിതികളെക്കുറിച്ചും വായനശാലകളെക്കുറിച്ചും വിശദവിവരങ്ങൾ അന്യത്ര ചേർത്തിരിക്കുന്നു.

ആനന്ദപുരത്ത് വളരെ കാലം മുൻപ് നിലവിലുള്ള സംഘടനകളാണ് യുവജനകലാസമിതി, ഉദയ കലാസമിതി, A.M.A.C എന്നിവ ക്ലബ്ബുകൾ നാടൻ വള്ളംകളി മത്സരങ്ങളും ഫുട്ബോൾ മത്സരങ്ങളും സംഘടിപ്പിക്കുന്നുണ്ടെന്നത് ഈ വിഭാഗത്തിലുള്ള കാര്യക്ഷമമായ പ്രവർത്തനത്തിൻെറ സൂചനയാണ്. യുവധാരാ ആർട്ട് ക്ലബ്ബും, കോസ്മോസ് ആർട്സ് ക്ലബ്ബും ഇതിനാൽ തന്നെ പ്രശംസയർഹിക്കുന്നു. പല സംഘടനകളും കേരളോത്സവം പോലുള്ള പരിപാടികളിൽ ആൾക്കാരെ പങ്കെടുപ്പിക്കാറുണ്ടെങ്കിലും സൂര്യആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബും, യൂത്ത് ഓഫ് മുരിയാടും സ്ത്രീപങ്കാളിത്തത്തിൽ കൂടുതൽ ശ്രദ്ധവക്കുന്നു. കുഷ്ഠരോഗ നിർമ്മാർജ്ജനത്തി

ൻെറ ഭാഗമായി ഹെൽത്ത് ഡിപ്പാർട്ടുമെൻറ് 1996 സെപ്തംബർ 30ന് തൃപ്രയാറിൽ സംഘടിപ്പിച്ച ഏകാങ്കനാടക മത്സരത്തിൽ സൂര്യആർട്സ് ക്ലബ്ബ് പങ്കെടുക്കുകയും നല്ല നടനും, സഹനടനും, സഹസംവിധായകനുമുള്ള സമ്മാനങ്ങാം കരസ്ഥമാക്കുകയും ചെയ്യുകയുണ്ടായി. ജനങ്ങാം അറപ്പോടും വെറുപ്പോടും മാത്രം കാണാൻ ശ്രമിക്കുന്ന കുഷ്ഠരോഗം ചികിത്സിച്ചാൽ ഭേദമാക്കാവുന്നതാണെന്ന ബോധവൽക്കരണത്തിന് നാടകത്തിലൂടെ ഒരു വിജയകരമായ ശ്രമം നടത്തിയ പ്രസ്തുത ക്ലബ്ബ് അഭിമാനത്തിന് വക നൽകുന്നു. കൂടാതെ ഗ്രാമീണവായനശാല പാറക്കാട്ടുകര - ഒക്ടോബർ 21ന് വാർഷികം നടത്തുകയും അതിനോടനുബന്ധിച്ച് വിദ്യാർത്ഥികാംക്ക് കലാകായിക സാഹിത്യമത്സരങ്ങാം നടത്തുകയും ചെയ്തത് നാശത്തിലേക്ക് കൂപ്പുകുത്തുന്ന വായനശാലകാംക്ക് പ്രതീക്ഷക്ക് വക നൽകുന്ന ഒന്നാണ്. തൃശൂർ ജില്ലയിൽ തന്നെ അറിയപ്പെടുന്ന ഒരു ഓണക്കളി ടീം വെള്ളിലംകുന്ന് ഫസൽ കലാഭവൻെറ കീഴിലായുണ്ട്. കൂടാതെ 'യൂത്ത് ഓഫ് പുല്ലൂർ' കലാകായിക മത്സരങ്ങാം കേരളോത്സവം പോലുള്ളവ നടത്തുമ്പോാം നല്ല നിലവാരത്തിലുള്ള പ്രകടനം കാഴ്ചവക്കുന്ന ഒന്നാണ്.

സാംസ്കാരിക വളർച്ചയുടെ സുപ്രധാന കണ്ണികളാണ് ഗ്രന്ഥശാലകാം. പക്ഷേ ഇന്നത്തെ ഇലക്ട്രോണിക് മാധ്യമങ്ങളുടെ അദൃശ്യമായ കീഴ്പ്പെടുത്തലിൽ നിന്നും ഇത്തരം സംഘടനകാംക്ക് മോചനമില്ലെന്നത് ഒരു വസ്തുതയാണ്. ഇലക്ട്രോണിക് മാധ്യമങ്ങാം സാംസ്കാരിക മലിനീകരണത്തിന് കൂടുതൽ ആഴവും പരപ്പും സൃഷ്ടിക്കുമ്പോാം വായനശാലകളിലെ അമൂല്യമായ ഗ്രന്ഥങ്ങാം സംസ്കാരത്തിന് മുതൽക്കൂട്ടായിത്തീരേണ്ടവയാണെന്ന് ഓർമ്മിക്കേണ്ട കാലഘട്ടമാണിന്ന്. 1994-ൽ ആഗസ്റ്റ് മാസത്തിൽ നിലവിൽ വന്ന പഞ്ചായത്തിൻെറ നേരിട്ട് നിയന്ത്രണത്തിലുള്ള ഗ്രന്ഥശാലവായനശാലയിൽപോലും ആവശ്യമായ പുസ്തകമോ ഫർണീച്ചറുകളോ ഇല്ലെന്നതും ദയനീയമായ വസ്തുതയാണ്.

പഞ്ചായത്തിൽ ഒരു സിനിമാശാലമാത്രമേയുള്ളു. മതസ്ഥാപനങ്ങളുടെയും മതവിഭാഗങ്ങളുടേയും ആഘോഷ പരിപാടികാം അതതു പ്രദേശങ്ങളിലെ ആഘോഷങ്ങാം എന്ന നിലയിൽ നടത്തിക്കൊണ്ടുപോകുന്ന ഒരു ജനത ഈ പഞ്ചായത്തിൻെറ അഭിമാനവും സമ്പത്തുമാണെന്ന് പറയുന്നതിൽ അതിശയോക്തിക്ക് സ്ഥാനമില്ല. പ്രാചീനമായ ചുവർചിത്രങ്ങാം ഈ പഞ്ചായത്തിലെ മിക്ക ക്ഷേത്രങ്ങളിലും കാണുന്നു.

സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഇന്ത്യൻ നാഷ്ണൽ കേൺഗ്രസ്സ് മാത്രമേ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളുവെങ്കിലും ഇന്ന് എല്ലാവിധത്തിലുള്ള രാഷ്ട്രീയ പാർട്ടികളും പഞ്ചായത്തിലുണ്ട് മാത്രമല്ല ഉന്നതമായ രാഷ്ട്രീയ പ്രബുദ്ധതയുള്ള ഒരു ജനതയാണിവിടെയുള്ളത്.

വെള്ളിലംകുന്ന് കോളനിയിൽ ഒരു T.V. സെൻറർ പ്രവർത്തിക്കുന്നു. ഒരു രാജ്യത്തിൻെറ വളർച്ചക്ക് ജനങ്ങളുടെ പുരോഗതിക്ക് മുഖ്യപങ്ക് വഹിക്കുന്നത് നിലവിലുള്ള സംസ്ക്കാരമാണ്. ആയതിനാൽ സംസ്ക്കാര സമ്പന്നമായ ഒരു നാളേയ്ക്ക്വേണ്ടി ഒരുമയോടെ ജാതിമത രാഷ്ട്രീയത്തിനതീനമായി നമ്മാം മുന്നേറണം.

### പ്രശ്നങ്ങാം:-

* പല വായനശാല-ഗ്രന്ഥശാലകാംക്കും നല്ലകെട്ടിടങ്ങളില്ല. വേണ്ടവിധം പുസ്തകങ്ങളോ, ഫർണ്ണിച്ചറുകളോ, ലൈറ്റോ ഇല്ല.
* ഗ്രാൻറുകാം ലഭിക്കാറില്ല.
* T.V. കേബിാം T.V. എന്നിവയുടെ അതിപ്രസരം.

  ക്ലബ്ബ്കാംക്കും മറ്റ് രജിസ്ട്രേഷൻ സംഘടനകാംക്കും സ്വന്തമായ കെട്ടിടമോ, മൂലധനമോയില്ല.
* കലാ-കായിക വിനോദങ്ങാംക്ക് ആഡിറ്റോറിയമോ, ഗ്രൗണ്ടോ ഇല്ല.
* നാടൻകലകളുടെ ഇല്ലായ്മ.
* കലാ-കായിക മത്സരങ്ങാം പഞ്ചായത്തുതലത്തിൽ Co-ordinate ചെയ്യാൻ ഒരു സംഘടനയില്ല.
* വിപുലമായ കായൽപ്രദേശമുള്ളതിനാൽ അക്വാറ്റിക് തലത്തിൽ മികവുപുലർത്തുന്ന പലരെയും ഉയർത്തിക്കൊണ്ടുവരാനുള്ള സംവിധാനമില്ല.

### സാധ്യതകാം:-

* ഗ്രന്ഥശാല-വായനശാലകളിന്മേൽ കാര്യഫലമായ മേൽനോട്ടം പഞ്ചായത്ത് കമ്മറ്റിക്ക് വേണം.
* ഗ്രന്ഥശാലകളുടെ പ്രസക്തിയെക്കുറിച്ച് ബോധവൽക്കരണം.
* നാടൻ കലകളേയും പ്രാദേശിക ആഘോഷങ്ങളേയും പ്രോത്സാഹിപ്പിക്കുക.
* ഒരു ആഡിറ്റോറിയവും ഒരു മിനിസ്റ്റേഡിയവും കലാ കായിക വളർച്ചക്ക് ആവശ്യമാണ്.
* കലാ-കായിക സംഘടനകാംക്ക് ഗ്രാൻറ്നൽകുക. സാക്ഷരത പ്രവർത്തനം കാര്യക്ഷമമാക്കുക.
* മതസൗഹാർദ്ദം വളർത്തുവാനുള്ള പരിപാടികാം ആവിഷ്കരിക്കുക.
* മുഴുവൻ ഗ്രന്ഥശാലകളിലും നല്ലനിലവാരത്തിലുള്ള പുസ്തകങ്ങളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുക.
* പുല്ലൂർ പ്രദേശത്ത് ഒരു പൊതു കളിസ്ഥലം ഏർപ്പെടുത്തുക.
* അക്വാറ്റിക് മത്സരങ്ങാം നടത്തി പ്രതിഭകളെ കണ്ടെത്തുക.
* കലാകായിക രംഗത്തെ ഒരു സമിതിക്ക് കീഴെ കൊണ്ടുവരികയും ഏകോപിപ്പിക്കുകയും വേണം.

## ഗ്രന്ഥശാല വായനശാലകളെക്കുറിച്ച്

പട്ടിക A

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടത്തിൻെറ വിവരം | നിലവിലുള്ള മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | കീഴിൽ പ്രവർത്തിക്കുന്ന വയുടെ വിവരം | സർക്കാർ ഗ്രാൻറ് ലഭിക്കുന്നുണ്ടോ? |
|---|---|---|---|---|---|---|---|
| 1. | ഗ്രാമീണ വായന ശാല മുരിയാട് | | സ്വന്തം | | | വായനശാല | ഉണ്ട്. |
| 2. | പഞ്ചായത്ത് ഗ്രന്ഥ ശാല വായനശാല മുരിയാട് | | സ്വന്തം | 80 | 358 | ഗ്രന്ഥശാല-വായനശാല | ഇല്ല . |
| 3. | ഗ്രാമീണവായന ശാല പാറക്കാട്ടു ക്കര-മുരിയാട് | 1975 | സ്വന്തം | 75 | 300 | വായനശാല | ഇല്ല. |
| 4. | ഗ്രാമീണവായശാല പുല്ലൂർ | | സ്വന്തം | | | ഗ്രന്ഥശാല | ഉണ്ട്. |
| 5. | ജനകേരളവായന ശാല തുറവൻകാട് | | സ്വന്തം | | | വായനശാല | ഉണ്ട്. |
| 6. | സ്റ്റാർ ക്ലബ്ബ് ലൈ ബ്രറി റീഡിംഗ് റൂം ഊരകം | | സ്വന്തം | | | വായനശാല | ഉണ്ട്. |
| 7. | ഗ്രാമീണവായന ശാല ആനന്ദപുരം | | സ്വന്തം | | | ഗ്രന്ഥശാല | ഉണ്ട്. |
| 8. | J.P. സ്മാരക വനിത വായനശാല ആനന്ദപുരം | | സ്വന്തം | | | വായനശാല | ഉണ്ട്. |

## കലാകായിക സംഘടനകളെക്കുറിച്ച്

പട്ടിക B

നിലവിലുള്ള കലാസാംസ്ക്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടത്തിൻെറ വിവരം | ധനസഹായ ത്തിൻെറ വിവരം | ഏതു സ്ഥാപന ത്തോടു അഫിലിയേറ്റ് ചെയ്തിരിക്കുന്നു. | പ്രവർത്തനത്തിൻെറ ലഘുവിവരണം. |
|---|---|---|---|---|---|---|
| 1. | അക്ഷര ആർട്ട്സ് ക്ലബ്ബ് പുല്ലൂർ | | ഇല്ല | ഇല്ല | | കായിക രംഗം |
| 2. | ഓജസ് ആർട്ട്സ് ക്ലബ്ബ് പൂല്ലൂർ | | വാടക കെട്ടിടം | ഇല്ല | | കലാകായിക സാം സ്ക്കാരികരംഗം |
| 3. | മുല്ലാസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് പുല്ലൂർ | | വാടക | ഇല്ല | | കലാകായിക രംഗം |
| 4. | ചമയം നാടകവേദി പുല്ലൂർ | | വാടക | ഇല്ല | | കലാരംഗം |
| 5. | സാഗരിക ആർട്ട്സ് ക്ലബ്ബ് പുല്ലൂർ അമ്പലനട | | ഇല്ല | ഇല്ല | | സാമൂഹ്യരംഗം. |
| 6. | സ്റ്റാർ ക്ലബ്ബ് ഊരകം | | സ്വന്തം | ഇല്ല | നെഹ്റുപുസ്തക കേന്ദ്രം | കലാരംഗം, സാം സ്കാരികരംഗം |
| 7. | സൂര്യ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് മുരിയാട് | 1980 | വാടക കെട്ടിടം | ഇല്ല | നെഹ്റുയുവകേന്ദ്ര സ്പോർട്ട്സ് കൗൺസിൽ | കലാകായിക സാമുഹ്യ സാം സ്ക്കാരിക രംഗം. |

| | | | | | | |
|---|---|---|---|---|---|---|
| 8. | അമ്പിളി ആർട്ട്സ് ക്ലബ്ബ് മുരിയാട് | | സ്വന്തം | ഇല്ല | | കലാകായിക രംഗം |
| 9. | ജ്ഞാനോദയ കലാ സമിതി മുരിയാട് | | സ്വന്തം | ഇല്ല | | കലാകായിക രംഗം |
| 10. | മൊഫസൽ കലാഭവൻ മുരിയാട് | | ഇല്ല | ഇല്ല | | കലാരംഗം |
| 11. | M.K.S.S. തറയിലക്കാട് | | ഇല്ല | ഇല്ല | | കലാകായികരംഗം |
| 12. | ഉദയ കലാസമിതി ആനന്ദപുരം | | സ്വന്തം | ഇല്ല | നെഹ്റു യുവകേന്ദ്രം | കലാകായികരംഗം |
| 13. | യുവജനകലാസമിതി ആനന്ദപുരം | | ഇല്ല | ഇല്ല | | കലാരംഗം |
| 14. | യുവധാര ആർട്ട്സ് ക്ലബ്ബ് ആനന്ദപുരം | | വാടക | ഇല്ല | | കലാരംഗം. |
| 15. | കിരൺ ആർട്ട്സ് ക്ലബ്ബ് ആനന്ദപുരം | | ഇല്ല | ഇല്ല | | കലാരംഗം. |
| 16. | H.M.A.C. ആനന്ദപുരം | | സ്വന്തം | ഇല്ല | നെഹ്റു യുവകേന്ദ്രം | കലാ-സാംസ്കാരിക രംഗം. |
| 17. | ഇൻറർ നാഷണൽ ആർട്ട്സ് ക്ലബ്ബ് ആനന്ദപുരം | | ഇല്ല | ഇല്ല | | കായികരംഗം. |
| 18. | രൂപ് കല ആനന്ദപുരം | | ഇല്ല | ഇല്ല | | കലാ-സാംസ്കാരികം |
| 19. | അജന്ത ആർട്ട്സ് ക്ലബ്ബ് ആനന്ദപുരം | | ഇല്ല | ഇല്ല | | കായികരംഗം |
| 20. | കോസ്മോസ് ക്ലബ്ബ് ആനന്ദപുരം | | ഇല്ല | ഇല്ല | | കായികരംഗം. |

# 5-9

# വനിതാക്ഷേമം

പൊതുരംഗത്ത് സമൂഹത്തിൽ, കുടുംബാന്തരീക്ഷത്തിൽ എന്തിന് സ്വന്തം സാമ്രാജ്യമെന്നു കൊട്ടിഘോഷിക്കപ്പെടുന്ന അടുക്കളയിൽപ്പോലും അദൃശ്യയായി ഒതുങ്ങി കഴിയേണ്ടിവരുന്ന പരിതാപകരമായ അവസ്ഥയാണ് ഇന്ന് പൊതുവെ വനിതകൾക്കുള്ളത്. വിരലിലെണ്ണാവുന്ന ഉദാഹരണങ്ങൾ നിരത്തി സ്ഥിതി വ്യത്യസ്ഥമാണെന്ന് നമുക്ക് പറയാനാവില്ല. തൊഴിൽ രംഗത്തും ഉല്പാദന രംഗത്തും ഏർപ്പെട്ടിരിക്കുന്നു എന്ന് കണക്കുകൾ കാണിക്കുന്ന സ്ത്രീകളുടെ എണ്ണം സ്ത്രീ ജനസംഖ്യയുടെ വളരെ ചെറിയ ഒരു ഭാഗമേ ആകുന്നുള്ളൂ. ഈ വിഭാഗമടക്കം മുഴുവൻ സ്ത്രീകളും ഏർപ്പെട്ടിരിക്കുന്നത് അദൃശ്യമായതും വളരെ വിലയേറിയതുമായ ജോലിയിലാണ്. കുടുംബത്തിൻെറ ആവശ്യത്തിനു വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും ഉല്പാദിപ്പിക്കുന്നതിലും, കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും പലതരം സേവനങ്ങൾ ചെയ്യുന്നതിലുമാണ് സ്ത്രീകൾ തങ്ങളുടെ മുഴുവൻ സമയവും പ്രവർത്തനശേഷിയും ചെലവഴിക്കുന്നത്. ഈ പ്രവണത സ്ത്രീകളെ സ്വന്തമായ സാമ്പത്തികനേട്ടമില്ലാത്തവരായും, ആശ്രിതരായും തീർക്കുന്നു. സ്ത്രീകളുടെ ഇന്നത്തെ അധമസ്ഥിതിക്ക് കാരണക്കാർ പുരുഷന്മാരാണെന്നോ, ഒരു വിഭാഗം സ്ത്രീകൾ തന്നെയാണെന്നോ ഒക്കെയുള്ള ചർച്ചകൾ തെറ്റായ പാതയിലേക്കേ നയിക്കൂ. വളരെ ആഴത്തിൽ വേരോടിപ്പോയിട്ടുള്ള പുരുഷ മേധാവിത്വപരമായ ഒരു സാമൂഹ്യ മനഃസ്ഥിതിയാണ് അടിസ്ഥാന കാരണം.

മുരിയാട് പഞ്ചായത്തിൻെറ സാമൂഹികമായ ഏതു മേഖല എടുത്താലും വനിതകളുടെ അദൃശ്യത ദർശിക്കുവാൻ കഴിയുന്നുണ്ട്. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 52.53% വനിതകളാണ്. അതായത് 12103 പേർ. അതിൽ 79.13% സാക്ഷരതയുള്ളവരുമാണ്. എങ്കിലും സാമൂഹിക മേഖലകളിലെ വനിതകളുടെ പങ്കാളിത്തം വളരെ പിന്നോക്കാവസ്ഥയിലാണ്. പുതിയതായി നടപ്പിലാക്കിയ പഞ്ചായത്തീരാജ് സംവിധാനങ്ങളിൽ 33% വനിതാസംവരണവും ഒട്ടേറെ നിയമങ്ങളും വനിതകളുടെ പദവി ഉയർത്തുന്നതിനും സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ടെങ്കിലും, പൊതുവെ പുരുഷാധിപത്യം നിലനിൽക്കുന്ന കഴിഞ്ഞ സാമൂഹിക ഘടനയിൽ ഉദ്ദേശിച്ച ഫലം കാണാതെ നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ വനിതകളെ സമൂഹത്തിൻെറ പൊതുധാരയിലേക്ക് നയിക്കുന്നതിന് അവരുടെ കഴിവും പ്രാപ്തിയും സ്വാതന്ത്ര്യവും അംഗീകരിക്കാൻ സമൂഹ മനഃസാക്ഷി മുന്നോട്ടുവരേണ്ടതാണ്.

പഞ്ചായത്തിലെ കാർഷിക മേഖലയിൽ തൊഴിലെടുത്തിരുന്ന വനിതാ തൊഴിലാളികളുടെ തൊഴിലവസരം മുൻകാലങ്ങളെ അപേക്ഷിച്ച് കുറവായിട്ടുണ്ട്. എങ്കിലും പുരുഷന്മാരെ അപേക്ഷിച്ച് ഈ മേഖലയിൽ സ്ത്രീതൊഴിലാളികളുടെ പങ്ക് കൂടുതലാണ്. പ്രത്യേക സീസണിലാണ് തൊഴിൽ എന്നതുകൊണ്ട് കൃഷിപ്പണി ചെയ്തിരുന്ന ഭൂരിഭാഗം സ്ത്രീകളും ഇന്ന് കെട്ടിടംപണി, പായ നെയ്ത്ത്, തഴപ്പായ നിർമ്മാണം, റോഡുപണി, ഇഷ്ടിക നിർമ്മാണം, ഓട്ടുകമ്പനി ജോലി, മാലകെട്ട്, മത്സ്യവിപണനം, മൃഗപരിപാലനം, തയ്യൽ, ബീഡി നിർമ്മാണം എന്നീ ഇതര തൊഴിലുകളിലും ഏർപ്പെട്ടു ഉപജീവനം നടത്തുന്നു. നാണ്യവിള കൃഷിയിൽ സ്ത്രീകളുടെ അദ്ധ്വാനം കുറഞ്ഞ തോതിലേ ഉപയോഗിക്കപ്പെടുന്നുള്ളൂ. കെട്ടിടംപണി പോലുള്ള അദ്ധ്വാനം കൂടിയതും സുരക്ഷിതത്വം കുറഞ്ഞതുമായ തൊഴിലുകളിൽനിന്നും കൂട്ടായ പ്രവർത്തനത്തിലൂടെ സ്വന്തം ഭൂമിയിലും മറ്റും കാർഷികവൃത്തിയിലേക്ക് ആകർഷിക്കുന്നതും മെച്ചപ്പെട്ട തൊഴിൽ സാഹചര്യം സൃഷ്ടിക്കും. ഒപ്പം കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള കേരളത്തിൻെറ കാർഷിക മുന്നേറ്റ പ്രവർത്തനങ്ങളിൽ ക്രിയാത്മക ഘടകമായി മാറാനും വനിതകൾക്ക് കഴിയും.

കന്നുകാലി സംരക്ഷണവും ആടുവളർത്തലും വീടിനോടനുബന്ധിച്ച് സ്ത്രീകൾക്ക് ഫലപ്രദമായി പ്രവർത്തിക്കാവുന്ന മേഖലയാണെങ്കിലും സ്ത്രീപങ്കാളിത്തം ഇവിടെയും കുറവാണ്. കന്നുകാലികളെ സംരക്ഷിക്കുവാനുള്ള ബുദ്ധിമുട്ടും തീറ്റയുടെ ദൗർലഭ്യവും ഇന്ന് കാലിവളർത്തൽ ലാഭമല്ലാതായിരിക്കുന്നു. പഞ്ചായത്തിലെ മൊത്തം പാലുല്പാദനവും പാലിൻെറ ആവശ്യകതയും താരതമ്യം ചെയ്ത് പുതിയ ക്ഷീരവികസന സംരംഭങ്ങളും ആരംഭിക്കാവുന്നതാണ്.

സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെ ഉന്നത ബിരുദങ്ങൾ നേടിയ സ്ത്രീകൾ ധാരാളമുണ്ടെങ്കിലും തൊഴിൽമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. പഞ്ചായത്തിലുള്ള രണ്ട് കശുവണ്ടി ഫാക്ടറികളിലും ഒരു ബീഡി കമ്പനിയിലും മൊത്തം സ്കൂളിലെ അധ്യാപനവൃത്തിയിലും, കാർഷിക, സഹകരണ, പരമ്പരാഗത മേഖലയിലും മറ്റുമായി കൂടുതൽ സ്ത്രീതൊഴിലാളികൾ പ്രവർത്തിക്കുന്നു. കശുവണ്ടി ഫാക്ടറി, കാർഷിക പരമ്പരാഗത തൊഴിൽ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് തൊഴിൽദിന കുറവ്, മോശപ്പെട്ട ജീവിതരീതി, തൊഴിൽജന്യ രോഗങ്ങൾ, വർദ്ധിച്ചുവരുന്ന ജീവിത ചെലവ് എന്നീ കാര്യങ്ങളാൽ ശാരീരികവും മാനസികവുമായി തകരുന്നു.

ചെറുകിട വ്യവസായ മേഖലയിൽ ഐ.ആർ.ഡി. പി., വനിത വികസന കോർപ്പറേഷൻ, വനിതാ സഹകരണ സംഘം, ജില്ലാ വ്യവസായ കേന്ദ്രം എന്നീ ഏജൻസിക ളുടെ സഹായം ഗ്രാമപഞ്ചായത്തിൻെറ മേൽനോട്ട ത്തിൽ കാര്യക്ഷമമാക്കുകയും, ചെറിയ വനിതാ സംഘങ്ങ ളുടെ കൂട്ടായ്മയിൽ മെഴുകുതിരി, റെഡിമെയ്ഡ്, തയ്യൽ, കറിപൗഡർ, ബുക്ക് ബൈൻറിങ്ങ്, കുട നിർമ്മാണം, ഹാൻറി ക്രാഫ്റ്റ് എന്നീ ചെറുവ്യവസായങ്ങൾക്ക് പദ്ധ തികൾ അനിവാര്യമാണ്. ഇത്തരം വൈവിദ്ധ്യമുള്ളതും നൂതനവുമായ മേഖലകളിൽ പഞ്ചായത്ത് തലത്തിലോ, ബ്ലോക്ക് തലത്തിലോ സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ പരിശീലനം കൊടുക്കാൻ കഴിയണം. കോള നികൾ കേന്ദ്രീകരിച്ച് പല വ്യവസായ സംരംഭങ്ങൾ നട പ്പിലാക്കാനും കഴിയും. വ്യവസായ യൂണിറ്റുകളിലെ ഉല്പന്നങ്ങൾ വിതരണത്തിന് ഡി.ആർ.ഡി.എ., ഐ.ആർ.ഡി.പി., വില്ലേജ് ഇൻഡസ്ട്രീസ് തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ തദ്ദേശീയമായ ഒരു മാർക്കറ്റിംഗ് ഗ്രൂപ്പ് രൂപീകരിക്കണം.

പഞ്ചായത്തിലെ വനിതകളുടെ പൊതുവായ ആ രോഗ്യ പരിപാലനത്തിൽ വേണ്ടത്ര പരിഗണന ലഭിക്കു ന്നില്ല. രോഗാതുരത കൂടുതൽ സ്ത്രീകളെ ബാധിക്കു ന്നെങ്കിലും ഇവിടെ നിലവിലുള്ള പി.എച്ച്.സി. കണക്ക നുസരിച്ച് 1992നു ശേഷം ഒറ്റ പ്രസവം പോലും ഈ ഹെൽ ത്ത് സെൻററിൽ നടന്നിട്ടില്ല. പി.എച്ച്.സിയിൽ ലേഡി ഡോക്ടറോ/ഗൈനക്കോളജി വിഭാഗമോ - വേണ്ടത്ര പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ലാത്തതാണ് ഇതിന് കാരണം. 1992-93ൽ ഇൻപേഷ്യൻറ് 409 ആയിരുന്നു. 95-96ൽ അത് 116 ആയി കുറഞ്ഞു. പകർച്ചവ്യാധികൾ 92-93ൽ 730 ആയിരുന്നതിൽ 95-96ൽ 1417 ആയി ഉയർ ന്നിട്ടുണ്ട്. ഈ കണക്ക് മനസ്സിലാക്കുന്നത് രോഗനിവാ രണത്തിന് സ്വകാര്യ ആശുപത്രികളെ കൂടുതലായി സ്വീകരിക്കേണ്ടിവരുന്നു എന്നാണ്.

വനിതകൾക്കും കുട്ടികൾക്കും വേണ്ടത്ര പരിഗ ണന ലഭിക്കുമാറ് സ്ത്രീരോഗ വിദഗ്ധരെ നിയമിക്കു കയും, പരിസര ശുചിത്വത്തിലും, രോഗ പ്രതിരോധത്താൽ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചും സ്ത്രീകളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കണം.

പഞ്ചായത്തിൽ രണ്ട് എൽ.പി. സ്ക്കൂളും രണ്ട് യു.പി. സ്ക്കൂളും ഒരു ഹൈസ്ക്കൂളും ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂളും ഒരു ഐ.ടി.സിയും ഒരു നഴ് സിംഗ് സ്ക്കൂളും ഇരുപത്തിരണ്ടോളം വരുന്ന അംഗന വാടികളും സ്ഥിതിചെയ്യുന്നു.

കേരളാ സാക്ഷരതാ പ്രവർത്തനത്തിൽ ഭൂരിഭാഗം ഇൻസ്ട്രക്ടർമാരും വനിതകളായിരുന്നെന്നത് പഞ്ചാ യത്തിലെ വനിതകൾക്ക് അഭിമാനത്തിന് വകനൽകുന്നു. ഇവിടത്തെ പ്രാഥമിക വിദ്യാഭ്യാസം മുതൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം വരെ സ്ത്രീകൾ ഭൂരിഭാഗവും പൂർത്തീകരി ക്കുന്നു. ഉന്നത വിദ്യാഭ്യാസം പൂർത്തീകരിച്ചവരിൽ ചിലർ സഹകരണ സ്ഥാപനങ്ങളിലും അധ്യാപനവൃത്തി യിലും ചുരുക്കം ചിലർ സ്വകാര്യമേഖലയിലും ജോലി ചെയ്യുന്നതൊഴിച്ചാൽ അഭ്യസ്ഥവിദ്യർ തൊഴിൽരഹിത രാണ്. അഭ്യസ്ഥവിദ്യരായ സ്ത്രീകൾക്ക് ഉല്പാദന മേഖലയുമായുള്ള അകലവും സ്വന്തം അദ്ധ്വാനവും ബുദ്ധിയും ഉപയോഗിക്കുവാനുള്ള സാഹചര്യക്കുറവും ഇതിന് കാരണമാണ്. അഭ്യസ്ഥവിദ്യരായ വനിതകളെ അടുക്കള പശ്ചാത്തലത്തിൽനിന്നും ഒരു പരിധിവരെ സമയമെങ്കിലും ഉല്പാദന മേഖലയുമായി ബന്ധപ്പെ ടുത്തി പ്രവർത്തിപ്പിക്കുവാനും മുഖ്യധാരയിലെത്തിക്കു വാനും ശ്രമിക്കണം.

സ്ത്രീകളുടെ സാമൂഹിക പദവിക്കെതിരെ നില നിൽക്കുന്നു സാംസ്ക്കാരികവും സാമൂഹികവും ശാരീരി കവുമായ ആക്ര മണത്തിനെതിരെ ബോധപൂർവ്വവും സംഘടിതവുമായചെറുത്തുനിൽപ്പ് ആവശ്യമാണ്. സ്ത്രീ കളെ ബാധിക്കുന്ന പ്രശ്നങ്ങളിന്മേലുള്ള ഇടപ്പെടലുകൾ നേരിടുന്നതിന് ബ്ലോക്ക് തലത്തിൽ ലീഗൽ സെല്ലും, പഞ്ചാ യത്ത് തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും ആവശ്യമാണ്. ഏതെങ്കിലും വിധത്തിൽ പീഡനങ്ങൾക്ക് വിധേയരായ സ്ത്രീകളുടെ പുനരധിവാസത്തിന് സഹായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

ഈ പഞ്ചായത്തിൽ 22 അംഗൻവാടികൾ പ്രവർ ത്തിക്കുന്നു. നമ്മുടെ പ്രദേശത്തെ വനിത സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടെ പ്രധാന കേന്ദ്രമായി അംഗൻ വാടികളെ മാറ്റി എടുക്കേണ്ടതുണ്ട്. ഇന്ന് അംഗൻവാടി പ്രവർത്തനം ടീച്ചർ, ഹെൽപ്പർ, കുട്ടികൾ, ഭാഗികമായ മാതൃസംരക്ഷണ പ്രവർത്തനങ്ങളുമായി ഒതുങ്ങിനിൽ ക്കുന്നു.

ധാരാളം ഗ്രാമീണ വായനശാലകൾ നമ്മൾക്കുണ്ട്. ഇരുപതിൽ മേലെ പ്രാദേശിക യുവജന ക്ലബ്ബുകളും നാലോ അഞ്ചോ മഹിളാസമാജങ്ങളും ഈ പഞ്ചായ ത്തിൽ പ്രവർത്തിക്കുന്നു. ഇവിടേക്ക് കടന്നുചെല്ലാനും പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുമുള്ള മുൻകൈ വനി തകളിൽ ഒട്ടുംതന്നെയില്ല. ഇത് കണക്കിലെടുത്ത് വനി തകൾക്ക് മാത്രമായി വായനശാലകളും, സഞ്ചരിക്കുന്ന വായനശാലകളും, സ്ത്രീകളുടെ കലാസാംസ്ക്കാരിക സംഘടന തുടങ്ങിയ സംരംഭങ്ങൾ സാംസ്ക്കാരിക പ്രവർ ത്തനങ്ങളിലെ സ്ത്രീകളുടെ അദൃശ്യതക്ക് ഒരു പരിധി വരെ പരിഹാരമാകും.

വനിതകളുടെ പ്രശ്നങ്ങൾക്ക് സാമാന്യവൽക്കരിച്ച് ആവിഷ്കരിക്കുന്ന പദ്ധതികൾക്കു പകരം പൊതുവായ ഒരു സ്ത്രീകാഴ്ചപ്പാടിൽ പ്രാദേശികാടിസ്ഥാനത്തിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ അറിയുകയും ചർച്ച ചെയ്യു കയും പ്രാദേശിക, ഭൗതിക സാഹചര്യം കണക്കിലെടുത്ത് വികസന പദ്ധതികൾ ആവിഷ്കരിക്കുകയും സ്ത്രീ കൾക്കിടയിൽ പഞ്ചായത്തിൻെറ വിവിധ വനിതാക്ഷേമ

പദ്ധതികൾക്ക് പ്രചാരം കൊടുക്കുകയും സ്ത്രീകളെ സംഘടിപ്പിക്കുവാനും പരിശീലനം, ബോധവൽക്കരണം, വിഭവസമാഹരണം എന്നിവക്ക് നേതൃത്വം കൊടുക്കാനും, മഹിളാമേഖലയിൽ പ്രവർത്തിക്കുന്നവരുടെ യോജിച്ചുള്ള പരിശ്രമം ആവശ്യമാണ്. പ്രാദേശികമായി വനിതകളെ സംഘടിപ്പിക്കേണ്ടത് മഹിളാപ്രസ്ഥാനങ്ങൾ, മഹിളാസമാജങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ എന്നിവയാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കുകയും, നിലവിലുള്ള 3-ാം വാർഡിലെ ഖാദി ബോർഡിൻെറ സ്ഥാപനം വിപുലീകരിക്കുകയും നെയ്ത്തൽ, പലഹാര നിർമ്മാണം, കറിപൗഡർ, ബുക്ക് ബൈൻറിങ്ങ്, കുട നിർമ്മാണം, റെഡിമെയ്ഡ് നിർമ്മാണം, മൃഗസംരക്ഷണം, കോഴിവളർത്തൽ, പച്ചക്കറി തോട്ട നിർമ്മാണം എന്നിവയിൽ പരിശീലനം നൽകുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.
2. ഗ്രാമങ്ങൾതോറും വനിതാസംഘടനകൾ ആവശ്യമാണ്. നിലവിലുള്ള മഹിളാസമാജങ്ങൾ, അംഗൻവാടികൾ എന്നിവ കാര്യക്ഷമമാക്കുകയും, അയൽകൂട്ടം, വനിതാ സഹകരണ സംഘങ്ങൾ എന്നിവ രൂപീകരിക്കുകയും ചെയ്യുക.
3. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുകയും മാവേലി സ്റ്റോറുകൾ ആരംഭിക്കുകയും ചെയ്യുക.
4. വ്യാജ മദ്യവിൽപ്പന കർശനമായി അവസാനിപ്പിച്ച്, മദ്യനിരോധനം അർത്ഥതലത്തിൽ എത്തിക്കുക.
5. ഓരോ ഗ്രാമത്തിലും അവർക്ക് വേണ്ട വസ്തുക്കൾ അവർതന്നെ ഉല്പാദിപ്പിക്കുന്നതിനും, വിതരണം കാര്യക്ഷമമാക്കുന്നതിനും പരിശീലനം നൽകുക.
6. ഹെൽത്ത് സെൻററുകളിൽ വേണ്ടത്ര ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക - പ്രത്യേകിച്ചും ഗർഭിണികൾക്ക്.
7. സ്ത്രീതൊഴിലാളികൾക്ക് അവരുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കാനുള്ള ക്രെഷെകൾ തൊഴിൽശാലകളിൽതന്നെ തുടങ്ങുക.
8. കുടിവെള്ളപ്രശ്നം പരിഹരിക്കുക.
9. ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് ദക്ഷത കുറഞ്ഞ അടുപ്പുകൾ നിർമ്മിക്കുന്നതിനും ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിനും പരിശീലനം നൽകുക. ഗവൺമെൻറ് ഗ്യാസ് ഏജൻസിയെ പഞ്ചായത്തിൽ നിയമിക്കുക.

## വനിതാമേഖലയിലെ പ്രശ്നങ്ങൾ

1. രൂക്ഷമായ വിറകിൻെറ ക്ഷാമം - ദക്ഷത കുറഞ്ഞ അടുപ്പുകളുടെ പ്രചാരത്തിലുള്ള കുറവ് - ഗവൺമെൻറ് അധീനതയിലുള്ള ഗ്യാസ് ഏജൻസി ഇല്ലായ്മ - കന്നുകാലികളെ പരിപാലിക്കുന്നവരിലും ബയോഗ്യാസ് പ്രചാരത്തിലില്ലായ്മ - കച്ചിപ്പെട്ടി ഉപയോഗിക്കാതിരിക്കൽ - എന്നിവ പാചകരംഗത്ത് ജോലിചെയ്യുന്ന സ്ത്രീകളുടെ അവസ്ഥ ദുരിതപൂർണ്ണമാക്കുന്നു.
2. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകൾ വേണ്ടത്ര പ്രവർത്തനത്തിന് സജ്ജരായി കാണുന്നില്ല.
3. സ്വയംതൊഴിൽ രംഗങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര സാങ്കേതിക പരിശീലനം ലഭ്യമാകാത്തതിനാൽ അവർ അതിൽ താല്പര്യം കാണിക്കുകയോ ആരംഭിക്കുകയോ ചെയ്യുന്നില്ല.
4. തുല്യജോലിക്ക് തുല്യവേതനമില്ലായ്മ മണ്ണുപണി കെട്ടിട നിർമ്മാണം എന്നീ മേഖലകളിൽ സ്ത്രീകളെ രണ്ടാംതരത്തിലേക്ക് മാറ്റുന്നു.
5. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ലായ്മയും, പ്രസ്തുത നിയമങ്ങൾ പരിശീലിപ്പിക്കുന്നതിനുള്ള സൗകര്യമില്ലായ്മയും സ്ത്രീകളെ അവകാശങ്ങളെക്കുറിച്ച് ബോധവതികളാക്കുന്നതിന് വിഘാതമാകുന്നു.
6. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക ഞെരുക്കം വിഘാതമായി നിൽക്കുന്നു. ഇത് താഴെ തട്ടിലുള്ളവരിൽ കൂടുതൽ പ്രകടമാണ്.
7. സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അജ്ഞത സ്ത്രീകളുടെ സാമൂഹ്യാവസ്ഥക്ക് മാറ്റം വരുത്തുന്നതിന് വിഘാതമാകുന്നു.
8. ശാസ്ത്രീയബോധം കുറവായതിനാൽ - ശാസ്ത്രീയ വിദ്യാഭ്യാസമുള്ളവരിലും - അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും ഇടയിൽ നിൽക്കുവാൻ സ്ത്രീകൾ നിർബന്ധിതരാവുന്നു.

## വനിതാമേഖലയിലെ സാധ്യതകൾ

1. പ്രത്യക്ഷവരുമാനം സിദ്ധിക്കുന്ന തൊഴിൽ മേഖലകളിലേക്ക് സ്ത്രീകൾ കൂടുതലായി കടന്നുവരികയും, അങ്ങനെ അവരുടെ സമൂഹത്തിലെ അന്തസ്സ് വർദ്ധിപ്പിക്കുകയും ചെയ്താൽ ഇന്ന് നിലനിൽക്കുന്ന സ്ത്രീ പുരുഷ വിവേചനം ഒരു പരിധിവരെ ഇല്ലാതാവും.
2. സ്ത്രീതൊഴിലാളികൾക്ക് അവരുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് തൊഴിൽ സ്ഥാപനങ്ങളിൽ തന്നെ 'ക്രെഷെകൾ' ആരംഭിക്കുവാൻ നടപടികൾ കൈക്കൊള്ളുക.
3. കുടിവെള്ളക്ഷാമം അനുഭവിക്കുമ്പോൾ ഏറ്റവും അധികം കഷ്ടത അനുഭവിക്കേണ്ടത് സ്ത്രീകൾക്കാണ്. അതിനാൽ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സത്വരവും ശാശ്വതവുമായ നടപടികൾ സ്വീകരിക്കുക.

4. പച്ചക്കറി ഉല്പാദന രംഗത്ത് കൂടുതൽ സാദ്ധ്യതകൾ ഉള്ളതിനാൽ ഈ മേഖലയിൽ സ്ത്രീകൾക്ക് കൂടുതൽ പരിശീലനവും പ്രോത്സാഹനവും നൽകുക. ഇതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്താൽ വളരെയധികം ഗ്രാൻറുകളും മറ്റും പല വൻകിട സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകാൻ സാധ്യതയുണ്ട്.

5. ഭക്ഷ്യവസ്തുക്കളും, പലഹാരങ്ങളും പാക്കറ്റുകളിലായി റെഡിമെയ്ഡ് രൂപത്തിൽ കടകളിൽനിന്നും വാങ്ങിക്കുവാനുള്ള ഒരു പ്രവണത ഉയർന്നുവരുന്ന ഈ അവസരത്തിൽ നഷ്ടമായിക്കൊണ്ടിരിക്കുന്ന രുചികരവും പോഷകസമ്പുഷ്ടവുമായ ഗ്രാമീണ ഉല്പന്നങ്ങൾ ഉണ്ടാക്കി ഭംഗിയായി പാക്ക് ചെയ്ത് വിൽക്കുവാനുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ ലഭ്യമാക്കുക.

6. കോളനികളിലും ജനങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിലും വ്യാജമദ്യവിൽപന മൂലമുണ്ടാകുന്ന കഷ്ടതകളും ദുരിതങ്ങളും കുറയ്ക്കുവാൻ അത്തരം സാമൂഹ്യ ദ്രോഹങ്ങൾക്കെതിരെ ഫലപ്രദമായ ബോധവൽക്കരണം സ്ത്രീകൾക്കിടയിൽ നടത്തുക.

7. റെഡിമെയ്ഡ് വസ്ത്രങ്ങളോടുള്ള പ്രതിപത്തി വർദ്ധിച്ചുവരുന്ന ഈയവസരത്തിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിന് ഉതകുന്ന വിധത്തിൽ പരിശീലനവും, സാമ്പത്തിക പശ്ചാത്തലമൊരുക്കിക്കൊടുക്കലും ചെയ്യുക.

8. വാർഡ് തലങ്ങളിൽ കൂടുതൽ മഹിളാസമാജങ്ങൾ സ്ഥാപിച്ച് സാംസ്കാരിക-സാമൂഹ്യ തലങ്ങളിൽ സ്ത്രീകൾ കൂടുതലായി മുന്നോട്ടുവരുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുക. ഇതിനായി കാലാകാലങ്ങളിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് മഹിളാസമാജങ്ങൾക്ക് സഹായങ്ങളും നിർദ്ദേശങ്ങളും നൽകുക.

9. തൊഴിൽ നിയമങ്ങൾ, തൊഴിൽ സാധ്യതകൾ, അസംസ്കൃത വസ്തുശേഖരണം, ഉല്പാദനം, വിതരണം എന്നിവകളെക്കുറിച്ച് വ്യക്തമായ ബോധവൽക്കരണം സ്ത്രീകൾക്ക് നൽകണം.

10. വിധവാപെൻഷൻ, അഗതിപെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക. സർക്കാരിൽ നിന്നും ലഭിക്കേണ്ട വിധവാപെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ ആനുകൂല്യങ്ങൾ എന്നിവക്ക് അപേക്ഷ കാലാകാലങ്ങളിൽ നൽകാത്തവരെ കണ്ടുപിടിച്ച്, അപേക്ഷിപ്പിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും അത്തരത്തിൽപ്പെട്ട അർഹതപ്പെട്ടവർക്ക് അവ ലഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്. ഇത്തരം കാര്യങ്ങൾക്കായി പഞ്ചായത്തിന് സന്നദ്ധ സംഘടനാ പ്രതിനിധികളുടെ സഹായം തേടാവുന്നതാണ്.

11. അർഹതപ്പെട്ട മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും പോഷകമൂല്യങ്ങൾ അടങ്ങിയ ഭക്ഷ്യവസ്തുക്കളും, വിറ്റാമിൻ ഗുളികകളും, പ്രതിരോധ കുത്തിവയ്പുകളും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

12. ഗർഭധാരണം മുതൽ സ്ത്രീകൾക്ക് വിദഗ്ധ ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിന് പി.എച്ച്.സി. തലം മുതൽ വേണ്ടത്ര സൗകര്യമേർപ്പെടുത്തുക.

13. കർഷക തൊഴിലാളി, മറ്റ് ദിവസക്കൂലി തൊഴിലാളി എന്നീ ഇനങ്ങളിൽ പെട്ട സ്ത്രീതൊഴിലാളികൾക്ക് പ്രസവകാലത്ത് വേതനം ലഭ്യമാക്കുവാൻ ഇന്ന് വ്യവസ്ഥയില്ല. മറ്റു മേഖലകളിലെ സ്ത്രീകൾക്ക് കിട്ടുന്ന ആനുകൂല്യം പ്രസ്തുത തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക കാര്യങ്ങളിൽ സത്വരശ്രദ്ധ പതിപ്പിക്കുക.

14. സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനുതകുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതും കഴിയുന്നത്ര സ്ത്രീകളെ നേതൃനിരയിലേക്ക് കൊണ്ടുവരാൻ രാഷ്ട്രീയ സാമൂഹ്യ നേതൃത്വം ശ്രദ്ധിക്കണം.

15. പൊതുപ്രവർത്തനരംഗത്ത് മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്കുവക്കുകയും അങ്ങനെ പുതുതലമുറക്ക് ആത്മവിശ്വാസം സൃഷ്ടിക്കുകയും വേണം. കുടുംബയോഗങ്ങളിലും മാതൃസംഗമങ്ങളിലും വനിതാ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കണം.

16. സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണ സംഘങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. ഇതിനായി സാമൂഹ്യ സന്നദ്ധ സംഘടനകളുടെ സഹകരണം ഉറപ്പുവരുത്തുക.

# 5 - 10

# സഹകരണം

സഹകരണ നിയമത്തിൻ കീഴിൽ പ്രവർത്തനമാരംഭിച്ച രണ്ട് കാർഷിക വായ്പാ സഹകരണസംഘങ്ങളാണ് മുരിയാട് ഗ്രാമപഞ്ചായത്തിലുള്ളത്. മുരിയാട് സർവ്വീസ് സഹകരണ ബാങ്ക്, പുല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവയാണ് ഈ സ്ഥാപനങ്ങൾ. മുരിയാട്, ആനന്ദപുരം എന്നീ വില്ലേജുകൾ പ്രവർത്തനപരിധിയുള്ള മുരിയാട് സർവ്വീസ് സഹകരണ ബാങ്ക് 1-10-1119 (ME)ലാണ് ആരംഭിച്ചത്. അടുത്ത കാലം വരെ നിക്ഷേപത്തിലും വായ്പാ വിതരണത്തിലും പിന്നണിയിലായിരുന്ന ഈ ബാങ്ക് 1980കളിൽ പ്രവർത്തനം മെച്ചപ്പെടുത്താൻ തുടങ്ങി. ഇപ്പോൾ ഈ മേഖലയിലെ പ്രമുഖ ബാങ്കുകളിലൊന്നാണ്.

പുല്ലൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന സഹകരണ ബാങ്കിൻെറ പ്രവർത്തനപരിധി പുല്ലൂർ വില്ലേജ് മാത്രമാണ്. ജനങ്ങളുടെ വായ്പാ ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റുവാൻ ഈ സംഘത്തിന് കഴിയുന്നില്ല. 1-11-1122ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിന് ഗ്രാമീണരുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു സ്ഥാപനമായി വളരുവാൻ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

ആനന്ദപുരം, മുരിയാട്, പുല്ലൂർ വില്ലേജുകളിൽ 3 ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനഫലമായി അനേകംപേർ കറവമാടുകളെ വളർത്തൽ മേഖലയിലേക്ക് കടന്നുവരുന്നതിന് സഹായിച്ചിട്ടുണ്ട്. അടുത്ത കാലത്ത് സ്വകാര്യ ഡയറികളുടെ പ്രവർത്തനവും ഈ പഞ്ചായത്തിൽ വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

ഹരിജനങ്ങൾ മാത്രം അംഗങ്ങളായ ഒരു സഹകരണസംഘം ആനന്ദപുരത്തും, മത്സ്യതൊഴിലാളി സഹകരണസംഘം പുല്ലൂരും പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം മന്ദഗതിയിലാണ്.

ഖാദിബോർഡിൻെറ കീഴിൽ നൂൽനൂൽപ്പ്, നെയ്ത്ത് എന്നിവ നടത്തിയിരുന്ന ഒരു സഹകരണ സംഘം മുരിയാട് കേന്ദ്രമായി പ്രവർത്തിച്ചിരുന്നു. എന്നാൽ 1970കളിൽ ഈ സ്ഥാപനം അടച്ചുപൂട്ടി.

ആനന്ദപുരം ശ്രീകൃഷ്ണ ഹൈസ്ക്കൂളിലും, മുരിയാട് എ.യു.പി. സ്ക്കൂളിലും സ്ക്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. അദ്ധ്യാപകരും വിദ്യാർത്ഥികളും മാത്രമാണ് ഇതിൽ അംഗങ്ങൾ. വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുക എന്ന പ്രവർത്തനം മാത്രമേ പ്രധാനമായും ഈ സഹകരണ സംഘങ്ങൾ നിർവ്വഹിക്കുന്നുള്ളൂ.

പഞ്ചായത്തിൽ നിലവിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളിലും കൂടി ഇരുപത്തഞ്ചോളം ജീവനക്കാരുണ്ട്.

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ നില

### കാർഷിക സംഘങ്ങൾ

കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് സഹകരണ ബാങ്കുകളാണ് നിലവിലുള്ളത്. കർഷകരുടെ മുഴുവൻ വായ്പാ ആവശ്യങ്ങളും നിറവേറ്റാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

മുരിയാട് സർവ്വീസ് സഹകരണ ബാങ്ക്, പുല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

### പട്ടിക - 1

മുരിയാട് സർവ്വീസ് സഹകരണ ബാങ്ക്
ലിമിറ്റഡ് നമ്പർ 479

| | |
|---|---|
| പ്രവർത്തനപരിധി | ആനന്ദപുരം, മുരിയാട് വില്ലേജ് |
| ആരംഭിച്ച വർഷം | 1-10-1119 (ME) |
| ആകെ അംഗങ്ങൾ | 5912 |
| ഒരു ഓഹരിയുടെ വില | 10 രൂ. |
| അംഗീകൃത ഓഹരി മൂലധനം | 50,00,000 |
| പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | 17,48,350 |
| സർക്കാർ ഓഹരി സംഖ്യ | 38700 |
| നിക്ഷേപങ്ങൾ | |
| (a) സ്ഥിരം | 21333728-55 |
| (b) ഹ്രസ്വകാലം | 16,13,234-38 |
| നൽകിയ വായ്പകൾ | |
| (a) കാർഷിക വായ്പ | 4516027 |
| (b) മറ്റു വായ്പകൾ | 1,96,93,040 |
| പ്രത്യേക വായ്പകൾ | 3525287 |

### പട്ടിക - 2

പുല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ - 550

| | |
|---|---|
| പ്രവർത്തനപരിധി | പുല്ലൂർ വില്ലേജ് |
| ആരംഭിച്ച വർഷം | 1-11-1122 (ME) |
| ആകെ അംഗങ്ങൾ | 4735 |
| ഒരു ഓഹരിയുടെ വില | 10 രൂപ |

| | |
|---|---|
| അംഗീകൃത ഓഹരി മൂലധനം | 15 ലക്ഷം |
| പിരിഞ്ഞുകിട്ടിയ മൂലധനം | 479890 |
| സർക്കാർ ഓഹരി | 100000 |

നിക്ഷേപങ്ങൾ

| | | |
|---|---|---|
| a. | സ്ഥിരം | 7235018 |
| b. | ഹ്രസ്വ | 745513 |

നൽകിയ വായ്പകൾ

| | | |
|---|---|---|
| a. | കാർഷിക വായ്പ | 963039 |
| b. | മറ്റു വായ്പകൾ | 4927420 |
| c. | പ്രത്യേക വായ്പകൾ | 29809 |

കാർഷിക വായ്പാ സംഘങ്ങൾ എന്ന നിലയിലുള്ള പ്രവർത്തനങ്ങൾക്കു പുറമെ വളം, കീടനാശിനി വില്പന കൺസ്യൂമർ സ്റ്റോർ എന്നിവയും നടത്തി വരുന്നു. നിക്ഷേപങ്ങൾക്കു പുറമെ പ്രതിമാസ നിക്ഷേപ പദ്ധതി, കുറി, റക്കറിങ്ങ് നിക്ഷേപങ്ങൾ, സ്വർണ്ണപണ്ടം പണയവായ്പ തുടങ്ങിയ പദ്ധതികളും നടപ്പാക്കി വരുന്നു.

വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെങ്കിലും ഈ രണ്ട് സ്ഥാപനങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രവർത്തനപരിധിയിൽ വരുന്ന ജനസംഖ്യയിൽ ചെറിയൊരു ശതമാനം പേർ മാത്രമേ സംഘങ്ങളിൽ അംഗത്വമെടുത്തിട്ടുള്ളു. വായ്പക്ക്വേണ്ടി മറ്റ് ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കേണ്ടതായി വരുന്നു എന്ന കുറവുണ്ട്.

## ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

ഈ മേഖലയിൽ 3 സഹകരണ സംഘങ്ങൾ നിലവിലുണ്ട്. ആനന്ദപുരം സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ 1, 2, 3 വാർഡുകളിലും, മുരിയാട് സംഘത്തിന്റെ പ്രവർത്തനം 4, 5 വാർഡുകളിലും പുല്ലൂർ സംഘത്തിന്റെ പ്രവർത്തനം പുല്ലൂർ വില്ലേജിലും വ്യാപിച്ചു കിടക്കുന്നു.

ഈ മൂന്നു സഹകരണ സംഘങ്ങളിലുമായി 1500 ലിറ്ററോളം പാൽ ദിനംപ്രതി സംഭരിച്ച് വിപണനം നടത്തി വരുന്നു.

പട്ടിക 3

പുല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘം: R132 (D)

| | |
|---|---|
| അംഗസംഖ്യ | 220 |
| പാൽ അളക്കുന്നവർ | 60 |
| അംഗങ്ങൾ | 38 |
| അംഗങ്ങളല്ലാത്തവർ | 22 |
| ശരാശരി പ്രതിദിന പാൽ സംഭരണം | 240 Litres |
| പ്രാദേശിക വില്പന | 10 Litres |
| ജീവനക്കാരുടെ എണ്ണം | 3 |
| ലാഭം/നഷ്ടം | ലാഭം |

പട്ടിക 4

| | |
|---|---|
| പേര് | ക്ഷീര സഹകരണ സംഘം മുരിയാട് |
| ആകെ ലിറ്റർ | 420 |
| പഞ്ചായത്തിൽ വിൽക്കുന്നത് (ലിറ്റർ) | 15 |
| പുറത്തേക്ക് അയക്കുന്നത് (ലിറ്റർ) | 405 |
| ലാഭം/നഷ്ടം | ലാഭം |

| | |
|---|---|
| പേര് | ക്ഷീര സഹകരണ സംഘം ആനന്ദപുരം |
| ആകെ ലിറ്റർ | 550 |
| പഞ്ചായത്തിൽ വിൽക്കുന്നത് (ലിറ്റർ) | 30 |
| പുറത്തേക്ക് അയക്കുന്നത് (ലിറ്റർ) | 520 |
| ലാഭം/നഷ്ടം | ലാഭം |

ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും പ്രശ്നങ്ങളും:-

1. അംഗങ്ങളുടെ വായ്പാ ആവശ്യങ്ങൾ മുഴുവൻ നിറവേറ്റത്തക്കവിധം കാർഷിക സംഘങ്ങൾ പ്രാപ്തമല്ല.
2. സഹകരണ ബാങ്കുകളിൽ കാർഷിക വായ്പകൾക്ക് ഉയർന്ന പലിശനിരക്കാണ് ഉള്ളത്.
3. കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായവിലക്ക് സംഭരിക്കുവാൻ സംവിധാനമില്ല.
4. സഹകരണ ബാങ്കുകളുടെ ശാഖകൾ വിവിധ പ്രദേശങ്ങളിൽ സ്ഥാപിക്കണം.
5. നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നില്ല.
6. വരുമാനത്തിന് അനുസൃതമല്ലാത്ത ഭരണച്ചിലവുകൾ മൂലം സംഘങ്ങൾ നഷ്ടത്തിലാണ്.
7. മറ്റ് ബാങ്കിങ്ങ് സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ളതുപോലെ സാങ്കേതിക നവീകരണ പ്രവർത്തനങ്ങളും, സൗകര്യങ്ങളും സഹകരണ ബാങ്കുകളിലും ലഭ്യമാക്കണം.
8. സഹകരണ അടിസ്ഥാനത്തിൽ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ, അച്ചാറുകൾ, പഴം സംസ്കരണം- കറി പൗഡറുകൾ തുടങ്ങിയവ നിർമ്മിച്ച് വിതരണം നടത്തുന്നതിനുള്ള സഹകരണ സംഘങ്ങൾ ആരംഭിക്കണം.
9. ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം സ്ഥാപിക്കുക.

10. സഹകരണാടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട്, കൺസ്യൂമർ രംഗങ്ങളിൽ സ്ഥാപനങ്ങൾ ആരംഭിക്കണം.

11. ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങണം.

12. തൊഴിൽരഹിതരായ സാങ്കേതിക പരിജ്ഞാനമുള്ള യുവജനങ്ങളെ ഉൾപ്പെടുത്തി വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുക.

13. കേര ഉൽപ്പന്നങ്ങൾ സുലഭമാണെങ്കിലും അത് പ്രയോജനപ്പെടുത്തി തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നില്ല.

14. സഹകരണ ബാങ്കുകളിൽ N.R.E. നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

15. വാർഡുകൾതോറും ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ സ്ഥാപിച്ച് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും, അതുവഴി തൊഴിൽ മേഖല വികസിപ്പിക്കുന്നതിനും കഴിയും.

16. പഴങ്ങൾ, പച്ചക്കറികൾ, പുഷ്പങ്ങൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനും ഒരു സഹകരണ സംഘം രൂപീകരിക്കുക.

## സാദ്ധ്യതകൾ

1. വിവിധ മേഖലകളിൽ പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ കഴിയും.
2. സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുകയും, വൈവിദ്ധ്യവൽക്കരിക്കുകയും ചെയ്യുക.
3. മാലകെട്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന വനിതകളെ സംഘടിപ്പിച്ച് സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.
4. തയ്യൽ പരിശീലനം സിദ്ധിച്ച വനിതകൾ ധാരാളമുള്ളതിനാൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിനും വിപണനത്തിനുമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.
5. കേര ഉൽപ്പന്നങ്ങൾ സംസ്ക്കരിച്ച് വിപണനം ചെയ്യുന്ന ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.
6. വാർഷിക ജനറൽ ബോഡിയിൽ കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് ഒരു പുതിയ സഹകരണ സംസ്ക്കാരം വളർത്തിയെടുക്കാനും, സഹകരണ ജനാധിപത്യം ശക്തിപ്പെടുത്താനും കഴിയും.
7. ജനങ്ങളുടെ വിവിധ ആവശ്യങ്ങൾ കണക്കിലെടുത്ത് പുതിയ സ്ക്കീമുകൾക്ക് രൂപം നൽകണം.
8. എല്ലാ കുടുംബങ്ങളിൽനിന്നും സർവ്വീസ് സഹകരണ ബാങ്കുകളിൽ അംഗത്വം ഉറപ്പുവരുത്തുക.

---

# 5 -11

# പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 20.37% പട്ടികജാതി വിഭാഗത്തിൽപ്പെടുന്നു. 816 പട്ടികജാതി കുടുംബങ്ങളും 4694 കുടുംബാംഗങ്ങളും, ഇവിടെ താമസിച്ചുവരുന്നു. ഇതിൽ ഏകദേശം 80% കോളനി പ്രദേശത്തും 20%ത്തോളം ജനങ്ങൾ ഒറ്റപ്പെട്ട സ്ഥലങ്ങളിലും കഴിയുന്നു. പട്ടിക വർഗ്ഗത്തിൽപ്പെട്ട വിഭാഗം ഈ പഞ്ചായത്തിൽ താമസമില്ല.

നൂറ്റാണ്ടുകളായി സാമൂഹികമായും സാമ്പത്തികമായും ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന്, മഹാത്മാക്കളായ നവോത്ഥാന നായകൻമാരുടേയും; സാമുദായിക നേതാക്കളുടെയും; കേരള സംസ്ഥാന പിറവിക്ക്ശേഷം നടന്ന സാമൂഹ്യ - രാഷ്ട്രീയ മാറ്റത്തിൻേറയും ഫലമായി ഒരു പരിധി വരെ ജീവിത പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു കാർഷിക മേഖലയായ പഞ്ചായത്തിൽ 1957ലെ കേരളാ സർക്കാരിൻേറ ഭൂപരിഷ്കരണ നിയമത്തിൻേറ ഫലമായി കർഷകന് ഭൂഉടമസ്ഥാവകാശം ലഭിച്ചതോടൊപ്പം തന്നെ കുടികിടപ്പാവകാശവും മിച്ചഭൂമിയുടെ ലഭ്യതയും, ഈ ജനവിഭാഗത്തിന് സമൂഹത്തിൽ മാന്യമായ സ്ഥാനം ലഭിക്കുന്നതിന് ഇടയാക്കി. കർഷക തൊഴിലാളി പ്രസ്ഥാനത്തിൻേറ ആവിർഭാവവും, തൊഴിലാളി വർഗ്ഗ സമര പോരാട്ടങ്ങളും ഈ വിഭാഗം ജനങ്ങൾക്ക് സാമ്പത്തിക രംഗത്തും നേട്ടങ്ങൾ ഉണ്ടാക്കുവാൻ സാധിച്ചു.

പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൻേറ ഉന്നതിക്കുവേണ്ടി സർക്കാർ നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അവബോധമില്ലായ്മയും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ മൂലവും പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ അംഗീകൃത കോളനി നിവാസികൾക്ക് ലഭ്യമാകുന്നതുപോലെ ഇതര ഭാഗങ്ങളിൽ ഇടകലർന്ന് ജീവിക്കുന്നവർക്ക് ലഭിച്ചിട്ടില്ല. അംഗീകരിച്ച കോളനികളും അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ച കോളനികളും ഈ പഞ്ചായത്തിലുണ്ട്.

**വിദ്യാഭ്യാസം:** 1990-91 കാലഘട്ടത്തിലെ കേരളാ സാക്ഷരതാ പ്രവർത്തനത്തിൻേറ ഫലമായി നിരക്ഷരത കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും, വിദ്യാഭ്യാസ രംഗത്ത് ആശാവഹമായ പുരോഗതി കൈവരിക്കുവാൻ ഈ വിഭാഗത്തിന് സാധിച്ചിട്ടില്ല. സാമ്പത്തികമായ പിന്നോക്കാവസ്ഥ, രക്ഷിതാക്കളുടെ ബോധനിലവാരത്തിൻേറ പരിമിതി, കുടുംബങ്ങളുടെ ഉത്തരവാദിത്തമേറ്റെടുക്കേണ്ടിവരൽ എന്നിവ എസ്.എസ്.എൽ.സി. ക്കും ശേഷമുള്ള തുടർവിദ്യാഭ്യാസത്തിന് തടസ്സമായ ഘടകങ്ങളാണ്. ഈ അവസ്ഥ മാറ്റി എടുക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്തേണ്ടതാണ്.

**തൊഴിൽ:** പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ പണിയെടുത്തു ജീവിച്ചു വന്നിരുന്നവരാണ്. എന്നാൽ കുറച്ച് വർഷങ്ങളായി കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു. കെട്ടിടനിർമ്മാണം പോലുള്ള മേഖലകളിൽ നിന്നും കിട്ടുന്ന കൂലിനിരക്കും അദ്ധ്വാനം കൂടുതലുള്ള പണിയോടുള്ള വിമുഖത, അഭ്യസ്തവിദ്യർക്ക് മണ്ണിൽ പണിയെടുക്കുന്നതിനുള്ള മിഥ്യാഭിമാനം എന്നിവ കൊണ്ട് പുത്തൻ തലമുറ പൂർണ്ണമായും കാർഷിക മേഖലയോട് വിട പറഞ്ഞുകഴിഞ്ഞു. കൊയ്ത്ത് പോലുള്ള തൊഴിലുകൾക്ക് സ്ത്രീ തൊഴിലാളികളെ കിട്ടാത്തതുകൊണ്ട് പാലക്കാടും, മറ്റ് ദൂരദേശത്തുനിന്നും തൊഴിലാളികളെ കൊണ്ടുവരേണ്ട അവസ്ഥയുണ്ട്. യന്ത്രവൽകൃതമായി കൊയ്ത്തും, മെതിയും നടത്തേണ്ട അവസ്ഥയും നിലവിലുണ്ട്. ഒരു തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉൽപാദന വർദ്ധനവിൻേറ പ്രാധാന്യം കണക്കിലെടുത്ത്. സമൂഹത്തിൽനിന്നും കാർഷിക മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പരമ്പരാഗതമായി കർഷക മുതലാളിമാരുടെ കീഴിൽ സ്ഥിരം പണിയെടുത്തിരുന്ന 600 തൊഴിലാളികൾക്ക് ഭൂമിയുടെ തുണ്ടുവൽക്കരണം മൂലം തൊഴിൽ നഷ്ടപ്പെടുകയുണ്ടായിട്ടുണ്ട്. ഈ തൊഴിലാളികൾ മറ്റു പല മേഖലകളിൽ തൊഴിൽ തേടി പോകുകയോ, തൊഴിൽരഹിതരോ ആയി മാറിയിട്ടുണ്ട്. കാർഷിക മേഖലയിൽ സീസണുകളിലാണ് തൊഴിൽ എന്നതുകൊണ്ട് മിക്ക കർഷക തൊഴിലാളികളുടെയും കൈതൊഴിലായിരുന്ന കൊട്ടനെയ്ത്ത്, പായനെയ്ത്ത് കൈതഴ നിർമ്മാണം എന്നിവ അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവ് മൂലം തടസ്സപ്പെട്ടുകൊണ്ടിരിക്കയാണ്. ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പു വരുത്തുന്നതിനും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**പാർപ്പിടം:** സർക്കാർ ഏജൻസികൾ വഴി നടപ്പാക്കി വരുന്ന പദ്ധതികൾ മുഖേന പാർപ്പിട പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പല പട്ടികജാതി കോളനികളിലും ചെറ്റ കുടിലുകളും ഓലമേഞ്ഞ വീടുകളും കാണാൻ കഴിയും. ഒരു വിഭാഗം ജനങ്ങൾ

മറ്റു ഏജൻസികൾ വഴി നടപ്പാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികളും കടക്കെണിയിൽപ്പെട്ടുപോകുകയും ഭൂമിയുടെ രേഖ ഏജൻസികളുടെ കൈവശമായതിനാൽ മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന സംഖ്യയുടെ അപര്യാപ്തത മൂലം പണിതീരാത്ത വീടുകൾ ധാരാളം കാണാൻ കഴിയുന്നതാണ്. വീട് വയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലവും ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചു കൊടുത്താൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമാവുകയുള്ളൂ.

പല അംഗീകൃത കോളനികളിലും, ലക്ഷംവീട്, നാല് സെൻറ് കോളനികളിലെ മിക്ക വീടുകളിലും കക്കൂസുകൾ നിലവിലില്ല. ഓരോ വീടിനും ഓരോ കക്കൂസുകൾ വീതം നിർമ്മിച്ച് നൽകി ഈ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. പ്രത്യേക സാഹചര്യത്തിൽ പൊതു കക്കൂസുകളും നിർമ്മിച്ചു കൊടുക്കേണ്ടതാണ്.

**പ്രശ്നങ്ങൾ:-**

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല, കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു.
2. തൊഴിൽ കുറഞ്ഞുവരുന്നു, ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
3. എല്ലാവർക്കും സ്വന്തമായി വീടില്ല; വീടുവയ്ക്കാൻ സ്ഥലമില്ല. വീടു നിർമ്മിക്കാൻ നൽകുന്ന ധന സഹായംകൊണ്ട് നിർമ്മാണം പൂർത്തീകരിക്കാനാവാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു.
4. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല, വൈദ്യുതി ഇല്ല.
5. ചേർപ്പുംകുന്ന്, കുന്നത്തറ, വെള്ളിലം കുന്ന്, മൂർത്തിപറമ്പ് എന്നീ പട്ടികജാതി കോളനികളിൽ ശ്മശാനമുണ്ട്. എന്നാൽ കൂടുതൽ ജനസാന്ദ്രതയിൽ കഴിയുന്ന അംഗീകൃത പട്ടികജാതി കോളനിയായ പുല്ലൂർ പടന്ന കോളനിവാസികളുടെ ശവസംസ്കാര കർമ്മത്തിന് ശ്മശാനമില്ല.
6. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
7. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
8. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
9. ഐ.ആർ.ഡി.പി. പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
10. പട്ടികജാതി വികസന കോർപ്പറേഷനും പട്ടികജാതി വികസന വകുപ്പും അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായങ്ങളും ലക്ഷ്യം കാണുന്നില്ല.
11. പട്ടികജാതി വർഗ്ഗത്തിൻെറ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ കുറിച്ച് അറിവ് വേണ്ടത്ര ഇല്ല.
12. കടക്കെണിയിൽ പെട്ടുപോകുന്നു.

**വൈദ്യുതി:** പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 816 കുടുംബങ്ങളിൽ 338 വീടുകൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. അംഗീകൃത കോളനികളിലും അല്ലാത്തതുമായ പട്ടികജാതി കുടുംബങ്ങളിൽ ഭാഗികമായി വൈദ്യുതീകരണം നടന്നിട്ടുണ്ട്. ചേർപ്പുംകുന്ന് ഐ.എച്ച്.ഡി.പി. കോളനിയിൽ പോസ്റ്റുകൾ മാറ്റി ട്രാൻസ്ഫോർമർ വയ്ക്കുവാൻ ശ്രമം നടന്നുവരുന്നു. അംഗീകരിച്ചതും അല്ലാത്തതുമായ എല്ലാ പട്ടികജാതി കോളനികളിലേയും മറ്റു ഇതര ഭാഗങ്ങളിൽ വസിക്കുന്നവരുടെയും വീടുകൾ വൈദ്യുതീകരിക്കുന്നതിന് പദ്ധതികൾക്ക് രൂപം നൽകണം.

**കുടിവെള്ളം:** കോളനികളിൽ കുടിവെള്ളവും പ്രശ്നം അതിരൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്ത്, ബ്ലോക്ക് കിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമാണ്. ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ള കോളനികളിൽ ജലദൗർലഭ്യം കാരണം പ്രവർത്തിക്കുന്നില്ല. ഇതിന് പരിഹാരം കാണാൻ പുതിയ പദ്ധതികൾ കണ്ടെത്തണം.

**പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി സത്വരശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.**

1. ക്ഷേമപദ്ധതികളെ കുറിച്ച് അറിവുണ്ടാകുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാകുന്നതിന് സഹായകമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. പട്ടികജാതി ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്ന വകുപ്പും, കോർപ്പറേഷനും നടപ്പാക്കി വരുന്ന പദ്ധതികൾ ഫലപ്രദമാക്കാൻ കഴിയണമെങ്കിൽ കാര്യമായ മാറ്റം വരുത്തിയേ കഴിയൂ. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിന് കഴിയും.
2. കോളനികളോടനുബന്ധിച്ചുള്ള വ്യാജ മദ്യവിൽപന കർശ്ശനമായി നിരോധിക്കണം.
3. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത ഉറപ്പാക്കുക.
4. പായ നെയ്ത്ത്, കൊട്ട, പനമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
5. പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനും ഇതിന് എല്ലാ വിധ സഹായവും നൽകുക.
6. കുടിവെള്ളപ്രശ്നം പരിഹരിക്കുക.

7. അഭ്യസ്ഥവിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകിവരുന്ന വായ്പകളും സഹായങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പകളുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിന് ഏൽപിക്കുകയും ചെയ്യുക.

8. വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിന് തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനും, വായ്പകൾ ദുരുപയോഗം ചെയ്യുന്നത് തടയുകയും ചെയ്യുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

9. സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

10. പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങൾ ആരംഭിക്കുക.

11. പഞ്ചായത്തിൽ പട്ടികജാതി സ്ത്രീകൾ കൂട്ടുകൃഷി സമ്പ്രദായത്തിൽ കൃഷിഭൂമി കണ്ടെത്തി കൃഷിഭവൻെറ സഹായത്തോടെ പച്ചക്കറി ഉൽപാദനത്തിനായി വിനിയോഗിച്ചുകൊണ്ട് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

12. വീടുനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക. വീടു വെക്കുന്നതോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം നൽകുക. വീടിൻെറ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപയോക്താക്കൾക്ക് അനുവാദം കൊടുക്കുക.

13. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

14. ലക്ഷംവീട് കോളനികളിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റവീടാക്കി മാറ്റുക.

15. വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റപണികൾക്കും പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

16. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.

17. പുല്ലൂർ, ആനന്ദപുരം, പടന്ന കോളനികളുടെ കായൽതീരം ഭിത്തി കെട്ടിയും മറ്റു കോളനികളിലെ പുരയിടത്തിലെ മണ്ണൊലിപ്പ് തടയുന്നതിനും ആവശ്യമായ നടപടികൾക്ക് രൂപം നൽകുക.

18. നാലുസെൻറ് കോളനികളിലും ലക്ഷംവീട് കോളനികളിലും വീട് പുതുക്കി പണിയുന്നതിനും ഓട് മേയുന്നതിനും ധനസഹായം അനുവദിക്കുക.

19. അടിയന്തിരമായും ജനസാന്ദ്രത കൂടിയ പുല്ലൂർ പടന്ന കോളനി ഭാഗത്ത് ഈ വിഭാഗം ജനങ്ങൾക്ക് വേണ്ടി ശ്മശാനം ഉണ്ടാക്കുക. ഉള്ള ശ്മശാനങ്ങളെ മതിൽ കെട്ടി സംരക്ഷിക്കുക.

20. കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

21. വായനശാലകൾ സ്ഥാപിക്കുക.

22. കുടുംബ ബാദ്ധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടി വരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനമേർപ്പെടുത്തുവാൻ പഞ്ചായത്ത് ശ്രദ്ധിക്കുക.

23. അഭ്യസ്തവിദ്യരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

24. എസ്.എസ്.എൽ.സി. വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനും ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുക.

25. ബോധവൽക്കരണത്തിൻെറ ഭാഗമായി കോളനിയിൽ ടി.വി. സെററുകൾ സ്ഥാപിക്കുക.

26. മണിയൻകുന്ന് കോളനി റോഡ്, സാംബവ കോളനി റോഡ്, പടന്ന കോളനി റോഡ്, വെള്ളിലംകുന്ന് റോഡ്, കുന്നത്തറ കോളനി റോഡ്, അമ്പലനട (പുല്ലൂർ) കോളനി റോഡ് എന്നിവ ഗതാഗതയോഗ്യമാക്കണം. കൂടാതെ 12 സെറ്റിൽമെൻറ് കോളനി റോഡുകളും.

27. കോളനി പ്രദേശത്തിനടുത്ത് കളിസ്ഥലങ്ങൾ ഉണ്ടാക്കുക.

28. പട്ടികജാതി അംഗീകൃത കോളനികളിൽ വസിക്കുന്ന മുഴുവൻ ജനങ്ങളേയും പ്രത്യേകിച്ച് അഭ്യസ്ഥവിദ്യരെയും പഞ്ചായത്തിൻെറ പൊതുപരിപാടിയിലും കലാകായിക പ്രവർത്തനങ്ങളിലും പങ്കാളികളാക്കാൻ ബോധവൽക്കരണം നടത്തുക.

**മുരിയാട് പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തെ സംബന്ധിച്ച സ്ഥിതിവിവരകണക്കിൻെറ പട്ടിക.**

| | |
|---|---|
| ആകെ കുടുംബങ്ങൾ | 816 |
| പുരുഷന്മാർ | 2249 |
| സ്ത്രീകൾ | 2445 |
| 10-ാം ക്ലാസ് പൂർത്തീകരിച്ചവർ | 351 |
| 10-ാം ക്ലാസും അതിനു മുകളിലും | 399 |
| സർക്കാർ ജോലിയുള്ളവർ | 63 |
| സ്വയംതൊഴിൽ കണ്ടെത്തിയവർ | 57 |
| IRDP വായ്പകൾ | 150 |
| മറ്റു വായ്പകൾ | 486 |
| വൈദ്യുതീകരിച്ച വീടുകൾ | 338 |

# 5 - 12

# വിഭവസമാഹരണം

കാർഷിക മേഖലയിലെ മുരടിപ്പ്, വ്യാവസായിക മേഖലയിലെ ഉണർവ്വില്ലായ്മ, തൊഴിലില്ലായ്മ എന്നിവ നമ്മുടെ പഞ്ചായത്തിലെ പൊതുവായ പ്രശ്നങ്ങളാണ്. ആവശ്യത്തിന് വൈദ്യുതി ലഭിക്കായ്ക, കുറഞ്ഞ വോൾട്ടേജ്, പ്രാഥമികാരോഗ്യ ശ്രദ്ധക്കും പരിസര ശുചീകരണത്തിനും വേണ്ടത്ര സൗകര്യങ്ങളില്ലായ്ക എന്നിവ ശ്രദ്ധയർഹിക്കുന്ന പ്രശ്നങ്ങളാണ്. വിദ്യാഭ്യാസരംഗത്തും വനിതകളുടെ ഉന്നമനത്തിനും പ്രത്യേക പദ്ധതികൾ ആവശ്യമാണ്. സാങ്കേതിക വിദ്യാഭ്യാസത്തിനും കലാലയ വിദ്യാഭ്യാസത്തിനും സൗകര്യങ്ങളില്ലതാനും.

കാർഷിക മേഖല, കുടിൽ വ്യവസായങ്ങൾ, പ്രാദേശിക വിഭവങ്ങൾ എന്നിവയിൽ ഊന്നിക്കൊണ്ടുള്ള പദ്ധതികൾ ഉണ്ടായാലേ പഞ്ചായത്തിൻെറ വിഭവസമാഹരണം വർദ്ധിപ്പിക്കാനാകൂ. പുതിയ പഞ്ചായത്ത്രാജ് നിയമത്തിൻെറ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾക്ക് കൂടുതൽ മേഖലകളിൽ അധികാരം കൈമാറ്റപ്പെടുകയാണ്. 'അധികാരം ജനങ്ങൾക്ക്' എന്ന ജനാധിപത്യത്തിൻെറ യഥാർത്ഥ സന്ദേശം പ്രാവർത്തികമാക്കുന്നതിനുള്ള വൻസാദ്ധ്യതയാണ് ജനകീയാസൂത്രണ പദ്ധതിയിലൂടെ ലഭ്യമായിട്ടുള്ളത്. 9-ാം പദ്ധതി വിഹിതത്തിൻെറ 40% ഗ്രാമസഭകളിൽനിന്നു വരുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്തുകൾ നിശ്ചയിക്കുന്ന പദ്ധതികൾക്കായിരിക്കും.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ടിവരുന്നത് ഒരു പോരായ്മയാണ്. ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽവെച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം. ഉദാ: വെഹിക്കിൾ ടാക്സ്, സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാൻറുകൾ തുടങ്ങിയവ. ദാരിദ്ര്യരേഖക്കടിയിലെ ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമേ ഗ്രാൻറുകൾ വിതരണം ചെയ്യാൻ പാടുള്ളൂ. ഗ്രാൻറുകളുടെ നീതിപൂർവ്വകമായ വിതരണത്തിന് ഇതാവശ്യമാണ്.

### പട്ടിക 1

പഞ്ചായത്തിലെ നിലവിലുള്ള വരുമാനം

| | | 94-95 | 95-96 |
|---|---|---|---|
| 1) a. | കെട്ടിടനികുതി : | 220179-00 | 210000-00 |
| b. | വിനോദനികുതി : | 20057-00 | 20340-00 |
| | അധിക വിനോദനികുതി | | |
| c. | തൊഴിൽ നികുതി : | 89635-00 | 104470-00 |
| 2) | ഉപാധിരഹിത ഫണ്ട് | | |
| a. | ജനറൽ : | 218100-00 | 355800-00 |
| b. | എസ്.സി.പി. : | 113900-00 | |
| 3) | ജെ.ആർ.വൈ. : | 212870-00 | 452900-00 |
| 4) | ഗ്രാൻറുകൾ സംഭാവനകൾ : | 225952-00 | 425072-00 |
| 5) | മറ്റ് വരവുകൾ : | 417147-00 | 98419-00 |
| | ആകെ വരവ് : | 1517840-00 | 1667001-00 |

പ്രധാന ചിലവു ഇനങ്ങൾ

| | 94-95 | | 95-96 |
|---|---|---|---|
| (1) Esst : | 362775-00 | (1) | 403581-00 |
| (2) സ്ഥിരം ചിലവ് : | 173291-00 | (2) | 190000-00 |
| (3) അൺടൈഡ് : | 244173-00 | (3) | 597231-00 |
| (4) ഇലക് : | 13682-00 | | -- |
| (5) മറ്റ് ചിലവുകൾ : | 156897-00 | | 90848-00 |
| ആകെ | 950818-00 | ആകെ | 1281660-00 |

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

- വിദേശങ്ങളിൽ ജോലിയുള്ളവരുടെ വരുമാനം വാർഡിൻേറയോ പഞ്ചായത്തിൻേറയോ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്ന വിധത്തിലല്ല.
- സംസ്ഥാന സർക്കാരിൻെറ പുതിയ ഏകാംഗ ട്രഷറി ഈ പഞ്ചായത്തിൽ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
- പഞ്ചായത്ത് ഫണ്ടിൻെറ സിംഹഭാഗവും സ്ഥാപന ചിലവിനായി മാറ്റിവെയ്ക്കുന്നതുകൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് നാമമാത്രമായ തുകയാണ് ലഭിക്കുന്നത്. അതുകൊണ്ട് ഒന്നാം ഗ്രേഡ് പഞ്ചായത്തുകളുടെ സ്ഥാപന ചെലവ് സർക്കാർ ഗ്രാൻറായി അനുവദിച്ചാൽ പഞ്ചായത്തു ഫണ്ട് വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ സാധിക്കും.
- വികസന പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ ജനപങ്കാളിത്തം ഉറപ്പു വരുത്തണം. അത് ഓരോ വാർഡുകളുടേയും വികസന പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തികവും കായികവുമായ വിഭവങ്ങൾ ശേഖരിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. ഓരോ വോട്ടർമാരും വർഷത്തിൽ ഒരു തൊഴിൽദിനമെങ്കിലും വികസനത്തിനായി വിനിയോഗിക്കുവാൻ തയ്യാറാകണം.

- സഹകരണ സ്ഥാപനങ്ങൾ ഗ്രാമത്തിലെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് പ്രാപ്തമാകണം.
- വാർഡ് തലത്തിൽ കാർഷിക വിളകൾ, മനുഷ്യാദ്ധ്വാനം, പണം എന്നിവ സംഘടിപ്പിച്ച് വികസന പ്രവർത്തനങ്ങൾ നടത്തണം.
- കൂടുതൽ വിസ്തൃതിയും വലിപ്പവുമുള്ള വീടുകൾ പണിയുന്നവരിൽനിന്ന് സർചാർജ്ജ് ഫണ്ട് ഈടാക്കുക.

## സാദ്ധ്യതകൾ:

പഞ്ചായത്തിലെ വിഭവശേഷി പരമാവധി ഉപയോഗിച്ചാൽ ഒരു പരിധിവരെ വിഭവസമാഹരണം വിജയിപ്പിക്കാം. പുതിയ വ്യവസായ സാദ്ധ്യതകളും ഗൗരവപൂർവ്വം പരിഗണിക്കണം.

1. നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 15 ഓളം ഇറച്ചി വില്പന കേന്ദ്രങ്ങളുണ്ട്. പഞ്ചായത്തിൽ ഒരു അറവുശാല ഉണ്ടാക്കുകയും മാംസവില്പനക്ക് ലൈസൻസിംഗ് ഫീസ് ഈടാക്കുകയും ചെയ്യുക.
2. പഞ്ചായത്ത് അതിർത്തിയിലുള്ള മുഴുവൻ പരസ്യങ്ങൾക്കും പരസ്യനികുതി ഈടാക്കുക.
3. D&O ലൈസൻസ് (കടകളിലെ) പുതുക്കി നിശ്ചയിക്കുക. നിലവിലുള്ളത് വർഷങ്ങൾക്ക് മുമ്പുള്ളതാണ്.
4. പഞ്ചായത്തിൽ ഹാൾട്ട് ചെയ്യുന്ന വാഹനങ്ങൾക്ക് ടാക്സ് ഈടാക്കാനുള്ള അനുവാദം പഞ്ചായത്തുകൾക്ക് നല്കുക.
5. പഞ്ചായത്തിൽ ആറ് കി.മീറ്റർ കെ. എൽ. ഡി. സി. ബണ്ടുണ്ട്. ഇതിന്റെ വശങ്ങളിൽ തെങ്ങുകൃഷിയോ തീറ്റപ്പുൽകൃഷിയോ ആരംഭിക്കാൻ പഞ്ചായത്തിന് അധികാരം നല്കുക.
6. പഞ്ചായത്തിൽ 37 കുളങ്ങളുണ്ട്. ബന്തവസ്സുള്ള കുളങ്ങളിൽ മത്സ്യം വളർത്തുക.
7. മുരിയാട് കേന്ദ്രമായി ഒരു പൊതുമാർക്കറ്റ് ആരംഭിക്കുക. ഇതോടനുബന്ധിച്ച് നാളികേര വിപണന കേന്ദ്രവും നെല്ല് സംഭരണ കേന്ദ്രവും ആരംഭിക്കുക.
8. മനുഷ്യവിഭവശേഷി പരമാവധി ഉപയോഗിക്കുന്നതിന് വാർഡുതലത്തിൽ വികസനസേനകൾ രൂപീകരിക്കുക.

# ഉപസംഹാരം

ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും സ്ഥാപനങ്ങളിൽനിന്ന് ലഭ്യമായ വിവരങ്ങളുമാണ് ഈ റിപ്പോർട്ടിനാധാരം. ഗ്രാമസഭകളിലെ മിക്ക ഗ്രൂപ്പുകളും പരാതികൾ ഉന്നയിക്കാനാണ് താല്പര്യം കാണിച്ചത്. പ്രായോഗികമായ പരിഹാര നിർദ്ദേശങ്ങളാണ് പദ്ധതിരൂപീകരണത്തിന് ആവശ്യം. ഈ രീതിയിൽ ഗൗരവമായ ഒരു ചർച്ചയും ചിന്തയും ഉണ്ടാകാത്തതിനാലാണെന്നു കരുതണം, പ്രശ്നങ്ങൾക്ക് തനതായ പരിഹാരനിർദ്ദേശങ്ങൾ ഉണ്ടായിക്കണ്ടില്ല. പഠനപര്യടനഗ്രൂപ്പിന് പ്ലാനിംഗിനും നിർവ്വഹണത്തിനും റിപ്പോർട്ടിംഗിനും വേണ്ടത്ര സമയവും സാവകാശവും ജനപങ്കാളിത്തവും ലഭ്യമാകാഞ്ഞതിനാൽ ഈ ദിശയിൽ ഒരു ഉണർത്തലുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. വകുപ്പുകളിൽനിന്നുള്ള വിവരശേഖരണവും അപൂർണ്ണമാണ്. ഈ പരിമിതികൾ ഉൾക്കൊണ്ടുകൊണ്ട് ശരിയായ ദിശാബോധത്തോടെയുള്ള ചർച്ചകൾ ഓരോ വിഷയത്തിലും സെമിനാറിലുണ്ടായാലേ ജനകീയമായ ഒരു പദ്ധതിക്ക് രൂപം നല്കാനാവൂ. ചർച്ചയെ തുടർന്നുണ്ടാകുന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുള്ള അനുബന്ധം അച്ചടിക്കുകയും വേണം.

വികസന പ്രശ്നങ്ങളിലേക്കും പരിഹാരങ്ങളിലേക്കും വെളിച്ചമെത്തിക്കുന്ന പരിമിതമായ ഒരു പ്രവേശനകവാടമെന്ന നിലയിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് ഈ റിപ്പോർട്ട് സഹായകരമാകും എന്നു പ്രതീക്ഷിക്കുന്നു.




Ebenezer, Thrissur - 12. Ph: 361892, 360992